# മണ്ണാർക്കാട് ഗ്രാമ പഞ്ചായത്ത്



# ജനകീയാസൂത്രണ
# വികസനരേഖ

# ജനകീയാസൂത്രണ പ്രസ്ഥാനം

## മണ്ണാർക്കാട് പഞ്ചായത്ത്

ജില്ലാതല പരിശീലകർ

1. ശ്രീ. P. A. ഹസ്സൻ മുഹമ്മദ് (കൺവീനർ)
2. ,, Prof : N. V. പത്മനാഭൻ
3. കുമാരി : P. ബൽക്കീസ്
4. ശ്രീ ഹുസൈൻ കളത്തിൽ
5. ,, K. C. അബ്ദുറഹിമാൻ
6. ,, മുഹമ്മദ് കാസിം
7. ,, P. രാമചന്ദ്രൻ
8. ,, K. P. വീരാൻകുട്ടി
9. ,, K. കുമാരൻ
10. ശ്രീമതി സരളാ വേലായുധൻ
11. ശ്രീ. V. രഞ്ജിത്കുമാർ

---

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1 ശ്രീ. P. A. ഹസ്സൻ മുഹമ്മദ് (കൺവീനർ)
2. ,, Prof : N. V. പത്മനാഭൻ
3. കുമാരി P. ബൽക്കീസ്
4. ശ്രീ. കളത്തിൽ ഹുസൈൻ
5. ശ്രീമതി സരളാ വേലായുധൻ
6. കുമാരി G. ബിന്ദു
7. ,, K. ഹഫ്സത്ത്
8. ,, K. സൗജത്ത്
9. ,, P. അച്യുതനുണ്ണി
10. ശ്രീ. T. P. ശശി
11 ,, നഷീദ്
12 ,, G. P. രാമചന്ദ്രൻ

സഹായികൾ

1. കുമാരി : K. സാബിറ
2. ,, C. H. സക്കീന
3. ശ്രീമതി കമലം
4. ,, അംബിക
5. ശ്രീ. K. അബ്ദുറഹിമാൻ


മണ്ണാർക്കാട്
ഗ്രാമ പഞ്ചായത്ത്
N
- കൈതച്ചിറ -
- കുമരംപുത്തൂർ -
- അഗളി
- തെങ്കര -
- കാഞ്ഞിരപ്പുഴ -
- കാരാകുർശ്ശി -
(East)
(West)

# പഞ്ചായത്തിന്റെ ആദ്യ സാരഥി



ജ: പാറക്കൽ മുഹമ്മദ് സാഹിബ്

# പഞ്ചായത്തിന്റെ രണ്ടാം സാരഥി



ശ്രീ. വി. പി. കനകൻ ചെട്ടിയാർ



# അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പദ്ധതി–
## ജനകീയ പദ്ധതി

# ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് ഭരണ സാരഥികൾ



M. P. മുഹമ്മദ് എന്ന
ബാപ്പു ഹാജി
പ്രസിഡൻറ്



P. R. സുരേഷ്
വൈസ് പ്രസിഡൻറ്



T. A. സലാം
സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ



ലക്ഷ്മി പ്രഭാകരൻ
മെമ്പർ



സരള വേലായുധൻ
മെമ്പർ



പൊതിയിൽ മുഹമ്മദ് ഹനീഫ
എന്ന ബാപ്പുട്ടി
മെമ്പർ



പൊതിയിൽ മൊയ്തീൻ
മെമ്പർ



M. ജമീല ടീച്ചർ
മെമ്പർ



K. ബാലകൃഷ്ണൻ എന്ന ബാലു
മെമ്പർ



പാർവതി
മെമ്പർ



അച്ചിപ്ര മൊയ്തു
മെമ്പർ



ചീരത്തടയൻ മുഹമ്മദ് ബഷീർ
മെമ്പർ



അഡ്വ: K. V. മാണി
മെമ്പർ



P. ജമീല ടീച്ചർ
മെമ്പർ



ബാബു
മെമ്പർ



## മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ജീവനക്കാരും

ഇരിക്കന്നവർ : ***പി. സേതുമാധവൻ, കെ. രാമകൃഷ്ണൻ, വി. സെയ്തലവി, പി. വള്ളി*** (സെക്രട്ടറി), ***എം. ലക്ഷ്മിക്കുട്ടി, തോമസ് രാജൻ, ടി. ശേഖരൻ.***

ഒന്നാം നിര : ***വി. കുഞ്ഞിലക്ഷ്മി അമ്മ, പി. കോയ, കെ. കണ്ടൻകുട്ടി, കെ. കൃഷ്ണൻകുട്ടി, പി. കുഞ്ഞിവീരാൻ, ടി. ഇബ്രായിൻ, കെ. രാജൻ, എ. എം. വാസുദേവൻ.***

രണ്ടാം നിര : ***പി. വേലായുധൻ, എൻ. പി. ഹംസ, ഇ. ഹരിദാസൻ, ഇ. സലീം മുഹമ്മദ്.***

## താളുകൾ മറിക്കുമ്പോൾ


1 ആമുഖം

2 ഭൂപ്രകൃതിയും ജനങ്ങളും

3 സാമൂഹ്യ സാംസ്കാരിക ചരിത്രം


## സാമൂഹ്യ സാമ്പത്തിക മേഖലകൾ


4 കൃഷിയും ജലസേചനവും

5 മൃഗ സംരക്ഷണവും മത്സ്യബന്ധനവും

6 വ്യവസായം

7 വിദ്യാഭ്യാസം

8 കുടിവെള്ളവും പൊതുജനാരോഗ്യവും

9 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

10 പാർപ്പിടവും സാമൂഹ്യക്ഷേമവും

11 സംസ്കാരം

12 വനിത

13 സഹകരണ മേഖല

14 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

15 വനസമ്പത്ത്

16 വിഭവ സമാഹരണം

17 ഉപസംഹാരം

ഒരേ മനസ്സും ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങേണം
നമ്മുടെ നാടിന് വളരാനുള്ളൊരു
വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നല്കേണം.

# ആമുഖം

ഇന്ത്യയുടെ അമ്പതാം സ്വാതന്ത്ര്യദിനവും കടന്നുപോയി. സ്വാതന്ത്ര്യ ലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങളുണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നു — ഉല്പാദനമേഖലയിലെ മാന്ദ്യവും സേവനതുറകളിലെ നിലവാര തകർച്ചയും.

കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതി മുൻ പദ്ധതികളെപോലെ മേലെനിന്നും ജനങ്ങളുടെ മേൽ കെട്ടിയിറക്കുന്നതിനു പകരം താഴെനിന്നു ജനങ്ങളുടെ മുൻകയ്യോടെ പടുത്തുയർത്താനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ ഇച്ഛാശക്തിക്ക കേരളത്തിൽ പുതിയ രൂപഭാവങ്ങൾ നല്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കുകയാണ്. അതിന്റെ പരിണിതഫലമാണ് ജനകീയാസൂത്രണ പ്രസ്ഥാനം.

ഇന്ത്യൻ ഭരണഘടനയിലെ 73, 74 ഭരണഘടനാ ഭേദഗതിയോടെ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും, അധികാരങ്ങളിലും വലിയ മാററങ്ങളാണുണ്ടായിരിക്കുന്നത്. ഉല്പാദന മേഖലകളിൽ ഇടപെടുന്നതിനുള്ള അധികാരങ്ങളോ, സമ്പത്തോ നാളിതുവരെയും പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിരുന്നില്ല. പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രാഥമിക പൗരധർമ്മ പ്രവർത്തനങ്ങളിൽ ഒതുങ്ങിയിരുന്ന പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും, അനിവാര്യവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു. കൈവന്ന അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള ജനകീയ മുന്നേററമാണ് ഇന്ന് ദൃശ്യമാകുന്നത്.

ജന പ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകളെയും, വിദഗ്ദരെയും, ഉദ്യോഗസ്ഥരെയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയ ഒരു പ്രവർത്തനശൈലി രൂപംകൊള്ളുകയാണ്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യപങ്കാളിത്തം, ജാതിമതവർഗ്ഗ ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ഉറപ്പാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന ചരിത്രത്തിലെ പുതുയുഗപ്പിറവിയാണ്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർന്നു വരുന്നുണ്ട്. വിവിധ സ്കീമുകളിലായി ലഭിക്കുന്ന ഫണ്ടുകൾക്ക് പുറമെ, കരുത്തുററ കരങ്ങളുടെ കർമ്മശേഷിയും, ജനകീയ സംഭാവനകളും വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുമെന്നതിൽ ശങ്കയില്ല.

പദ്ധതി രൂപവൽക്കരണം മുതൽ അത് നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടത്തിലും ജനകീയ പങ്കാളിത്തമുണ്ടാകുമെന്നതിനാൽ ഏറെറടുക്കാൻ പോകുന്ന പ്രവർത്തികൾ കാര്യക്ഷമമായും, തൃപ്തികരമായും നിർവ്വഹിക്കാൻ കഴിയും. സർക്കാർ മുറക്ക് യാന്ത്രികമായി പ്രവർത്തിച്ച് ഡിപ്പാർട്ടുമെന്റിനുള്ളിൽ ഒതുങ്ങിക്കൂടുന്ന ഉദ്യോഗസ്ഥരെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും ജനപങ്കാളിത്തമുള്ള ഭരണ വ്യവസ്ഥക്കും ഗുണപരമായ സംഭാവന ചെയ്യുന്നവരാക്കി മാററുന്നതിനും ഇത് വഴിവെക്കും.

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് ജില്ലാതല പരിശീലന ക്യാമ്പോടുകൂടിയാണ്. 17-9-96 ന് നടന്ന ഏകദിന ശില്പശാല വൻ വിജയമായിരുന്നു. 19 സ്ത്രീകളടക്കം 119 പേർ ശില്പശാലയിൽ സജീവമായി പങ്കെടുത്തു. 15 വാർഡുകളിലായി വിഭജിക്കപ്പെട്ടിട്ടുള്ള ഈ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകൾ 20 – 9 – 96ന് ആരംഭിക്കുകയും 7 – 10 – 96ന് പൂർത്തിയാവുകയും ചെയ്തു. ഗ്രാമസഭകളിൽ ആകെ 2566 പേർ പങ്കെടുത്തു. വനിതകൾ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകളിൽ നിന്നും ഒട്ടേറെ ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ജനങ്ങളുടെ എല്ലാ ആഗ്രഹങ്ങളും ഒററയടിക്ക് നിവൃത്തി വരുത്തുവാൻ തക്ക വിഭവശേഷി നമുക്കില്ല. അതുകൊണ്ടാണ് ആസൂത്രണം വേണ്ടിവരുന്നത്. ഗ്രാമസഭയിൽ ജനങ്ങൾ നിശ്ചയിച്ച മുൻഗണനാക്രമ പ്രകാരംതന്നെ ഓരോ വിഷയത്തിലും ഏറെറടുക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് തുടർന്നുള്ള താളുകളിൽ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ഘട്ട പരിശീലനം 5 – 11 – 96നാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പഠന പര്യടനം, ചരിത്രപഠനം തുടങ്ങി പ്രവർത്തനങ്ങളൊക്കെ നമ്മുടെ പഞ്ചായത്തിൽ ചിട്ടയായി നടന്നിട്ടുണ്ട്. മണ്ണാർക്കാടിനെ അറിയാൻ നടത്തിയ എളിയ ശ്രമത്തിൽ ഒട്ടേറെ കാരണവന്മാർ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ പ്രസ്തുത കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളുടെ ഇച്ഛാശക്തിയും കർമ്മശേഷിയും സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിന്റെ 40—ാം വാർഷിക സുദിനത്തിലെ പുനരർപ്പണ ദിനത്തിൽ മണ്ണാർക്കാട്ട് പഞ്ചായത്തിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്.

1) വാർഡ് 5ൽ പുഞ്ചക്കോട്ട് ലിങ്ക് റോഡ്
   പഴയ തെങ്കര പോസ്റ്റാഫീസ് മുതൽ മുണ്ടക്കണ്ണി വരെ—3 km.

2) വാർഡ് 2ൽ പുഞ്ചക്കോട്ട്–മെഴുകുംപാറ റോഡ്– 3 km.

3) വാർഡ് 11ൽ നമ്പിയൻകുന്ന് വയൽ റോഡ്— 3 km.

മേൽപറഞ്ഞ റോഡുകൾക്ക് 10 ലക്ഷം രൂപാ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നതായിരുന്നു. 500ലധികം മനുഷ്യ പ്രയത്നമാണ് ഈ റോഡ് നിർമ്മാണങ്ങൾക്ക് വേണ്ടിവന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രായോഗിക തലത്തിലെ വിജയത്തിന്റെ ഒരു മകുടോദാഹരണം കൂടിയാണിത്.

ഏതു് പ്രവർത്തനവും ഏറ്റെടുക്കാൻ കഴിവുള്ള ജനസഞ്ചയമാണ് മണ്ണാർക്കാട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്. ജനകീയാസൂത്രണ പ്രസ്ഥാനം ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഉത്തരോത്തരം മുന്നോട്ടുപോകുമെന്ന് പ്രത്യാശിക്കാം. ജനപങ്കാളിത്തത്തോടെയുള്ള ബഹുമുഖ പദ്ധതികളിൽ സ്വന്തം പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് പുതിയൊരു യുഗപ്പിറവിക്കായ് നമുക്ക് കൈകോർക്കാം. മണ്ണാർക്കാട്ട് പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ നാളെയുടെ ചരിത്ര യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ സ്വയം അർപ്പിതമാകാം.

## പഞ്ചായത്ത് പൊതുവിവരണം

| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ പേരു് | | ... | മണ്ണാർക്കാട്ട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | | ... | മണ്ണാർക്കാട്ട്, തെങ്കര, പാലക്കയം (Part) |
| ബ്ലോക്ക് പഞ്ചായത്ത് | | ... | മണ്ണാർക്കാട്ട് |
| താലൂക്ക് | | ... | മണ്ണാർക്കാട്ട് |
| അസംബ്ലി മണ്ഡലം | | ... | മണ്ണാർക്കാട്ട് |
| വിസ്തീർണ്ണം | | ... | 63 . 38 ചതുരശ്ര കി. മീ. (1991) |
| അതിരുകൾ | കിഴക്ക് | ... | കാഞ്ഞിരപ്പുഴ പഞ്ചായത്ത് |
| | തെക്ക് | ... | കാരാകുർശ്ശി, നെല്ലിപ്പുഴ |
| | പടിഞ്ഞാറ് | ... | കുമരംപുത്തൂർ പഞ്ചായത്ത് |
| | വടക്ക് | ... | അഗളി പഞ്ചായത്ത് |
| ജനസംഖ്യ | | ... | 45,422 |
| പുരുഷന്മാർ | | ... | 22,281 |
| സ്ത്രീകൾ | | ... | 23,141 |
| ജനസാന്ദ്രത | | ... | 717 |
| അക്ഷരാഭ്യാസമുള്ളവർ | | ... | 32,016 |
| വാർഡുകൾ | | ... | 15 |
| പ്രസിഡന്റിന്റെ പേരു് | | ... | എം. പി. മുഹമ്മദ് എന്ന ബാപ്പു ഹാജി |
| വൈസ് പ്രസിഡന്റിന്റെ പേരു് | | ... | P. R. സുരേഷ് |
| സ്റ്റാൻറിങ്ങ് കമ്മററി ചെയർമാൻ | | ... | T. A സലാം |

## മെമ്പർമാർ

1. ശ്രീമതി ലക്ഷ്മി പ്രഭാകരൻ (വാർഡ് : 1)
2. ,, സരള വേലായുധൻ (വാർഡ് : 2)
3. ശ്രീ. പൊതിയിൽ മുഹമ്മദ് ഹനീഫ എന്ന ബാപ്പുട്ടി (വാർഡ് : 3)
4. ,, പൊതിയിൽ മൊയ്തീൻ (വാർഡ് : 4)
5. ശ്രീമതി P. ജമീല ടീച്ചർ (വാർഡ് : 6)
6. ശ്രീ. K. ബാലകൃഷ്ണൻ എന്ന ബാലു (വാർഡ് : 8)
7. കുമാരി പാർവതി (വാർഡ് : 9)
8. ശ്രീ. അച്ചിപ്ര മൊയ്തു (വാർഡ് : 10)
9. ,, ചീരത്തടയൻ മുഹമ്മദ് ബഷീർ (വാർഡ് : 12)
10. ,, K. V. മാണി (വാർഡ് : 13)
11. ശ്രീമതി ജമീല ടീച്ചർ (വാർഡ് : 14)
12. ശ്രീ. ബാബു (വാർഡ് : 15)

# ഭൂപ്രകൃതിയും ജനങ്ങളും

പശ്ചിമഘട്ടത്തിലെ സസ്യ ജന്തുജാലങ്ങളുടെ വൈവിധ്യംകൊണ്ട് സമ്പന്നമായ നീലഗിരിക്കാടുകളും, തൊട്ടുതന്നെ കിടക്കുന്ന സൈലൻറ്വാലി ദേശീയോദ്യാനവും, തമിഴ്നാട്ടിലെ വരയാട് വന്യജീവി സങ്കേതവും, നീലഗിരി ബയോസ്ഫിയർ റിസർവിന്റെ കേന്ദ്ര ഭാഗമാണ് 89 ച. കി. മീ. വ്യാപ്തിയുള്ള സൈലൻറ്വാലി. മലബാർ മഴക്കാടുകളിൽ സമ്പുഷ്ടമായ സൈലൻറ്വാലി പഞ്ചായത്തിന്റെ വടക്കായി സ്ഥിതിചെയ്യുന്ന ഈ നിശ്ശബ്ദ താഴ്വരയുടെ നല്ലൊരുഭാഗം മണ്ണാർക്കാട് പഞ്ചായത്തിലാണ്. സമുദ്ര നിരപ്പിൽനിന്നും ഏകദേശം 1376 മീററർ ഉയരെയുള്ള സൈരന്ധ്രിയിൽനിന്നും ഉത്ഭവിക്കുന്ന കുന്തിപ്പുഴ തെക്കോട്ട് യാത്ര തുടർന്ന് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി കടന്ന് പോകുന്നു. അട്ടപ്പാടി മലകളിൽനിന്നും ഉത്ഭവിച്ച് പഞ്ചായത്തിന്റെ കിഴക്കു തെക്കായി പടിഞ്ഞാറോട്ട് ഒഴുകിയെത്തുന്ന നെല്ലിപ്പുഴ. ഈ രണ്ടു പുഴകൾക്കും ഒട്ടുമെ ഇടയിലെന്നവണ്ണമാണ് മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിന്റെ കിടപ്പ്. പഞ്ചായത്തിന്റെ തെക്കെ അററത്ത് നെല്ലിപ്പുഴക്കും, അപ്പുറമായി സ്ഥിതിചെയ്യുന്ന മുണ്ടേക്കാരാടും ഈ പഞ്ചായത്തിലാണ്.

അക്ഷാംശം $10°1^1$, രേഖാംശം $76°28^1$ വും സന്ധിക്കുന്നത് ഏകദേശം മണ്ണാർക്കാട് ടൗണിലാണ്. പാലക്കാട് ജില്ലയുടെ വടക്കു കിഴക്കായാണ് ഈ ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം.

പഞ്ചായത്തിന്റെ കിഴക്ക് അഗളി പഞ്ചായത്തും, തെക്ക് കാഞ്ഞിരപ്പുഴ, കാരാകുർശ്ശി പഞ്ചായത്തുകളും, നെല്ലിപ്പുഴയും പടിഞ്ഞാറ് കുമരംപുത്തൂർ പഞ്ചായത്തും വടക്ക് അഗളി പഞ്ചായത്തുമാണ്. 1991ലെ സെൻസസ് രേഖയിൽ മുൻസിപ്പാലിററിയായി രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിന്റെ വിസ്തൃതി 63.38 ച. കി. മീ. ആണ്. വടക്ക്നിന്നും തെക്ക് പടിഞ്ഞാറ് ചരിഞ്ഞാണ് പഞ്ചായത്തിന്റെ കിടപ്പ്. അട്ടപ്പാടി വനപ്രദേശത്തിൽ അഗളി പഞ്ചായത്തിൽ ഉൾപ്പെടുന്നതും വനംവകുപ്പ് പ്ലാൻേറഷൻ കോർപ്പറേഷന് കശുവണ്ടി പ്ലാൻേറഷനുവേണ്ടി നൽകിയതുമായ വിസ്തൃതമായ മലഞ്ചെരുവുകളുമായി തൊട്ടുതന്നെ കിടക്കുന്ന ആനമൂളി മലഞ്ചെരുവ് തൊട്ടടുത്ത് കിടക്കുന്ന പരുത്തിമല. ചുരുക്കത്തിൽ പഞ്ചായത്തിന്റെ വടക്കുഭാഗമാകെ മലഞ്ചെരുവുകളാണ്. ശേഷഭാഗം സമതല പ്രദേശങ്ങളാണ്. വികല ഭൂപട നിർമ്മാണത്തിന്റെ പോരായ്മ ഭൂപ്രകൃതി ശരിയാംവണ്ണം അപഗ്രഥിക്കുന്നതിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്.

കുന്നിൻ ചെരിവുകളിൽ ഭൂരിഭാഗവും റബ്ബർ കൃഷിക്കു യോജിച്ചവയാണ്. സമതല പ്രദേശങ്ങളും പുഴയുടെ തീര പ്രദേശങ്ങളിലും നെല്ല്, വാഴ, തെങ്ങ് തുടങ്ങിയ കൃഷികളുമാണ് കണ്ടുവരുന്നത്.

മണ്ണാർക്കാട് താലൂക്കിലെ നെല്ലറയെന്ന് വിശേഷിക്കപ്പെടുന്ന തെങ്കരപ്പാടങ്ങൾ സമതല പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്.

## ജല പ്രകൃതി

വർഷത്തിൽ ശരാശരി ലഭിക്കുന്ന മഴ പട്ടിക I ൽ കാണിച്ചിരിക്കുന്നു. ഏററവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. ഏററവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്.

വററാത്ത ജലനിധിയായ കുന്തിപ്പുഴയും വേനൽചൂടിൽ പാടെ വററി വരളാത്ത നെല്ലിപ്പുഴയും, പൊട്ടിത്തോടും, ആനമൂളി ചെറുകിട ജലസേചന പദ്ധതിയുടെ ഭാഗമായി ആനമൂളി വലതു കനാലും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലായുള്ള കനാലുകളുമാണ് പ്രധാന ജലസ്രോതസ്സുകൾ. കൂടാതെ 22 കുളങ്ങളും പഞ്ചായത്തിലുണ്ട്. പ്രധാന കുളങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക II ൽ ചേർത്തിട്ടുണ്ട്.

മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതിയിലൂടെ കുന്തിപ്പുഴയിൽനിന്നും ജലം സംഭരിച്ച് കുടിവെള്ളമെത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഇതിന്റെ ഗുണം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, ലഭ്യമായ വാർഡുകളിൽതന്നെ അത്യാവശ്യക്കാർക്ക് പൂർണ്ണമായും പ്രയോജനം ലഭിച്ചിട്ടുമില്ല. ഇതിന് വേണ്ട സ്ഥലത്തിൽ 15 സെൻറ് സ്ഥലം അച്ചിപ്ര മൊയ്തു സൗജന്യമായി നൽകിയതും 1 സെൻറ് 6400 രൂപക്ക് പഞ്ചായത്ത് വാങ്ങുകയുമാണ് ഉണ്ടായത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

## പട്ടിക I

***1996ൽ മഴ മില്ലിമീററിൽ***

| Months | 1992 | 1993 | 1994 | 1995 | 1996 |
|---|---|---|---|---|---|
| January | — | — | 1·3 | 11 | — |
| February | — | 2·7 | 1·00 | — | — |
| March | — | — | 1·3 | 17 | 9 |
| April | ·463 | 0·9 | 7·2 | 62 | 311 |
| May | 12 7 | 16·4 | 0·8 | 228 | 106 |
| June | 65·6 | 28 5 | 198·00 | 505·5 | 762 |
| July | 86·8 | 35 2 | 492·2 | 798 | 575·5 |
| August | 45·55 | 18·6 | 284·5 | 446 | 254·1 |
| September | 30·7 | 1·9 | 198·5 | 245 | 384 |
| October | 8·7 | 248·00 | 528·9 | 279 | 549 |
| November | 10·3 | 19 | 81 | 230 | 42 |
| December | — | 0·5 | — | — | — |

## ജന പ്രകൃതി

1991 ലെ സെൻസസ് കണക്കനുസരിച്ച് മണ്ണാർക്കാട്ടെ ജനസംഖ്യ 45,422 ആണ്. 22,281 പുരുഷന്മാരും 23,141 സ്ത്രീകളും. പുരുഷന്മാരേക്കാൾ 860 സ്ത്രീകൾ അധികം. 7759 വീടുകളാണുള്ളത്. ഒരു വീട്ടിൽ 5 85 പേർ വസിക്കുന്നു. ആറ് വയസ്സു വരെയുള്ള ആൺകുട്ടികളുടെ എണ്ണം 3824ഉം, പെൺ കുട്ടികളുടെ എണ്ണം 3624ഉം ആണ്.

പട്ടികജാതിയിൽപ്പെട്ടവർ 2893 പുരുഷന്മാരും 2983 സ്ത്രീകളുമടക്കം 5876 പേരാണ്. പട്ടിക വർഗ്ഗത്തിൽ ആകെ 218 പേരുള്ളതിൽ 103 പുരുഷന്മാരും 115 സ്ത്രീകളുമാണ്. 32,016 വിദ്യാ സമ്പന്നരിൽ 16,601 പുരുഷന്മാരും 15,415 സ്ത്രീകളുമാണ്.

1981ലെ സെൻസസ് പ്രകാരം 35,785 ആണ് പഞ്ചായത്തിന്റെ ജനസംഖ്യ. പുരുഷന്മാർ 17,750 ഉം സ്ത്രീകൾ 18,035ഉം. പുരുഷന്മാരേക്കാൾ സ്ത്രീകൾ 285 കൂടുതൽ. 81ൽ ജനസംഖ്യയുടെ 50.4% മായിരുന്ന സ്ത്രീകളുടെ എണ്ണം 91ലെ കണക്കനുസരിച്ച് 50.95%മായി വർദ്ധിച്ചതായി കാണുന്നു. എന്നാൽ വിദ്യാസമ്പന്നരുടെ കണക്ക് പരിശോധിച്ചാൽ സ്ത്രീകൾ വളരെ പുറകിലാണ് എന്ന് കാണാം.

വിദ്യാഭ്യാസ രംഗത്ത് പാലക്കാട് ജില്ലയിൽ പിന്നോക്കം നില്കുന്ന പഞ്ചായത്തുകളിലൊന്നാണ് മണ്ണാർക്കാട്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായി വർദ്ധനവുണ്ടെങ്കിലും പഠന നിലവാരം വളരെ മോശമാണ്. തൊഴിലില്ലായ്മയാകട്ടെ നാൾക്കുനാൾ വർദ്ധിക്കുകയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയില്ലെങ്കിൽ ഈ ദുരവസ്ഥ പതിന്മടങ്ങ് മോശമാവുകേയുള്ളൂ.

തെങ്ങിൻതോട്ടങ്ങൾപോലും കാർഷികേതര ആവശ്യങ്ങൾക്കായി മാററപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. കാർഷികവൃത്തിയിൽ നിന്നുമുള്ള വ്യതിയാനം ഈ മേഖലയിൽ തൊഴിലവസരം കുറയാനിടയായിട്ടുണ്ട്. കൃഷി ആദായകരമാക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. □

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പഴയ മദിരാശി സംസ്ഥാനത്തിന്റെ തെക്കെ അററത്ത് കിടക്കുന്ന പാലക്കാട് ജില്ലയിൽപ്പെട്ട മണ്ണാർക്കാട് തെക്കേ ഇന്ത്യയുടെ പരിച്ഛേദമാണ്. ഈ ഗ്രാമത്തിൽ തെക്കെ ഇന്ത്യക്കാരായ മലയാളികൾ, തമിഴർ, തെലുങ്കർ, കന്നടക്കാർ എന്നിവരെല്ലാമുണ്ട്. തമിഴ് ചെട്ടിയാർമാരും മണ്ണാർക്കാട് മൂപ്പിൽ നായരും അലക്കു ജോലിക്കായി തമിഴ്നാട്ടിൽനിന്നും 'വണ്ണാരെ' കൊണ്ടുവന്നു എന്നും അങ്ങനെ ഈ സ്ഥലം 'വണ്ണാർക്കാട്'' (അന്ന് ഇവിടം കാടുകൾകൊണ്ട് സമൃദ്ധമായിരുന്നു) എന്നറിയപ്പെടുകയും കാലക്രമേണ 'വണ്ണാർക്കാട്'' – മണ്ണാർക്കാടായി മാറി എന്നും പറയപ്പെടുന്നു. കൂടാതെ മണ്ണും, ആറും, കാടും ചേർന്ന ഭൂപ്രദേശമായതിനാലാണ് ഈ പേരു് കൈവന്നതെന്നും പറയുന്നു.

മലബാർ മാന്വലിൽ മണ്ണാർക്കാടിന് 'വീണാർകർ' എന്ന പേരുള്ളതായി കാണാം. (പേജ്: 524– 1985 എഡിഷൻ). ഇംഗ്ലീഷിലുള്ള പുസ്തകത്തിൽ മണ്ണാർ (Mannar) എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. (Vol. 1 Page 63)

പുരാണങ്ങളുമായി ബന്ധപ്പെട്ട ഒട്ടനവധി കഥകളും പേരുകളും ഈ ഗ്രാമത്തിലുമുണ്ട്. ഔഷധ വീര്യമുള്ള കന്തിപ്പുഴയും അതിലെ പാത്രക്കടവും ഉദാഹരണങ്ങളാണ്. അരക്കില്ലത്ത്നിന്ന് രക്ഷപ്പെട്ട പാണ്ഡവർ ഭക്ഷണം കഴിച്ച് കഴുകി കമിഴ്ത്തിയതാണ് ''പാത്രക്കടവ്'' എന്നാണ് ഐതിഹ്യം. വളരെ ഉയരത്തിൽ നിന്നും പാറക്കെട്ടിലേക്ക് വെള്ളംവീണ്, കാലക്രമേണ പാറക്ക് പാത്രത്തിന്റെ ആകൃതി കൈവന്നതായും വെള്ളത്തിന്റെ ശക്തിയായ പതനം കൊണ്ടാണ് പാത്രത്തിൽ വെള്ളം വീഴുന്നതുപോലെയുള്ള ശബ്ദം കേൾക്കുന്നതെന്നും അഭിപ്രായമുണ്ട്

സാമൂതിരിയുമായുള്ള യുദ്ധത്തിൽ വള്ളുവനാട് രാജാവ് തോൽക്കുകയും വള്ളുവനാടിന്റെ ഒരു ഭാഗമായ മണ്ണാർക്കാട്, അട്ടപ്പാടി, പൂഞ്ചോല എന്നീ വിശാല ഭൂഭാഗങ്ങളുടെ ഭരണകർത്താവായി സാമൂതിരി തന്റെ ഒരു നായർ പടനായകനെ നിയോഗിക്കുകയും പിന്നീടദ്ദേഹം 'മണ്ണാർക്കാട് മൂപ്പിൽ നായർ' എന്നറിയപ്പെടുകയും ചെയ്തു.

പരമ്പരാഗതമായി മുസ്ലീം ഹിന്ദുമത വിഭാഗങ്ങളിൽപ്പെട്ടവർ വളരെ സഹവർത്തിത്വത്തോടെ കഴിഞ്ഞിരുന്ന പ്രദേശമാണ് മണ്ണാർക്കാട്. തെന്നിന്ത്യക്കാരായ വിവിധ സമുദായക്കാരെല്ലാം ഈ ഗ്രാമത്തിലുണ്ടായിരുന്നു എങ്കിലും ഇവിടത്തെ പ്രധാന ജന്മികൾ പാതായ്ക്കരമന, കാററ്ലമിററംമന, ഒളപ്പമണ്ണമന, ഈനപട്ടന്മാർ, മൂപ്പിൽനായർ, കല്ലടി കുടുംബം എന്നിവരായിരുന്നു. വർഗപരമായി ഹിന്ദു ജന്മിയും മുസ്ലീം ജന്മിയും ഇവിടത്തെ സ്വാധീന ശക്തികളായതുകൊണ്ട്തന്നെ, സമ്പത്തിനാടിത്തറയിന്മേൽ ഉടലെടുക്കുന്ന വർഗ്ഗീയ പ്രശ്നങ്ങൾക്കൊന്നും സാധ്യതയില്ലാതെപോയി.

മൂപ്പിൽ നായർ സ്ഥാപിച്ച അരകുർശ്ശി ഉദയർകുന്ന് ഭഗവതി ക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ മണ്ണാർക്കാട് പൂരം ഇവിടത്തെ മതസൗഹാർദ്ദത്തിന്റെ പ്രതീകമാണ്. ഒരാഴ്ച നീണ്ടുനിൽക്കുന്ന പൂരത്തിന് അടിസ്ഥാനം എല്ലാ വിഭാഗക്കാരുടെയും കൂട്ടായ്മയാണ്.

1836 മുതൽ ബ്രിട്ടീഷ് നയത്തിനെതിരായി മാപ്പിള കർഷകർ അനുരഞ്ജനരഹിതമായി മുന്നോട്ടു വന്നിരുന്നു. ഈ സമര പരമ്പരകളിൽ ശക്തിമത്തായതും നീണ്ടുനിന്നതുമായ പോരാട്ടമാണ് 1921ലേത്. മലബാർ കലാപത്തിന്റെ ചരിത്ര പ്രാധാന്യവും കാർഷിക ജനവിഭാഗങ്ങളുടെ വിപുലമായ പങ്കാളിത്തവും അതിന്റെ ഊർജ്ജമായി വർത്തിച്ച രാഷ്ട്രീയ ധാരണകളെയും ചുരുക്കികാട്ടാൻ ബ്രിട്ടീഷ് ഭരണം കലാപം അടിച്ചമർത്തിയതിനു ശേഷവും ശ്രമിച്ചു.

കലാപകാലത്ത് നെല്ലിപ്പുഴ പാലവും കന്തിപ്പുഴ പാലവും പൊളിക്കുകയും കലാപകാരികൾ കാരാകുർശ്ശി പ്രദേശത്ത് അഭയം തേടുകയും ചെയ്തതായി പറയപ്പെടുന്നു. ബ്രിട്ടീഷ് പട്ടാളത്തിന് മാർച്ച് ചെയ്യാനായി പിന്നീട് പണിതീർത്തതാണത്രെ ഇന്നു കാണുന്ന നെല്ലിപ്പുഴ പാലവും കന്തിപ്പുഴ പാലവും. രജിസ്ട്രാഫീസിനു തീവെക്കുകയും പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും പാലങ്ങൾ പൊളിക്കുകയും ചെയ്തു എന്ന കുററത്തിനു് മണ്ണാർക്കാട് ഇളയ നായരും ശൗരിങ്കൽ ഗോപാലൻ നായരും ജയിൽശിക്ഷക്ക് വിധിക്കപ്പെട്ടു. ബ്രിട്ടീഷ്കാർക്കെതിരായ സമരത്തിൽ മണ്ണാർക്കാട്ടെ മുസ്ലീംകളും ഹിന്ദുക്കളും സംഘടിതരായി പ്രവർത്തിച്ചിരുന്നതായി കാണാം. ഇവിടത്തെ സ്വാതന്ത്ര്യസമര ഭടന്മാരുടെ പട്ടികയിൽ മങ്ങാട്ടുപറമ്പിൽ ഉപ്പായിയും പഞ്ഞിണിക്കാടൻ അലവി ഹാജിയും പ്രമുഖരാണ്. കൂടാതെ K. C. ഗോപാലനുണ്ണി, K. M. കഞ്ഞനുണ്ണി നായർ എന്നിവരെ ജയിൽശിക്ഷക്ക് വിധിച്ചു. (K. C. ഗോപാലനുണ്ണി മദിരാശി നിയമസഭയിൽ മണ്ണാർക്കാടിന്റെ ആദ്യത്തെ നിയമസഭാംഗമായി.)

1947 ആഗസ്റ്റ് 15ന് ഒരു പുതിയ യുഗത്തിന്റെ പിറവി ആഘോഷിക്കുന്നതിന്റെ ഭാഗമായി മണ്ണാർക്കാട് A L P സ്കൂളിലും ദേശീയ പതാക ഉയർന്നു. ഈ ഗ്രാമത്തിലെ എല്ലാ സമര സേനാനികളുടെയും സാന്നിദ്ധ്യത്തിൽ പതാക ഉയർത്തിയത് ശ്രീ. കെ. സി. കൊച്ചുണ്ണി നായരായിരുന്നു.

1921 ആഗസ്റ്റിൽ തുടങ്ങി 1922 ഫെബ്രുവരിയിൽ അവസാനിച്ച ഒന്നാണല്ലോ മലബാർ കലാപം. ബ്രിട്ടീഷ്കാർക്കെതിരായ കർഷക കലാപത്തിന്റെ ജ്വലിക്കുന്ന ഓർമ്മകളിൽ "മലബാർ കലാപം" വിവാദവും കല്പനയും ചരിത്രവും വിരചിക്കുന്നുണ്ട്. വള്ളുവനാട്ടിലെ മാപ്പിള മക്കളുടെ രാജ്യസ്നേഹം പ്രകടമായ ഈ ചരിത്ര സന്ദർഭം, ഇന്ത്യയിൽ പുതിയ കാലത്ത് രൂപപ്പെട്ടുവരുന്ന വർഗ്ഗീയ വിചാരങ്ങളുടെ മുനയൊടിക്കാൻ പര്യാപ്തവുമാണ്. പഴയ തലമുറയുടെ രക്തത്തിലും വിയർപ്പിലും ഓർമ്മയുടെ അടരുകളിലായി ഇന്നും സ്മരണകളും സ്മാരകങ്ങളുമായി നിലനില്ക്കുന്നതും, 'മാപ്പിള ലഹള' എന്ന് പകുതി തെററായും പകുതി ശരിയായും നിർണ്ണയിക്കപ്പെട്ടതുമായ ആ പോരാട്ടത്തിന്റെ തീ പാറുന്ന നിലങ്ങളിലൊന്നായിരുന്നു മണ്ണാർക്കാടും.

ചരിത്രത്തിന്റെ പക്ഷപാതവും ആത്മനിഷ്ഠവുമായ നിർമ്മാണ സമ്പ്രദായങ്ങളുടെ പുളപ്പിൽ ഒരു പക്ഷെ മണ്ണാർക്കാട് ഒഴിവാക്കപ്പെട്ടിട്ടുണ്ടായിരിക്കാം; അല്ലെങ്കിൽ വളച്ചൊടിക്കപ്പെട്ടിട്ടുണ്ടാവാം. പക്ഷെ ഗൃഹാതുരതകം വേട്ടയാടാൻ ബാക്കി നില്ക്കാത്ത പുതിയ മുതലാളിത്തത്തിന്റെ കടന്നു കയററത്തിൽ മണ്ണാർക്കാടും കേരളത്തിലെ മറേറതൊരു പട്ടണവുമെന്നതുപോലെ സങ്കര സംസ്ക്കാരവും ഉപഭോഗ ത്വരയും വികസനത്തിന്റെ സാംസ്കാരിക പ്രതിസന്ധിയുമായി നമ്മുടെ പുതിയ പ്രശ്നമണ്ഡലത്തിന്റെ സൂചകങ്ങളിലൊന്നായി മാറിയിരിക്കുന്നു.

പ്രകൃതിയുടെ ശീതളിമകൊണ്ട് അനുഗ്രഹീതമായ മണ്ണാർക്കാട് പ്രദേശം പരിസ്ഥിതിയെ തോല്പിച്ച് വികസനത്തിന്റെ "റോഡ് റോളർ സംസ്കാരം" അടിച്ചേല്പിക്കാനുള്ള അധികാരി വർഗ്ഗത്തിന്റെ ഏകാധിപത്യ പരിശ്രമത്തിന്നെതിരായ ചെറുത്ത് നില്പിന്റെ അടയാളം കൂടിയാണ്. ഔഷധഗുണമുള്ളത് എന്ന് പൊതുവെ കരുതപ്പെടുന്ന കുന്തിപ്പുഴയിലെ നീരൊഴുക്ക്തന്നെ നിലച്ചേക്കാം എന്ന കണ്ടെത്തലിനെ തുടർന്ന് കേന്ദ്രപരിസ്ഥിതി മന്ത്രാലയംതന്നെ ഇടപെട്ട് സൈലൻറ്വാലി പദ്ധതി വേണ്ടെന്ന്വെച്ചു. സൈലൻറ്വാലി മഴക്കാടുകളുടെ രൂപഭാവങ്ങൾക്ക് യാതൊരു മാററം കൂടാതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും സൈലൻറ് വാലി പദ്ധതി നടപ്പിലാക്കിയാൽ ഈ പ്രദേശത്തിന്റെ വികസനത്തിന് മുതൽക്കൂട്ടാകും എന്നതാണ് ഇപ്പോഴത്തെ പഞ്ചായത്ത് ഭരണസമിതിയുടെ ഏകകണ്ഠമായ അഭിപ്രായം.

1926ൽ കാഞ്ഞിരപ്പള്ളിയിൽനിന്ന് മണ്ണാർക്കാട്ടേയ്ക്ക് കുടിയേറിയ ആദ്യത്തെ കുടിയേററക്കാരനാണ് തിരു-കൊച്ചിയിലെ എം. എൽ. സി ആയിരുന്ന കരിപ്പാപ്പറമ്പിൽ ദേവസ്യ തോമസ്. മണ്ണാർക്കാടിന്റെ ഹൃദയഭാഗത്ത് 1978ൽ സ്ഥാപിച്ചതും ഇന്ന് പ്രൌഢിയോടെ തലപൊക്കി നില്ക്കുന്നതുമായ സഹൃദയ വായനശാല ശ്രീ. കെ. ജെ. തോമസ്സിന്റെ മഹത്തായ സംഭാവനയാണ്.

ഭൂപരിഷ്കരണത്തിനുശേഷം കൂടുതൽ കുടിയേററക്കാർ ഈ ഗ്രാമത്തിലെത്തുകയും കാർഷിക മേഖലയിൽ ഗണ്യമായ മാററം വരുത്തുകയും ചെയ്തു.

തെന്നിന്ത്യയിലെ വിവിധ സമുദായങ്ങളിൽപ്പെട്ട പത്ത്കടിമുതലിയാർമാർ, കല്ലടി ചെട്ട്യാർമാർ, ലിംഗായത്തുകാർ തുടങ്ങിയവരെല്ലാംതന്നെ മണ്ണാർക്കാടിന്റെ മുഖച്ഛായ മാററുന്നതിന് കനത്ത സംഭാവനകൾ നല്കിയിട്ടുണ്ട്. കാർഷിക രംഗത്തും വാണിജ്യ രംഗത്തുമെന്നപോലെതന്നെ സാംസ്കാരിക രംഗത്തും ഇവരെല്ലാം മണ്ണാർക്കാടിനെ സ്വാധീനിച്ചു.

വിദ്യാഭ്യാസ രംഗത്ത് ഈ ഗ്രാമത്തിൽ ഗണ്യമായ സംഭാവന നല്കിയത് ശ്രീ. കല്ലടി ചെറിയ കുഞ്ഞയമു സാഹിബും മണ്ണാർക്കാട് താത്തുണ്ണി മൂപ്പിൽ നായരുമാണ്. 1903ൽ ആരംഭിച്ച സ്കൂൾ പിന്നീട് ഡിസ്ട്രിക്ട് ബോർഡ് നിർത്തലാക്കുകയും 1949ൽ താത്തുണ്ണി മൂപ്പിൽ നായർ സ്കൂൾ ഏറെറടുത്ത് ഹൈസ്കൂളാക്കി ഉയർത്തുകയും ചെയ്തു. ഈ താലൂക്കിലെയും തൊട്ടടുത്ത താലൂക്കിലെയും വിദ്യാർത്ഥികളുടെ ഉപരിപഠന പരിഹാരമായി 1967ൽ കല്ലടി ചെറിയ കുഞ്ഞയമ്മദ് സാഹിബിന്റെ പരിശ്രമഫലമായി M. E. S. കല്ലടി കോളേജ് സ്ഥാപിച്ചു. 1971ൽ ഇതിനെ ഡിഗ്രി കോളേജായി ഉയർത്തി പിന്നീട് ബിരുദാനന്തര കോഴ്സുകളും തുടങ്ങി. പഴയ തലമുറ വിദ്യാഭ്യാസ രംഗത്ത് ബഹുമാനത്തോടെ ഇന്നും സ്മരിക്കുന്ന പേരാണ് നാരായണൻ എഴുത്തച്ഛൻ മാസ്റ്ററുടേത്. ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് ഇത്. പഠന നിലവാരം ഉയർത്തുന്നതിനും സമൂഹത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഊന്നൽ നല്കേണ്ടിയിരിക്കുന്നു.

കേരള സംസ്ഥാന രൂപീകരണത്തിന്ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ സഖാവ് കൊണ്ടശ്ശേരി കൃഷ്ണനാണ് (അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി) മണ്ണാർക്കാട് മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയത്. 20—7—1962ൽ മണ്ണാർക്കാട് പഞ്ചായത്ത് നിലവിൽവന്നു. പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. പാറക്കൽ മുഹമ്മദായിരുന്നു. 1979-80ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. വി. പി. കനകൻ ചെട്ട്യാരുടെ നേതൃത്വത്തിലായിരുന്നു ഭരണസമിതി. മൂന്നാമത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1987 ഫെബ്രുവരിയിലാണ് അധികാരമേററത്. അന്നത്തെ ഭരണസമിതി പ്രസിഡൻറ് M. P. മുഹമ്മദ് എന്ന ബാപ്പു ഹാജിയാണ്. ഇതിനിടക്ക് മണ്ണാർക്കാടിന് നഗരസഭ പദവിയും അലങ്കരിക്കേണ്ടിവന്നു. 1—4—90 മുതൽ 31—3—93വരെ. വീണ്ടും ഗ്രാമപഞ്ചായത്തിന്റെ പദവിയും പേറി ഈ കൊച്ചു ഗ്രാമം യാത്ര തുടരുകയാണ്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി '95 ഒക്ടോബർ 1നാണ് അധി

കാരമേററത്. M. P. മുഹമ്മദ് എന്ന ബാപ്പു ഹാജിയാണ് ഭരണ സാരഥ്യം വഹിക്കുന്നത്.

1923ൽ സ്ഥാപിക്കപ്പെട്ട മണ്ണാർക്കാട്ട് പോസ്റ്റ് ഓഫീസിനു് 80കളിൽ കൈവന്ന ഹെഡ്പോസ്റ്റാഫീസ് പദവിയും ഏറെകാലം അനുഭവിക്കാൻ ആയില്ല. 28—1—1964ന് ഉൽഘാടനം ചെയ്യപ്പെട്ട ടെലഫോൺ എക്സ്ചേഞ്ച് ആകട്ടെ 1225 ലൈനുകളിലായി ഇന്നു് വികസിച്ചിട്ടുണ്ട്. മണ്ണാർക്കാട് വലിയ പള്ളിയിൽ ആദ്യമായി പ്രകാശം പരത്തി 5—2—59ന് പ്രവർത്തനം ആരംഭിച്ച വിദ്യുഛക്തി ആഫീസ് 30 വർഷങ്ങൾക്ക്ശേഷമാണ് 110 K. V. സബ്സ്റ്റേഷനായി വിപുലീകരിക്കപ്പെട്ടതു്.

കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിന്റെ തനത് പ്രവർത്തനഫലമായും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. 4 ലക്ഷംവീട് കോളനികളിലായി 100 വീട് നിർമ്മിച്ച് നല്കിയതും 100 കുടുംബങ്ങൾക്കായി 4 സെൻറ് കോളനി നിർമ്മിച്ചതും 110-ളം ചെറുതും വലുതുമായ റോഡുകളുടെ നിർമ്മാണവും 86 തുറന്ന കിണറുകൾ 35—ഓളം കുഴൽ കിണറുകൾ, 13 കുളങ്ങൾ, ബസ് സ്റ്റാൻറ്, ഷോപ്പിംഗ് കോംപ്ലക്സ്, നായാടിക്കുന്നിലെ പഞ്ചായത്ത് ഫുട്ബോൾ ഗ്രൗണ്ട്, ഓപ്പൺ എയർ തിയററർ, മൂന്നു് പൊതു ശ്മശാനങ്ങൾ തുടങ്ങിയവ എടുത്ത് പറയത്തക്ക നേട്ടങ്ങളാണ്. JRTO, ANERT, ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്, താലൂക്ക് വ്യവസായ കേന്ദ്രം, ആയുർവേദ ആശുപത്രി, I C D S പ്രോജക്ട്, എക്സൈസ്, വാട്ടർ അതോറിററി, മൃഗാശുപത്രി, കൃഷിഭവൻ, ബ്ലോക്കാപ്പീസ്, താലൂക്ക് പട്ടികജാതി വികസന ഓഫീസ്, സെയിൽടാക്സ്, അഗ്രികൾച്ചറൽ ഇൻകം ടാക്സ്, TGMT, ലീഗൽ മെട്രോളജി, തുടങ്ങിയ ഓഫീസുകൾ നമ്മുടെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ടവയാണ്. വളരെ പരിമിതമായ വിഭവങ്ങൾക്കിടയിലും ഒട്ടൊക്കെ നേടാനായി എന്നതാണ് പുറം തിരിഞ്ഞ് നോക്കിയാൽ കാണാനാവുന്നത്. ഇനിയും ബഹുദൂരം നമ്മുക്ക് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

ഈ ഗ്രാമത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ ഗണ്യമായ മാററം വരുത്തിയത് വിദേശത്ത് പോയി തൊഴിലെടുക്കുന്ന ഈ നാട്ടുകാരാണ്. നിർമ്മാണ രംഗത്തും, വ്യവസായ രംഗത്തും, കാർഷിക രംഗത്തും ഇവരുടെ സംഭാവനകൾ ചെറുതായി കണ്ടുകൂടാ. വിദേശ പണത്തോടൊപ്പം വിദേശ സംസ്കാരങ്ങളുടെ കടിയേററം നാടിന്റെ സാംസ്കാരിക മൂല്യച്യുതിക്ക് ഇടയാക്കി.

പൈതൃക സമ്പത്തിന്റെ മറവിൽനിന്നുകൊണ്ട് സാങ്കല്പിക ഭൂതത്തെ (Imaginary Past) ആശ്ലേഷിക്കുന്ന പുനരുജ്ജീവനത്തോടും, സാങ്കേതിക വിദ്യയും മൂലധനവുംകൊണ്ടു മാത്രം ഒരു ജനതയുടെ ജീവിതത്തെ വികസിപ്പിക്കാൻ കഴിയുമെന്ന ശാസ്ത്ര വാദത്തോടും, കണക്ക് തീർക്കാതെ വികസനവും സംസ്കാരവും സംബന്ധിച്ച അന്വേഷണം അസാധ്യമാണ്. ജനങ്ങളുടെ ഇച്ഛാശക്തിയെ കെട്ടഴിച്ചുവിടുന്ന ബദൽ വികസന രീതിക്കാണിന്നു് ഊന്നൽ കൊടുക്കേണ്ടതു്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും സാമ്രാജ്യത്വം അതിന്റെ ഇരുമ്പ് കരങ്ങളിൽ ഒതുക്കിയിരിക്കുന്ന സത്യവും അതേസമയം മനസ്സിലാക്കണം. ഈ ആധിപത്യത്തിനെതിരെ നിരന്തരമായ ചെറുത്ത് നിൽപ് അനിവാര്യമാണ്. എങ്കിലേ ജനാധിപത്യപരമായ വികസനം സാധ്യമാവൂ.



# കൃഷിയും ജലസേചനവും

പ്രകൃതി രമണീയമായ ഈ കർഷക ഗ്രാമം വടക്കുനിന്നു തെക്കോട്ട് ചരിഞ്ഞുകിടക്കുന്നു. ഉയർന്ന സമതലങ്ങളും, ചരിവുകളും, ചതുപ്പു നിലങ്ങളും, കുന്നുകളും, താഴ്‌വരകളും ഇടകലർന്ന ഭൂപ്രകൃതിയാണ് മണ്ണാർക്കാട് ഗ്രാമത്തിന്. ഗ്രാമവാസികൾക്ക് എന്നും തെളിനീർ നൽകിപ്പോന്ന പ്രസിദ്ധമായ കുന്തിപ്പുഴ പഞ്ചായത്തിന്റെ വടക്കുനിന്ന് തെക്കോട്ടും, നെല്ലിപ്പുഴ കിഴക്കുനിന്ന് പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടുമൊഴുകുന്നു.

പ്രാഥമിക മേഖലയായ കൃഷിയിൽ മുഖ്യസ്ഥാനം നെല്ലിനുതന്നെയായിരുന്നു. തെങ്കര, മണ്ണാർക്കാടിന്റെ നെല്ലറയായി വിശേഷിപ്പിക്കപ്പെട്ടുന്നു. റബ്ബർ, തെങ്ങ് കവുങ്ങ്, വാഴ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ഇവിടങ്ങളിൽ കൃഷിചെയ്ത് വരുന്നു.

1991-ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 45,422 പഞ്ചായത്തിന്റെ വിസ്തീർണ്ണം 63.38 ച. കി. മീ. കൃഷിഭവൻ രേഖകളനുസരിച്ച് ഭൂമിയുടെ വിസ്തീർണ്ണം 12 447.66 ഏക്കർ. ഇതിൽ 11904.38 ഏക്കർ ഭൂമിയാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഭൂമി ഉടമസ്ഥരുടെ എണ്ണം പട്ടിക I കാണുക.

ജന്മി വ്യവസ്ഥതന്നെയായിരുന്നു ഇവിടെയും നിലവിലുണ്ടായിരുന്നത്. പ്രധാന ജന്മികൾ കാററുലാമിററം മന മണ്ണാർക്കാട് മൂപ്പിൽ നായർ, പാതാക്കര മന എന്നിവരായിരുന്നു തോട്ടം ജന്മികൾ മുസ്ലീം വിഭാഗത്തിൽപ്പെട്ടവരുമായിരുന്നു കൃഷി കുടിയാൻ വ്യവസ്ഥയിലായിരുന്നു. കൃഷിഭൂമി വൻകിട ജന്മിയിൽനിന്ന് പാട്ടത്തിനെടുത്ത് വീണ്ടും മറിച്ച് പാട്ടത്തിന് നൽകുന്ന "കയററുപാട്ടം" (മേൽപാട്ടം)എന്ന സമ്പ്രദായവും കാണപ്പാട്ട സമ്പ്രദായവും നിലനിന്നിരുന്നു. കർഷക തൊഴിലാളികളിൽ ഭൂരിപക്ഷവും താഴ്ന്നജാതിക്കാരായിരുന്നു.

### പട്ടിക I

കൃഷിഭൂമി ഉടമസ്ഥരുടെ എണ്ണം

| | എണ്ണം |
|---|---|
| 1 മുതൽ 10 സെന്റ് വരെ | 2,975 |
| 10 ,, 25 ,, | 2,320 |
| 25 ,, 50 ,, | 1,200 |
| 50 ,, 100 ,, | 760 |
| 1 ഏക്കർ മുതൽ 2 ഏക്കർവരെ | 433 |
| 2 ഏക്കർ ,, 5 ,, | 508 |
| 5 ഏക്കർ മുകളിൽ | 240 |

മുഖ്യവിളയായ നെല്ല്—വിരിപ്പ്, മുണ്ടകൻ എന്നീ രണ്ടു വിളകളാണെടുത്തിരുന്നത്. മേടമാസത്തിൽ "മോഡൻ കൃഷി"യും ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ പുഞ്ചകൃഷിയും നടത്തിയിരുന്നു.

ചിറ്റേനി, വെളത്തിരിക്കഴമ, ചെറുവള്ളരി, തവളക്കണ്ണൻ, തൊണ്ണൂറാൻ അരിക്കിലാരി തുടങ്ങിയ സവിശേഷതകളാർന്ന നാടൻ വിത്തുകളാണ് കൃഷി ചെയ്തിരുന്നത്. ജൈവ വളങ്ങളിൽ പ്രധാനമായും മലന്തോലുകളായിരുന്നു.

പ്രധാനമായും മഴയെതന്നെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. പുഴ, തോട്, കുളം എന്നിവതന്നെയായിരുന്നു ജലസേചനത്തിനുള്ള മററു മാർഗ്ഗങ്ങൾ. പുഴകളിൽ/തോട്ടുകളിൽ ഏത്തംകൊട്ട കെട്ടി തേവി കൃഷിയിടങ്ങളിൽ വെള്ളമെത്തിച്ചിരുന്നു. കൂടാതെ പനയുടെ പാത്തിയുണ്ടാക്കി പുഴയിൽനിന്നും കൃഷിസ്ഥലത്തേക്ക് വെള്ളം എത്തിക്കുന്ന കർഷകരും ഉണ്ടായിരുന്നു.

കാർഷികോൽപന്നങ്ങൾ വിററഴിച്ചിരുന്നത് ആഴ്ചചന്ത (ഇന്നു നില വിലുള്ള ബസ്സ് സ്റ്റാൻറ്)കളിലാണ്. കൂടാതെ സജീവമായ കാലിച്ചന്തകളുമുണ്ടായിരുന്നു. കർഷകരുടെ വിനോദങ്ങളിലൊന്നായിരുന്നു കാളപ്പൂട്ട്. കാളപ്പൂട്ട് കണ്ടങ്ങൾ സമീപകാലം വരെയും നിലവിലുണ്ടായിരുന്നു.

ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായി ഭൂമിയുടെ ഉടമസ്ഥതയിലും തൊഴിൽ ബന്ധങ്ങളിലും സമൂലമായ മാററം വന്നു. കാർഷിക മേഖലയിലെ മുരടിപ്പിനെപററി പല വാദഗതികളും ഉണ്ട്. കാർഷിക പരിഷ്ക്കാരം നടപ്പാക്കിയതാണ് ഈ മുരടിപ്പിന് കാരണമെന്നൊരു വാദഗതിയുണ്ട്. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ഭൂമിയുടെ ഉടമാവകാശത്തിൽ മാററംവന്നു എന്നല്ലാതെ കൈവശഭൂമിയുടെ വിസ്തൃതിയിൽ സാരമായ മാററമൊന്നും കാർഷിക പരിഷ്ക്കാരംവഴി ഉണ്ടായിട്ടില്ല. അരിയുല്പാദനത്തിന്റെ കാര്യത്തിൽ കാർഷിക പരിഷ്ക്കാരംകൊണ്ട് നേട്ടമല്ലാതെ ഒട്ടും കോട്ടമുണ്ടായിട്ടില്ലെന്ന് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നു.

## ഇന്നത്തെ വിള ചേരുവ

പഞ്ചായത്തിലെ ഇന്നത്തെ മുഖ്യവിളകൾ:-

നെല്ല്, റബ്ബർ, വാഴ, തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുവണ്ടി, മാവ്, മഞ്ഞൾ, ഇഞ്ചി, കൊക്കോ, പൈനാപ്പിൾ തുടങ്ങിയവയാണ്.

# പട്ടിക 2

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 498 Hec. | 18,42,600 Kg | 3,700 Kg |
| നെല്ല് (രണ്ടാം വിള) | 819 H | 22,59,359 Kg | 3,650 Kg |
| നെല്ല് (മൂന്നാം വിള) | 297 H | 10,54,350 Kg | 3,550 Kg |
| പയർ | 60 H | — | — |
| എള്ള് | 75 Hc | 15,000 Kg | 1200 Kg |
| പച്ചക്കറികൾ | 72 Hec | 9,000 Kg | — |
| തെങ്ങ് | 535 Hc | — | 15,000 എണ്ണം |
| വാഴ | 300 Hc | 6000000 Kg | 8000 |
| മരച്ചീനി | 254 Hc | 10,16000 Kg | 4000 |
| കുരുമുളക് | 248 Hc | 254000 Kg | 1020 Kg |
| പ്ലാവ് | — | — | — |
| കശുമാവ് | 450 | 360,000 Kg | 2500 Kg |
| റബ്ബർ | 1,073 Hec | — | — |
| കവുങ്ങ് | 273 Hec | — | — |
| ഇഞ്ചി | 85 Hec | 29,9200 Kg | 3,520 Kg |
| മഞ്ഞൾ | 25 Hec | 36,750 Kg | 1470 Kg |
| കാപ്പി | 25 Hec | — | — |
| ഏലം | 60 Hec | — | — |
| മാവ് | — | — | — |

***ജലസേചന സൗകര്യങ്ങൾ:***

കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചിരിക്കുന്നു. കുന്തിപ്പുഴ,നെല്ലിപ്പുഴ, കാഞ്ഞിരപ്പുഴ കനാൽ, ആനമൂളി കനാൽ, കൂടാതെ തോടുകളും കുളങ്ങളുമാണ് ജലസേചനത്തിനുള്ള മററു മാർഗ്ഗങ്ങൾ.

മണ്ണാർക്കാട് പഞ്ചായത്തിൽ പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾക്ക് ''പട്ടിക 3'' നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് പട്ടിക 4ഉം കാണുക.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ചെറുതും വലുതുമായ ധാരാളം കുളങ്ങളും തോടുകളുമുണ്ട്. പലതും നശിച്ചിരിക്കുന്നു.

## പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

**വാർഡ് 1**

1. ചേറുംകുളം സെൻററിലെ കുളം
2. കൽക്കടി കുളം
3. അരിയണ്ണി കുളം
4. നീർവാതിരി കുളം
5. കാളക്കാട് കുളം
6. കണ്ണച്ചൻകഴി കുളം
7. കണ്ണച്ചൻകഴി കുളം

**വാർഡ് 2**

1. കഴനിക്കോട് കുളം
2. ചേറുംകുളം
3. മേലാമുറി കുളം
4. മൂന്നാംതാക്ക്കുളം
5. ഏലംപാടം

**വാർഡ് 3**

1. വാളക്കര കുളം
2. ചെകിടി കുളം
3. ഐലോക്കി കുളം

**വാർഡ് 4**

1. ആർമുഖംപാടം കുളം
2. പുഞ്ചക്കാട്ട് കുളം

**വാർഡ് 5**

1. റാവുത്തൻ കുളം

**വാർഡ് 6**

ഇല്ല.

**വാർഡ് 9**

പാലക്കുളം

**വാർഡ് 10**

1. പെരുഞ്ചോളം കുളം
2. ചോമേരി കുളം 2 എണ്ണം

**വാർഡ് 11**

1. പാണ്ടിക്കാട് കുളം 2 എണ്ണം
2. സഭാമഠം കുളം

**വാർഡ് 12**

1. പാറകക്കോട് കുളം
2. ചിറക്കുളം
3. ചുണ്ടേക്കി കുളം

**വാർഡ് 13**

1. പാവാടിക്കുളം

**വാർഡ് 14**

1. കൈതക്കുളം

**വാർഡ് 15**

ഇല്ല.

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ചെറുകിട ജലസേചന പദ്ധതിയുടെ വിവരങ്ങൾ:

### പട്ടിക 3

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പൂർത്തിയായ വർഷം | എസ്റ്റിമേററ് തുക | ആയ കെട്ട് വിസ്തീർണ്ണം |
|---|---|---|---|---|
| | **പണി പൂർത്തിയായത്** | | | |
| 1 | ആനമൂളി ഇറിഗേഷൻ സ്കീം | 1966 | | 284 ഹെ. |
| | **നടന്നുകൊണ്ടിരിക്കുന്നത്** | | | |
| 1 | തെങ്കര ബ്രാഞ്ച് കനാലിന്റെ പുനരുദ്ധാരണ പണികൾ. | | 2,00,000/- | |
| 2 | ആനമൂളി ഹെഡ്വർക്കിന്റെ പുനരുദ്ധാരണ പണികൾ | | 2,00,000/- | |

## പട്ടിക 4

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ
(മൈനർ ഇറിഗേഷൻ ഓഫീസിൽനിന്നും ലഭിച്ച വിവരം)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേററ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക |
|---|---|---|
| 1 | മെഴകംപാറ പുഴക്ക് കുറുകെ പുഞ്ചക്കോട്ട് മെഴകംപാറ ഹരിജൻ കോളനി റോഡിൽ ഒരു കോസ്‌വെ നിർമ്മാണം | 10,00,000/- |
| 2 | ഒലിപ്പാറ ചിറയുടെ കനാലിൻെറ പുനരുദ്ധാരണ പണികൾ | 5,00,000/- |
| 3 | നെല്ലിപ്പുഴക്ക് കുറുകെ കുമ്പാറ കടവിൽ ഒരു കോസ്‌വെ നിർമ്മാണം | 10,00,000/- |
| 4 | നെല്ലിപ്പുഴയിൽ ഒരു തടയിണ നിർമ്മാണം | |
| 5 | കന്തിപ്പുഴയിൽ ഒരു തടയിണ നിർമ്മാണം | |
| 6 | തെക്കരയിൽ വട്ടപ്പറമ്പ്, മണലടി എന്നീ കുളങ്ങളുടെ പുനരുദ്ധാരണ പണികൾ | |
| 7 | മുതുവല്ലി തോടിന് ചെക്ക്ഡാം നിർമ്മാണം | |

### കൂലി സേവന വ്യവസ്ഥകൾ:-

കർഷക തൊഴിലാളികളുടെ എണ്ണം ദൈനംദിനം കുറഞ്ഞുവരുന്നു. കൃഷിപ്പണിക്ക് ആളെ കിട്ടാത്ത അവസ്ഥ നിലവിലുണ്ട്. പുരുഷന് 80 രൂപയും സ്ത്രീക്ക് 50 രൂപയുമാണ് ശരാശരി കൂലി. ഒരു ഏകീകൃത കൂലി നിരക്ക് ഇവിടെ ഇല്ല. കൃഷിപ്പണി മുഖ്യ ഉപജീവന മാർഗ്ഗമായി കഴിയുന്ന തൊഴിലാളികളുണ്ട്.

### വളത്തിൻെറ ഉപയോഗം:-

ജൈവ വളങ്ങളാണ് പണ്ട് ഉപയോഗിച്ചിരുന്നത്. രാസവളത്തിൻെറ ഉപയോഗം ക്രമേണ വർദ്ധിച്ചിട്ടുണ്ട്. (രാസവളത്തിൻെറ ഉപയോഗം ഇവിടത്തെ മണ്ണിൻെറ സ്വഭാവം ഘടന തുടങ്ങിയ കാര്യങ്ങൾ ആധികാരികമായി ലഭിച്ചിട്ടില്ല.)

പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു വളം വിപണന കേന്ദ്രവും സ്വകാര്യമേഖലയിൽ 6 വിപണന കേന്ദ്രങ്ങളും ഉണ്ട്.

### പാടശേഖര കമ്മററികൾ:-

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ 10 പാടശേഖര കമ്മററികൾ ഉണ്ട്.

1) തത്തേങ്ങലം
2) ചേറുംകുളം
3) മേലാമുറി
4) ചിറപ്പാടം
5) തോട്ടകാട്ട്
6) കുന്നത്ത്കുളം
7) മണലടി
8) മുണ്ടക്കോരാട്ട്
9) പെരിമ്പടാരി
10) അണ്ടിക്കുണ്ട്—തെന്നാരി.

### കാർഷിക വായ്പ

2 സഹകരണ ബാങ്കുകൾ, 1 കാർഷിക വികസന ബാങ്ക്, 3 ദേശസാൽകൃത ബാങ്കുകൾ, 3 വാണിജ്യ ബാങ്കുകൾ എന്നിവയാണ് ഈ പഞ്ചായത്തിൻെറ പരിധിയിൽപെടുന്നത്. ഈ സ്ഥാപനങ്ങ

ളെല്ലാംതന്നെ കാർഷിക വായ്പകാം മുൻഗണനാ ക്രമത്തിൽ അനുവദിക്കുന്നുണ്ട്. ഇവ കൂടാതെ പഞ്ചായത്തിന്റെ അടുത്ത പ്രദേശങ്ങളിൽ / പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ബാങ്കുകളും മണ്ണാർക്കാട് പഞ്ചായത്തിൽ കാർഷിക വായ്പകാം അനുവദിച്ചു വരുന്നു. കാർഷിക വായ്പകാം പലപ്പോഴും മററാവശ്യങ്ങാംക്കായി വിനിയോഗിക്കുന്ന പ്രവണതയുണ്ട്.

## പട്ടിക 5

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ബാങ്ക് | വർഷം 1995—96 |
|---|---|---|
| 1 | കാർഷിക വികസന ബാങ്ക് | 247.10 (താലൂക്ക് ആകെ) |
| 2 | സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ | 77.96 |
| 3 | വിജയ ബാങ്ക് | 60.69 |
| 4 | കാത്തലിക് സിറിയൻ ബാങ്ക് | 15.39 |
| 5 | സൗത്ത് ഇന്ത്യൻ ബാങ്ക് | 7.13 |
| 6 | കനറാ ബാങ്ക് | 125.35 |
| 7 | മണ്ണാർക്കാട് റൂറൽ സർവ്വീസ് കോ–ഓപ്പറേററീവ് ബാങ്ക് | 50.40 |

ബാങ്ക് വായ്പകാം കൂടാതെ സ്വകാര്യ പണമിടപാടുകാരേയും കർഷകർ സമീപിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ കച്ചവടക്കാർ ഉല്പന്നം വാങ്ങാനായി മുൻകൂർ പണം നല്കുകയും ചെയ്യുവരുന്നു. പലപ്പോഴും കർഷകർ ഇവരുടെ ചൂഷണത്തിന് വിധേയമാകാറുണ്ട്. സഹകരണ സംഘം ദേശസാത്കരണ ബാങ്കുകാം മുഖേനയും കൂടുതൽ വായ്പ സൗകര്യം ലഭ്യമാക്കണം.

### *പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും*

കൃഷിയോടുള്ള മനോഭാവത്തിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങാം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. കൃഷിയിലുള്ള താല്പര്യം പൊതുവിൽ കുറഞ്ഞുവരികയാണ്. ഏററവും പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ കാര്യത്തിലാണ് താല്പര്യക്കുറവ് ഏററവും പ്രകടമായി കാണാൻ കഴിയുക.

കർഷകത്തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. ഒരു വശത്ത് നമ്മുടെ വിദ്യാഭ്യാസം നല്കുന്ന വികലമായ മൂല്യബോധവും മറുവശത്ത് സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന പുത്തൻ സംസ്കാരവും കായികാദ്ധ്വാനത്തോട് ജനങ്ങാംക്കുള്ള പ്രതിപത്തി നശിപ്പിക്കുന്ന ഘടകങ്ങളാണെന്ന് പരക്കെ പരാതി ഉയർന്നിട്ടുണ്ട്.

ഭൂമിയുടെ ഉപയോഗത്തിൽ ഗണ്യമായ മാററം വന്നുകൊണ്ടിരിക്കുന്നു. കൃഷിഭൂമി പാർപ്പിടങ്ങളായും റോഡുകളായും കളിസ്ഥലങ്ങളായും തരിശുഭൂമിയായും മാററപ്പെട്ടുകൊണ്ടിരിക്കുന്നു.

കൃഷി വിസ്തീർണ്ണത്തിന്റെ വദ്ധന ഇനി പ്രതീക്ഷിക്കാനാവില്ല. ഈ ധാരണ വെച്ചുകൊണ്ടുവേണം കാർഷികോല്പാദന വർദ്ധനയെയും ഭക്ഷ്യസ്വയം പര്യാപ്തതയെയുംകുറിച്ച് ചിന്തിക്കാൻ.

## നെല്ല്

മുഖ്യ ആഹാരമായ നെല്ലിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും ഗണ്യമായി കുറഞ്ഞു.

കാരണം:–

1) വേണ്ട സമയത്ത്, വേണ്ട സ്ഥലത്ത് വേണ്ടത്ര അളവിൽ വെള്ളം എത്തിക്കുന്നതിൽ ജലസേചന വ്യൂഹം പരാജയപ്പെട്ടിരിക്കുന്നു.

2) ജൈവ വളത്തിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവും രാസവളങ്ങാം, കീട നാശിനികാം എന്നിവയുടെ അശാസ്ത്രീയമായ പ്രയോഗവും ഒരു വശത്ത് അവ നിഷ്പ്രയോജനങ്ങളാക്കുകയും മറുവശത്തു മണ്ണിന്റെ ആരോഗ്യം ഹനിക്കുകയും ചെയ്തിരിക്കുന്നു. മണ്ണിന്റെ അമ്ല സ്വഭാവം വദ്ധിച്ചുവരുന്നതായി പറയപ്പെടുന്നു.

3) കൃഷിയിടങ്ങാം അത്യന്തം തുണ്ടുവല്കൃരിക്കപ്പെട്ടിരിക്കുന്നു.

4) കർഷകത്തൊഴിലാളികളുടെ വാർഷിക വരുമാനത്തിന്റെ നല്ലൊരു ശതമാനം കാർഷികേതര പ്രവർത്തനത്തിൽ നിന്നാണ് എന്നു വരുന്നു. കൃഷിപ്പണിയിലുള്ള അവരുടെ സന്നദ്ധതയും താല്പര്യവും കുറഞ്ഞുവരുന്നു

5) കൃഷിയെ ഒരു സമ്പൂർണ്ണ പ്രവർത്തനമായി കണ്ടില്ല. ജലസേചന വകുപ്പ്, കൃഷി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, സഹകരണ വകുപ്പ്, വനം വകുപ്പ്, വൈദ്യുതി വകുപ്പുമൊക്കെ താന്താങ്ങളുടെ പ്രവർത്തനങ്ങളെ മററുള്ളവയുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്താനൊരുമ്പെട്ടില്ല.

6) കൃഷിക്കാരൻ തീരുമാനങ്ങളെടുക്കുന്ന ആളായില്ല മറിച്ച് തീരുമാനങ്ങളുടെ ഇര മാത്രമായി.

നിർദ്ദേശങ്ങൾ:

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ചാലെ നെൽകൃഷിയും മററു കൃഷികളും മെച്ചപ്പെടുകയുള്ളൂ.

ഒരു വശത്തു് ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗവും മറുവശത്ത് പുത്തൻരീതിയിലുള്ള സംഘാടനവും ഉണ്ടായാലെ ഗുണകരമായ മാററം വരുത്താൻ കഴിയൂ ഇതിനു് ഒരു ശ്രമമാണ് "ഗ്രൂപ്പ് ഫാമിങ്ങ്".

ജലസേചന വകുപ്പിൻേറയും കൃഷിവകുപ്പിൻെറയും പ്രവർത്തനം ഗണ്യമായി വികേന്ദ്രീകരിക്കുകയും പ്രാദേശിക കർഷകസംഘങ്ങളുടെയും ഗ്രാമപഞ്ചായത്തിൻെറയും നിയന്ത്രണത്തിൽകൊണ്ടുവരികയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം കൃഷി അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൃഷിക്കാരും, കർഷകത്തൊഴിലാളികളും പുതിയ രീതിയിൽ കൂട്ടു ചേരേണ്ടിയിരിക്കുന്നു.

പഴയ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം സമഗ്രമായി പരിഷ്ക്കരിക്കണം.

***ഇതിനുള്ള നിർദ്ദേശങ്ങൾ:-***

1) ഓരോ പാടശേഖരത്തേയും ഒരൊററ കൃഷിയൂണിററായി കണക്കാക്കുക.

2) അത്തരം യൂണിററിലെ മുഴുവൻ കൃഷിക്കാരുടെയും കർഷക തൊഴിലാളികളുടെയും ഉടമാവകാശത്തിൽ മാററം വരുത്താത്ത ഒരു കൂട്ടുകൃഷി സംഘമായിരിക്കണം ഇത്.

3) ഓരോ കൃഷിക്കാരനും ഉടമാവകാശം, ഇപ്പോഴത്തെ ഉല്പാദനച്ചിലവ്, ഉല്പാദനം, മിച്ചം, വാർഷിക തൊഴിൽ ദിനങ്ങൾ, കൂലി എന്നിവ പരസ്പരം അംഗീകരിച്ച് ഒരു ധാരണാപത്രം ഒപ്പുവെക്കുക.

4) അധികമായി ഉണ്ടാകുന്ന ഉല്പന്നങ്ങൾ എങ്ങിനെ വീതിക്കണം എന്നതിനും ധാരണ ഉണ്ടാക്കണം.

5) ഈ "കൂട്ടുകൃഷി സംഘം" ആയിരിക്കും എല്ലാ കാർഷിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. ഇതിലേക്കായി ഓരോ കൃഷിക്കാരനും നൽകുന്ന പണത്തിൻെറയും അദ്ധ്വാനത്തിൻെറയും കണക്ക് വെച്ചിരിക്കും.

6) ഒന്നിലധികം പാടശേഖരങ്ങൾക്ക് വെള്ളം നൽകുന്ന ജലസേചന സംവിധാനങ്ങളുടെ നടത്തിപ്പിന്നായി പാടശേഖര കമ്മററികൾ ഉണ്ടാക്കണം.

ഇവരെ സഹായിക്കലായിരിക്കണം കൃഷി ഉദ്യോഗസ്ഥൻെറ ചുമതല. ഈ ഉദ്യോഗസ്ഥൻ ഗ്രാമ പഞ്ചായത്തിൻെറ നിയന്ത്രണത്തിലായിരിക്കണം.

7) സമഗ്രമായ സ്ഥല–ജല മാനേജ്മെൻറ് പദ്ധതികൾ നടപ്പാക്കാവുന്നതാണ് കേന്ദ്ര ഗ്രാമ വികസന വകുപ്പിൽനിന്നും CAPART, NABARD മുതലായ സ്ഥാപനങ്ങളിൽനിന്നും ഇതിനു വേണ്ടത്ര ധനസഹായം ലഭിക്കുന്നതാണ്.

8) ഭക്ഷ്യോല്പാദനമായ നെൽകൃഷിക്ക് സൗജന്യമായി വളം നൽകി പ്രോത്സാഹിപ്പിക്കണം.

## റബർ

അനുകൂലമായ കാലാവസ്ഥ, ഭൂതല പ്രകൃതി, ശക്തമായ ആഭ്യന്തര വിപണി എന്നിവയുടെ ഒത്തു ചേരൽ ചെറിയൊരു കാലയളവുകൊണ്ടുതന്നെ മണ്ണാർക്കാട് പഞ്ചായത്തിലെ റബ്ബർ കൃഷിയുടെ വിസ്തീർണ്ണം ഗണ്യമായി വർദ്ധിച്ചു

കാർഷിക പരിഷ്ക്കാരം നടപ്പിലായപ്പോൾ, ഭൂപരിധി നിയമത്തിൽനിന്നു റബ്ബർ തോട്ടങ്ങൾ ഒഴിവാണെന്നു വന്നപ്പോൾ, കാറ ഭൂമി പെട്ടെന്ന് റബ്ബർ തോട്ടങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ട് അതുകൊണ്ട് സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ നാം സ്വയം പര്യാപ്തതയിലെത്തി. നല്ല വിപണന സാധ്യത കൂടി ഉള്ളതുകൊണ്ട് കേന്ദ്ര സർക്കാർ അനാവശ്യമായി റബ്ബർ ഇറക്കുമതി ചെയ്ത് ദ്രോഹിക്കാതിരുന്നാൽ റബ്ബർ കൃഷി ഇനിയും പുരോഗമിക്കും.

റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് റബ്ബർ ബോർഡ് തുടർന്നുവരുന്ന നയം കൂടുതൽ സ്ഥലത്തു് റബ്ബർ കൃഷി വ്യാപിപ്പിക്കുക എന്നതാണ്. പക്ഷേ ഭക്ഷ്യ വിളകൾ കൃഷിചെയ്യപ്പെടുന്ന ഇടങ്ങളിൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്ന റബ്ബർ ബോർഡിൻെറ നയം തെററാണ്. എന്നാൽ മററു കൃഷികൾക്കു് യോഗ്യമല്ലാത്ത തരിശു് ഭൂമിയിൽ റബ്ബർകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ് ഇത്തരം തരിശു് ഭൂമികളുടെ അളവ് ഇവിടെ കുറവാണ്. അതിനാൽ റബ്ബറിൻെറ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള ഏക മാർഗ്ഗം റബ്ബറിൻെറ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നതു് മാത്രമാണ്. ഉൽപ്പാദന ക്ഷമതാ വർദ്ധനവുണ്ടാക്കാൻ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുക എന്നതായിരിക്കണം റബ്ബർ ബോർഡിൻെറ ഭാവി നയം.

## തെങ്ങ്

കേരത്തിൻെറ നാടാണ് കേരളമെങ്കിലും ഇവിടെ കേരം ക്ഷയിച്ചുകൊണ്ടിരിക്കുകയാണ് കൂടുതൽ ആകർഷകമായ റബ്ബറിലേക്ക് നീങ്ങുന്നതിന്നായി തെങ്ങുകൾ വ്യാപകമായി വെട്ടിമാററപ്പെടുകയാണ്.

ജലസേചനം തെങ്ങിൻെറ ഉല്പാദനം കൂട്ടുമെന്നും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുമെന്നും ഈ മേഖലയിൽ നടന്ന ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ടെങ്കിലും തെങ്ങിന് നനവെള്ളം നല്കുക എന്നത്

ഇതുവരെ സർക്കാർ നയമായിട്ടില്ല. നെല്ല്, റബ്ബർ എന്നിവയെ അപേക്ഷിച്ച് വളരെ കറവ് സഹായമേ തെങ്ങിന് ലഭിക്കുന്നുള്ളൂ.

സങ്കരയിനം തെങ്ങിൻ തൈകൾ വൻതോതിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനോ അവ നടാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ അനുബന്ധ സേവനങ്ങളായ വളം, വെള്ളം, കീടനാശിനി, വായ്പ, സബ്സിഡി, വിപണനം എന്നിവ നല്കുന്നതിനോ വേണ്ട സംവിധാനമില്ലാതെ പോയി.

ഈ മേഖലയിലെ പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻ ഒരു ബഹുമുഖസമീപനം വേണം. ഒന്നാമതായി തെങ്ങിനോടുള്ള മാനസിക സമീപനത്തിൽ കാതലായ മാററംവേണം. തൈ തിരഞ്ഞെടുക്കൽ, നടീൽ, ജലസേചനം, വളംചെയ്യൽ എന്നിവയിലെല്ലാം ഇന്നുള്ളതിൽ കൂടുതൽ ശ്രദ്ധവേണം.

രണ്ടാമതായി അനുയോജ്യമല്ലാത്ത പ്രദേശങ്ങളിൽ തെങ്ങ്കൃഷി വേണ്ടെന്നുവെക്കണം. പാടങ്ങൾ നികത്തി തെങ്ങ് വെയ്ക്കുന്ന പരിപാടി അടിയന്തിരമായി അവസാനിപ്പിക്കണം. പാടങ്ങളിൽ തെങ്ങ് വെച്ചാൽ ഉല്പാദനം കറവായിരിക്കുമെന്നു മാത്രമല്ല സാമാന്യ നീർ പാർച്ചയെ തകിടം മറിക്കുകയും ചെയ്യും.

മൂന്നാമതായി മേത്തരം തെങ്ങിനങ്ങൾ ശാസ്ത്രീയമായ രീതിയിൽ നട്ടുപിടിപ്പിക്കാൻ സമയബന്ധിതമായ ഒരു പരിപാടി ആവിഷ്കരിക്കണം. പഞ്ചായത്തിൽ മേത്തരം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനായി കർഷകരുടെയോ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെയോ സംഘങ്ങൾ രൂപീകരിക്കപ്പെടണം.

## കശുമാവ്

കശുമാവ് കൃഷിയുടെ വിസ്തീർണ്ണം, ഉല്പാദനം ഉല്പാദനക്ഷമത ഇവയെല്ലാം തുടർച്ചയായി കുറഞ്ഞു വരികയുണ്ടായി. മററൊന്നും വളരാത്ത ഭൂമിയിലാണ് കശുമാവ് കൃഷി ചെയ്തു വന്നിരുന്നത്. എന്നാൽ ഈ മണ്ണിൽ മററ് പല കൃഷികളും നടത്താം എന്നു് അവയിൽ പലതും കശുമാവിനെ അപേക്ഷിച്ച് ആദായകരമാണെന്നതാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും അദ്ധ്വാനത്തിലൂടെയും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക മാത്രമെ രക്ഷയുള്ളൂ. കശുവണ്ടിയുടെ ഉല്പാദനം കൂട്ടാനും കള്ളക്കടത്ത് തടയാനും നടപടികളുണ്ടാകണം. തോട്ടണ്ടി സംഭരണം പുനരാരംഭിക്കണം.

## കവുങ്ങ്

കഴിഞ്ഞ രണ്ടു പതിററാണ്ടുകൾകൊണ്ട് കവുങ്ങ് കൃഷിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

വിപണിയുടെ ഉയർച്ച-താഴ്ചകളാണ് ഇതിന്നു കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

### കാർഷിക രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ:

മുഖ്യമായും രണ്ട് പ്രശ്നങ്ങളാണുള്ളത്.

ഒന്ന് കായികാദ്ധ്വാനത്തോടുള്ള വിമുഖത. കൃഷിപ്പണിയോടുള്ള വിരക്തി അവസാനിപ്പിക്കാൻ കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾതന്നെ മുന്നിട്ടിറങ്ങണം. മുഴുവൻ സമയവും കൃഷിയിൽതന്നെ കേന്ദ്രീകരിക്കണമെന്നല്ല ഭാഗികമായ ശ്രദ്ധയെങ്കിലും പ്രകൃതിയിലേക്കും അതുവഴി കൃഷിയിലേക്കും തിരിഞ്ഞാൽ മാത്രംമതി. അവിടെയാണ് കൂടുതൽ അധികാരങ്ങളോടെ പഞ്ചായത്തു് ഭരണസാരഥികളായിവന്നിട്ടുള്ള ജനകീയ നേതാക്കൾക്കു മഹത്തായ സംഭാവനകൾ ചെയ്യാൻ കഴിയുക.

രണ്ടാമത്തേത് നമ്മുടെ സർക്കാർ വകുപ്പുകളെ ബാധിച്ചിട്ടുള്ള ചട്ടപ്പടി ഭരണമെന്ന മാറാവ്യാധിയാണ്.

സാമൂഹ്യ പ്രതിബദ്ധതയും, വിശാല ജീവിത വീക്ഷണവുമുള്ള ധാരാളം കാഡർമാർ നമ്മുടെ സർവ്വീസ് സംഘടനകളിലുണ്ട്. അവരുടെ സഹായം സംഘടിപ്പിച്ചുകൊണ്ടു് അടിസ്ഥാന ഉല്പാദന മേഖലയിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും വിജയിപ്പിക്കാനും പഞ്ചായത്തിന് കഴിയുമാറാകണം. ജനപങ്കാളിത്തം പോലെതന്നെ സുപ്രധാനമാണ് സർവ്വീസ് സംഘടനകളുടെ സജീവമായ പങ്കാളിത്തവും.

ഇവിടെ ഏററവുമധികം പ്രയാസമനുഭവപ്പെടുക വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം സംഘടിപ്പിക്കാനാണ്. വിവിധ വകുപ്പുകളുടെ ഏകോപനമില്ലാതെ വികസന പ്രവർത്തനങ്ങൾ വിജയിക്കില്ല.

പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറുമായി കാർഷിക വികസന സമിതി രൂപീകരിക്കണം. പുതിയ ഭരണക്രമമനുസരിച്ച് ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് അതതു മേഖലയിലെ ഉദ്യോഗസ്ഥന്മാരിൽ പൂർണ്ണമായ നിയന്ത്രണാധികാരമുണ്ട്. ഈ മൂന്നു് തട്ടിലും കൃഷിവികസന സമിതികൾ രൂപീകരിച്ചു് പ്രവർത്തിച്ചാൽ വിവിധ വകുപ്പുകളുടെ ഏകോപനം മുമ്പത്തേക്കാൾ ഫലപ്രദമായി നടത്താൻ കഴിയും.

## വാർഡ് ചർച്ചകളിൽ വന്ന നിർദ്ദേശങ്ങൾ:-

### ജലസേചനം:-

1) കാഞ്ഞിരപ്പുഴ കനാൽ, ആനമൂളി കനാൽ എന്നിവ അററകുററ പണി നടത്തി ജലസേചനയോഗ്യമാക്കിയാൽ തെങ്കര ഭാഗത്തെ കർഷകർക്ക വളരെ പ്രയോജനം ചെയ്യും. കൂടാതെ ഈ കനാ

ലിൻെറ പരിധി കൂടുതൽ ഭാഗത്തേക്ക് വ്യാപിപ്പിക്കുക.

2) മേലാമുറി, വല്ലംപാടം തോട്, കല്ലക്കം തോട് എന്നിവയിൽ ചെക്ക് ഡാം നിർമ്മിക്കുക. ഹനുമന്തമൂല ചെക്ക്ഡാം ഉയരംകൂട്ടുകയും ചോർച്ച തടയുകയും ചെയ്യുക.

3) 3-ാം വാർഡിൽ മുഴുവനായും 2—ാം വാർഡിൽ ഭാഗികമായും ജലസേചനം നടത്തുന്നത് ആനമൂളി പുഴയിലെ വെള്ളം ഉപയോഗിച്ചാണ്. വേനൽക്കാലങ്ങളിൽ ഇത് വററി വരളുന്നു. മുക്കാലി ചെക്ക്പോസ്റ്റ്വരെയുള്ള ഭവാനിപ്പുഴയിലെ വെള്ളം സുമാർ 200 മീററർ തോടുണ്ടാക്കി ആനമൂളി പുഴ ആരംഭിക്കുന്ന മന്തൻപൊട്ടിയിൽ എത്തിച്ചാൽ വേനല്ലാല കൃഷിക്ക് ഉപകരിക്കും. സുമാർ 2,000 ഏക്കർ സ്ഥലത്ത് മൂന്നാംവിളവെടുക്കാൻ ഇത് സഹായകരമായിരിക്കും. (കാഞ്ഞിരപ്പുഴ സബ്-കനാലിൽ അമ്പംകുന്ന് ഭാഗത്തുനിന്ന് ലിഫ്ററ് ഇറിഗേഷൻ വഴി വെള്ളം ആനമൂളിപ്പുഴയിലെത്തിക്കാവുന്നതാണ്.)

4) ആനമൂളി മൈനർ ഇറിഗേഷനിൽനിന്നും വരുന്ന മെയിൻ കനാലിൻെറ പള്ളിപ്പടി ഭാഗത്തുനിന്ന് തോട്കാട് ഭാഗത്തേക്ക് മൺകനാൽ കോൺക്രീററ് ചെയ്താൽ 500 ഏക്കർ സ്ഥലത്ത് 3-ാം വിള വെടുക്കാൻ സാധിക്കും.

5) കാഞ്ഞിരപ്പുഴ കനാലിൽനിന്നും അമ്പംകുന്ന് മുതൽ കോൽപ്പാടം നാൽപ്പതാം പള്ളിയാൽ വരെ നിലവിലുള്ള മൺതോട് അററകുററപ്പണി നടത്തിയാൽ 1,500 ഏക്കർ സ്ഥലത്തു് മൂന്നാംവിളയെടുക്കാം.

6) മുതുവല്ലിത്തോട്, വെങ്കായപാറ തോട്, അറുമുഖംപാടം തോട്, അമ്പലത്തോട് എന്നിവ അററകുററപ്പണി നടത്തി സംരക്ഷിക്കണം. മുതുവല്ലി ഭാഗത്തേക്കും, പാറശ്ശേരി ഭാഗത്തേക്കും ഷട്ടറുകൾ വേണം.

7) പറശ്ശേരി പ്രദേശത്തെ ജലസേചനം ഒലിപ്പാറ ചിറയെ ആശ്രയിച്ചാണ്. നെല്ലിപ്പുഴയ്ക്കു് കുറുകെ ഈ ചിറ ചെക്ക്ഡാമാക്കി മുതുവല്ലി തോടിലൂടെയും പറശ്ശേരി തോട്ടിലൂടെയും കൃഷിക്കാവശ്യമായ വെള്ളം നൽകാവുന്നതാണ്.

8) മുതുവല്ലി പൊട്ടിക്ക് ചെക്ക്ഡാം നിർമ്മിക്കുക.

9) കാഞ്ഞിറി പൊട്ടിയിൽ സ്ലയിഡുണ്ടാക്കുക.

10) 6-ാം വാർഡ് പരിധിയിൽപ്പെട്ട മുണ്ടക്കുണ്ണി ഭാഗത്ത് നെല്ലിപ്പുഴയല്ലാതെ മററു ജലസേചന മാർഗ്ഗങ്ങൾ ഒന്നുമില്ല. കാഞ്ഞിരപ്പുഴ കനാൽ വെള്ളം ഇവിടെയും എത്തിക്കേണ്ടതാണ്. നെല്ലിപ്പുഴയിൽ തടയണ കെട്ടി ആണ്ടിപ്പാടത്തും സമീപപ്രദേശത്തും ജലസേചന സൗകര്യം ഉണ്ടാക്കേണ്ടതാണ്. മുണ്ടക്കുണ്ണിയിൽ കുളം കഴിക്കണം.

11) അരയങ്ങോട്ട് ഭാഗത്ത് ഏതാണ്ട് 2 കി. മീ. നീളം വരുന്ന ഒരു തോടുണ്ട്. ഇതിൻെറ 2 വശവും കെട്ടി അററ കുററപ്പണികൾ ചെയ്ത് ഉപയോഗമുള്ളതാക്കണം.

12) സെൻറ് പോംസ് സ്കൂളിൻെറ ഭാഗത്ത് മുൻപ് നിലവിലുണ്ടായിരുന്ന തോട് ആണ്ടിപ്പാടത്തെ കൃഷിക്ക് ഉപയോഗിച്ചിരുന്നതാണ്. ഇന്ന് ആ തോട് അപ്രത്യക്ഷമായിരിക്കുന്നു. ഈ തോട് പുനർ നിർമ്മിക്കണം.

13) പൊട്ടിത്തോടിനു് ചെക്ക്ഡാം നിർമ്മിക്കണം.

14) ജലസേചന സൗകര്യം തീരെ ഇല്ലാത്ത 8-ാം വാർഡിലും പ്രദേശത്തും ഒരു വിള മാത്രമെ എടുക്കുന്നുള്ള. ജലസേചനാവശ്യാർത്ഥം ഒരു കുളം കഴിക്കണം.

15) കനാൽ ശരിയാക്കി അരകർശ്ശി ഭാഗത്ത് വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

16) കന്തിപ്പുഴയിൽനിന്ന് പേരംചെത്ത് പാറയിന്മേൽ ലിഫ്ററ് ഇറിഗേഷൻ സംവിധാനമേർപ്പെടുത്തുക. ഈ പദ്ധതികൊണ്ട് 10, 11, 14, 15 വാർഡ് പരിസരങ്ങളിലെ സുമാർ 200 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താം.

17) ആനമൂളി നടതോട്, ഉറിയൻ ചോല തോട്, നേർച്ചപാറ തോട്, മാണിക്കൻ ചോല തോട് തുടങ്ങിയവയുടെ ഇരുവശവും കെട്ടി സംരക്ഷിച്ച് ജലസേചന യോഗ്യമാക്കുക.

18) നായാടിക്കുന്നിന് താഴെയുള്ള കൈതക്കുളവും അതിൽനിന്ന് നീണ്ടുപോകുന്ന രണ്ട് കൈവഴി തോടുകളും ആ പ്രദേശത്തെ ജലസേചനത്തിനുള്ളതായിരുന്നു. ഇന്ന് ഈ തോടുകൾ നശിച്ചിരിക്കുന്നു. ഇതു് പുനർ നിർമ്മിക്കണം.

19) പെരിഞ്ചോളം ഭാഗത്തു് ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

20) പെരിമ്പടാരി 15-ാം വാർഡ് പരിധിയിൽപ്പെട്ട ചെമ്പിപ്പാടം ചിറ ആ പ്രദേശത്ത് പ്രധാന ജലസേചന മാർഗ്ഗമായിരുന്നു. മണ്ണുവീണു തൂർന്ന ഈ ചിറ ഏകദേശം ½ ഏക്കറോളം വരും. ഇതു് നന്നാക്കി കെട്ടി തോടുവഴി ചുററുമുള്ള ഏകദേശം 200 ഏക്കർ സ്ഥലത്തു് കൃഷി 3-ാം വിളയും എടുക്കാം.

എല്ലാ വാർഡുകളിലും നിലവിലുണ്ടായിരുന്ന തോടുകളും കുളങ്ങളും പൂർണ്ണമായോ ഭാഗികമായോ നശിച്ചതായി കാണുന്നു. ഇവ അടിയന്തിര ശ്രദ്ധ കൊടുത്തു് നന്നാക്കിയെടുക്കണം

ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രേഗ്ളർ ഇറിഗേഷൻ എന്നിവയുടെ സാദ്ധ്യത പരിശോധിക്കണം.

നിർമ്മാണത്തിലിരിക്കുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം.

മൂന്നാം വാർഡിൽ തോടുകാട് (അമ്പം കടവ്) സ്ഥലത്തു് പുഴ വെള്ളം വന്നു് അവിടെയുള്ള വീടുകളും വളർത്തു് മൃഗങ്ങൾക്കും കൃഷി സ്ഥലങ്ങൾക്കും നാശനഷ്ടം സംഭവിക്കുന്നു അതുകൊണ്ടു് പ്രസ്തുത ഭാഗത്തു് ബണ്ടുകെട്ടി സംരക്ഷിക്കേണ്ടതാണ്.

## മററു നിർദ്ദേശങ്ങൾ:-

### 1) ഗ്രൂപ്പ് ഫാമിങ്ങ്

നെല്ലിനും മററു കൃഷിക്കും Group Farming വ്യാപകമാക്കണം. നിലവിലുള്ള കർഷക സമിതികളേയും സംഘടനകളേയും പുനരുജ്ജീവിപ്പിച്ചു് ഇതിനു് തയ്യാറാക്കണം.

### 2) പച്ചക്കറി ഉൽപാദനം

പച്ചക്കറിക്കു് സർക്കാർ നൽകാനുദ്ദേശിക്കുന്ന എല്ലാവിധ സഹായങ്ങളും ഈ പഞ്ചായത്തിലും ലഭ്യമാകുന്നുണ്ടെന്നുറപ്പു വരുത്തണം. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി ഉൽപാദനം നടത്താനുള്ള സാദ്ധ്യത കണ്ടെത്തണം. വീടുകളിൽ അടുക്കളത്തോട്ടങ്ങൾക്കു് പ്രോത്സാഹനം നൽകണം. പച്ചക്കറി വിപണനത്തിനായി സ്റ്റാളുകൾ തുറക്കുകയും പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം. കൃഷിഭവന്റെ സഹായസഹകരണങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിരിക്കണം.

### 3) വിത്തിനങ്ങൾ

ഉല്പാദന ശേഷിയുള്ള വിത്തുകൾ കർഷകർക്കു് യഥാസമയത്തു് ലഭ്യമാക്കാനുള്ള സൗകര്യമുണ്ടാക്കണം. പ്രാദേശികമായി വിത്തുല്പാദനത്തിനു് പാടശേഖര കമ്മററികളെ ഉപയോഗിക്കാവുന്നതാണ്. നടീൽ വസ്തുക്കൾ ലഭിക്കുന്നതിനു് നഴ്സറികളെ പ്രയോജനപ്പെടുത്താവുന്നതാണ്.

### 4) ഔഷധ സസ്യങ്ങൾ

മണ്ണാർക്കാടു് പരിസരത്തു് കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കഴിയണം. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കണം.

### 5) രാസവളം / കീടനാശിനി

ശാസ്ത്രീയമായ രീതിയിൽ രാസവളവും കീടനാശിനിയും ഉപയോഗിക്കാൻ കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. ഇതിനു് വിദഗ്ദരുടെ സേവനം ലഭ്യമാക്കണം. വളം, വിത്ത്, കീടനാശിനി എന്നിവക്കു് സബ്സിഡി നൽകണം. നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ രാസവളവും കീടനാശിനിയും നെൽകൃഷി കർഷകർക്കു് സൗജന്യമായി ലഭ്യമാക്കണം.

### 6) പുതിയ സാങ്കേതിക വിദ്യ, നല്ലയിനം വിത്തു് എന്നിവയോടൊപ്പം ബയോടെക്നോളജിയും വികസിപ്പിച്ചെടുക്കണം. ഇതിനു് കൃഷിവകുപ്പ്, കാർഷിക സർവ്വകലാശാലയും സഹകരിക്കണം.

### 7) ഇൻഷുറൻസ്

കർഷകർക്കു് ആത്മവിശ്വാസം നൽകുന്നതിനും കൃഷിയെ സംരക്ഷിക്കുന്നതിനും വിളകൾക്കു് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കണം. അതോടൊപ്പം കർഷക ധനസഹായത്തിനുള്ള വരുമാന പരിധി കുറക്കൽ, കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകൽ, ജലസേചനത്തിനായുള്ള മണ്ണെണ്ണ പെർമിററിന്റെ അളവ് വർദ്ധിപ്പിക്കൽ മുതലായവ കൃഷിയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

### 8) വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കണം.

### 9) മണ്ണു സംരക്ഷണം

മലവെള്ളപ്പാച്ചിലിൽ ഉയർന്ന പല പ്രദേശങ്ങളിലും (ഉദാ:- ആനമൂളി) മേൽമണ്ണ് ഒഴുകിപ്പോകുന്നുണ്ടു്. ഇതു് തടയാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണം. നെല്ലിപ്പുഴയിൽ വർഷക്കാലത്തു് വെള്ളം കയറി കൃഷി നാശങ്ങളുണ്ടാകുന്നതു് തടയാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കണം.

### 10) കാട്ടുമൃഗങ്ങളിൽനിന്നും കൃഷിയെ രക്ഷിക്കുന്നതിനുള്ള നടപടികളുണ്ടാക്കണം.

### 11) വിപണി

പ്രധാന ഉല്പന്നങ്ങൾ വിററഴിക്കാൻ പഞ്ചായത്തു് സഹകരണ മേഖലയിലും കേന്ദ്രങ്ങൾ വേണം. പച്ചക്കറികൾക്കു് പൊതുമാർക്കററ് ചന്ത സമ്പ്രദായം നടപ്പിലാക്കാം. ഇടത്തട്ടുകാരെ ഒഴിവാക്കാനും ഉല്പന്നത്തിനു് ന്യായവില ലഭിക്കുവാനും ഇതു് സഹായിക്കും. ഉല്പന്നങ്ങൾ സൂക്ഷിച്ചു സംഭരിച്ചു വെക്കാനുള്ള സംഭരണ കേന്ദ്രങ്ങളും പഞ്ചായത്തു് തലത്തിൽ ഉണ്ടായിരിക്കണം.

### 12) ഗതാഗതം

ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ഉൽപ്പാദനോപാധികൾ കൃഷിയിടങ്ങളിലെത്തിക്കുന്നതിനും സഹായകരമായ വിധത്തിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ശോചനീയാവസ്ഥയിൽ കിടക്കുന്ന റോഡുകൾ അററകുററപ്പണി നടത്തിയും പുതിയ റോഡുകൾ നിർമ്മിച്ചും ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

### 13) കർഷക തൊഴിലാളികൾ

യുവജനങ്ങൾക്ക് കർഷകവൃത്തിയോടുണ്ടായിട്ടുള്ള വിരക്തി മാററിയെടുക്കണം. നവീന സാങ്കേതിക വിദ്യകളും ഉപകരണങ്ങളും തൊഴിലാളികൾക്ക ലഭ്യമാക്കണം. കർഷക തൊഴിലാളികളുടെ മിനിമം കൂലി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കണം. ക്ഷേമ പദ്ധതികളുടെ പരിധിയിൽ എല്ലാ കർഷക തൊഴിലാളികളേയും കൊണ്ടുവരണം.

### 14) സാമ്പത്തിക സഹായം

സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും കാർഷിക വിളകൾക്ക് മുൻതൂക്കം നൽകി വായ്പകൾ അനുവദിച്ചുവരുന്നുണ്ട്. എന്നാൽ കർഷകരുടെ അജ്ഞത കാരണം വായ്പാ സൗകര്യങ്ങൾ ലഭ്യമാകാറില്ല ഇതിനായി കർഷകർക്ക് ബോധവൽക്കരണം നൽകണം. കാർഷിക വായ്പകൾ മററു കാര്യങ്ങളിലേക്ക് വഴിതിരിച്ചു വിടുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. പ്രകൃതിക്ഷോഭം ഉണ്ടാകുന്ന അവസരങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ, വിളനാശം ഉണ്ടായ കർഷകർക്ക്, സഹായധനം എത്തിക്കണം.

വളം, വിത്ത് എന്നിവക്ക് സബ്സിഡി ലഭ്യമാക്കണം. സർക്കാർ അനുവദിച്ച സബ്സിഡി യഥാർത്ഥ ഗുണഭോക്താവായ കർഷകന് കിട്ടുന്നുണ്ടെന്നുറപ്പ് വരുത്തണം.

### ബാദ്ധ്യതകൾ

1) കൃഷിയിടങ്ങൾ തുണ്ടവൽക്കരിക്കപ്പെട്ടിരിക്കയാണല്ലോ. തുണ്ടവൽക്കരിക്കപ്പെട്ട ഉടമാവകാശം നിലനിർത്തിക്കൊണ്ടുതന്നെ കാർഷിക പ്രവർത്തനങ്ങളെ ''നീർതടാ''ടിസ്ഥാനത്തിൽ ഏകീകരിക്കുക. നീർതടത്തിലെ പറമ്പുകൾക്കും പാടങ്ങൾക്കും പ്രത്യേകം പരിപാടികൾ ഉണ്ടാക്കുക.

2) കൃഷിക്കാരേയും കർഷക തൊഴിലാളികളേയും ചേർത്തുകൊണ്ട് പാടശേഖരത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷിക്കാരുടേയും നീർതടാടിസ്ഥാനത്തിൽ മററുള്ളവരുടേയും കൂട്ടുകൃഷി സംഘങ്ങൾക്ക് രൂപം നൽകുക.

3) മേൽപ്പറഞ്ഞ സംഘടനകൾ രൂപീകരിക്കുന്നതിന് മുമ്പ് ആവശ്യമായത്ര സമയമെടുത്ത് ചർച്ച നടത്തി. കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും ഉള്ള സംശയങ്ങൾ ദൂരീകരിക്കണം. മാത്രമല്ല സംഘടനയുടെ പ്രവർത്തന രീതി ആസൂത്രണം, നടത്തിപ്പ്, ഉൽപ്പന്ന വിതരണം, കൂലി മുതലായവ വ്യക്തമാക്കിക്കൊണ്ടുള്ള പരസ്പര ധാരണ പത്രത്തിൽ എല്ലാ അംഗങ്ങളും ഒപ്പുവെക്കണം,

4) പ്രവർത്തനത്തിൽ പരമാവധി സുതാര്യത സൃഷ്ടിച്ചുകൊണ്ട് അനാവശ്യമായ തർക്ക വിതർക്കങ്ങൾ പരമാവധി ഒഴിവാക്കപ്പെടും എന്ന് ഉറപ്പ് വരുത്തുക.



# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരികയും കാലിത്തീററക്കായി ഉപയോഗിക്കാവുന്ന ജൈവ പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും കണക്കിലെടുത്ത് കേരളത്തിൻെറ വിട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗ സംരക്ഷണത്തിനു് മുന്തിയ പരിഗണന നല്കേണ്ടതാണ്. പരമ്പരാഗതമായി നാം അനുഷ്ഠിച്ചുപോരുന്ന കാലിവളർത്തൽ രീതി കാർഷിക കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് വളരെയേറെ സഹായകമാണ്. കാർഷിക മേഖലയുടെ മാററവും ഗതാഗത സൗകര്യങ്ങളും ഉഴവുമാടുകളുടെ ആവശ്യകതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പാലിൻെറ ആഭ്യന്തര വിപണി പ്രാദേശികാടിസ്ഥാനത്തിൽ ശക്തി പ്രാപിച്ചിട്ടുണ്ടെങ്കിലും ക്ഷീരോല്പാദന രംഗത്തു് കർഷകൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. പാലുല്പാദന രംഗത്ത് നൂതന സമ്പ്രദായങ്ങൾ രൂപപ്പെടുത്തേണ്ട സാഹചര്യമാണിന്നുള്ളത്.

## പാലുൽപ്പാദനരംഗം

മണ്ണാർക്കാട്ട് പഞ്ചായത്തിൽ ഏകദേശം 25 ലക്ഷം ലിററർ പാലാണ് ഉത്പ്പാദിപ്പിക്കപ്പെടുന്നത്. ഈ പാലിൻെറ മൂല്യം ഏകദേശം 2½ കോടിയോളമാണ്. ഉത്പ്പാദിപ്പിക്കപ്പെടുന്ന പാൽ പഞ്ചായത്തിനകത്തുതന്നെ വിററഴിക്കപ്പെടുന്നു. 10 മുതൽ 20 ശതമാനം വരെ ഉത്പ്പാദകൻെറ വീട്ടിൽതന്നെ ഉപയോഗിക്കപ്പെടുന്നു. പാൽ വിപണനത്തിന് സ്ഥിരം സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. അകിടുവീക്കം, വന്ധ്യത, ഉത്പ്പാദന രോഗങ്ങൾ എന്നിവ പാലുൽപാദന രംഗത്തെ വളർച്ചക്ക് വിഘാതമായി നിൽക്കുന്നു. സ്ഥിരമായ സഹകരണ വിപണന സൗകര്യ ഉണ്ടാവുകയാണെങ്കിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനും പഞ്ചായത്തിൽ ആവശ്യത്തിലധികം ഉത്പ്പാദിപ്പിക്കപ്പെടുന്ന പാൽ പഞ്ചായത്തിന് പുറത്ത് വിപണനം നടത്തുവാനും സാധിക്കും. ഇതുമൂലം ഈ പഞ്ചായത്തിലുള്ള പാലുൽപ്പാദനത്തിൽനിന്നും ഗണ്യമായ വരുമാന വർദ്ധനവും തൊഴിൽ ലഭ്യതയും പ്രതീക്ഷിക്കാവുന്നതാണ്.

ഈ രംഗത്തെ വികസനത്തിനുവേണ്ടി മെച്ചപ്പെട്ട പാൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക, താൽപ്പര്യമുള്ളവർക്ക് പശു വളർത്തൽ പദ്ധതികൾ ആവിഷ്ക്കരിക്കുക, അകിടു വീക്കം നിയന്ത്രിക്കുന്നതിനു് ശാസ്ത്രീയമായ തൊഴുത്തുകളും തൊഴുത്തുകളുടെ നിലം പുനർ നിർമ്മിക്കുകയും ചെയ്യുക. ഉൽപ്പാദന രോഗങ്ങൾ തടയുന്നതിന്‌വേണ്ടി മെച്ചപ്പെട്ട തീററ ക്രമത്തെക്കുറിച്ച് കർഷകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയും പദ്ധതികൾ ആവിഷ്ക്കരിക്കുക, വന്ധ്യതാ നിവാരണ പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുക, തീററപ്പുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നീ കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കേണ്ടതുണ്ട്.

## മാംസോൽപ്പാദന രംഗം

മണ്ണാർക്കാട്ട് പഞ്ചായത്തിലെ 90 ശതമാനത്തിലധികം വരുന്നവരും മാംസം ഉപയോഗിക്കുന്നവരാണ്. എന്നാൽ ശാസ്ത്രീയമായി അറവ് നടത്തുന്ന ഒരു അറവ്ശാലപോലും ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ ഉദ്പാദിപ്പിക്കപ്പെടുന്ന മാംസം വേണ്ടത്ര ശുദ്ധമല്ല. ഇതിനു കാരണം അറവ് നടത്തുന്നതിനു് മുൻപും ശേഷവും മൃഗത്തെ വെററിനറി പരിശോധനക്ക് വിധേയമാക്കാത്തതുകൊണ്ടാണ്. ഈ പരിശോധനകൾമൂലം രോഗം ബാധിച്ച മൃഗങ്ങളെ ഒഴിവാക്കി ആരോഗ്യമുള്ള മൃഗങ്ങളെ അറവിനു് വിധേയമാക്കിയശേഷം ശുദ്ധമായ മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നു. എന്നാൽ പഞ്ചായത്തിൽ ഈ പരിശോധനകൾക്ക് യാതൊരു സംവിധാനവും നിലവിലില്ല. അനാരോഗ്യകരവും വൃത്തികെട്ടതുമായ ചുററുപാടിൽവെച്ച് അറവുകൾ നടത്തുന്നതുമൂലം വെററിനറി മാംസ പരിശോധനയുടെ അഭാവംമൂലം ചത്ത മൃഗങ്ങളുടെയും രോഗം ബാധിച്ച മൃഗങ്ങളുടെയും മാംസം വിററഴിക്കപ്പെടുവാൻ സാധ്യതയുള്ളതുകൊണ്ട് ഇതിനെ വലിയൊരു പൊതുജനാരോഗ്യ പ്രശ്നമായി വീക്ഷിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന

മാംസത്തിൻെറ മൂല്യം.

| ഇനം | പ്രതിമാസം അറക്കപ്പെടുന്നത് | പ്രതിമാസം കിട്ടുന്ന മാംസം kg. | മാംസത്തിൻെറ മൂല്യം രൂപ |
|---|---|---|---|
| പശു എരുമ | 375 | 37,500 | 13,12,500-00 |
| ആട് | 550 | 11,000 | 1,00,000-00 |

പ്രതിവർഷം 2.75 കോടി രൂപയുടെ മാംസം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നു. മാംസത്തിനാവശ്യമായ മൃഗങ്ങളും 90 ശതമാനവും അന്യ സംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. ഇതുമൂലം പഞ്ചായത്തിന് ഈ രംഗത്തുനിന്നു മാത്രം വലിയൊരു സാമ്പത്തിക ചോർച്ച ഉണ്ടാകുന്നു. മാത്രമല്ല അതിനോടനുബന്ധിച്ച് തൊഴിൽ സാദ്ധ്യതകളും നഷ്ടപ്പെടുന്നു.

വൃത്തിഹീനമായ സാഹചര്യങ്ങളിൽ അറവ് നടത്തുന്നതു നിമിത്തം വലിയ മൂല്യമുള്ള ഉപോല്പന്നങ്ങൾ സംസ്കരിക്കാനാവാതെ പാഴായിപ്പോകുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതു ലക്ഷ്യമാക്കിയുള്ള ആസൂത്രണതന്ത്രം ആവിഷ്കരിക്കുകവഴി പഞ്ചായത്തിനുള്ള സാമ്പത്തിക ചോർച്ച ഒഴിവാക്കുന്നതിനും ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുന്നതിനും കഴിയും. കാള, പോത്ത് എന്നീ കാലിക്കുട്ടികളേയും ഉല്പാദിപ്പിക്കുന്ന പദ്ധതികൾ, ആടുവളർത്തൽ പദ്ധതി, ടർക്കി, താറാവ് യൂണിററ് പദ്ധതി എന്നിവ ആവിഷ്ക്കരിക്കാവുന്നതാണ്.

മാംസോത്പാദന രംഗത്തെ ഉപഭോക്താവിനേയും ഉൽപ്പാദകനേയും ഒരുപോലെ ചൂഷണം ചെയ്യുന്ന വലിയൊരു ലാഭം കൈക്കലാക്കുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിന് മാംസോൽപാദകരുടെ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഈ സഹകരണ സംഘം മുഖേന അതിലെ അംഗങ്ങൾക്ക് മാംസോൽപ്പാദനത്തിന് വേണ്ട മൃഗങ്ങളുടെ വിതരണം, ധനസഹായം, പരിശീലനം എന്നിവ ലഭ്യമാക്കാവുന്നതാണ്.

മാംസോത്പാദനത്തിനും ഉപോൽപ്പന്ന സംസ്കരണത്തിനും സമീപത്തുള്ള പഞ്ചായത്തുകളുമായി സഹകരിച്ച് ഒരു സംസ്കരണശാല മേഖലാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

### *ആടു വളർത്തൽ*

പഞ്ചായത്തിൽ കുറഞ്ഞ തോതിൽ ആടു വളർത്തൽ നിലവിലുണ്ട്. 1996ലെ സെൻസസ് പ്രകാരം 2780 ആടുകൾ പഞ്ചായത്തിലുണ്ട്. പക്ഷേ ആടു വളർത്തലിന് ശാസ്ത്രീയമായ സമീപനം കർഷകർക്ക് പകർന്നു കൊടുക്കുന്നതിനുള്ള നീക്കം ഇതുവരെ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. തീററ സമ്പ്രദായം, വിരമരുന്നുകൾ, രോഗ പ്രതിരോധം എന്നീ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ആടുകൾക്ക് തീററയായി നൽകുന്ന വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന് കൂട്ടിനകത്ത് കെട്ടിയിട്ടുള്ള വളർത്തലാണ് കൂടുതൽ അഭികാമ്യം.

ആടുകൾക്കുള്ള തീററ ലഭ്യത കൂട്ടുവാൻ പ്ലാവ്, സുബാബുൾ, പ്ലാശ്, മുരുക്ക് എന്നീ വൃക്ഷങ്ങൾ ഉല്പാദകരുടെ വീട്ടു വളപ്പിലും ഒഴിഞ്ഞ പ്രദേശങ്ങളിലുമായി വച്ചുപിടിപ്പിക്കേണ്ടതുണ്ട്. ഉല്പാദകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതുണ്ട്. മാംസോല്പാദനം, സംസ്കരണം എന്നിവയിൽ കൂട്ടായ്മയോടെയുള്ള സമീപനം ആവശ്യമാണ്.

### *മുയൽ, കോഴി, താറാവ്, ടർക്കി, പന്നി, തേനീച്ച, കാട എന്നിവ വളർത്തൽ*

പഞ്ചായത്തിന്റെ മാംസാവശ്യം നിറവേററുന്നതിനും സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനും, മുയൽ, കോഴി, താറാവ്, ടർക്കി, കാട, പന്നി, തേനീച്ച എന്നിവയെ ശാസ്ത്രീയമായി വളർത്തിയെടുക്കാവുന്നതാണ്.

## കാലിത്തീററ ഉൽപാദന രംഗം

കാലിത്തീററ ഉല്പാദന രംഗത്ത് പഞ്ചായത്തിൽ ശാസ്ത്രീയമായ നീക്കം ഇതുവരെ ഉണ്ടായിട്ടില്ല. തന്മൂലം കർഷകർ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന മിശ്രിത കാലിത്തീററയാണ് ഉപയോഗിക്കുന്നത്. തീററപ്പുൽകൃഷി രംഗത്ത് ആത്മാർത്ഥമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ആഭ്യന്തര ഉല്പാദനം ഇല്ലാത്തതുകൊണ്ട് സാമ്പത്തിക നഷ്ടം വളരെയേറെയാണ്. കാലിത്തീററ മിശ്രിതത്തിനാവശ്യമായ പിണ്ണാക്കും തവിടും പഞ്ചായത്തിൽ ലഭ്യമാകുന്നതിനാൽ മററു പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ സംഭരണ കേന്ദ്രങ്ങളും മിശ്രിത കേന്ദ്രങ്ങളും നിർമ്മിക്കേണ്ടതാണ്. തീററപ്പുൽ ഉല്പാദനത്തിന് പഞ്ചായത്തിൽ ഉള്ള തെങ്ങിൻ തോപ്പുകൾ, ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ [കൈതച്ചിറ, തത്തേങ്ങലം, മേലാമുറി, തെങ്കര, മുണ്ടേക്കാരാട്] ഉപയുക്തമാക്കേണ്ടതാണ്. കൂട്ടായ്മയിലൂടെ തീററപുൽകൃഷി വ്യാപകമാക്കാവുന്നതും വ്യാവസായികാടിസ്ഥാനത്തിൽ വിപണനം ചെയ്യാവുന്നതും മിതമായ നിരക്കിൽ കർഷകന് ലഭ്യമാക്കുവാനും സാധിക്കും.

### *ബ്രോയിലർ കോഴി വളർത്തൽ*

പഞ്ചായത്തിൽ പത്തിലേറെ ചെറുകിട കേന്ദ്രങ്ങൾ ഉണ്ട്. ആനമൂളിയിൽ ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഒരു വൻകിട സ്വകാര്യ സ്ഥാപനമുണ്ട്. കൂടാതെ മാംസാവശ്യത്തിനു കോഴികളെ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരികയും ചെയ്യുന്നു. ദിനംപ്രതി വീട്ടാവശ്യത്തിനും ഹോട്ടലുകളിലും പഞ്ചായത്തിലെ വിവിധ ആഘോഷവേളകളിലുമായി പ്രതിവർഷം നാലു ലക്ഷം കി. ഗ്രാം. കോഴി മാംസം പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നതായി കണക്കാക്കുന്നു. ബ്രോയിലർ കോഴി വളർത്തലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കോഴിക്കുഞ്ഞുങ്ങളെ ആവശ്യത്തിനു ലഭ്യമാക്കുക, ഹാച്ചറികൾ സ്ഥാപിക്കുക, വാക്സിനേഷൻ മററു വെററിനറി സൗകര്യങ്ങൾ ലഭ്യമാക്കുക, കർഷക പരിശീലനം നൽകുക, വിപ

ണന സാദ്ധ്യത കണ്ടെത്തുക എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കണം. തൽഫലമായി ഈ രംഗത്തു നിന്നും സാമ്പത്തിക നേട്ടവും തൊഴിൽ ലഭ്യതയും പഞ്ചായത്തിന് നേടിയെടുക്കാം.

### മുട്ടയുൽപ്പാദനം

പഞ്ചായത്തിൽ വളർത്തപ്പെടുന്ന മുട്ടക്കോഴി കളുടെ എണ്ണം കുറവായതിനാൽ അവയിൽനിന്നും കിട്ടുന്ന മുട്ട പഞ്ചായത്തിന് വളരെ അപര്യാപ്തമാണ്.

പഞ്ചായത്തിന്റെ ഉപയോഗത്തിന് ആവശ്യ മായി ആഴ്ചതോറും 1,35,000 കോഴിമുട്ടകൾ ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു. പ്രതിവർഷം ഏക ദേശം 70ലക്ഷം രൂപ അന്യ സംസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽനിന്നും മുട്ട വിപണനത്തിലൂടെ നേടി യെടുക്കുന്നു.

മുട്ടയുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈ വരിക്കുന്നതിന് കൂടുതൽ കോഴികളെ വളർത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക. മുട്ട സംഭരണത്തിനും വിപണനത്തിനും സഹകരണ സംഘങ്ങൾ രൂപീ കരിക്കുക. കോഴിത്തീററ മിശ്രണ യൂണിററുകൾ സ്ഥാപിക്കുക.

തുകൽ, അറവ്ശാല ഉല്പന്ന സംസ്ക്കരണം

| ഇനം | പ്രതിവർഷം അറക്കപ്പെടുന്ന വയുടെ എണ്ണം | കിട്ടുന്ന തുകലിന്റെ എണ്ണം | മൂല്യം |
|---|---|---|---|
| കാള & പോത്ത് | 4500 | 4500 | 2700000/- |
| ആട് | 6600 | 6600 | 792000/- |

പഞ്ചായത്തിൽ അറക്കപ്പെടുന്ന മൃഗങ്ങളിൽ നിന്നും പ്രതിവർഷം 35 ലക്ഷം രൂപയുടെ തുകൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ സംസ്കരണ ശാല നിലവിലില്ല. പരിസര മലിനീകരണത്തിന് സാധ്യതയുള്ളതിനാൽ തുകലിന്റെ പ്രാഥമിക സംസ്കരണ പ്രക്രിയക്കുശേഷം കയററി അയക്കുവാനുള്ള സംവിധാനം പഞ്ചായത്തുതലത്തിലോ ബ്ലോക്കുതല ത്തിലോ ഏർപ്പെടുത്തേണ്ടതുണ്ട്.

### ജൈവ വളം:-

നിത്യേന ഓരോ പശുവിൽനിന്നും എരുമയിൽ നിന്നും 35 മുതൽ 40 കി. ഗ്രാംവരെ ചാണകം ലഭി ക്കുന്നതിനാൽ പഞ്ചായത്തിലെ കൃഷി ആവശ്യങ്ങൾ ക്ക് നല്ല ഒരു പങ്ക് വളം പ്രസ്തുത പഞ്ചായത്തിലെ മൃഗ സമ്പത്തിൽനിന്നും ലഭിക്കുന്നു. ആസൂത്രണ പദ്ധതികൾ വഴി ചാണകം നഷ്ടപ്പെടാതെ പഞ്ചായ ത്തിനുതന്നെ ഉപയുക്തമാക്കേണ്ടതാണ്.

### മൃഗശക്തി:-

ഈ പഞ്ചായത്തിലെ കാളകളെയും പോത്തു കളെയും കൃഷി നിലം ഒരുക്കുന്നതിനായി ഉപയോഗി ക്കുന്നു. കൃഷി രംഗത്ത് യന്ത്രവൽക്കരണം നിലവിൽ വന്നിട്ടുകൂടി പഞ്ചായത്തിൽ പല ഭാഗത്തും മൃഗങ്ങളെ നിലം ഒരുക്കുന്നതിന് ഉപയോഗിച്ചുവരുന്നുണ്ട്.

### ബയോഗ്യാസ്:-

2 പശുക്കളുള്ള ഡയറി യൂണിററ് പദ്ധതി നട പ്പാക്കുകയും അതോടൊപ്പം ഒരു ബയോഗ്യാസ് പ്ലാന്റ് നൽകുകയും ചെയ്താൽ നാലംഗങ്ങളുള്ള ഒരു കുടുംബത്തിന് ആവശ്യമായ പാചക വാതകം അവർക്കുതന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും.

### പേ - വിഷബാധ നിർമ്മാർജ്ജനം:-

പഞ്ചായത്തിൽ വളർത്തുന്ന എല്ലാ നായ്ക്കൾ ക്കും നിർബ്ബന്ധമായും പ്രതിരോധ കുത്തിവെയ്പ് എടുത്തിരിക്കണം. പൊതുജന ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.

## സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി

കന്നുകാലികളുടെ ആകസ്മിക മരണംമൂലം ഉണ്ടാ കുന്ന കഷ്ടനഷ്ടങ്ങൾക്ക് കർഷകർക്ക് പരിരക്ഷ നൽ കുന്നതിന് പ്രീമിയം കുറച്ചുകൊണ്ടുള്ള ഇൻഷുറൻസ് പദ്ധതി നടപ്പാക്കേണ്ടതാണ്.

### കർഷക പരിശീലനം:-

കർഷകർക്ക് പരിശീലനം നൽകുന്നതിന് ജില്ലയിൽ സ്ഥാപനം നിലവിലില്ല. ബ്ലോക്ക് തലത്തിലോ, പഞ്ചായത്തു തലത്തിലോ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

### കർഷകർക്ക് അവാർഡ്:-

പഞ്ചായത്തിലെ നല്ല കർഷകർക്ക്, അവരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകേണ്ടതാണ്.

പാൽ ചുരത്തുന്ന കാമധേനുക്കളും മേച്ചിൽ പു ങ്ങൾ നിറയെ ആട്ടിൻ കൂട്ടങ്ങളും അടുക്കള മുററങ്ങളി ലെ കോഴികളും ഒരുക്കുന്ന ഐശ്വര്യത്തിന്റെയും സമൃ ദ്ധിയുടെയും ഒരു പുതിയ അരുണോദയത്തിന് ഈ വികസന നിർദ്ദേശങ്ങൾ വഴിതുറക്കും.

## മണ്ണാർക്കാട് പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ വികസനത്തിനുള്ള പൊതുവായ നിർദ്ദേശങ്ങൾ

### I പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ:

1) ആശുപത്രിക്ക് സ്വന്തമായ ഒരു പുതിയ കെട്ടിടം നിർമ്മിക്കണം 2) ലാബ്, ഓപ്പറേഷൻ തിയേറ്റർ, മൈക്രോസ്കോപ്പ്, റഫ്രിജറേറ്റർ, സ്റ്റെറിലൈസർ മുതലായ സൗകര്യങ്ങൾ ലഭ്യമാക്കുക. 3) കർഷകർക്ക് അടിയന്തിരമായി ഡോക്ടറുമായി ബന്ധപ്പെടുന്നതിന് ഫോൺ, പേജർ സൗകര്യങ്ങൾ ലഭ്യമാക്കണം. വാഹന സൗകര്യം ഉണ്ടാക്കുക.

### II പാലുൽപ്പാദന രംഗം :

1) അകിടുവീക്കം നിയന്ത്രിക്കുന്നതിന് നവീകരിച്ച തൊഴുത്തുകൾ നിർമ്മിക്കുക. 2) ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. 3) കർഷകർക്ക പരിശീലനം നൽകുക. 4) വന്ധ്യതാ നിവാരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുക. 5) തീററ പുൽകൃഷി വ്യാപിപ്പിക്കുക. 6) പാലുല്പാദന സഹകരണ സംഘങ്ങൾ ആരംഭിച്ച് വിപണന സൗകര്യം വർദ്ധിപ്പിക്കുക.

### III മാംസോൽപ്പാദന രംഗം :

1) മാംസോൽപ്പാദനം, സംസ്കരണം, വിപണനം എന്നിവ സംഘടിത സഹകരണ മേഖലയിലാക്കുക. 2) ആട്, കാളക്കുട്ടി, മുയൽ, ടർക്കി, താറാവ്, കോഴി, കാട എന്നിവയുടെ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. 3) മാംസോൽപ്പാദനത്തിനുള്ള ശാസ്ത്രീയ അറവുശാല സ്ഥാപിക്കുക.

### IV കാലിത്തീററ ഉൽപ്പാദന രംഗം:-

1) തരിശു ഭൂമികളിൽ തീററ പുൽകൃഷി ചെയ്യുക. 2) കാലിത്തീററ വൃക്ഷ വിളകൾ നട്ടുപിടിപ്പിക്കുക വീട്ടു വളപ്പുകൾ, വഴിയോരങ്ങൾ, കനാൽ വരമ്പുകൾ, ഓഫീസ് വളപ്പുകൾ എന്നിവ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാം. 3) സഹകരണ പുൽ വൈക്കോൽ സംസ്കരണ യൂണിററുകൾ സ്ഥാപിക്കുക. 4) കാലിത്തീററ മിശ്രണ യൂണിററുകൾ സ്ഥാപിക്കുക. 5) ഗുണ നിലവാര നിയന്ത്രണ സംവിധാനമുണ്ടാക്കുക.

### V ബ്രോയിലർ കോഴി വളർത്തൽ:-

1) ബ്രോയിലർ ഹാച്ചറികൾ സ്ഥാപിക്കുക. 2) ബ്രോയിലർ യൂണിററുകൾ - കോഴിത്തീററ ഉൽപ്പാദന യൂണിററുകൾ എന്നിവ സ്ഥാപിക്കുക. 3) കർഷകർക്ക് പരിശീലനം നൽകുക.

### VI മുട്ടയുൽപ്പാദന രംഗം:

1) ഹാച്ചറികൾ എഗ്ഗർ നഴ്സറികൾ, കോഴിത്തീററ യൂണിററുകൾ, മുട്ടക്കോഴി വളർത്തൽ യൂണിററുകൾ, ഉൽപ്പാദക വിപണന സഹകരണ സംഘങ്ങൾ എന്നിവ സ്ഥാപിക്കുക. 2) കർഷകർക്ക് പരിശീലനം നൽകുക.

### VII വിജ്ഞാന വ്യാപനം:

1) മേഖലാ മൃഗ സംരക്ഷണ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. 2) മൊബൈൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

### VIII കന്നുകാലികളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽനിന്നും പരിരക്ഷ:

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

### IX കന്നുകാലി രോഗ നിയന്ത്രണം:

വിവിധ കന്നുകാലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

### X ബയോഗ്യാസ്:

1) പഞ്ചായത്തിൽ രണ്ടോ അതിൽ കൂടുതലോ പശുക്കളെ വളർത്തുന്ന കർഷകർക്ക് ബയോഗ്യാസ് പ്ലാൻറ് നടപ്പിലാക്കുക.

### XI പേ-വിഷബാധ നിർമ്മാർജ്ജനം:

1) വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ്, വാക്സിനേഷൻ എന്നിവ നല്കുക. 2) അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. 3) സമഗ്ര പേവിഷബാധ നിർമ്മാർജ്ജന പദ്ധതി ആവിഷ്ക്കരിക്കുക.

### XII മൃഗ സംരക്ഷണ മേഖലയിലെ കർഷകർക്ക് അവാർഡ്:

പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയിലെ ഏററവും നല്ല കർഷകന് അവാർഡ് ഏർപ്പെടുത്തുക.

# മത്സ്യബന്ധനം

സാധാരണയായി ഈ പഞ്ചായത്തിലെ ജനങ്ങൾ വീട്ടാവശ്യത്തിനായി കടൽ മത്സ്യത്തെയാണ് ആശ്രയിക്കുന്നത് എങ്കിലും ഏതെങ്കിലും രീതിയിൽ മത്സ്യം കൊണ്ടുവരുന്ന വാഹനം മുടങ്ങിയാൽ അന്നേ ദിവസം ഇവിടുത്തെ മത്സ്യ ഉപഭോഗം നിശ്ചലമാകുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇതിനൊരു പരിഹാരമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങളിൽ ആധുനിക രീതിയിലുള്ള മത്സ്യ കൃഷി പ്രോൽസാഹിപ്പിക്കുകയും സൗജന്യ നിരക്കിൽ മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും സഹകരണാടിസ്ഥാനത്തിൽ മത്സ്യ കൃഷി വിപുലീകരിക്കുകയും കൂടാതെ ജല മലിനീകരണം തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് പ്രധാന പോംവഴി

പാടശേഖര സമിതികൾ മുഖേന നെൽകൃഷിയോടൊപ്പം നടത്താവുന്ന മത്സ്യ/ചെമ്മീൻ കൃഷി പ്രോൽസാഹിപ്പിക്കുക ആവശ്യമായ പരിശീലനവും നൽകുക.

മണ്ണാർക്കാട് പഞ്ചായത്തിലെ ഏററവും വലിയ കുളമായ പുഞ്ചക്കോട് മുതലക്കുളം സർക്കാർ ഏറെറടുത്ത് മീൻ വളർത്തൽ കേന്ദ്രം ആരംഭിക്കുകയും ഈ പഞ്ചായത്തിലെ പാപ്പാടിക്കുളം, വടക്കംപുറംകുളം, ചെകിടികുളം (ചിറപ്പാടത്ത്) എന്നീ കുളങ്ങളിൽ മീൻ വളർത്താൻ സർക്കാർ വേണ്ട നടപടികൾ കൈക്കൊള്ളുകയും വേണം.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചെളിക്കെട്ട് പ്രദേശങ്ങളും വയൽ പ്രദേശങ്ങളും മത്സ്യ കൃഷിക്കായി ഫലപ്രദമായി ഉപയോഗിച്ചാൽ മത്സ്യ കൃഷിയിൽ താല്പര്യമുള്ള തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമാണ്.

ധാരാളം ചെറിയ തോടുകളും പുഴകളും ഈ പഞ്ചായത്തിന്റെ വേറൊരു പ്രത്യേകതയാണ്. ഈ സാദ്ധ്യതകളെ കാര്യക്ഷമമായി ഉപയോഗിച്ചാൽ മത്സ്യ കൃഷിയിൽ പുരോഗതി കൈവരിക്കുന്നതോടൊപ്പം മത്സ്യ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നില്ല.

2. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യ കൃഷിക്ക് സാധ്യതകൾ ഉണ്ട് എങ്കിലും യാതൊരുവിധ പ്രോൽസാഹനവും ലഭിക്കുന്നില്ല.

3. പുഴയിലും മററ് ഉൾനാടൻ പ്രദേശങ്ങളിലും വർഷകാലത്ത് കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടികൾ സ്വീകരിക്കണം.

4. മത്സ്യ കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുവാനും മത്സ്യ കൃഷിയിൽ പരിശീലനം നൽകുവാനും മത്സ്യതീററ സൗജന്യമായി ലഭ്യമാക്കുകയും വേണം.

# * വ്യവസായം *

വ്യവസായിക മേഖലയിൽ മണ്ണാർക്കാടിനെ കുറിച്ച് പറയുകയാണെങ്കിൽ അഭിമാനിക്കത്തക്ക നേട്ടങ്ങളൊന്നുംതന്നെ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുതന്നെ പറയാം. അടുത്തകാലത്ത് നിലവിൽവന്ന ഏതാനും ആധുനിക വ്യവസായങ്ങളും അതുപോലെതന്നെ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന ദുർലഭം ചില കുടിൽ വ്യവസായങ്ങളുംയ പരമ്പരാഗത വ്യവസായങ്ങളും നിലവിലുണ്ട്.

മണ്ണാർക്കാട്ട് ഗ്രാമ പഞ്ചായത്തിൽ ആധുനിക വൻകിട വ്യവസായ സ്ഥാപനം റബ്ബർക്രീപ്പ് നിർമ്മിക്കുന്ന ക്രമ്പ് റബ്ബർ ഫാക്ടറിയാണ്. എന്നാൽ പ്രസ്തുത ഫാക്ടറി അടുത്ത കാലത്ത് തീകത്തിനശിച്ചു പോയതിനാൽ ഇപ്പോഴും ചെറിയ രൂപത്തിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ മറ്റൊരു വൻകിട വ്യവസായമായി മണ്ണാർക്കാട്ട് എടുത്തുപറയാവുന്നത് പരമ്പരാഗതമായി നിലവിലുള്ള ബീഡി വ്യവസായമാണ്. മണ്ണാർക്കാട്ട് ഗ്രാമ പഞ്ചായത്തിലെ നാലു ബീഡി കമ്പനികളിലായി ഏതാണ്ട് 300-ഓളം അംഗീകൃത തൊഴിലാളികളും അവക്കു കീഴിലും മറ്റുമായി ഏകദേശം 2000-ത്തോളം കുടിൽ തൊഴിലെടുക്കുന്ന ബീഡി തൊഴിലാളികളും നിലവിലുണ്ട്. ഇന്ന് തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വ്യവസായത്തിൽ ബീഡി വ്യവസായത്തെപ്പെടുത്താവുന്നതാണ്. കാരണം ബീഡി തൊഴിലാളികളിൽ പുരുഷ തൊഴിലാളികൾ ഇന്ന് കുറഞ്ഞുവരുന്നു. അതിനുള്ള പ്രധാന കാരണം ആ രംഗത്തെ കുറഞ്ഞ കൂലിനിരക്ക തന്നെയാണ് ബാക്കിയുള്ള മണ്ണാർക്കാട്ട് പഞ്ചായത്തിലെ ആധുനിക വ്യവസായവും പരമ്പരാഗത വ്യവസായവുമൊക്കെ ചെറുകിട, കുടിൽ വ്യവസായ മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

മണ്ണാർക്കാട്ട് പഞ്ചായത്തിലെ മൊത്തം സ്ഥാപനങ്ങളും പട്ടിക 1ൽ ചേർത്തിരിക്കുന്നു.

ആധുനിക മേഖലയിലായാലും പരമ്പരാഗത മേഖലയിലായാലും പ്രത്യേകമായ ഒരു വ്യാവസായിക സംസ്കാരം മണ്ണാർക്കാടിനില്ല. ഉദാ: ആലപ്പുഴയിലെ കയർ മേഖലക്കുള്ള അമിത പ്രാധാന്യം പോലെ. പല വ്യവസായവും പലതരത്തിലുള്ള ഉല്പന്നങ്ങളാണ് നിർമ്മിച്ചുവരുന്നത്.

## പട്ടിക I

| നമ്പ്ര് | വിഭാഗം | തരം | മേഖല | തൊഴിലാളികളുടെ എണ്ണം | | | ആകെ വ്യവസായം |
|---|---|---|---|---|---|---|---|
| | | | | പുരുഷൻ | സ്ത്രീ | ആകെ | |
| 1 | ആധുനിക വ്യവസായം | | | | | | |
| | a) റബ്ബർ ക്രീപ്പ് നിർമ്മാണം | ഫാക്ടറി | സഹകരണം | 26 | — | 26 | 1 |
| | b) പ്ലാസ്റ്റിക് കവർ നിർമ്മാണം | ഫാക്ടറി | സ്വകാര്യം | 6 | 1 | 7 | 1 |
| | c) കോഴിക്കുഞ്ഞുങ്ങളുടെഉല്പാദനം | ഫാക്ടറി | സ്വകാര്യം | — | — | 23 | 1 |
| | d) റബ്ബർ നൂൽ നിർമ്മാണം | ഫാക്ടറി | സ്വകാര്യം | 4 | 8 | 12 | 2 |
| | e) കോഴി ഫാം | ചെറുകിട | സ്വകാര്യം | 8 | 10 | 18 | 5 |
| | f) ക്ഷീര വ്യവസായം | ചെറുകിട | സഹകരണം | 4 | — | 4 | 2 |
| | g) നാടൻ ഇഷ്ടിക (ഏതാനും കാലത്ത്) | ഫാക്ടറി | സ്വകാര്യം | 100 | 200 | 300 | 5 |
| | h) | | | | | | |
| 2 | പരമ്പരാഗത വ്യവസായം | | | | | | |
| | a) ബീഡി നിർമ്മാണം | വൻകിട കുടിൽ | കമ്പനി, സ്വകാര്യം | — | — | 2300 | 4 |
| | b) മൺപാത്ര നിർമ്മാണം | കുടിൽ | സ്വകാര്യം | 40 | 60 | 100 | 30 |
| | c) നെയ്ത്ത് (കൊട്ട, മുറം, വട്ടി, പരമ്പ്) | കുടിൽ | സ്വകാര്യം | 8 | 12 | 20 | 6 |
| | d) പപ്പട നിർമ്മാണം | കുടിൽ | സ്വകാര്യം | 12 | 18 | 30 | 12 |
| | e) കൊണ്ടാട്ടം (മുളക് കൈപ്പ) | കുടിൽ | സ്വകാര്യം | 2 | 5 | 7 | 2 |
| | f) അച്ചാർ നിർമ്മാണം | കുടിൽ | സ്വകാര്യം | 2 | 6 | 8 | 2 |

മേല്പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ മിക്ക അസംസ്കൃത പദാർത്ഥങ്ങളും സമീപ പ്രദേശങ്ങളിൽനിന്നും ശേഖരിക്കുകയും ചിലതു് മററു പ്രദേശങ്ങളിൽ നിന്നു് ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

ഏകദേശം ആലപ്പുഴ ജില്ലയോളം വലുപ്പമുള്ള മണ്ണാർക്കാട്ട് താലൂക്കിന്റെ ആസ്ഥാനമാണ് നമ്മുടെ പഞ്ചായത്തു്. ഇതിലൂടെയുള്ള പ്രധാന പാത കോഴിക്കോട്-പാലക്കാട് സ്റ്റേററ് ഹൈവേയാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് മുനിസിപ്പാലിററിയായി ഉയർത്തപ്പെടുകയും പിന്നീട് വീണ്ടും പഞ്ചായത്താക്കുകയും ചെയ്ത മണ്ണാർക്കാട്ട് പഞ്ചായത്തിൽ വ്യവസായിക വികസനത്തിന്നാവശ്യമായ ഗതാഗതം, വൈദ്യുതി തുടങ്ങിയവയെല്ലാം വളരെ മുമ്പ് തന്നെ നിലവിലുണ്ട്.

എന്നാൽ ഇന്നും വ്യാവസായിക രംഗത്തേക്ക് കടന്നുവരാനും വ്യവസായ രംഗത്ത് മുതൽ മുടക്കാനും ജനങ്ങൾക്ക് താല്പര്യമില്ലാത്ത അവസ്ഥയാണ്. അവർ വ്യവസായത്തേക്കാളുപരി മററു മേഖലയിലൂടെ ജീവിതമാർഗ്ഗം തേടിപ്പോകുന്ന അവസ്ഥയാണ്. ഇതിന്നുള്ള പ്രധാന കാരണം വ്യവസായരംഗത്തെ കുറിച്ച് ജനങ്ങൾക്കിടയിലുള്ള ബോധവല്ക്കരണത്തിന്റേയും പ്രോത്സാഹനത്തിന്റെയും കുറവാണ്.

പാലക്കാട്ട് ജില്ലയിലെതന്നെ ഒരു അറിയപ്പെടുന്ന പ്രദേശം, താലൂക്കിന്റെ ആസ്ഥാനം, താലൂക്കിലെ പ്രധാന വാണിജ്യകേന്ദ്രം തുടങ്ങി പല കാര്യങ്ങളിലും മുൻപന്തിയിൽ നില്ക്കുന്ന മണ്ണാർക്കാട്ട് വ്യാവസായ വികസനത്തിന്നാവശ്യമായ പല അനുകൂല ഘടകങ്ങളുമുണ്ടെങ്കിലും വ്യവസായ വളർച്ചക്ക് പ്രധാനമായും വിഘാതമായി നില്ക്കുന്ന കാരണങ്ങൾ ചുവടെ പറയുന്നു.

## കാരണങ്ങൾ

1) നമ്മുടെ പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെടുന്ന വ്യവസായിക രംഗത്തു് ഉപയുക്തമാക്കാൻ കഴിയുന്ന ഒട്ടേറെ അസംസ്കൃത വസ്തുക്കൾ വേണ്ട രൂപത്തിൽ ഉപയോഗിക്കപ്പെടുന്നില്ല.

ഉദാ; തേങ്ങ, മാങ്ങ, ചക്ക, നേന്ത്രക്കായ, പുള മുതലായവ.

2) ബീഡി തുടങ്ങിയ പല മേഖലകളിലേയും താഴ്ന്ന കൂലി നിരക്ക്.

3) പല വ്യവസായങ്ങളിൽ ചിലത് നേരിടുന്ന നഷ്ടം.

4) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയുടെ ഭാഗമായുള്ള വൈദ്യുതി പ്രശ്നങ്ങൾ.

5) സാങ്കേതികമായ പരിജ്ഞാനക്കുറവ്.

6) ബാങ്കുകളിൽനിന്നും മററു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കാനുള്ള താമസവും ബുദ്ധിമുട്ടും.

7) സ്വന്തം പ്രദേശത്തെ ഉൽപ്പന്നങ്ങൾക്ക് മതിപ്പ് കാണാതെ മററു ഭാഗങ്ങളിലെ ഉൽപ്പന്നങ്ങൾ വാങ്ങുവാനുള്ള മനുഷ്യന്റെ താല്പര്യം.

8) കൈതൊഴിലുകാർക്കും പരമ്പരാഗത വ്യവസായമേഖലയിലെ തൊഴിലാളികൾക്കും പരിശീലനം ലഭിക്കുന്നില്ല.

9) വ്യവസായ മേഖലയുമായുള്ള ബന്ധത്തിന്റെ കുറവ്.

10) വ്യവസായത്തിലേക്ക് ആകർഷിപ്പിക്കാനുള്ള ബോധവൽക്കരണമോ, പ്രേരണയോ ഇല്ലായ്മ.

വിവിധ മേഖലകളിലെ കൂലി നിരക്ക്. പട്ടിക II

| | ഇനം | കൂലി | |
|---|---|---|---|
| | | പുരു. | സ്ത്രീ |
| 1) | പ്ലാസ്റ്റിക് പണികൾ | 60 | 40 |
| 2) | ഐസ് ഫാക്ടറി | 40 | — |
| 3) | അച്ചടി | 45 | 25 |
| 4) | ബേക്കറി | 60 | — |
| 5) | പപ്പടം | 40 | 25 |
| 6) | ഭക്ഷ്യധാന്യം പൊടിക്കൽ | 30 | |
| 7) | നെയ്ത്ത്, കൊട്ടമെടയൽ | 40 | 30 |
| 8) | സോഡയുണ്ടാക്കൽ | 40 | 25 |
| 9) | കല്ലുവെട്ട് | 80 | 50 |
| 10) | കോൺക്രീററ് | 100 | 60 |
| 11) | ഓയിൽ മിൽ | 50 | 35 |
| 12) | തടി | 80 | — |
| 13) | ബീഡി (ആയിരത്തിന്) | 40 | 40 |

## സാധ്യതകൾ:-

പരമ്പരാഗത കടിൽവ്യവസായങ്ങളിൽ പല വ്യവസായങ്ങളും വളരെ കുറഞ്ഞുവരുന്നു. അതിനുള്ള പ്രധാനകാരണം കുറഞ്ഞ കൂലി നിരക്കും അസംസ്കൃത സാധനങ്ങളെത്തിച്ച് ഉൽപാദനം നടത്തുമ്പോൾ വരുന്ന അമിതമായ വാഹന വാടകയും മററുമാണ് അതുകൊണ്ട് പരമ്പരാഗത കടിൽ വ്യവസായങ്ങളേയും മററും കണ്ടുപിടിച്ച് അതിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും ഉൽപ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി കൊടുക്കാനുമുള്ള സംവിധാനമുണ്ടാക്കിയാൽ ആ മേഖലയിൽ പുരോഗതി ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്.

ഇവിടെ ലഭിക്കുന്ന അസംസ്കൃത വിഭവങ്ങളായ നാളികേരം, റബ്ബർ പാൽ, റബ്ബർ തടി, മാങ്ങ, ചക്ക, നേന്ത്രക്കായ, പൂള മുതലായവകൊണ്ടുള്ള ഒട്ടേറെ വ്യവസായങ്ങളുണ്ടെങ്കിലും അവയെകൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളെകറിച്ച് ജനങ്ങൾക്കിടയിൽ ബോധവല്ക്കരണം നടത്തി വ്യവസായത്തിലേക്ക് കൂടുതൽ പേരെ ആകർഷിച്ചാൽ ഈ മേഖലയിൽ വൻ പുരോഗതിക്ക് സാധ്യതയുണ്ട്.

### കോഴി വ്യവസായം

ഇന്ന് ഏററവും ലാഭകരമായ വ്യവസായമാണ് കോഴി വളർത്തലും വിപണനവും. ഇന്ന് വളരെയധികം വിററഴിക്കപ്പെടുന്ന ഉല്പന്നങ്ങളിൽ ഒരു പ്രധാന ഉല്പന്നമാണ് കോഴി.

കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു സ്ഥാപനം. 3-ാം വാർഡിൽ ആനമൂളിയിൽ സ്ഥിതി ചെയ്യുന്നു. ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ് ആ സ്ഥാപനം. അവിടെ മാസത്തിൽ ഒരു ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു.

ഇവിടെനിന്ന് കേരളത്തിലെ എല്ലായിടത്തുമുള്ള പൗൾട്രി ഫാമുകളിലേക്ക് ധാരാളം കോഴികുഞ്ഞുങ്ങളെ കയററി അയക്കുന്നു. നല്ല ഡിമാൻറുള്ളതിനാൽ കേരളത്തിലെല്ലായിടത്തുനിന്നും നല്ലപോലെ ഓർഡറുകൾ ലഭിക്കുന്നുണ്ട്. അവിടേക്ക് വേണ്ട കോഴി തീററയും അവിടെതന്നെ ഉല്പാദിപ്പിക്കുന്നു. അതിനു വേണ്ട അസംസ്കൃത സാധനങ്ങൾ തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽനിന്നും കൊണ്ടുവരുന്നു.

അതുപോലെതന്നെ ഒട്ടേറെ കോഴി ഫാമുകളും കോഴി വിൽപ്പന കേന്ദ്രങ്ങളും ഈ പഞ്ചായത്തിലുണ്ട്. ആയതിനാൽ കോഴി വ്യവസായത്തിന് ഇന്ന് വളരെ ഡിമാൻറും വിപണനവും എല്ലാം ഉള്ളതിനാൽ ഈ മേഖലയിൽ വൻ പുരോഗതിക്ക് സാധ്യത കാണുന്നു.

### പ്ലാസ്ററിക് വ്യവസായം

ഇന്നു മനുഷ്യന്റെ ജീവിതത്തിന്റെ ഏതു മേഖലയെടുത്തു പരിശോധിച്ചാലും പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കുള്ള സ്വാധീനം ചെറുതല്ല എന്നു കാണാം.

നമ്മുടെ പഞ്ചായത്തിൽ ഒരു പ്ലാസ്റ്റിക് കവർ നിർമ്മാണ ഫാക്ടറി 10-ാം വാർഡിൽ കന്തിപ്പുഴ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. വർഷത്തിൽ ശരാശരി എട്ടുലക്ഷം രൂപയുടെ വിററുവരവ് അവിടെ നടക്കുന്നു. പ്രസ്തുത ഫാക്ടറിയിൽനിന്നും ഉൽപാദിപ്പിക്കുന്ന പ്ലാസ്റ്റിക് കവറുകൾ ധാരാളം വിൽപന നടക്കുന്നു. അതുകൊണ്ടുതന്നെ പ്രസ്തുത ഫാക്ടറിയുടെ വിപുലീകരണത്തിനും അതുപോലുള്ള മററു ഫാക്ടറികൾക്കും മററു തരത്തിലുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും വൻ സാധ്യതയുണ്ട്.

### റബ്ബർ നൂൽ ഫാക്ടറി

ബനിയൻ, ജട്ടി എന്നിവക്കുവേണ്ട റബ്ബർനൂൽ (റബ്ബർ പാൽകൊണ്ട് നിർമ്മിക്കുന്നത്) പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിൽ ഉല്പാദിപ്പിക്കുന്നു. തമിഴ്നാട്ടിലേക്ക് കയററി അയക്കുന്ന റബ്ബർനൂൽ വേണ്ടത്ര സപ്ലൈ ചെയ്യാൻ കഴിയാത്തതിനാൽ ബനിയൻ, ജട്ടി നിർമ്മാതാക്കൾ വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലാണ്. ആയതിനാൽ വളരെയധികം ഡിമാൻറുള്ള റബ്ബർനൂൽ ഇവിടെ സുലഭമായി ലഭിക്കുന്ന റബ്ബർപാൽകൊണ്ട് നിർമ്മിക്കാൻ കഴിഞ്ഞാൽ വൻ ലാഭത്തിൽ വിററഴിക്കാനുള്ള വിപണി ഇന്നുണ്ട്. അതുകൊണ്ട് വൻതോതിലുള്ള റബ്ബർനൂൽ നിർമ്മാണത്തിനു ഇന്നു സാധ്യതയുണ്ട്.

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കറഞ്ഞ ചെലവിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായ യൂനിററുകൾ താഴെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

**പട്ടിക III**

| നമ്പ്ര് | ഇനം |
|---|---|
| 1 | വെളിച്ചെണ്ണ നിർമ്മാണം |
| 2 | സോപ്പ് നിർമ്മാണം |
| 3 | മെഴുകുതിരി നിർമ്മാണം |
| 4 | ചകിരി നിർമ്മാണം |
| 5 | ചൂടി നിർമ്മാണം |
| 6 | കിടക്ക, തലയണ, ചവിട്ടി, ചൂടിപ്പടം നിർമ്മാണം |
| 7 | സോഡയുണ്ടാക്കൽ |
| 8 | റബ്ബർ തടി ഫർണിച്ചർ |
| 9 | മാങ്ങ, പൈനാപ്പിൾ ജ്യൂസ് മുതലായവ |
| 10 | ചിപ്പ്സ് (ചക്ക, നേന്ത്രക്കായ, പൂള) |
| 11 | ഫാൻസിഫൈബർ(വാഴനാര്, കൈതയോല) |
| 12 | അവിൽ നിർമ്മാണം |
| 13 | ഐസ്ക്രീം കപ്പ്, സോസർ നിർമ്മാണം |
| 14 | ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ |
| 15 | തേങ്ങാ വെള്ളത്തിൽനിന്നു് ശീതള പാനീയം |
| 16 | തേങ്ങാ പൗഡർ, ക്രീം |
| 17 | ചിരട്ടപ്പൊടി |
| 18 | തെങ്ങുതടി കൊണ്ടുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ, ഫർണിച്ചർ |
| 19 | ചകിരി ചവറ്, വളം |

ഇന്ത്യയിൽ 7500ലധികം വിവിധതരം ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. രണ്ടു ലക്ഷം കോടി വരുന്ന ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിക്കുന്നു. അതിൽ ഏകദേശം 80000 (എൺപതിനായിരം) ക. യുടെ ഉല്പന്നങ്ങൾ കയററുമതി ചെയ്യുന്നു. കേരളത്തിലെ ജനങ്ങൾ ശരാശരി 18 മീററർ തുണി ഉപയോഗിക്കുന്നുണ്ടെങ്കിലും വളരെ കുറച്ചു മാത്രമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നത്.

വ്യവസായ മേഖലയുടെ ഗുണഫലങ്ങളും വിപണന സാദ്ധ്യതയും ബോധ്യപ്പെടുത്തി തൊഴിലില്ലാത്ത യുവതീയുവാക്കളെയും, മുതൽ മുടക്കാൻ തയ്യാറുള്ള സംരംഭകരേയും ബോധവല്ക്കരിച്ച് നിത്യോപയോഗ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ പ്രചോദനം നല്കിയാൽ വൻ വ്യവസായ വികസനത്തിന് മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിൽ സാധ്യതയും വിപണിയുമുണ്ട്.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ പട്ടിക IVൽ ചേർത്തിരിക്കുന്നു.

## പട്ടിക IV

| വിഭാഗം | നമ്പ്ര് | ഇനം |
|---|---|---|
| ജനറൽ ഇ. എസ്. ഐ. | 1 | ശാസ്ത്രീയ കോഴി വളർത്തൽ |
| | 2 | ആയുർവ്വേദ മരുന്ന് നിർമ്മാണം |
| | 3 | ഫർണിച്ചർ നിർമ്മാണം |
| | 4 | ഹവായ് ചെരുപ്പ് നിർമ്മാണം |
| | 5 | ഫാൻസി ലതർ ഗുഡ്സ് നിർമ്മാണം |
| | 6 | സ്കൂൾ ബാഗ് നിർമ്മാണം |
| | 7 | പ്ലാസ്റ്റിക് ബട്ടൺസ് നിർമ്മാണം |
| | 8 | മരംകൊണ്ടുള്ള അലങ്കാര വീട്ടുപകരണങ്ങൾ |
| | 9 | ലിക്വിഡ് ഡിറേറർജൻറ് |
| | 10 | ക്ലീനിംഗ് പൗഡർ |
| | 11 | സിന്തററിക് വിനാഗിരി |
| | 12 | ഇഷ്ടിക നിർമ്മാണം |
| | 13 | ഷു നിർമ്മാണം |
| | 14 | ലതർ ചെരുപ്പ് നിർമ്മാണം |
| | 15 | ചൂരൽ ഫർണിച്ചർ |
| | 16 | റെഡിമെയ്ഡ് ഷർട്ട് & പാൻറ്സ് |
| വനിത | 1 | അലക്ക് സോപ്പ് നിർമ്മാണം |
| | 2 | സോപ്പ്പെട്ടി നിർമ്മാണം |
| | 3 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 4 | പേപ്പർ കവർ നിർമ്മാണം |
| സഹകരണ വനിത | 1 | കുട, നോട്ട്ബുക്ക് |
| | 2 | ബാഗ്, റെയിൻകോട്ട്, (റെക്സിൻ) |
| | 3 | കറി പൗഡർ |
| | 4 | മെററൽ നിർമ്മാണം |
| സഹകരണ മേഖല ഇ. എസ്. ഐ. | 1 | സിമൻറ് ജനൽ, വാതിൽ മററുപകരണങ്ങൾ |
| | 2 | സിമൻറ് ഡെക്കറേഷൻ കാൽ നിർമ്മാണം |
| | 3 | ഇഷ്ടിക നിർമ്മാണം |
| | 4 | നെയ്ത്ത് |
| സഹകരണ മേഖല, പട്ടികജാതി | 1 | കൂൺകൃഷി |
| | 2 | സിമൻറ് ഇഷ്ടിക |
| | 3 | റെഡിമെയ്ഡ്സ് |
| | 4 | കിടക്ക നിർമ്മാണം |

### ടൂറിസം

കേരളാ സർക്കാർ ഇപ്പോൾ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണല്ലോ. മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കുള്ള സാദ്ധ്യതകൾ താഴെ പറയുന്നു.

മണ്ണാർക്കാട് പഞ്ചായത്തിലെ 1-ാം വാർഡിൽ പ്പെട്ടതും ദേശീയ പാർക്കായി പ്രഖ്യാപിച്ചതുമായ സൈലൻറ്വാലി വിദേശ ടൂറിസ്റ്റുകളെപോലും ആകർഷിക്കുന്നുണ്ട്. ടൂറിസം മേഖലയിൽ സൈലൻറ്വാലിയെ പരിചയപ്പെടുത്തി അവിടത്തെ സസ്യ മൃഗ സമ്പത്തിന് ദോഷകരമല്ലാത്ത വിധത്തിൽ സഞ്ചാരികളെ ആകർഷിക്കാവുന്നതാണ്. അതിലൂടെ മണ്ണാർക്കാട് നഗര പ്രദേശത്തിന് നല്ലൊരു പുരോഗതിയുണ്ടാക്കാനും കഴിയും.

2) മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിലെ 3-ാം വാർഡിൽപ്പെട്ട (ആനമൂളി) പാലക്കയം വില്ലേജിൽ റോഡിൽനിന്ന് $1\frac{1}{2}$ കി. മീററർ ഉള്ളിൽ വനത്തിനുള്ളിലെ ദേവക്കോട്ട ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമാക്കാം.

3) കുന്തിപ്പുഴയിലെ പാത്രക്കടവ് വെള്ളച്ചാട്ട പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രദേശമാണ്.

### വൈദ്യുതി ഉൽപ്പാദനവും വിതരണവും:-

മണ്ണാർക്കാട്ട് ഗ്രാമ പഞ്ചായത്തിലെ 1-ാം വാർഡിലുള്ള പാത്രക്കടവ് വെള്ളച്ചാട്ടം ഉപയോഗിച്ച് മിനി വൈദ്യുത പദ്ധതി ആരംഭിച്ച് കഴിയുന്ന വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം നടത്തുക. ഇത് ഇവിടെ വ്യവസായ വൽക്കരിക്കുവാൻ വൻ സാധ്യതകൾ തുറന്നുതരും.

### വൈദ്യുതി സംരക്ഷണം:-

KSEB, ANERT സർക്കാർ എന്നീ ഏജൻസികളുടെ സഹകരണത്തോടെ വീടുകളിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുക. (പരീക്ഷണാർത്ഥം ഏതാനും വീടുകളിൽ)

കോമ്പാക്റ്റ് ഫ്ലൂറസെൻറ ലാംപ് ചുരുങ്ങിയ ചിലവിൽ ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

### ഗ്രാമ സഭയിലെ മററു നിർദ്ദേശങ്ങൾ

1. കാലിത്തീററ നിർമ്മാണം
2. ജൈവവള നിർമ്മാണം
3. പട്ടുനൂൽ കൃഷി
4. പപ്പട നിർമ്മാണം
5. തടുക്ക് നിർമ്മാണം
6. ഓലപ്പായ നിർമ്മാണം
7. ഗൃഹോപകരണ നിർമ്മാണം
8. ലളിതമായ ഫർണീച്ചർ
9. പ്രീ-ഫാബ്രിക്കേറ്റഡ് ഉൽപ്പന്നങ്ങൾ
10. കട്ടില, ജനൽ, ഹോളോബ്രിക്ക്സ്
11. വളം ഡിപ്പൊ
12. കൊപ്ര സംസ്കരണം
13. ടൈപ്പ്റൈററിംഗ് ഇൻസ്റ്റിററ്യൂട്ട്
14. നേന്ത്രക്കായ സംസ്കരണ ശാല
15. ചെറുകിട കശുവണ്ടി ഫാക്ടറി
16. ബീഡി തെറുക്കൽ
17. റബ്ബർ സംസ്കരണം
18. കരുവാൻമാരെകൊണ്ട് പണിയായുധ നിർമ്മാണം
19. കൊപ്ര മില്ല്, റൈസ് മില്ല്
20. പ്രിൻറിംഗ് പ്രസ്സ്
21. റബ്ബർ തടി സംസ്കരണവും ഫർണീച്ചർ നിർമ്മാണവും
22. തീപ്പെട്ടി നിർമ്മാണം
23. ഗവൺമെൻറിൻെറ റബ്ബർ ഫാക്ടറി
24. കയർ വ്യവസായം, കയർ ഫാക്ടറി
25. പ്ലാസ്റ്റിക് കെയിൻ വർക്സ്
26. വനിതാ വ്യവസായ സഹകരണ സംഘം
27. തേനീച്ച വളർത്തൽ
28. കററിമുല്ല കൃഷി
29. തോൽ സംസ്കരണവും ചെരുപ്പ് നിർമ്മാണവും
30. കട നിർമ്മാണം
31 റബ്ബർ നൂൽ നിർമ്മാണം, ഗാർമെൻറ്സ്
32. അടക്ക സംസ്കരണം

### നിർദ്ദേശങ്ങൾ

1) വ്യവസായം തുടങ്ങുന്നതിന്ന് താൽപ്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന്ന് ആവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന്ന് വിദഗ്ദ പരിശീലനം നൽകുന്നതിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുകയും വേണം.

### പരിശീലനത്തിനു ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ

a) District Industrial Centre, Palakkad
b) Small Industries Service Institute, Trissur
c) National Small Industries Corporation, Trissur
d) Kerala State Industrial and Technology Consultancy Organisation, Ernakulam
e) STED Project Office, Kozhikkode
f) Regional Engineering College, Kozhikkode
g) National Institute Entreprenership and Small Business Development, New Delhi
h) Entreprenership Development Institute of India, Ahemmadabad.

2) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന്ന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും നല്കി വിവിധ പ്രദേശങ്ങളിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കനുസരിച്ച് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനുള്ള അനുമതിയും ആവശ്യമായ ധന സഹായം അനുവദിക്കുവാനുള്ള സംവിധാനവും ഉണ്ടാക്കണം.

3) ചെറുകിട വ്യവസായ യൂനിററുകൾ സംയോജിപ്പിച്ച്കൊണ്ട്ഒരു വ്യവസായ സമുച്ചയം സ്ഥാപിക്കാൻ കഴിയും.

4) സുലഭമായി ഇവിടെ ലഭ്യമാകുന്ന നാളികേരം, റബ്ബർ പാൽ, തടി, ഷീററ്, മാങ്ങ, ചക്ക, കപ്പ, നേന്ത്രക്കായ എന്നിവയുടെ ഉപയോഗത്തെ സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും പരിശീലനം ലഭ്യമാക്കാൻ സംവിധാനമുണ്ടാക്കണം.

a) **നാളികേരം:** നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയറക്ടർ, റീജനൽ റിസർച്ച് ലബോറട്ടറി.

b) **റബ്ബർ:** റബ്ബർ ബോർഡ്.

5) സുലഭമായി ലഭിക്കുന്ന വാഴനാര്, കൈതയോല, പനയോല, തെങ്ങോല, മൺ, ചിരട്ട, മരം, റെക്സിൻ എന്നിവകൊണ്ട് ഉല്പാദിപ്പിക്കാവുന്ന കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനെക്കുറിച്ചും അതിന്റെ വിപണന സാധ്യതയെക്കുറിച്ചും വിദഗ്ദ പരിശീലനം നല്കുന്നതിന് Deputy Commissioner, Ministry of Handloom & Textiles, Trissur. എന്നിവരുമായി ബന്ധപ്പെട്ട ഒരു Craft Development Centre സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6) തുന്നൽ പരിശീലനം ലഭിച്ച ഒട്ടേറെ യുവതീ യുവാക്കളുള്ള പഞ്ചായത്താണ് മണ്ണാർക്കാട് അവരെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വ്യവസായം തുടങ്ങാനുള്ള നിർദ്ദേശവും ഉപദേശവും സാമ്പത്തിക സഹായവും നൽകി അവർക്കും സ്വയം തയ്യാറായി മുന്നോട്ടുവരുന്ന വ്യവസായ സംരംഭകർക്കും റെഡിമെയ്ഡ് രംഗത്തെ നവീന രീതികളേയും വിപണന സാധ്യതകളേയും കുറിച്ച് Indian Institute of Fashion Technology Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നല്കണം.

7. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെ പററിയുള്ള ആശങ്ക അകററുന്നതിനും വിജയകരമായ രൂപത്തിൽ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിന്നു പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽകണ്ട് മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.

8) മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിൽ വ്യവസായ വളർച്ചക്ക് ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്ന് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം, ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ, മററു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വ്യവസായങ്ങൾ കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കണം.

9) വ്യവസായ രംഗത്തേക്ക് വരുന്നവക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന്ന് നിലവിലുള്ള എല്ലാ വൈദ്യുത ലൈനുകളും 3 ഫേസ് ആക്കി മാററുക

10) താലൂക്ക് വ്യവസായ കേന്ദ്രം മുഖേന ലഭിക്കുന്ന വിവിധ സാമ്പത്തിക സഹായങ്ങൾക്ക് അർഹരായവർ ധനസഹായത്തിന്ന് വരുമ്പോൾ അവരെ ബുദ്ധിമുട്ടിക്കാതെ വായ്പാ സഹായം ലഭ്യമാക്കാനും അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും നടപടിയുണ്ടാവണം.

11) വ്യവസായ വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കീമുകൾക്ക് അർഹതപ്പെട്ട എല്ലാ മേഖലയിലേയും പലതരത്തിലുള്ള തൊഴിലാളികൾക്കും താലൂക്ക് വ്യവസായ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന പെൻഷനും, മററു വായ്പാ സൗകര്യങ്ങളും സ്വയംതൊഴിൽ വായ്പയും P. M. R. Y. പദ്ധതി പ്രകാരമുള്ള വായ്പയും പട്ടികജാതി–പട്ടികവർഗ്ഗ വായ്പാ പദ്ധതിയും മററ ധനസഹായങ്ങളും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്ത് അർഹതപ്പെട്ടവരെ ആകർഷിക്കാനും അവർക്ക ഗവർമ്മെൻറിന്റെ സഹായം ലഭ്യമാക്കാനും പ്രചരണ നടപടിയുണ്ടാവണം.

12) ഇവിടെ ആരംഭിച്ച വ്യവസായങ്ങൾക്ക് ആവശ്യമായ പ്രചോദനവും നിർദ്ദേശങ്ങളും നിരന്തരം നൽകി വ്യവസായം പുരോഗമിപ്പിക്കാനും കണ്ടെത്തുന്ന വ്യവസായ സംരംഭകരെ സ്ഥിരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങാനും നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടുപോകുന്നതിന്നുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന്നും ഒരു സ്ഥിരം മോണിററിംഗ് കമ്മററി നിലവിൽ വരുത്തണം.

13) മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം ഇന്ന് ഏററവും പ്രധാനപ്പെട്ട പ്രശ്നം ഇന്ന് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വൈദ്യുതി പ്രതിസന്ധിയാണ്. ഈ പ്രശ്നത്തിന്ന് പരിഹാരം കണ്ടില്ലെങ്കിൽ നിലവിലുള്ള വ്യവസായങ്ങൾവരെ നിശ്ചലമാകുന്ന അവസ്ഥയാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ വെളിച്ചത്തിൽ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കിയാൽ മണ്ണാർക്കാട് പഞ്ചായത്തിൽ വൻ വ്യവസായ വികസനത്തിനുള്ള സാധ്യതയും അതിലൂടെ നല്ല ശതമാനം തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യവും സംജാതമാവും. പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ ഇവിടെ നിന്നും ഉൽപ്പാദിപ്പിച്ച് ഇവിടെ തന്നെ വിതരണം നടത്താനും മററു ഭാഗങ്ങളിലേക്ക് കയററി അയക്കാനും കഴിഞ്ഞാൽ മററു പ്രദേശങ്ങളേയും സംസ്ഥാനങ്ങളേയും ആശ്രയിക്കുന്ന അവസ്ഥ മാറുകയും അതുകൊണ്ട് തന്നെ മൊത്തത്തിൽ പഞ്ചായത്തിന്റെ സമഗ്ര വികസനവും സാമൂഹിക, സാംസ്കാരിക സാമ്പത്തിക മേഖലകളിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാനും അതുവഴി നല്ലൊരു നാളേക്ക് വഴിയൊരുക്കാനും കഴിയും.

# * വിദ്യാഭ്യാസം *

വിദ്യാഭ്യാസം ഒരു സാമൂഹ്യ പ്രക്രിയയാണ്. വ്യക്തിക്ക് ആവശ്യമായ പ്രാധാന്യം നൽകിക്കൊണ്ട്തന്നെ, സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബന്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് അതിന്റെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസ രംഗത്തെ ഏതൊരു പ്രശ്നവും കാണുകയും പരിഹാരം തേടുകയും ചെയ്യേണ്ടതു് ഈ കാഴ്ചപ്പാടോടുകൂടിയായിരിക്കണം. വ്യക്തി സ്വയം സമൂഹത്തിന് ബാധ്യതയായിത്തീരാതെ, അയാളുടെ വളർച്ചയെ സമൂഹത്തിന്റെ വളർച്ചയായി മാറുന്നതിൽ വിദ്യാഭ്യാസത്തിന് എന്ത് ചെയ്യാനാകും എന്നതാണ് ഇവിടത്തെ പ്രസക്തമായ ചോദ്യം. അസ്വസ്ഥത മാത്രം വിതച്ചുകൊണ്ടിരിക്കുന്ന കലാലയാന്തരീക്ഷത്തിലെ പ്രശ്നങ്ങളുടെ പരിഹാരമായിത്തീരും ഈ ചോദ്യത്തിനുള്ള ഉത്തരം.

പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന താലൂക്കാണ് മണ്ണാർക്കാട്. ഇതിനു പ്രധാന കാരണം ജില്ലയിലെ ആദിവാസി പിന്നാക്ക വിഭാഗങ്ങളിൽ ഏറിയ പങ്കും ഈ താലൂക്കിലാണ്. മലബാർ കലാപത്തിനു മുമ്പുതന്നെ സ്ഥാപിതമായ ഒരു ഗവൺമെന്റ് മാപ്പിള സ്കൂളും തുടർന്നുണ്ടായ എൽ. പി സ്കൂളുകളും കാലാന്തരത്തിൽ ഉണ്ടായ കെ. ടി. എം. ഹൈസ്കൂളും ആയിരുന്നു ജനതയുടെ കൈയുള്ള വിദ്യാലയങ്ങൾ.

1903-ൽ ജില്ലാ വിദ്യാഭ്യാസ സമിതിയുടെ കീഴിലാണ് എൽ. പി., യു. പി. വിഭാഗം ആരംഭിച്ച് പ്രവർത്തനം തുടങ്ങിയതു്. എന്നാൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതു കാരണം പ്രസ്തുത സമിതി സ്കൂളിന്റെ പ്രവർത്തനം നിർത്തിവെച്ചു. 1949-ൽ താത്തുണ്ണി മൂപ്പിൽ നായർ പ്രസ്തുത സ്കൂൾ ഏറ്റെടുക്കുകയും ഹൈസ്കൂളായി ഉയർത്തി പ്രവർത്തനം തുടങ്ങുകയും ചെയ്തു. 1951—52 കാലഘട്ടത്തിൽ ആദ്യമായി വിദ്യാർത്ഥികൾ ഈ സ്കൂളിൽനിന്ന് 10-ാം തരം പൂർത്തിയാക്കി പുറത്തുവന്നതോടെ ഹൈസ്കൂൾ വിദ്യാഭ്യാസം തേടി മണ്ണാർക്കാട്ടിനിന്നും ദൂരസ്ഥലങ്ങളിൽ പോകുന്നതിന് പരിഹാരമായി.

ഈ ദേശത്ത് ആദ്യമായി ബിരുദം കിട്ടിയ പുരുഷനെന്ന ഖ്യാതി നേടിയത് തച്ചങ്ങോട്ടിൽ നാരായണൻകുട്ടി മേനോനും ആദ്യ വനിതാ ബിരുദധാരിണി എന്ന ഖ്യാതി ലഭിച്ചത് കാഞ്ഞിരംപാടത്ത് കുന്നത്തിലക്ഷ്മി അമ്മയുമാണെന്ന് പറയപ്പെടുന്നു. ബിരുദം ലഭിച്ചതോടെ ഇവരെ ഒരുനോക്ക് കാണാൻ പലരും വരാറുണ്ടായിരുന്നു എന്നു പറഞ്ഞുകേൾക്കുന്നു.

കാലപ്രവാഹത്തിൽ പല മേഖലകളും മാററത്തിന് വിധേയമായതോടൊപ്പം വിദ്യാഭ്യാസ മേഖലയിലും ആനുപാതികമായ വളർച്ചയും മാററവും ഉണ്ടായി. ഇപ്പോൾ ഈ പഞ്ചായത്തിൽ 8 എൽ.പി. സ്കൂളുകളും 2 യു. പി. സ്കൂളുകളും 4 ഹൈസ്കൂളുകളും 2 കോളേജുകളും ഉൾപ്പെടെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ

വിരലിലെണ്ണാവുന്ന ഒന്നോ രണ്ടോ സ്കൂളുകളിലൊഴിച്ച് മറെറാന്നിലും ഭൗതിക സൗകര്യങ്ങൾ തീരെ ഇല്ലെന്നുതന്നെ പറയാം. അപൂർവ്വം ചില സ്കൂളുകളിൽ മൂത്രപ്പുരയും കക്കൂസും ഉണ്ടെങ്കിലും വൃത്തിയായി സൂക്ഷിക്കുന്നതിനും മററാവശ്യങ്ങൾക്കുമായി വെള്ളംപോലും ലഭ്യമല്ലാത്തതുമായ അവസ്ഥയാണ് നിലവിലുള്ളതു്. ആവശ്യത്തിനുള്ള ഫർണിച്ചറുകളോ പ്രായോഗിക പരിജ്ഞാനത്തിന് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുവേണ്ട പരീക്ഷണശാലകളോ ലൈബ്രറി സൗകര്യങ്ങളോ ഇല്ല. (ഓറുന്നജാത് ഹൈസ്കൂളിൽ മാത്രമാണ് പല ഭൗതിക സൗകര്യങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നതു്.)

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ടതായി നിഷ്ക്കർഷിക്കപ്പെട്ടിട്ടുള്ള ഭൗതിക സൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ലാത്ത ശോചനീയമായ അവസ്ഥയിലാണ് പഞ്ചായത്തിലെ പല സ്കൂളുകളും,

1986-87ൽ നടത്തിയ അഞ്ചാം അഖിലേന്ത്യാ വിദ്യാഭ്യാസ സർവ്വെ അനുസരിച്ച് ജനസംഖ്യയിൽ 98%ത്തിന് 2 കി. മീററിനുള്ളിൽ ഒരു എൽ പി. സ്കൂളും, 96%ത്തിന് 3 കി. മീററിനുള്ളിൽ ഒരു യു. പി. സ്കൂളും 98.9%ത്തിന് 8 കി. മീററിനുള്ളിൽ ഒരു ഹൈസ്കൂളും എന്നതാണ് കണക്ക്. എന്നാൽ മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിലെ കണക്ക് പരിശോധിച്ചാൽ സ്ഥിതി വളരെ ശോചനീയമാണ്.

## പട്ടിക 1

### മണ്ണാർക്കാട് പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പേരും മററു വിവരങ്ങളും

| നമ്പർ | സ്കൂൾ | സർക്കാർ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| | **L P and U P** | | | | | | | | |
| 1 | G L P S പെരിമ്പടാരി | √ | | 181 | 169 | 350 | 5 | 5 | 10 |
| 2 | G M L P S പെരിമ്പടാരി | √ | | 162 | 149 | 311 | 8 | 2 | 10 |
| 3 | G M L P S തെങ്കര | √ | | 193 | 147 | 340 | 5 | 4 | 9 |
| 4 | G M L P S അരകുർശ്ശി | √ | | 309 | 310 | 619 | 9 | 4 | 13 |
| 5 | G M U P S മണ്ണാർക്കാട് | √ | | 348 | 296 | 644 | 15 | 8 | 23 |
| 6 | G U P S തെങ്കര | √ | | 405 | 381 | 786 | 29 | 11 | 40 |
| 7 | P A L P S മുണ്ടേക്കാരാട് | √ പഞ്ചായത്ത് | | 89 | 126 | 215 | 1 | 4 | 5 |
| 8 | A L P S മണ്ണാർക്കാട് | | √ | 330 | 362 | 692 | 10 | 5 | 15 |
| 9 | P K N N M A U P S തെങ്കര | | √ | 839 | 656 | 1495 | 4 | 21 | 25 |
| 10 | A L P S ചേറുംകളം | | √ | 140 | 156 | 296 | 2 | 8 | 10 |
| | **ഹൈസ്കൂൾ** | | | | | | | | |
| 1 | ദാറുന്നജാത് ഹൈസ്കൂൾ | | √ | 1184 | 1167 | 2351 | 30 | 35 | 65 |
| 2 | കെ. ടി. എം. ഹൈസ്കൂൾ | | √ | 920 | 1180 | 2100 | 28 | 40 | 68 |
| | **Un Aided** | | | | | | | | |
| 1 | എം. ഇ. ടി. ഇംഗ്ലീഷ് മീഡിയം സ്കൂൾ | | √ | 334 | 266 | 600 | 3 | 19 | 22 |
| 2 | സെൻറ് പോൾസ് സ്കൂൾ | | √ | 72 | 60 | 132 | 3 | 12 | 15 |
| | **കോളേജ്** | | | | | | | | |
| 1 | എം. ഇ. എസ്. കല്ലടി കോളേജ് | | √ | | | | | | |
| | 1. പ്രീഡിഗ്രി | | | 767 | 600 | 1367 | | | |
| | 2. ഡിഗ്രി | | | 433 | 377 | 810 | 68 | 26 | 94 |
| | 3. P. G. | | | 40 | 53 | 93 | | | |
| 2 | കോപ്പറേറ്റീവ് കോളേജ് (ആർട്ട്സ് ആൻറ് കോമേഴ്സ്) | | സഹകരണ മേഖല | | | 1100 | | | 24 |

## വിശേഷാൽ ഗ്രാമ സഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ

### വാർഡ് 1

വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ലാത്ത ഈ വാർഡിൽ കൂടുതലും പട്ടികജാതി–പട്ടികവർഗ്ഗക്കാരും മററു പിന്നോക്ക വിഭാഗക്കാരുമാണ്. പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിനുപോലും 7 കി. മീററിലധികം മണ്ണാർക്കാട്ടേയ്ക്കോ 4 കി. മീററർ ചേറുംകുളത്തേക്കോ പോകണം. ഈ ദുരവസ്ഥ പരിഹരിക്കണം. സ്വകാര്യ മേഖലയിൽ ക്രിസ്തു ജ്യോതി നഴ്സറി സ്കൂൾ എന്നപേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം ഗവ: അംഗീകൃതമില്ലാതെ പ്രൈമറി തല ക്ലാസ്സുകൾ നടക്കുന്നുണ്ട്.

### വാർഡ് 2

1) മെഴുകുംപാറ, മേലാമുറി എന്നി കേന്ദ്രങ്ങൾ അടിസ്ഥാനമാക്കി ഒരു എ. എൽ. പി. സ്കൂൾ അനുവദിക്കുക.

2) തെങ്കര ജി. യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

3) പറമ്പൻതരിശ്ശിൽ ഒരു അംഗനവാടി അനുവദിക്കുക.

### വാർഡ് 3

1) ചിറപ്പാടത്ത് L. P. സ്കൂൾ അനുവദിക്കുക.

2) ചിറപ്പാടം, ആനമൂളി അംഗനവാടികൾക്ക് കെട്ടിടവും ചുററുമതിലും നിർമ്മിക്കുക.

### വാർഡ് 4

1) തെങ്കര യു. പി.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും ഹൈസ്കൂളാക്കി ഉയർത്തിയും നിലവിലുള്ള ഷിഫ്ററ് സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്യുക.

2) വാർഡിലെ അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച നൽകുക.

### വാർഡ് 5

1) മണലടിയിൽ പ്രവർത്തിക്കുന്ന ജി. എം. എൽ. പി. എസ്., യു. പി. സ്കൂളാക്കി ഉയർത്തുക.

2) മണലടി GMLPS-നെ DPEP സ്കീമിൽ ഉൾപ്പെടുത്തുക.

3) തുടർ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുക.

4) പുഞ്ചക്കോട്ട് ഭാഗത്ത് തൊഴിലധിഷ്ഠിത വിദ്യാലയം ആരംഭിക്കുക.

5) മണ്ണാർക്കാട്ട് ദാറുന്നജാത് ഹൈസ്കൂളിൽ ITC സെൻറർ ആരംഭിക്കുക.

6) M. E. S. കല്ലടി കോളേജിൽ B. Ed. സെൻറർ ആരംഭിക്കുക.

### വാർഡ് 6

1) ഈ വാർഡിൽ 2 നഴ്സറി സ്കൂൾ, 1 എൽ. പി. സ്കൂൾ, 1 യു. പി. സ്കൂൾ എന്നിവയുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം മോശമാണ്. പഠനനിലവാരം ഉയർത്താൻ നടപടികൾ സ്വീകരിക്കുക.

2) സർക്കാർ L. P. സ്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിടം നിർമ്മിച്ച നൽകുക.

3) സ്കൂളുകളിൽ സ്കോളർഷിപ്പുകൾ യഥാസമയം ലഭിക്കുന്നില്ല.

4) ഉച്ചഭക്ഷണ പരിപാടിക്ക് ഇപ്പോൾ നൽകുന്ന ഫണ്ട് അപര്യാപ്തമാണ്. ഫണ്ട് തുക വർദ്ധിപ്പിക്കുക.

### വാർഡ് 7

1) ഒരു L. P. സ്കൂൾ മാത്രമാണുള്ളത്

2) അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടമോ, ഫർണിച്ചറോ, കളിപ്പാട്ടങ്ങളോ ഇല്ല.

3) മണ്ണാർക്കാട്ട് ഗ്രാമ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

4) സഹകരണ മേഖലയിൽ ഒരു കോളേജുകൂടി അനുവദിക്കുക.

5) അംഗനവാടികളുടെ ലോക്കൽ കമ്മററികൾ സജീവമാക്കുക.

### വാർഡ് 8

1) കെ. ടി. എം. ഹൈസ്കൂളിൻെറയും എ. എൽ. പി. സ്കൂളിൻെറയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

2) അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

### വാർഡ് 9

1) വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

2) നിലവിലുള്ള അംഗനവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

3) ഒരു എൽ. പി. സ്കൂൾ, ഒരു പ്രീപ്രൈമറി സ്കൂൾ എന്നിവ സ്ഥാപിക്കുക.

### വാർഡ് 10

1) കന്തിപ്പുഴ G. M. L. P. സ്കൂൾ സർക്കാർ ഏറെറടുത്ത് യു. പി. സ്കൂളാക്കി ഉയർത്തണം. പുതിയ കെട്ടിടം നിർമ്മിച്ച നൽകണം.

2) കൊട്ടവാളിക്കണ്ടിൽ ഒരു L. P. സ്കൂൾ സ്ഥാപിക്കുക

3) വനിതാ തയ്യൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

4) വനിതകൾക്ക് പ്രത്യേക തൊഴിൽ വിദ്യാഭ്യാസം നൽകുക.

5) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗനവാടികൾക്കും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

### *വാർഡ് 11*

1) കന്തിപ്പുഴ L. P. സ്കൂളിനെ U. P. സ്കൂളാക്കി ഉയർത്തുക.

2) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

### *വാർഡ് 12*

1) ഒരു L. P. സ്കൂളുണ്ട്. ഭൗതിക സൗകര്യങ്ങൾ ഇല്ല. പഠനനിലവാരം ശരാശരി. കെട്ടിടം, ഫർണ്ണിച്ചർ എന്നിവ ഉണ്ടാക്കണം.

### *വാർഡ് 13*

1) G. M U. P. സ്കൂൾ Girls Higher Secondary സ്കൂളാക്കി ഉയർത്തുകയും വനിതകൾക്ക് മാത്രമുള്ള വൊക്കേഷണൽ ക്ലാസ്സുകൾ തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ ആരംഭിക്കുകയും ചെയ്യുക.

2) തോരാപുരം കേന്ദ്രമാക്കി DPEP സ്കീമിൽ ഒരു സ്കൂൾ സ്ഥാപിക്കണം.

3) ഉന്നത വിദ്യാഭ്യാസത്തിനുള്ള പാകുന്ന പക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഒരു കേന്ദ്രം ആരംഭിക്കുക.

### *വാർഡ് 14*

1) വിദ്യാലയങ്ങൾ ഒന്നുംതന്നെയില്ല.

2) അംഗനവാടികൾക്കൊന്നിനും സ്വന്തമായി കെട്ടിടമില്ല.

3) ഒരു എൽ. പി. സ്കൂൾ ആരംഭിക്കണം

### *വാർഡ് 15*

1) ഒരു L. P. സ്കൂൾ (പെരിമ്പടാരി) നിലവിലുണ്ട്. ഭൗതിക സൗകര്യങ്ങൾ തീരെ ഇല്ല നിലവാരം വളരെ മോശം. ഈ സ്കൂളിനെ D P E P സ്കീമിൽ ഉൾപ്പെടുത്തണം. ഈ സ്കൂളിനെ U. P. സ്കൂളാക്കി ഉയർത്തണം.

2) സ്കൂളിന് പുതിയ ക്ലാസ് മുറികൾ, മൂത്രപ്പുര, ചുററു മതിൽ എന്നിവ അടിയന്തിരമായി നിർമ്മിക്കണം.

3) സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

4) പ്രാദേശിക സമിതികൾ രൂപീകരിച്ച് സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

5) തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം.

6) പഞ്ചായത്തിലെ ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തി വിവിധ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുക.

7) മണ്ണാർക്കാട് താലൂക്കിലെ ഏക കോളേജിൽ താഴെ പറയുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാൻ നടപടികൾ സ്വീകരിക്കുക.

1) ബി ഫാം. 2) B. Sc. കംപ്യൂട്ടർ സയൻസ് 3) B. Sc. ഇലക്ട്രോണിക്സ് 4) ബിസിനസ്സ് മാനേജ്മെൻറ് 5) B. A. ജേർണലിസം 6) B. A. ഹോട്ടൽ മാനേജ്മെൻറ് ആൻഡ് ടൂറിസം

## പൊതുനിർദ്ദേശങ്ങൾ

### *പ്രൈമറി സ്ക്കൂൾ*

പഞ്ചായത്തിലെ ജന സാന്ദ്രതയും പ്രാദേശിക തലത്തിലുള്ള ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഒന്നാം വാർഡിൽ ഉൾപ്പെട്ട മാസപ്പറമ്പ്, കൈതച്ചിറ, തത്തേങ്ങലം എന്നീ ഭാഗങ്ങളിലെ കുട്ടികൾക്ക് ഉപകരിക്കത്തക്ക രീതിയിൽ സ്കൂൾ നിർമ്മിക്കാനായി പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള ഒരേക്കർ സ്ഥലത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുകയും 2-ാം വാർഡിലെയും 3-ാം വാർഡിലെയും കുട്ടികൾക്ക് ഉപകരിക്കത്തക്ക നിലയിൽ തെങ്കര ചിറപ്പാടത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

### *ഗേൾസ് ഹൈസ്ക്കൂൾ*

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയുടെ അനുപാതത്തിലുള്ള പെൺകുട്ടികളുടെ വർദ്ധനവ് കണക്കിലെടുത്ത് പുതുതായി ഒരു മോഡൽ ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കുകയോ നിലവിലുള്ള ജി. എം. യു. പി. സ്കൂൾ മോഡൽ ഗേൾസ് ഹൈസ്കൂളായി ഉയർത്തുകയോ ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

### *ഹയർ സെക്കണ്ടറി*

പഞ്ചായത്തിലെ സ്കൂളുകളിലൊന്നിലുംതന്നെ +2 (പ്ലസ് ടു) കോഴ്സുകളോ ഹയർ സെക്കണ്ടറി കോഴ്സുകളോ ഇല്ലാത്തതിനാൽ ഒരു ഹൈസ്കൂളിൽ +2 കോഴ്സും ഒരു സ്കൂളിൽ വൊക്കേഷണൽ കോഴ്സും അനുവദിക്കേണ്ടതാണ്.

### സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ രംഗത്തു് മണ്ണാർക്കാട് താലൂക്കിൽ ഒരൊററ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല എന്നത് ഈ താലൂക്കിനോടുള്ള അവഗണനയാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് ഈ കുറവ് പരിഹരിക്കേണ്ടതാവശ്യമാണ്.

### ട്രെയിനിംഗ്:-

മണ്ണാർക്കാട് പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രീ പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രവും പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രവും ചെയിൻ സർവ്വെ സെൻററും കംപ്യൂട്ടർ ട്രെയിനിംഗ് സെൻററും ആരംഭിക്കേണ്ടതു് അത്യാവശ്യമാണ്.

### ഉന്നത വിദ്യാഭ്യാസം:-

മണ്ണാർക്കാട് താലൂക്കിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ എം. ഇ എസ്. കല്ലടി കോളേജിൽ ബിരുദാനന്തര ബിരുദത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും പുതിയതായി ബിരുദ കോഴ്സുകൾ ആരംഭിക്കുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. കൂടാതെ കാലിക്കററ് യൂണിവേഴ്സിററിയുടെ ഒരു ഇൻഫർമേഷൻ സെൻററും ഒരു കരിയർ ഗൈഡൻസ് സെൻററും ആരംഭിക്കുകയും കോളേജിനോടനുബന്ധിച്ച് ട്രെയിനിംഗ് സെൻററുകളും ആരംഭിക്കേണ്ടതു് വളരെക്കാലമായി നിലനിൽക്കുന്ന ഒരു ആവശ്യമാണ്.

മണ്ണാർക്കാട് പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും ജനാധിപത്യവല്ക്കരിക്കാനും അധ്യയനം മാതൃഭാഷയിലൂടെയാക്കാനും നിലവാരം പൊതുവിൽ മെച്ചപ്പെടുത്തുവാനും ജനങ്ങൾക്ക് വലിയ താല്പര്യമായിരുന്നു. എന്നാൽ 8-ാം പദ്ധതി ആയപ്പോഴേക്കും വിദ്യാഭ്യാസ രംഗം പ്രതിസന്ധിയുടെ മൂർദ്ധന്യത്തിലെത്തി നില്ക്കുകയാണ്. ഒരു ഭാഗത്തു് വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്നു എന്ന പരാതിയും മറുഭാഗത്ത് ഇതിന് പരിഹാരമെന്നോണം സ്വകാര്യ മേഖലയിലെ കച്ചവടവല്ക്കരണവുമാണ് ഇതിനു കാരണമായത്.

1970കളിൽ നഗര പ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ ആഭിമുഖ്യം വളർന്ന് നാട്ടിൻപുറങ്ങളിലേക്കുകൂടി വ്യാപകമാവുകയും ഇതു് വിദ്യാഭ്യാസ രംഗത്ത് വിഭാഗചനപരമായ സാമൂഹിക വീക്ഷണത്തിന് കാരണമായിത്തീരുകയും ചെയ്തു.

### പ്രീ പ്രൈമറി

കളിയിലൂടെ കുട്ടികളുടെ വിജ്ഞാന സമ്പാദനത്തിനുള്ള നൈസർഗ്ഗിക സിദ്ധികൾ തൊട്ടുണർത്തുന്നതിന് കൂടുതൽ ശ്രദ്ധ നൽകുകയും ആരോഗ്യ ശാസ്ത്രപരമായും വിദ്യാഭ്യാസ ശാസ്ത്രപരമായും ദോഷകരമായി ഈ രംഗത്ത് ഇന്ന് നൽകിവരുന്ന അക്ഷര-അക്ക പഠനത്തെ നിരുത്സാഹപ്പെടുത്തുന്നതിനും പ്രീ പ്രൈമറി രംഗത്തു് അടിയന്തിര ശ്രദ്ധ പതിയേണ്ടതു് അത്യാവശ്യമാണ്.

### പ്രൈമറി

സ്കൂൾ വിദ്യാഭ്യാസ രംഗത്തു് അറിവും അക്ഷരവും തേടിയെത്തുന്നവർ പ്രധാനമായും രണ്ടു തരക്കാരാണ്. ഇതിൽ പ്രീപ്രൈമറിയിൽനിന്നും വരുന്ന സാക്ഷരരും അവിടെ പോകാത്ത നിരക്ഷരരുമാണ് ഉൾപ്പെടുന്നതു്. ഇവർ തമ്മിലുള്ള വിടവ് നികത്തിയെടുക്കുന്നതിന് അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം സജ്ജീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ കാലത്തു് ഈ വൈരുദ്ധ്യം മനസ്സിലാക്കി ആവശ്യംവേണ്ട തിരുത്തൽ നടത്താതിരുന്നതാണ് വിദ്യാർത്ഥികളിലിന്നു് പ്രകടമായിട്ടുള്ള നിലവാരത്തകർച്ചക്ക് പ്രധാനമായും നിദാനം.

ഏതു സ്കൂളിലും പുതുതായി പ്രവേശനം നേടുന്നവരുടെ നിലവാരം അളക്കാനും അതിൽ മിനിമം ഇല്ലാത്തവരെ പ്രത്യേകം പരിശീലിപ്പിച്ച് ക്ലാസിലെ ശരാശരി നിലവാരത്തിലെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ഇതു നിഷ്ക്കർഷയോടെ നടപ്പിലാക്കുന്നതിന് അദ്ധ്യാപകർക്ക് പ്രേരണാജനകമായ പരിശീലനം നൽകുകയും ചെയ്യുകയാണെങ്കിൽ സ്കൂൾ വിദ്യാഭ്യാസത്തിൻെറ നിലവാരത്തിൽ പ്രകടമായ ഉയർച്ചയുണ്ടാകുമെന്നതിൽ സംശയമില്ല.

"All Promotion" സമ്പ്രദായത്തിൻെറ യുക്തി എന്താണെന്ന് വിദ്യാഭ്യാസ അധികൃതർ യുക്തമായ വിശദീകരണം നൽകാതിരിക്കുകയും അദ്ധ്യാപകർ ഈ സർക്കാർ തീരുമാനത്തിൻെറ അടിസ്ഥാനം ജനങ്ങളെ ബോധ്യപ്പെടുത്താതിരിക്കുകയും ചെയ്യുന്ന അവസരത്തിൽതന്നെ സർക്കാർ അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകരും സമ്പന്നരായ രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ വർദ്ധിച്ച ഫീസ് നൽകി അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലയച്ച് പഠിപ്പിക്കുകയും സർക്കാർ സ്കൂളുകൾ "മണ്ടന്മാർക്ക്" പററിയതാണെന്ന് സാധാരണക്കാരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ഇതു് ഇന്ന് നിലനിൽക്കുന്ന വിദ്യാഭ്യാസ രംഗത്തെ വിവേചനത്തിന് ഇടയാക്കി.

### ഹൈസ്കൂൾ

ഈ പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ പ്രധാനപ്പെട്ടതും പുരാതനവും രണ്ടായിരത്തിലധികം വിദ്യാ

ത്ഥികൾ പഠിക്കുന്നതുമായ കെ. ടി. എം. ഹൈസ്കൂളും മാറ്റുന്നജാത് ഹൈസ്കൂളുമാണ് ഇവ. ഇതിൽ കെ. ടി. എം. ഹൈസ്കൂളിന്റെ നിലവാരം വളരെ തകർന്ന നിലയിലാണ്. കഴിഞ്ഞ വർഷത്തെ 10-ാംതരം വിദ്യാർത്ഥികളിൽ 13%ത്തിനു മാത്രമേ വിജയം കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ഇതിനു മുൻ വർഷത്തിലുണ്ടായിരുന്ന 8%ത്തെ അപേക്ഷിച്ച് ഇതു ഭേദമാണെങ്കിലും ഈ സ്കൂളിലെ വിദ്യാഭ്യാസ നിലവാരത്തകർച്ചയെയാണ് ഇതു കാണിക്കുന്നത്. ഈ സ്കൂളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും വിമുഖതയുമാണ് ഈ നിലവാരത്തകർച്ചയുടെ കാതലായ കാരണം.

മാറ്റുന്നജാത് ഹൈസ്കൂളിലെ വിദ്യാഭ്യാസ നിലവാരം 10-ാം തരത്തിലെ വിജയ ശതമാനത്തിന്റെ കാര്യത്തിൽ നോക്കുമ്പോൾ താരതമ്യേന ഭേദമാണ്. 94-95ൽ 62.85%മായിരുന്നത് 95-96ൽ 43.06% മായി കുറഞ്ഞിരിക്കുകയാണ്. വിജയ ശതമാനം ഉയർത്താൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ട സ്ഥിതിയിലാണ്.

## *വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ*

അധികൃതരുടെ നിരന്തരമായ അന്വേഷണവും മേൽനോട്ടവും അധ്യാപകരുടെ പൂർണ്ണ മനസ്സോടെയുള്ള പങ്കാളിത്തവും രക്ഷിതാക്കളുടെ കലവറയില്ലാത്ത സഹകരണവും ഉറപ്പുവരുത്തുന്നതോടൊപ്പം പ്രൈമറി വിദ്യാഭ്യാസം മാതൃഭാഷയിലൂടെയാക്കുകയും കുട്ടികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന തരത്തിൽ അദ്ധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുകയും പിന്നോക്കം നില്ക്കുന്നവരെ അപ്പപ്പോൾതന്നെ കൈപിടിച്ചുയർത്തുകയുമാണ് ചെയ്യേണ്ടത്.

ദേശീയ വിദ്യാഭ്യാസ നയം ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യാ ഗവൺമെൻറ് 1966ൽ നിയമിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറത്തുവന്ന "സ്കൂൾ കോംപ്ലക്സ്" രൂപീകരണവും അതിന്റെ പ്രവർത്തന രീതികളും പ്രാവർത്തികമാക്കുന്നതിന് ഒരു ന്യൂക്ലിയസ്സ് ഹൈസ്കൂളും അവിടേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിന് പ്രൈമറി സ്കൂളുകളും, ഒരു യൂണിറ്റായി പ്രവർത്തിക്കണം. സ്കൂൾ കോംപ്ലക്സുകൾ പഞ്ചായത്തിനകത്തെ സ്കൂളുകളെമാത്രം പരിഗണിച്ച് പ്രവർത്തനം നടത്തുന്നതാണ് സൗകര്യപ്രദം. പ്രൈമറി സ്കൂൾ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും ഹൈസ്കൂൾ ജില്ലാ പഞ്ചായത്തിന്റെ പരിധിയിലും വരുന്നതോടെ പഞ്ചായത്തുകൾതോറും സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കാൻ സാധിക്കും. ഇതോടൊപ്പം പ്രൈമറി തലത്തിലും സെക്കണ്ടറി തലത്തിലുമുള്ള അദ്ധ്യാപകരുടെ പുനർ വിദ്യാഭ്യാസം തുടർച്ചയായി നടത്തുന്നതിനും സാധിക്കും.

കുട്ടിയുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാവിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ് ഗ്രാമ പഞ്ചായത്ത് ആദ്യമായി ചെയ്യേണ്ടത്. ഒന്നാം ക്ലാസിൽനിന്നും ജയിച്ചുകയറി 10-ാം ക്ലാസുവരെ എത്തുന്നതുകൊണ്ട് പഠന നിലവാരത്തെക്കുറിച്ച് പല രക്ഷിതാക്കൾക്കും അന്വേഷണം തീരെയില്ല. ഒരു വാചകംപോലും അക്ഷരത്തെറ്റു കൂടാതെ എഴുതാൻ കഴിയാതെ S. S. L. C. തോൽക്കുമ്പോഴാണ് സാധാരണ രീതിയിൽ ഒരു വിദ്യാർത്ഥി സമൂഹത്തിൽ ശ്രദ്ധിക്കപ്പെടുന്നത്. ഈ രീതിയിൽ നല്ലൊരു വിഭാഗം കുട്ടികളും വിദ്യാഭ്യാസത്തിൽനിന്നും അകററപ്പെടുന്നതോടൊപ്പം കാലാകാലങ്ങളിൽ സർക്കാർ വിദ്യാഭ്യാസ ചെലവിലേക്കായി നീക്കിവെക്കുന്ന വിഹിതം ഫലപ്രാപ്തിയിലെത്താതെ ദേശീയ നഷ്ടത്തിൽ കലാശിക്കുകയും ചെയ്യുന്നു.

വിദ്യാർത്ഥി കൗൺസിൽ, അദ്ധ്യാപക സമിതി അദ്ധ്യാപക രക്ഷാകർത്തൃ സമിതി എന്നിവ ''അധികാരം ജനങ്ങളിലേക്ക്'' എന്ന കാഴ്ചപ്പാടോടെ പുനഃസംഘടിപ്പിക്കുകയും പ്രവർത്തന പരിപാടികൾക്ക് രൂപം നൽകുകയുമാണ് വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന അസ്വസ്ഥതകൾക്ക് പരിഹാരം. വിദ്യാഭ്യാസത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തുകയും വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തെ കരുപ്പിടിപ്പിക്കാനുള്ള മൂശയാണ് വിദ്യാഭ്യാസം എന്ന ധാരണ ഉറപ്പിക്കുകയും വേണം. ഓരോ വ്യക്തിയിലും സ്വയമറിയാതെ കുടികൊള്ളുന്ന പൂർണ്ണതയെ കണ്ടെത്തലാണ് വിദ്യാഭ്യാസം. ഈ അവബോധം ബന്ധപ്പെട്ടവരിൽ പകരുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

നിരക്ഷരത നിർമ്മാർജ്ജനത്തിന് സമഗ്രമായ പരിപാടികൾ ആവിഷ്ക്കരിക്കുകയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സന്നദ്ധ സംഘടനകളുടെയും മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്നതിന് സമിതികൾ രൂപീകരിക്കുകയും ചെയ്യുക.

## *പഞ്ചായത്തുതല സമഗ്ര വികസന പദ്ധതികൾ*

1. അക്കാദമിക് പ്രവർത്തനങ്ങൾ
2. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
3. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ.
4. ജനകീയ പ്രവർത്തനങ്ങൾ

# ബദൽ പ്രവർത്തനത്തിന്റെ മററു മേഖലകൾ

## *1) പ്രീ-പ്രൈമറി വിദ്യാഭ്യാസം*

1) എല്ലാ വാർഡിലും ഒരു മാതൃകാ പ്രീ-പ്രൈമറി തുടങ്ങാനോ ഉള്ളവയെ മാതൃകാ സ്ഥാപനമാക്കി മാററാനോ ശ്രമിക്കണം.

അംഗനവാടികളെ പ്രീ-പ്രൈമറി വിദ്യാഭ്യാസ കേന്ദ്രമാക്കി മാററാവുന്നതാണ്.

2) ഇനിപ്പറയുന്ന മിനിമം സൗകര്യം ഏർപ്പെടുത്തണം.

1. കാററും വെളിച്ചവും നന്നായി കടക്കുന്ന ക്ലാസ് മുറിയും ഭക്ഷണമുറിയും
2. കുടി വെള്ളത്തിന്നും ലഘുഭക്ഷണത്തിന്നുമുള്ള സൗകര്യം
3. കളിസ്ഥലം
4. കക്കൂസ് മൂത്രപ്പുര
5. പഠന-വിനോദ ഉപകരണങ്ങൾ
6. ടീച്ചർക്ക് മേശ, കസേര
7. കുട്ടികൾക്ക് പ്ലാസ്റ്റിക് കസേരകൾ
8. അലമാര
9. ഭക്ഷണപ്പാത്രങ്ങൾ, വെപ്പ് പാത്രങ്ങൾ

3) ശരിയായ പരിശീലനം കിട്ടിയവരായിരിക്കണം അദ്ധ്യാപകർ.

4) മാതൃഭാഷ മാത്രമേ മാധ്യമമായി ഉപയോഗിക്കാവൂ.

5) കുട്ടികളെ സ്കൂൾ പഠനത്തിന്ന് തയ്യാറാക്കൽ, സാമൂഹിക ബോധവും സ്ഥലബോധവും വളർത്തൽ, പെരുമാററത്തിൽ സ്നേഹവും ദയയും വളർത്തൽ എന്നിവയാണ് ലക്ഷ്യം.

6) വാർഡ് സമിതിയുടെ മേൽനോട്ടം ഉണ്ടായിരിക്കണം. പി. ടി. എ., മാതൃസംഘം എന്നിവ രൂപീകരിച്ച് പ്രവർത്തിക്കണം.

7) ജനകീയ സമിതിയിലൂടെ അധിക വിഭവ സമാഹരണം നടത്താവുന്നതാണ്.

8) പഞ്ചായത്തു മെമ്പർ. പി. ടി. എ. പ്രസിഡണ്ട്, തൊട്ടടുത്ത പ്രൈമറി സ്കൂളിൽ ഹെഡ്മാസ്റ്റർ, റിട്ടയേഡ് അദ്ധ്യാപകൻ എന്നിവരുടെ നേതൃത്വത്തിൽ മാസംതോറും ജനകീയ മോണിററിങ്ങ് സംഘടിപ്പിക്കണം.

9) രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തിന്ന് പ്രധാന്യം നല്കണം.

10) റൂറൽ ഡിസ്പൻസറിയിലെ ഡോക്ടർ, മററു ആരോഗ്യ പ്രവർത്തകരും മാസത്തിലൊരിക്കൽ കുട്ടികളെ പരിശോധിച്ച് വേണ്ടത് ചെയ്യണം.

### *2) തുടർ വിദ്യാഭ്യാസം*

കേരള സമൂഹത്തിൽ തുടർ വിദ്യാഭ്യാസത്തിനുള്ള വിപുലമായ സാധ്യതകൾ ഉണ്ട്. നവ സാക്ഷരരോടൊപ്പം, ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്ക്, അവർക്ക് വേണ്ടത്ര ധാരണയില്ലാത്ത മേഖലകളിൽ തുടർ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. പഞ്ചായത്തിനകത്തെ ഒരു വാർഡിൽതന്നെ നിരവധി കോഴ്സുകളും സെമിനാറുകളും മററും നടത്തേണ്ടിവരും. പ്രാദേശിക ആവശ്യമാണ് ഈ പ്രവർത്തനങ്ങളുടെ തെരഞ്ഞെടുപ്പിൻെറ മാനദണ്ഡം. പ്രവർത്തനങ്ങൾ പഞ്ചായത്ത്, വാർഡ് സമിതികൾ ചേർന്ന് ആലോചിച്ച് രൂപപ്പെടുത്തണം.

## സംഘടനാ സംവിധാനം

### *1. സ്കൂൾ വിദ്യാഭ്യാസ സമിതി:*

ചെയർമാൻ: P. T. A. പ്രസിഡണ്ട്

വൈ. ചെയർമാൻ: തല്പരനായ ഒരു രക്ഷാകർത്താവ്

കൺവീനർ: ഹെഡ്മാസ്റ്റർ

ജോ. കൺവീനർ: തല്പരനായ ഒരു അദ്ധ്യാപകൻ

അംഗങ്ങൾ: സ്റ്റാഫ് സെക്രട്ടറി,
അദ്ധ്യാപക പ്രതിനിധികൾ,
2 റിട്ടയർ ചെയ്യുവരോ അല്ലാത്തവരോ ആയ വിദ്യാഭ്യാസ പ്രവർത്തകർ
2 സന്നദ്ധ പ്രവർത്തകർ

ചുമതലകൾ: സ്കൂൾ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.
വിഭവ സമാഹരണം നടത്തുക.
ഭൗതിക സൗകര്യം ഉറപ്പിക്കുക.
പാഠനാൽസവത്തിൻെറ വിശദാംശങ്ങൾ തയ്യാറാക്കി നടപ്പിലാക്കുക.

മററു കാര്യങ്ങൾ:

രൂപീകരണ ചുമതല ഹെഡ്മാസ്റ്റർക്കാണ്.

മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണം.

റിപ്പോർട്ടിങ്ങ്, ചർച്ച്, ഭാവി പ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തണം.

### *2. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി*

ചെയർമാൻ: പഞ്ചായത്ത് പ്രസിഡൻറ്

കൺവീനർ: നേതൃ സ്കൂൾ ഹെഡ്മാസ്റ്റർ

കോ-ഓർഡിനേറർ:

നേതൃ സ്കൂളിലെ താല്പര്യമുള്ള അദ്ധ്യാപകൻ

അംഗങ്ങൾ : പഞ്ചായത്തു് മെമ്പർമാർ,
ഹെഡ്മാസ്റ്റർമാർ,
പി. ടി. എ. പ്രസിഡൻറുമാർ,
അദ്ധ്യാപക സംഘടനാ പ്രതിനിധികൾ,
രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ,
2 വിദ്യാഭ്യാസ പ്രവർത്തകർ,
3 സന്നദ്ധ സംഘടനാ പ്രതിനിധികൾ,
പ്രീ-പ്രൈമറി അദ്ധ്യാപികമാർ,
അക്കാദമിക് സമിതി ചെയർമാൻ,
അക്കാദമിക് സമിതി കൺവീനർ.

ചുമതലകൾ: പഞ്ചായത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്കൂൾ പ്രവർത്തനങ്ങൾ മോണിററർ ചെയ്യുക, പഞ്ചായത്തുതല ക്യാമ്പുകളും മററും സംഘടിപ്പിക്കുക, വിഭവ സമാഹരണം നടത്തുക.

പ്രതിമാസ യോഗം ചേർന്ന് റിപ്പോർട്ടിങ്ങ് ചർച്ച, ഭാവി പ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തണം.

### 3. പഞ്ചായത്ത് അക്കാദമിക്ക് സമിതി:

ചെയർമാൻ : തല്പരനായ റിട്ടയർചെയ്ത അദ്ധ്യാപകൻ.

കൺവീനർ ; തല്പരനായ നേതൃസ്ഥാനം അദ്ധ്യാപകൻ.

അംഗങ്ങൾ : സബ്ജക്ട് കമ്മിററി കൺവീനർമാർ, അക്കാദമിക്ക് വൈദഗ്ദ്ധ്യമുള്ള 3 പ്രാദേശിക വിദഗ്ദ്ധർ 2 പ്രൈമറി അദ്ധ്യാപകർ 1 പ്രീ പ്രൈമറി അദ്ധ്യാപിക

ചുമതലകൾ: അക്കാദമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള തനത് പരിപാടികൾ നടപ്പിലാക്കുക പ്രതിമാസ അദ്ധ്യാപക സംഗമം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക,

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഗ്രാമ സഭകളിൽനിന്നുമുള്ള നിർദ്ദേശങ്ങളും പൊതു നിർദ്ദേശങ്ങളും പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായ നടപടികളുണ്ടാവണം. ബദൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുംവേണം.

# — കുടിവെള്ളവും പൊതുജനാരോഗ്യവും —

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യ രക്ഷയിൽ പ്രധാനമാണ് ''ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം''. മണ്ണാർക്കാട് പഞ്ചായത്തിലെ ജനസംഖ്യ 45422 ആണ്. അതിൽ 90%ത്തോളം ജനങ്ങൾ കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. പൊതുജലവിതരണ സംവിധാനത്തിന്റെ പോരായ്മയാണ് ഇതിന് പ്രധാന കാരണം. 402 പൊതു ടാപ്പുകളും 90 പൊതു കിണറുകളുമാണ് ഇവിടെയുള്ളത്. എല്ലാ വാർഡുകളിലും പൊതു കിണറുകളും കുഴൽ കിണറുകളും ഉണ്ടെങ്കിലും കാലാകാലങ്ങളിലുള്ള അററകുററപ്പണികളുടെ അഭാവംമൂലം ഇതു വേണ്ടത്ര ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നില്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 55%ത്തോളം ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്. പ്രാഥമികാവശ്യങ്ങൾക്കായി പ്രധാനമായും തോടുകളെയും പുഴകളേയുമാണ് ആശ്രയിക്കുന്നത്. ഇതു ജലമലിനീകരണത്തിന് വഴിയൊരുക്കുന്നു. കൂടാതെ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും ജലമലിനീകരണത്തിനിടയാകുന്നു. പകർച്ചവ്യാധികളധികവും ജലജന്യ രോഗങ്ങളാണ്.

മണ്ണാർക്കാട് പഞ്ചായത്തിൽ ശുദ്ധജലം എത്തിക്കുവാനായി നെല്ലിപ്പുഴ സ്രോതസ്സായി 1962ൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിരുന്നു. പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള വികസനവും ജനസംഖ്യാ വർദ്ധനവും മൂലം പ്രസ്തുത പദ്ധതി അപര്യാപ്തമായി വന്നു. കുന്തിപ്പുഴ സ്രോതസ്സായുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 7-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് അനുമതി ലഭിച്ചിരുന്നുവെങ്കിലും അതിനാവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ യഥാസമയം പണി തുടങ്ങാൻ കഴിഞ്ഞില്ല. മണ്ണാർക്കാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. അച്ചിപ്പ മൊയ്തു സൗജന്യമായി 15 സെൻറ് സ്ഥലം കുന്തിപ്പുഴയോരത്ത് നൽകിയതിനെ തുടർന്നാണ് പദ്ധതി യാഥാർത്ഥ്യമാകാൻ തുടങ്ങിയത്. മണ്ണാർക്കാട് ഗ്രാമ പഞ്ചായത്ത് സെൻറൊന്നുക്ക് 6400 രൂപ വിലക്ക് വാങ്ങിയ സ്ഥലത്താണ് ജലസംഭരണി നിർമ്മിച്ചിട്ടുള്ളത്. 6.65 ലക്ഷം ലിററർ കപ്പാസിററിയുള്ള പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. മുഴുവൻ വാർഡിലും ഈ പദ്ധതിയുടെയും ഗുണം ലഭിച്ചിട്ടില്ല. വാട്ടർ അതോറിററിയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ അധികാര പരിധിക്കകത്ത് കൊണ്ടുവരുകയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

വിശേഷാൽ ഗ്രാമസഭകളിൽനിന്നുയർന്നുവന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്ത്തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിന്നായി ഇതിൽ ചേർത്തിരിക്കുന്നു.

## കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

### പട്ടിക I

| വാർഡ് | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| 1 | കരിമ്പൻകുന്ന്, പുളിക്കുന്ന്, ഉറവിൽ പ്രദേശങ്ങളിലും, കൈതച്ചിറ മദ്രസ്സക്ക് സമീപവും, ബംഗ്ലാംകുന്ന് വടക്ക് – പടിഞ്ഞാറേ ഭാഗവും, മാസപ്പറമ്പ് മിച്ചഭൂമി കോളനി, കാളക്കാട് അംഗനവാടിക്ക് സമീപം, ചേറുംകുളം ക്ഷേത്രത്തിന് താഴെ പരിസരം, കൈതച്ചിറകോരടി പരിസരം, കൈതച്ചിറ പത്തുകടി | ഈ പ്രദേശങ്ങളിൽ പൊതു കിണറുകളും കുഴൽ കിണറുകളും നിർമ്മിച്ച് നൽകുക. മണ്ണാർക്കാട് വാട്ടർ അതോറിററിയുടെ കീഴിലുള്ള പൊതുജല വിതരണ സംവിധാനം വാർഡിന്റെ എല്ലാ ഭാഗത്തുമെത്തിക്കുക. കൈതച്ചിറ ക്രിസ്ത്യൻ പള്ളിക്ക് സമീപം ഒരു കുഴൽ കിണർ നിർമ്മിച്ചു നൽകുക. |
| 2 | പറമ്പൻതരിശ് സെൻറർ, കുഴനിക്കോട്–കുന്നപുറം, മൂന്നാംതോക്ക്, വാളക്കര, മേലാമുറി – വടക്കേപറമ്പ്, മേലെ ചോങ്ങാൽക്കുളം, ഹനുമന്തൻമൂല ആദിവാസി കോളനി, ചേറുംകുളം 4 സെൻറ് കോളനി, മെഴുകുംപാറ, താണിക്കൽഅട്ടി, മല്ലീശ്വരൻ കോളനി | എന്നീ പ്രദേശങ്ങളിൽ പൊതു കിണറുകൾ നിർമ്മിച്ചു നൽകുക. ലഭ്യമാക്കാവുന്ന സ്ഥലങ്ങളിലെല്ലാംതന്നെ പൊതുജല വിതരണ സംവിധാനം എത്തിക്കുക. വാർഡിലെ പൊതു കിണറുകളുടെയും കുഴൽ കിണറുകളുടെയും അററകുററപ്പണികൾ തീർക്കുക. അംഗൻവാടികളിൽ കിണർ നിർമ്മിച്ചു നൽകുക. |

| | | |
|---|---|---|
| 3 | ആനമൂളി ആദിവാസി കോളനി, കോൽപ്പാടം, ചിറപ്പാടം, ചെകിടികുളം, ആമ്പാടം, ആനമൂളി | ഈ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എത്തിക്കുക. ചിറപ്പാടം, കുന്നിൻപുറം ശ്മശാന റോഡിൽ പൈപ്പ്ലൈൻ ഇടുക.<br><br>ചെകിടികുളം, ആമ്പാടം, ആനമൂളി പ്രദേശങ്ങളിൽ പൊതുകിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുക. |
| 4 | മുതുവല്ലി കോളനി, നാലു സെൻറ് ലക്ഷംവീട് കോളനി, കോൽപ്പാടം കവറ കോളനി, കൈനിക്കോട് | എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ എത്തിച്ചു കുടിവെള്ളക്ഷാമം പരിഹരിക്കുക.<br>വട്ടപ്പറമ്പ് പള്ളിക്കുസമീപമുള്ള കുളം വൃത്തിയാക്കി ഉപയോഗ പ്രദമാക്കി തീർക്കുക. അംഗനവാടികളിൽ കിണർ നിർമ്മിച്ചു നൽകുക. |
| 5 | മണലടി, ചിറക്കൽ റോഡ്, കാട്ടിലപ്പാടം ആട്ടാംപുള്ളി പഴയ പോസ്റ്റാഫീസ് റോഡ്, പുഞ്ചക്കോട് -മുണ്ടക്കണ്ണി റോഡ്, മേലാമുറി റോഡ്, ജവഹർനഗർ റോഡ് | ഈ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിച്ചു കുടിവെള്ളക്ഷാമം പരിഹരിക്കുക. പറശ്ശീരിക്കുന്ന്, പുഞ്ചക്കോട്ട് എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിച്ചു കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പുഞ്ചക്കോട്ട് കുന്നിൻപുറത്ത് ഒരു പൊതുകിണർ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കാം. |
| 6 | ആണ്ടിപ്പാടം ഹരിജൻ കോളനി, മുണ്ടക്കണ്ണി കമ്പാരൻ കോളനി, മണലടി. അരയംകോട്, പുഞ്ചക്കോട്, കരിമ്പനത്തോട്ടം, ആട്ടാംപുള്ളി ആശാരി കോളനി, ആണ്ടിപ്പാടം യത്തീംഖാന റോഡ്, തിട്ടുമ്മൽ, കൈക്കോട്ടുംപള്ളിയാൽ | ഈ പ്രദേശങ്ങളിൽ പൊതു കിണറുകളും കുഴൽ കിണറുകളും സ്ഥാപിക്കുക.<br><br>പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക. |
| 7 | a) അരയംകോട് കുന്നുംപുറം, തെന്നാരി, ആണ്ടിപ്പാടം, വടക്കുമണ്ണം<br><br>b) കിണറുകൾ | ഈ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കുക.<br><br>കിണറുകൾ കുഴിക്കുക. നിലവിലുള്ള വ നന്നാക്കി എടുക്കാൻ സാമ്പത്തിക സഹായം നല്കുക. |
| 8 | a) ആണ്ടിപ്പാടം, വടക്കുമണ്ണം, അരക്കുർശ്ശി, കോട്ടക്കുന്ന്. ചക്കാലിക്കാട്, പെരിഞ്ചോളം, കെ. ടി. എം. ഹൈസ്കൂൾ<br><br>b) നെല്ലിപ്പുഴ ശുദ്ധജല പദ്ധതി<br><br>c) ആണ്ടിപ്പാടം, വടക്കുമണ്ണം, അരകുർശ്ശി, കോട്ടക്കുന്ന്, പെരിഞ്ചോളം, വടക്കുമണ്ണം, ചക്കാലക്കാട്, മമ്മലക്കടി, ഹോസ്പിററൽ ജംഗ്ഷൻ | പ്രസ്തുത പ്രദേശങ്ങളിൽ പൊതു ടാപ്പുകൾ നിർമ്മിച്ച് ഈ ഭാഗത്തെ ജലക്ഷാമം പരിഹരിക്കുക.<br><br>പ്രവർത്തന രഹിതമായി കിടക്കുന്ന നെല്ലിപ്പുഴ ശുദ്ധജല വിതരണ സംവിധാനം പുനഃസ്ഥാപിക്കുക. മണ്ണാർക്കാട്ട് ഗവൺമെൻറ് ആശുപത്രിയിലെ ശുദ്ധജല സംവിധാനം കാര്യക്ഷമമാക്കുക.<br><br>ഈ പ്രദേശങ്ങളിൽ പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുക. |

| | | |
|---|---|---|
| 9 | ലക്ഷംവീട് കോളനി, നാലുസെൻറ് കോളനി, എതിർപ്പണം ഹരിജൻ കോളനി, ശിവൻകുന്ന് കരുവാൻ കോളനി, തട്ടാൻകുന്ന് ആശാരി കോളനി, ചോലക്കുളം പരിസരം, എതിപ്പ്ണം, പാവുപ്പാടം, വടക്കേകര പറഞ്ഞോത്ത് ക്ഷേത്ര പരിസരം, കൊമ്പംകുണ്ട് കോളനി, അരകുർശ്ശി, മാസപ്പറമ്പ്, അണ്ടിക്കുണ്ട്, തെന്നാരി | ഈ പ്രദേശങ്ങളിൽ പൊതു കിണർ സ്ഥാപിക്കുകയും പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുകയും നിലവിലുള്ളവ ദീർഘിപ്പിക്കുകയും ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കുക. പൊതു ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക. |
| 10 | ചോമേരി പ്രദേശം<br><br>പെരിഞ്ചോളം | കുന്തിപ്പുഴ ചോമേരി ഭാഗത്ത് പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക.<br>,, |
| 11 | a) ചീരംപന്നി, പാണ്ടിക്കാട് ഹരിജൻകോളനി, ഹംസ ഹാജി റോഡ്, പോത്തോഴിക്കാവ് പ്രദേശം | ഈ പ്രദേശങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക. |
| | b) കുന്തിപ്പുഴ – മൈലാംപാടം ബൈപാസ് റോഡ്, നമ്പിയാംകുന്ന് | കുന്തിപ്പുഴ — മൈലാംപാടം ബൈപാസ് റോഡിൽ പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക. |
| | c) പള്ളിപ്പറമ്പ്, എം. ഇ. എസ്. കോളേജ് റോഡ് | പള്ളിപ്പറമ്പ് റോഡിലും എം. ഇ. എസ്. കോളേജ് റോഡ്വരേയും വാട്ടർ പൈപ്പ് ലഭ്യമാക്കുക. |
| 12 | ചേലേങ്കര | ചേലേങ്കര പ്രദേശത്ത് ഒരു പൊതു കിണർ നിർമ്മിച്ച് ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുക. |
| 13 | a) പോലീസ് സ്റ്റേഷൻ പ്രദേശം, മണിമുണ്ട ഹരിജൻ കോളനി, തോരാപുരം കോളനി. കല്ലടിറോഡ് തോരാപുരം, മുണ്ടേക്കാരാട് കോളനി, നാരങ്ങപ്പററ, വടക്കംപുറം, വിനായക കോളനി | പ്രസ്തുത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക. |
| | b) കട്ടിയപ്പൻ ചെട്ടിയാർ ജംഗ്ഷൻ | കട്ടിയപ്പൻ ചെട്ടിയാർ ജംഗ്ഷനിൽ ഒരു പൊതുടാപ്പ് സ്ഥാപിക്കുക. |
| | c) പള്ളുകടി – കുളൂമാടം | നിലവിലുള്ള പൊതുകിണർ നന്നാക്കുക. ഒരു വാട്ടർടാങ്ക് സ്ഥാപിച്ച് പൊതു ടാപ്പിട്ട് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക.<br><br>ഈ വാർഡിലെ പൊതു കിണറുകളുടെ അററകുററപ്പണികൾ തീർക്കുക. പൊതു ടാപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. |
| 14 | നായാടിക്കുന്ന് നമസ്കാരപ്പള്ളി റോഡ, ഹരിജൻ കോളനി - കൈതക്കുളം പ്രദേശം, 4 സെൻറ് കോളനി, നെടുമ്പഴാംകുന്ന്, പെരുമ്പടാരി റോഡ് (പ്രതിഭ ടാക്കീസിന് പിൻവശം) | ഈ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക. |

| | | |
|---|---|---|
| 15 | കിഴക്കുംപുറം ഹരിജൻ കോളനി, തച്ചംകോട്ട് ഹരിജൻ കോളനി, കാഞ്ഞിരംപന്തൽ കോളനി, പൂക്കുന്ന് നാലു സെൻറ് കോളനി, പോത്തോഴിക്കാവ് ലക്ഷംവീട് കോളനി, പോത്തോഴിക്കാവ് പരിസരം | ഈ പ്രദേശങ്ങളിൽ (കോളനികളിൽ) പൊതു കിണർ നിർമ്മിച്ച കുടിവെള്ള പ്രശ്നം പരിഹരിക്കുക. |

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

***വാർഡ് I :-*** ഒന്നാം വാർഡിലെ കുടിവെള്ള ക്ഷാമം ശരാശരി പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിററിയുടെ കീഴിൽ കുന്തിപ്പുഴയിൽനിന്ന് വെള്ളം ശുദ്ധീകരിച്ച് കൈതച്ചിറ ക്രിസ്ത്യൻ പള്ളിക്കു സമീപം ടാങ്ക് നിർമ്മിച്ച് സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ വാർഡിൻെറ എല്ലാഭാഗത്തുമുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

***വാർഡ് II :-*** പൊതുവിൽ ജല വിതരണ സംവിധാനത്തിലെ ക്രമക്കേടുകൾ കണ്ടെത്തി കുററമററ രീതിയിൽ ജലവിതരണ സംവിധാനം എല്ലാ ഭാഗത്തും എത്തിക്കുക. പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുകയും നിലവിലുള്ള പൈപ്പ്‌ലൈൻ ദീർഘിപ്പിക്കുകയും ചെയ്ത് പരമാവധി കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

***വാർഡ് III :-*** പൊതു കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുക കൂടാതെ പൈപ്പ്‌ലൈൻ എത്തിക്കാൻ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് പൈപ്പ്‌ലൈൻ ദീർഘിപ്പിക്കുക.

***വാർഡ് IV:-*** വാർഡിലെല്ലാ ഭാഗത്തും പൈപ്പ് ലൈൻ എത്തിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

***വാർഡ് V:-*** നിലവിലുള്ള പൈപ്പ്‌ലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കുക. പൊതു കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുക

***വാർഡ് VI:-*** പൊതു കിണറുകളും കുഴൽ കിണറുകളും നിർമ്മിക്കുക. പൈപ്പ് ലൈൻ സൗകര്യം ലഭ്യമാക്കുക.

***വാർഡ് VII :-*** ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് വെള്ളമെത്തിക്കുക.

***വാർഡ് VIII :-*** മണ്ണാർക്കാട് ഗവണ്മെൻറ് ആശുപത്രിയിലെ ശുദ്ധജല സംവിധാനം കാര്യക്ഷമമാക്കുക. പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. പ്രവത്തനരഹിതമായി കിടക്കുന്ന നെല്ലിപ്പുഴ ശുദ്ധജല വിതരണ പദ്ധതി പുനഃസ്ഥാപിക്കുക. അററകുററപ്പണികൾ തീർക്കാനുള്ള പൊതു കിണറുകൾ വൃത്തിയാക്കുക.

***വാർഡ് IX :*** പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ പൊതു കിണർ സ്ഥാപിക്കുകയും നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയും ചെയ്യുക.

***വാർഡ് X –*** നിലവിലുള്ള ജല വിതരണ സംവിധാനം കാര്യക്ഷമമാക്കുകയും, പൈപ്പ്‌ലൈൻ സൗകര്യം ദീർഘിപ്പിക്കുകയും ചെയ്യുക.

***വാർഡ് XI:-*** ഈ വാർഡിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുകിണറുകളും ടാപ്പുകളും നിർമ്മിക്കുക.

***വാർഡ് XII:-*** ചേലേങ്കര പ്രദേശത്ത് ഒരു പൊതുകിണർ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കാം.

***വാർഡ് XIII:-*** വാർഡിൽ നിലവിലുള്ള പൊതു കിണറുകളുടെ അററകുററപ്പണികൾ തീർക്കുകയും നിലവിലുള്ള ടാപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക. പൈപ്പ്‌ലൈൻ ആവശ്യമുള്ള സ്ഥലങ്ങളിൽ ദീർഘിപ്പിക്കുക, കട്ടിയപ്പൻ ചെട്ടിയാർ ജംഗ്ഷനിൽ ഒരു പൊതു ടാപ്പ് നിർമ്മിക്കുക. പത്തുകുടി -കുത്തുമാടം എന്നിവിടങ്ങളിൽ കിണർ നന്നാക്കി വാട്ടർ ടാങ്ക് സ്ഥാപിക്കുക.

***വാർഡ് XIV.-*** ഈ വാർഡിൽ പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സൗകര്യം ലഭ്യമാക്കുക.

***വാർഡ് XV:-*** പട്ടികയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ പൊതു കിണർ, കുഴൽ കിണർ നിർമ്മിക്കുക, പൈപ്പ്‌ലൈൻ സ്ഥാപിക്കുക.

***ചെറുകിട പദ്ധതികൾ:-***

പദ്ധതികളെക്കുറിച്ച് പല വാർഡുകളിൽനിന്നു നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഒന്ന്, രണ്ട്, അഞ്ച്, ആറ്, എട്ട് എന്നീ വാർഡുകളിൽനിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

ഒന്നാം വാർഡിൽ കന്തിപ്പുഴ, പൊട്ടിത്തോട്, കല്ലുംപൊട്ടിത്തോട് എന്നീ ജല സ്രോതസ്സുകളിൽ വേനൽകാലത്തുപോലും ശുദ്ധജലം ലഭ്യമാണ്. ഈ ശുദ്ധജലം ശാസ്ത്രീയമായി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറും മുൻകൈയ്യെടുത്ത് ഏർപ്പെടുത്തുകയാണെങ്കിൽ കടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

രണ്ടാം വാർഡിൻെറ വടക്കു-പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന മലയിൽനിന്നും ഉത്ഭവിക്കുന്ന ഒരു നദിയുടെ ശാഖ കന്തിപ്പുഴയിലേക്ക് ഒഴുകിച്ചേരുന്നു. ഈ അരുവിയിലെ ജലം വേനൽക്കാലത്തും സമ്പന്നമാണ്. ആയതിനാൽ ശാസ്ത്രീയമായി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തും മററു ഡിപ്പാർട്ടുമെൻറും ശ്രദ്ധ ചെലുത്തിയാൽ ഈ വാർഡിലെ കടിവെള്ളക്ഷാമം പരമാവധി പരിഹരിക്കാൻ കഴിയാവുന്നതാണ്. കനക്കംതോട്, മേലാമൂറി-വല്ലുംപാടം തോട്, ഏലംപാടം തോട്, അനമന്തമൂല തോട് എന്നിവയിലെ ജലം ശേഖരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം നടപ്പിലാക്കി കടിവെള്ളക്ഷാമത്തിൽനിന്നും മോചനം നേടാവുന്നതാണ്.

അഞ്ചാം വാർഡിലെ മുളുവല്ലി തോട്-പാശ്ശേരി തോട്, മുനിക്കണ്ട്, പൊട്ടിത്തോട്, മുത്തശ്ശി പൊട്ടിത്തോട്, പുഞ്ചക്കോട് തോട്, എന്നീ തോടുകളിലെ ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ വാർഡിലെ കടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

ആറാം വാർഡിലെ മുണ്ടക്കണ്ണി പൊട്ടിത്തോട്, നെല്ലിപ്പുഴ തോട്, കുളിക്കടവ്, നെല്ലിപ്പുഴ, ആണ്ടിപ്പാടം തിട്ടുമ്മൽ എന്നീ ജല സ്രോതസ്സുകളിൽനിന്നും ശരിയായ വിധത്തിൽ ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയാണെങ്കിൽ ഈ വാർഡിലെ കടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

എട്ടാം വാർഡിലെ കന്തിപ്പുഴയിലേയും നെല്ലിപ്പുഴയിലേയും ജലം ശേഖരിച്ച് വിതരണ സംവിധാനം ഏർപ്പെടുത്തിയാൽ പ്രസ്തുത വാർഡിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

### ഇടത്തരം പദ്ധതികൾ

പഞ്ചായത്തിലെ പ്രധാന നദിയായ കന്തിപ്പുഴയിൽ കടുത്ത വേനലിലും ശുദ്ധജലം സമൃദ്ധമാണ്. കന്തിപ്പുഴ ജലം ശുദ്ധി ചെയ്ത് പഞ്ചായത്തിലെ ഉയർന്ന സ്ഥലമായ കൈതച്ചിറ ക്രിസ്ത്യൻ പള്ളിക്ക സമീപവും തെങ്കരയിലും ടാങ്ക് കെട്ടി സംഭരിച്ച് വിതരണം ചെയ്യുകയാണെങ്കിൽ തീർത്തും ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

## പട്ടിക II

| പഞ്ചായത്തിലെ ജനസംഖ്യ (1991) | വാർഡുകൾ | ടാപ്പ് | കുഴൽ കിണർ | കിണർ |
|---|---|---|---|---|
| 45422 | 15 | 402 | 20 | 57 |
| | | | | |

### ആരോഗ്യം

മണ്ണാർക്കാട് പഞ്ചായത്തിൽ വർഷങ്ങളായി ഗവൺമെൻറ്തലത്തിൽ താലൂക്കാശുപത്രി പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ആവശ്യമുള്ളത്ര ഡോക്ടർമാരോ മററു ജീവനക്കാരോ വേണ്ടതോതിൽ മരുന്നോ മററു ഉപകരണങ്ങളുടെ സഹായമോ രോഗികൾക്ക് ലഭിക്കുന്നില്ല. വിദഗ്ദ ചികിത്സ ലഭിക്കുന്നതിനു വേണ്ടി പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും 40 കി. മീററിലേറെ യാത്ര ചെയ്ത് പലപ്പോഴും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ആയുർവ്വേദ ചികിത്സാ രംഗത്ത് സഹകരണ മേഖലയിൽ പഞ്ചായത്തിന് മണലടിയിൽ ഒരു ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യ വൈദ്യന്മാരും കാവല്ല ഈ പഞ്ചായത്തിൽ വിഷ ചികിത്സക്കായുള്ള സൗകര്യമില്ല രോഗത്തിനെതിരെ വഴിപാടുകൾ നേരുന്ന രീതിയും ഈ പഞ്ചായത്തിലെ ഒരു വിഭാഗം ജനങ്ങളിൽ ഇന്നും നിലനിന്നുപോരുന്നുണ്ട്.

ആധുനിക ചികിത്സാ സമ്പ്രദായം ഉച്ചസ്ഥായിയിലെത്തി നിൽക്കുന്ന ഇക്കാലത്തും വിദഗ്ധ ചികിത്സ ലഭിക്കാതെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യത്തിന് പുഴക്കുത്താറ സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്.

ആരോഗ്യ വകുപ്പിൻെറ സബ്സെൻററുകൾ പഞ്ചായത്തിൽ നാലെണ്ണമുണ്ട് പക്ഷേ ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് പൊതുജനാരോഗ്യത്തിന്നാവശ്യമായ യാതൊരു തരത്തിലുള്ള നിർദ്ദേശങ്ങളും നൽകുന്നില്ലെന്ന ആക്ഷേപം ഉണ്ട്. വിദ്യാഭ്യാസ പരമായി പൊതുവെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിലെ ശരാശരി കുടുംബ വലിപ്പം ഏഴാണ്. ആരോഗ്യ ബോധവൽക്കരണം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അത്യന്താപേക്ഷിതമാണ്. ഇതിന്നായി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതു് അത്യാവശ്യമാണ്.

### സ്ഥാപനങ്ങളും, സേവനങ്ങളും:-

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ടെങ്കിലും ആവശ്യാനുസരണം ഡോക്ടർമാരുടെ സേവനം ലഭ്യ

മല്ല. ഗവൺമെൻറ് സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ ഭൂരിപക്ഷവും സ്വകാര്യ പ്രാക്ടീസിനാണ് പ്രാധാന്യം നൽകുന്നത്. ഇത് പൊതുജനാരോഗ്യത്തെ കൂടുതലും വഷളാക്കുകയാണ്. അത്യാവശ്യമായും ഇതിനൊരു പരിഹാരം കാണേണ്ടതാണ്. രോഗികൾക്ക് ന്യായവിലക്ക് മരുന്ന് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സഹകരണ മേഖലയിൽ പഞ്ചായത്ത് മുൻകൈയ്യെടുത്ത് എല്ലാ തരത്തിലുമുള്ള മരുന്നുകളും ലഭ്യമാകത്തക്കരീതിയിൽ ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങുക എന്നതും ഒരു പൊതു നിർദ്ദേശമാണ്. നിലവിലുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതോടൊപ്പം ആവശ്യമായ പാരാമെഡിക്കൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനും ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പാരാമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം ആരംഭിക്കേണ്ടതാണ്.

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതി വിവരവും

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | സബ് സെൻറർ | ഇല്ല | വയറിളക്കം, മഞ്ഞപ്പിത്തം പനി, ദന്ത രോഗങ്ങൾ, ഛർദ്ദി-അതിസാരം, ചെങ്കണ്ണ് | പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. സബ് സെൻററിൽ ഡോക്ടർ സന്ദർശിക്കുന്നില്ല ആവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ല പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട് ചർച്ചാ ക്ലാസ്സുകൾ നടത്താറില്ല. വീടുകൾ സന്ദർശിക്കാറില്ല. | സബ് സെൻററിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. അവശ്യ മരുന്നുകൾ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കാൻ ആശുപത്രി വികസന സമിതിയെ നിയോഗിക്കണം. വാർഡിൻെറ വിസ്തീർണ്ണവും ജനസംഖ്യയും കണക്കിലെടുത്ത് കൈതച്ചിറ സെൻററിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ഒരു ആയുർവ്വേദ ആശുപത്രിയും തുടങ്ങുക. വിഷ ചികിത്സാ സൗകര്യം ലഭ്യമാക്കുക. |
| 2 | ഇല്ല | ഇല്ല | പനി, മഞ്ഞപ്പിത്തം, വയറിളക്കം, കോളറ, ദന്തരോഗങ്ങൾ, ചെങ്കണ്ണ്, അനീമിയ | | വാർഡിൽ ഒരു ഹെൽത്ത് സെൻറർ അനുവദിക്കുക. മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക. |
| 3 | ഇല്ല | ഇല്ല | പനി, വയറിളക്കം, മലേറിയ, ചെങ്കണ്ണ്, ചിക്കൻപോക്സ് ദന്തരോഗങ്ങൾ | ആരോഗ്യ ക്ലാസുകൾ നടക്കാറുണ്ട്. കുട്ടികൾക്ക് കുത്തിവയ്പ്പുകൾ നടത്താറുണ്ട്. | ചിറപ്പാടം ഭാഗത്ത് ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. |
| 4 | ഒരു ആയുർവ്വേദ ഹോസ്പിറ്റൽ ഉണ്ട് | ഇല്ല | വയറിളക്കം, പനി, ചെങ്കണ്ണ് | പ്രതിരോധ കുത്തിവയ്പുകൾ നടത്താറുണ്ട്. ആരോഗ്യ ക്ലാസുകൾ നടക്കാറില്ല. പ്രവർത്തനം കാര്യക്ഷമമല്ല. ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ല. | പ്രവർത്തനം കാര്യക്ഷമമാക്കുക. കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യം വദ്ധിപ്പിക്കുക. ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുക. മരുന്ന് നിർമ്മാണ യൂണിററ് സ്ഥാപിക്കുക. മാതൃ ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക. |

| | | | | | |
|---|---|---|---|---|---|
| 5 | ഒരു സബ്ബ് സെൻറർ ഉണ്ട് | ഇല്ല | പനി, വയറിളക്കം, ചെങ്കണ്ണ്, ദന്തരോഗങ്ങൾ | പ്രവർത്തനം ശരിയായി നടക്കുന്നില്ല. ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. സബ് സെൻററിലെ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. | സബ്ബ് സെൻററിൻെറ അററകുററപ്പണികൾ നടത്തുക. ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക. ഹോമിയോ ആശുപത്രിക്ക് സ്ഥലം നൽകാൻ സന്നദ്ധനായ വ്യക്തിയിൽനിന്നും സ്ഥലം ഏറ്റെടുത്ത് ഈ വാർഡിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക. |
| 6 | ഇല്ല | ഇല്ല | പനി, വയറിളക്കം, ഛർദ്ദി-അതിസാരം, ചെങ്കണ്ണ് | | വാർഡിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. |
| 7 | ഒരു കുടുംബക്ഷേമ കേന്ദ്രം പ്രവർത്തിക്കുന്നു | ഇല്ല | പനി, വയറിളക്കം, ചെങ്കണ്ണ്, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, മലേറിയ | പ്രവർത്തനം തൃപ്തികരമല്ല. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. | കുടുംബക്ഷേമ കേന്ദ്രത്തിലെ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമല്ല. അരയംകോട് ഒരു ആരോഗ്യകേന്ദ്രം അനുവദിക്കുക. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം അനുവദിക്കുക. |
| 8 | മണ്ണാർക്കാട് താലൂക്ക് ആശുപത്രി | | പനി, മഞ്ഞപ്പിത്തം, മലേറിയ, ചെങ്കണ്ണ്, വയറിളക്കം, പോഷകാഹാരക്കുറവ് | പ്രവർത്തനം തൃപ്തികരമല്ല. രക്തബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമല്ല. ഓപ്പറേഷന് ആവശ്യമായ ഉപകരണക്കുറവ്. ജീവനക്കാരുടെ കുറവും ഉള്ളവർ തന്നെ പ്രവർത്തനതൽപരരുമല്ല. ഈ ആശുപത്രിയിൽ കാൻസർ ചികിത്സക്കായുള്ള ഒരു പ്രത്യേക വാർഡ് ഇല്ല. | പ്രവർത്തനരഹിതമായ എക്സ്റേ യൂണിററ് പുനരുദ്ധരിക്കുക. രക്ത ബാങ്കിന് കെട്ടിടം അനുവദിക്കുക. ആധുനിക സജ്ജീകരണങ്ങളും അനുവദിക്കുക. 50 ബെഡ്ഡുകളും ഉള്ള ഒരു വാർഡ് നിർമ്മിക്കുക. ആശുപത്രിയിലെ പഴകിയതും കേടുവന്നതുമായ ഉപകരണങ്ങൾക്കു പകരം പുതിയവ അനുവദിക്കുക. കാൻസർ ചികിത്സക്കുള്ള പ്രത്യേക വാർഡ് നിർമ്മിക്കുക. ആവശ്യമുള്ള ഡോക്ടർമാർ, ജീവനക്കാർ എന്നിവരെ നിയമിക്കുക. പുതിയൊരു സേവന സംസ്കാരം വളർത്തിയെടുക്കാനുള്ള ബോധവല്ക്കരണം ജീവനക്കാരുടെ സംഘടനകൾ ഏറ്റെടുക്കുക. |
| 9 | ഇല്ല | ഇല്ല | പനി, വയറിളക്കം, ചെങ്കണ്ണ് മഞ്ഞപ്പിത്തം പ്രമേഹം | | ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. |
| 10 | ഇല്ല | ഇല്ല | പനി, പ്രമേഹം വയറിളക്കം മഞ്ഞപ്പിത്തം, ഛർദ്ദി-അതിസാരം | | കന്തിപ്പുഴ ഭാഗത്ത് ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക. |
| 11 | ഇല്ല | | പനി, ചെങ്കണ്ണ് പ്രമേഹം | | ഒരു കുടുംബക്ഷേമ കേന്ദ്രവും ഒരു ആയുർവ്വേദ ആശുപത്രിയും സ്ഥാപിക്കുക. |

| | | | | | |
|---|---|---|---|---|---|
| 12 | ഇല്ല | ഇല്ല | പനി, വയറിളക്കം, ചെങ്കണ്ണ്, വാതം, ചൊറി, ചിരങ്ങ് | | ഒരു പൊതുജനാരോഗ്യ കേന്ദ്രം അനുവദിക്കുക. |
| 13 | ഇല്ല | ഇല്ല | പനി, വയറിളക്കം, ചെങ്കണ്ണ് | | ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. അംഗനവാടികളിലൂടെ പോഷകാഹാരങ്ങൾ വിതരണം ചെയ്യുക. |
| 14 | ഇല്ല | ഇല്ല | പനി, വയറിളക്കം | | വാർഡിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിക്കുക. |
| 15 | ഒരു കുടുംബക്ഷേമ കേന്ദ്രം ഉണ്ട് | ഇല്ല | പനി, ചിക്കൻ പോക്സ്, പ്രമേഹം, ചെങ്കണ്ണ് | പ്രവർത്തനം തൃപ്തികരമല്ല. ആരോഗ്യക്ലാസുകൾ നടത്താറില്ല. പ്രതിരോധ കുത്തിവയ്പ്പ് നടത്താറുണ്ട്. | ആയുർവ്വേദം, ഹോമിയോ എന്നീ ഡിസ്പൻസറികൾ സ്ഥാപിക്കുക. ബോധവല്ക്കരണ ക്ലാസുകൾ നടത്തുക. പോഷകാഹാര വിതരണം നടത്തുക. ആരോഗ്യ പ്രവർത്തകർ വീട് സന്ദർശിക്കുക. |

മനുഷ്യന് ആരോഗ്യം എന്തിനേക്കാളും വിലപ്പെട്ടതായതുകൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഗൗരവപൂർണ്ണമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### കക്കൂസ്

സാംക്രമിക രോഗങ്ങളിലധികവും ശുചിത്വമില്ലായ്മയിൽനിന്നാണ് ഉടലെടുക്കുന്നത്. താഴ്ന്ന വരുമാനക്കാരായ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളിലും സ്വന്തമായി കക്കൂസുകൾ ഇല്ല. ഇത് ജലമലിനീകരണത്തിന് കാരണമായിത്തീരുന്നു. ഇത് തടയുന്നതിന് സ്വന്തമായി കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ചു നൽകുക എന്നതാണിതിനുള്ള പരിഹാര മാർഗ്ഗം. പഞ്ചായത്ത് ബസ്സ്റ്റാൻറിൽ ഒരു കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ മറ്റൊരിടത്തും ഇത്തരം പൊതു കക്കൂസുകൾ നിർമ്മിക്കപ്പെട്ടിട്ടില്ല.

| ശുചീകരണ ജോലിക്കാർ | മൂത്രപ്പുര | കക്കൂസ് | ശ്മശാനം | കുളിക്കടവ് |
|---|---|---|---|---|
| 5 | 1 | 1 | 2 | 1 |

ഗ്രാമ സഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും താഴെ കൊടുത്തിരിക്കുന്ന വിധം സംഗ്രഹിക്കാം.

| | പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗം |
|---|---|---|
| 1 | സാമ്പത്തിക പരാധീനത | സർക്കാർ സന്നദ്ധ സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2 | സ്ഥല പരിമിതി | കോളനികളും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇതു പരിഹരിക്കാവുന്നതാണ്. |
| 3 | ആവശ്യകത ബോധ്യപ്പെടായ്മ [ബോധവൽക്കരണത്തിൻെറ സ്വഭാവം] | ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനം വിപുലീകരിക്കുക. |

## പരിസര ശുചിത്വം:-

മണ്ണാർക്കാട്ട് പഞ്ചായത്തിൽ വളരെ പ്രധാന മായ ഒരു പ്രശ്നമാണ് പരിസര മലിനീകരണം. പൊതുവെ ഗോത്ര വർഗ്ഗക്കാരും ആദിവാസികളും കൂടുതലുള്ള ഒരു പഞ്ചായത്താണിത്. ഇവരിൽ ശുചിത്വപരമായ യാതൊരുവിധ ബോധവൽക്കര ണവും നാളിതുവരെ നടന്നിട്ടില്ല. അർപ്പണ ബോധ മുള്ള ഉദ്യോഗസ്ഥരുടെ അഭാവമാണിതിന് പ്രധാന കാരണം. പട്ടണപ്രദേശങ്ങളിൽ പരിസര ശുചിത്വം നടപ്പിൽ വരുത്താൻ പഞ്ചായത്ത് തലത്തിലുള്ള സംവിധാനം കാര്യക്ഷമമാക്കേണ്ടത് അത്യാവശ്യ മാണ്. പഞ്ചായത്തിൽ ശുചീകരണ പ്രവർത്തന ങ്ങൾക്കായി 5 ജീവനക്കാരും ഒരു ട്രാക്ടറും നിലവി ലുണ്ട്.

### ഗ്രാമസഭകളിൽ പ്രസ്തുത വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താം.

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| 1 | 1050 കുടുംബങ്ങൾ ഉള്ളതിൽ 850 കുടുംബ ങ്ങൾക്കും സ്വന്തമായി കക്കൂസില്ല. | സ്വന്തമായി കക്കൂസ് നിർമ്മിച്ചു നൽകുകയോ കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക. |
| | ജലമലിനീകരണം | കുന്തിപ്പുഴയിലെ മലിനീകരണം തടയേണ്ടതു് അത്യാ വശ്യമാണ്. |
| | കൊതുക നിയന്ത്രണം | കൊതുക നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക. |
| 2 | 1800 കുടുംബങ്ങളിൽ 1500 കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസില്ല. | സ്വന്തമായി കക്കൂസ് നിർമ്മിച്ച് നൽകുകയോ നിർ മ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയോ ചെയ്യുക. |
| | | പട്ടികജാതി – പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുക. |
| 3 | 1793 വീടുകൾ ഉള്ളതിൽ 550 വീടുകൾക്കും കക്കൂസുകൾ ഇല്ല. | കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക. |
| | | കൊതുക് നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കുക |
| 4 | ബസ്സ്റ്റോപ്പ്, കോളനി, സ്കൂൾ പരിസരം | ഇവിടങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക. |
| | | ഓട ശുചീകരിക്കുക. |
| 5 | കക്കൂസുകൾ നിർമ്മിക്കുക. | കക്കൂസില്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. |
| | | അഴുക്ക് ചാലുകൾ നിർമ്മിക്കുക |
| 6 | മണലടി, ആണ്ടിപ്പാടം, മുണ്ടക്കണ്ണി, കമ്പാരൻകുന്ന് | ഈ പ്രദേശങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് നിർമ്മിച്ചു കൊടുക്കുക |
| | | ജലമലിനീകരണം തടയുക |

| | | |
|---|---|---|
| 7 | വാർഡിൽ 200 വീടുകൾക്ക് കക്കൂസ് ഇല്ല | കക്കൂസ് ഇല്ലാത്തവർക്ക് നിർമ്മിച്ചു കൊടുക്കുക.<br>കക്കൂസിന്റെ അപര്യാപ്തതയിൽ യത്തീംഖാന പ്രദേശത്തെ ഓടകൾ വൃത്തിയാക്കാത്തതുകൊണ്ട് അഴുക്കുജലം കെട്ടിനിൽക്കാനും കൊതുകുശല്യം വർദ്ധിക്കാനും പരിസര മലിനീകരണത്തിനു കാരണമാകുന്നു. ഇതു പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. |
| | ശ്മശാനം ഇല്ല. | ബുദ്ധിമുട്ടുണ്ടാക്കുന്ന ഗുരുതരമായ പ്രശ്നമായതിനാൽ പൊതു ശ്മശാനം ഉണ്ടാക്കണം. |
| 8 | അഴുക്കുചാലുകൾ ഇല്ല. | ആൽത്തറ ജംഗ്ഷൻ മുതൽ ഓക്കാസ് തീയേറ്റർ വരെയും സി. പി ഐ ഓഫീസ് മുതൽ നെല്ലിപ്പുഴ വരെയും ആശുപത്രി മുതൽ റജിസ്ട്രാഫീസ് വരെയുള്ള അഴുക്കുചാലുകൾ വൃത്തിയാക്കുക.<br>മത്സ്യമാംസ മാർക്കറ്റിംഗ് സൗകര്യം വിപുലമാക്കുക. |
| 9 | കക്കൂസ് നിർമ്മാണം. | കക്കൂസില്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു നൽകുകയോ സഹായം നൽകുകയോ ചെയ്യുക. |
| | ഹരിജൻ ശ്മശാനം നിലനില്ക്കുന്നു. | ഇതിനു ചുറ്റുമതിൽ നിർമ്മിക്കുക. |
| 10 | മലിനീകരണം | ചപ്പുചവറുകൾ നീക്കം ചെയ്യുക. അഴുക്കുചാലുകൾ വൃത്തിയാക്കി സ്ലാബിട്ടു മൂടുക.<br>കക്കൂസില്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക. |
| 11 | 50% വീടുകൾക്ക് കക്കൂസ് ഇല്ല. | കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക |
| 12 | കക്കൂസിന്റെയും അഴുക്കുചാലിന്റെയും അഭാവം | കക്കൂസുകൾ നിർമ്മിച്ചു നൽകുക. അഴുക്കുചാലുകൾ ഇല്ലാത്ത സ്ഥലത്ത് നിർമ്മിച്ചു ജല മലിനീകരണം തടയുക. |
| 13 | മണ്ണാർക്കാട് ടൗണിൽനിന്നും അഴുക്ക ജലം വരുന്ന ടിപ്പുസുൽത്താൻ റോഡിലെയും തോരാപുരം റോഡിലെയും അഴുക്ക ജലം റോഡിൽക്കൂടി ഒഴുകുന്നു. | ആൽത്തറ ജംഗ്ഷൻ മുതൽ തോരാപുരം ഭാഗത്തേക്ക് പോകുന്ന റോഡിന്റെ പടിഞ്ഞാറു ഭാഗത്തുകൂടിയുള്ള അഴുക്കുചാൽ, വടക്കമണ്ണും ഭാഗത്തെ അഴുക്കുചാൽ എന്നിവ കോൺക്രീറ്റ് ചെയ്ത് സ്ലാബിട്ടുമൂടി റോഡ് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുക |
| | ചവറു വീപ്പകൾ ഇല്ലായ്മ. | കക്കൂസില്ലാത്തവർക്ക് നിർമ്മിച്ചു കൊടുക്കുക. ടൗണിന്റെ വിവിധ ഭാഗങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാൻ ചവറു വീപ്പകൾ സ്ഥാപിക്കുക. കൊതുക നിർമ്മാർജ്ജനം നടത്തുക. മത്സ്യമാംസ വിപണനത്തിനു പൊതു മാർക്കറ്റ് സ്ഥാപിക്കുക. മണ്ണാർക്കാട് ടൗണിലെ എല്ലാ ഭാഗത്തും ഇരുവശങ്ങളിലും സ്ലാബിട്ടുമൂടി ഫുട്ട് പാത്ത് സ്ഥാപിക്കുക. |

| | | |
|---|---|---|
| 14 | കോളനികളിലെ കക്കൂസ് അപര്യാപ്തത | കക്കൂസില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് നിർമ്മിച്ചു കൊടുക്കുക.<br>കൊതുക നിർമ്മാർജ്ജനം നടത്തുക. അഴുക്കുചാലുകൾ വൃത്തിയാക്കുക. |
| 15 | 60% വീടുകളിലും കക്കൂസ് ഇല്ല. | കക്കൂസ് നിർമ്മിച്ച് നൽകുക. ഹരിജനങ്ങൾക്ക് സൗജന്യമായി കക്കൂസ് അനുവദിക്കുക. |

## പഞ്ചായത്തുതലത്തിൽ പ്രാവർത്തിക മാക്കാവുന്ന നിർദ്ദേശങ്ങൾ

മണ്ണാർക്കാട്ട് ടൗണിലെ അഴുക്കുചാലുകളിൽ അഴുക്കു ജലം കെട്ടിനിന്ന് കൊതുക് വളരാനിടയാകുന്നു. മലമ്പനി മന്ത് തുടങ്ങിയ പകർച്ച രോഗങ്ങൾക്കും ഇടയാകുന്നു. മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കാതെ അഴുക്കുചാലുകൾ യഥാസമയം വൃത്തിയാക്കുക മലിനവസ്തുക്കൾ യഥാസമയം നീക്കം ചെയ്യുക. കൊതുക നിവാരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പുകാർ പ്രത്യേകം ശ്രദ്ധ ചെലുത്തുക.

ടൗണിലെ പ്രധാന ബസ്സ്റ്റോപ്പുകളിൽ മലമൂത്ര വിസർജ്ജനത്തിനുമുള്ള സൗകര്യം ഏർപ്പെടുത്തുക. പൊതു മത്സ്യമാംസ മാർക്കററ് നിർമ്മിക്കുകയും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിൻമേൽ മാത്രം ലൈസൻസനുവദിക്കുക ഇതു് പരിസര മലിനീകരണം തടയാൻ സഹായിക്കും. ശാസ്ത്രീയമായ അറവുശാലകൾ നിർമ്മിക്കുകയും മലിന വസ്തുക്കൾ സംസ്കരിക്കാൻ സ്ഥലം കണ്ടെത്തുകയും ചെയ്യുന്നതിലൂടെ പൊതുജനാരോഗ്യം സംരക്ഷിക്കാം.

ഹോട്ടലുകൾക്കും മററു ഭോജന ശാലകൾക്കും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിൻമേൽ മാത്രം ലൈസൻസ് നൽകുക. ശാസ്ത്രീയമായ വിധത്തിൽ കക്കൂസ് നിർമ്മിക്കുന്നതിലൂടെ പരിസര മലിനീകരണവും ജല മലിനീകരണവും തടയാം.

### യോഗകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും മാനസികാരോഗ്യത്തിനുതകുന്ന തരത്തിലുള്ള യോഗ പരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

### പൊതു ശ്മശാനം

ഏഴാം വാർഡിലും ശ്മശാനം ഇല്ലാത്ത മററു വാർഡുകളിലും പൊതു ശ്മശാനം നിർമ്മിക്കുക.

### ഇലക്ട്രിക് ശ്മശാനം

മണ്ണാർക്കാട്ട് കുന്തിപ്പുഴയുടെ ആറാട്ട കടവു പരിസരത്തും ശവം മറവു ചെയ്യുന്നതും ദഹിപ്പിക്കുന്നതും മൂലം കുന്തിപ്പുഴയിലെ ജലം മലിനമാകുന്നു ഇതിന് ശാശ്വതമായ ഒരു പരിഹാരം എന്നോണം മണ്ണാർക്കാട്ട് പരിസരത്തു് ഒരു ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. 13, 2 എന്നീ വാർഡിൽനിന്നും ഇതേ നിർദ്ദേശം ഉയർന്നിട്ടുണ്ട്.

### വൃദ്ധകേന്ദ്രം

സമൂഹത്തിലെ അവശത അനുഭവിക്കുന്ന ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന ജന വിഭാഗങ്ങൾക്ക് ആവശ്യമായ സേവനം ലഭിക്കുന്നതിനായി ഒരു വൃദ്ധ മന്ദിരം നിർമ്മിക്കേണ്ടതാണ്, ഇവരെ സംരക്ഷിക്കുന്നതിൽ പരിശീലനംനേടിയ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക. സന്നദ്ധ സംഘടനകളുടെ സഹായം ഉറപ്പു വരുത്തുക.

### ഹെൽത്ത് കാർഡ് സംവിധാനം

ഈ സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ചികിത്സക്കായി എത്തുന്ന വ്യക്തികളുടെ മുൻ ആരോഗ്യനിലയെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതുമൂലം രോഗനിർണ്ണയം എളുപ്പമാകുകയും കുററമററതാക്കിതീർക്കാനും സാധിക്കും. ആരോഗ്യ പ്രവർത്തകരേയും സന്നദ്ധ സംഘടനകളേയും കൂട്ടുപിടിച്ച് ഇതു് നടപ്പിലാക്കാം.

### പാരമ്പര്യ വൈദ്യശാല

പാരമ്പര്യ വൈദ്യരംഗത്ത് പ്രവർത്തിക്കുന്നവരെ ഏകോപിപ്പിച്ച സഹകരണാടിസ്ഥാനത്തിൽ ഒരു പാരമ്പര്യ വൈദ്യശാല മണ്ണാർക്കാട്ട് സ്ഥാപിക്കുകയാണെങ്കിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആയുർവ്വേദ ചികിത്സാ രഹസ്യങ്ങളിൽ പലതിനേയും പുനരുജ്ജീവിപ്പിക്കാൻ കഴിയും. ആരോഗ്യരംഗത്ത് ഗുണകരമായ മാററങ്ങൾക്ക് ഒരു മുതൽക്കൂട്ടാകുകയും ചെയ്യും

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യത്തിന്റെ ഹാനികരമാകുന്ന തരത്തിലുള്ള പുകവലി, അശ്ലീല സിനിമാ പ്രദർശനം, മദ്യപാനം എന്നീ പ്രവണതകൾ ബോധവല്ക്കരണ പ്രവർത്തനങ്ങളിലൂടെ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്. നേത്രദാനം, രക്തദാനം തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്തു തലത്തിൽ കൂട്ടായ പ്രവർത്തനത്തിലൂടെ ആരോഗ്യ രംഗത്തെ വിദഗ്ദരുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടത്തേണ്ടതും അത്യാവശ്യമാണ്.

# ഗതാഗതം, ഊർജ്ജം, മാർക്കററ്

## ഗതാഗതം

ഗതാഗതം ഒരു നാടിന്റെ സാംസ്കാരിക സാമ്പത്തിക, സാമൂഹിക പുരോഗതിയുടെ അളവുകോലായി ഈ ആധുനിക യുഗത്തിൽ കണക്കാക്കപ്പെടുന്നു. ഗതാഗത സൗകര്യങ്ങളുടെ വികൃത നാടിന്റെ പ്രധാന ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പോകുന്ന ടാറിട്ടതും അല്ലാത്തതുമായ നഗരത്തിലെയും നാട്ടിൻപുറങ്ങളിലെയും റോഡുകൾ അന്നാട്ടിലെ മനുഷ്യരുടെ വളർച്ചയുടെ പ്രതീകമാണ്. നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കോഴിക്കോട് – മദിരാശി ട്രങ്ക് റോഡ് ഇതിന്റെ പ്രതീകമാണ്. നെല്ലിപ്പുഴയിൽ നിന്നും അട്ടപ്പാടിയിലേക്ക് പോകുന്ന ചിന്നത്തടാകം റോഡ് നാടിന്റെ ഇരുണ്ട മേഖലകളിലേക്ക് വെളിച്ചം വീശാൻ ഉതകുന്നതാണ്. മണ്ണാർക്കാട്–തത്തേങ്ങലം റോഡ് സഫലമാകാതെ പോയ സൈലന്റ് വാലി ജലവൈദ്യുത പദ്ധതി പ്രദേശത്തേക്കുള്ളതാണ്. കാട്ടിലത്താണി – ഞെട്ടരക്കടവ് റോഡ് നഗരത്തേയും ഗ്രാമത്തേയും ബന്ധിപ്പിക്കുന്നു. പഞ്ചായത്തിലെ ടാറിട്ടതും, കല്ലുപതിച്ചതും മണ്ണിട്ടവയും അല്ലാത്തതുമായ റോഡുകൾ ഉൾനാടൻ പ്രദേശങ്ങളെ മെയിൻ റോഡുകളുമായി ബന്ധിപ്പിക്കുന്നു.

1962–ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ മദ്രാസ് – കാലിക്കററ് റോഡും, മണ്ണാർക്കാട് – അട്ടപ്പാടി ചിന്നത്തടാകം റോഡും മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു നാടിന്റെ വികസനം ആ നാടിന്റെ ഗതാഗത സൗകര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നതിനാൽ പൊതു ഫണ്ടും ജനപങ്കാളിത്തവും ഗതാഗത സൗകര്യങ്ങളുടെ വർദ്ധനവിന്ന് ആക്കം കൂട്ടി.

മണ്ണാർക്കാട് പഞ്ചായത്തിന്റെ ജില്ലാ കേന്ദ്രമായ പാലക്കാടിന്റെ സമീപ പ്രദേശമായ ഒലവക്കോടിൽകൂടി റെയിൽപാത കടന്നുപോകുന്നു. വന വിഭവങ്ങൾ നാണ്യ വിളകളും, കാർഷിക വിളകളും എളുപ്പം മററു സ്ഥലങ്ങളിലേക്കെത്തിക്കാൻ റെയിൽ സൗകര്യം ആവശ്യമാണ്. യാത്രാ സൗകര്യം വർദ്ധിപ്പിക്കുവാനും സമയം ലാഭിക്കാനുമുള്ള എളുപ്പവഴിയുമാണിത്. വനസമ്പത്ത് ഉണ്ടായിരുന്നപ്പോൾ മണ്ണാർക്കാട്ടിലെ ജനങ്ങൾ ഈ ആവശ്യം ഉന്നയിച്ചിരുന്നു എന്നാൽ ഗ്രാമസഭകളിലൊന്നും ഈ ആവശ്യം ഉയർന്നു കണ്ടില്ല

പഞ്ചായത്തിൽ ഗതാഗത യോഗ്യമായ ആകെ റോഡ് 181 70 കിലോമീററർ ആണ് ഒരു ചതുരശ്ര കിലോ മീററർ വിസ്തീർണ്ണത്തിന് ശരാശരി 361 കിലോ മീററർ ആണ്. സംസ്ഥാന ശരാശരി 3.2 കിലോ മീറററിൽനിന്നും ഏറെ ഉയന്നിട്ടില്ല. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 56.70 കിലോമീറററാണ് ഇതിൽനിന്നും ഒരു ചതുരശ്ര കിലോമീററർ വിസ്തീർണ്ണത്തിന് 1 13 കി. മീ താഴെ റോഡുള്ള ഏകദേശം 45442ഓളം ജനസംഖ്യയുള്ള നാട്ടിൽ ടാറിട്ട റോഡിന്റെ നീളവും വീതിയും വിശകലനം ചെയ്യുമ്പോൾ ഒരാൾക്ക് 1.25 മീററർ ടാർ റോഡ് മാത്രമേയുള്ള എന്ന് കാണാം. മണ്ണാർക്കാട് പഞ്ചായത്തിന്റേതായി ഒരു ബസ് സ്റ്റാന്റും പോലീസ് നിയമമനുസരിച്ച് അഞ്ച് ഓട്ടോ സ്ററാന്റും മൂന്ന് ടാക്സി സ്റ്റാന്റും ഉണ്ട് മണ്ണാർക്കാട്–പാലക്കാട് മണ്ണാർക്കാട്. കോഴിക്കോട്. മണ്ണാർക്കാട്–അട്ടപ്പാടി ആനക്കട്ടി–തൃശ്ശൂർ എന്നീ പ്രധാന റൂട്ടുകളടക്കം വിവിധ ഭാഗങ്ങളിലേക്ക് നൂററിതൊണ്ണൂററി അഞ്ച് ബസുകൾ സർവ്വീസ് നടത്തുന്നു കൂടാതെ ട്രക്കർ, ജീപ്പ്, കാർ എന്നിവയും ദീർഘ ദൂരയാത്രക്ക് സർവ്വീസ് നടത്തുന്നു.

റോഡുകളുടെ എണ്ണവും, നീളവും മോശമല്ലെങ്കിലും ഭൂപ്രകൃതിയും, മഴയുടെ കാഠിന്യവുമനുസരിച്ച് അവ തോടുകളും ചളിക്കുണ്ടുകളുമായിത്തീരാറുണ്ട്. പല റോഡുകളുടേയും അവസ്ഥ വളരെ ശോചനീയമാണ്. കൊല്ലങ്ങളോളം അററകുററ പണികൾ നടത്താതെയുള്ള റോഡുകളുമുണ്ട്. ചിലവക്ക് ഓവുചാലുകളില്ല. കലുങ്കുകൾ ഇല്ല. ഫണ്ടില്ലാത്ത കാരണം വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഏതാണ്ട് 46000ത്തോളം ജനസംഖ്യ വരുന്ന മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിലെ ഗ്രാമങ്ങളിലേക്കുള്ള പല റോഡുകളും ഇന്നും ചെമ്മൺപാതയാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന്നും കാർഷിക വിഭവങ്ങൾ മാർക്കററിലെത്തിക്കുന്നതിന്നും നല്ല റോഡുകളുടെ അഭാവം ശോചനീയമായി തുടരുകയാണ്. ഇതുമൂലം സാർവ്വത്രിക വിദ്യാഭ്യാസംപോലും പലർക്കും ലഭിക്കാതെ പോകുന്നു. പത്തു കിലോമീറററോളം നടന്നു പോകേണ്ട ബുദ്ധിമുട്ടും നമ്മുടെ ഉൾനാടുകളിലുണ്ട് ചില സ്കൂളുകളിലേക്ക് മഴക്കാലത്ത് കുട്ടികൾക്ക് പോകാൻപോലും കഴിയുന്നില്ല.

## പ്രശ്നങ്ങൾ

### I *റോഡ് നിർമ്മാണം*

### I *ടാർ റോഡുകളുടെ പ്രശ്നങ്ങൾ*

റോഡുകൾ അധികവും ടാർ ചെയ്യാത്തവയാണ്. ചെയ്തവതന്നെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ആവശ്യമുള്ള റോഡുകളുടെ നീണ്ട പട്ടികകളാണ്. ജല അതോറിററിയും—ടെലിഫോൺ ഡിപ്പാർട്ട്മെന്റും അവരുടെ ആവശ്യങ്ങൾക്ക് ചാലുകളും കുഴികളും

ഉണ്ടാക്കിയാൽ അത് യഥാകാലം റിപ്പേർ ചെയ്യാറില്ല. വാഹനങ്ങളുടെ എണ്ണപ്പെരുപ്പത്തിനനുസരിച്ച് ഗുണനിലവാരം പുലർത്തുന്നവയല്ല. ഈ റോഡുകൾ. അപകടകാരികളായ വളവുകൾ മെയിൻ റോഡുകളിൽ പോലും ഉണ്ട്. പല റോഡുകളും വീതി കുറഞ്ഞതാണ്. അഴുക്ക ചാലുകളില്ല ഉള്ളവ റിപ്പേർ ചെയ്യുന്നില്ല. ഗതാഗതയോഗ്യമായ റോഡുകൾക്ക് ഇരുവശവും നടപ്പാതയില്ല പല ഭാഗത്തും റോഡുകളിൽ ഉയർച്ച താഴ്ചയുണ്ട് ചില ഭാഗങ്ങളിൽ റോഡുകളിലേക്ക് വീടുകളിൽനിന്ന് വെള്ളം വരുന്നുണ്ട്.

## II പുതിയ റോഡുകൾ

മണ്ണാർക്കാട് ബൈപാസ് റോഡ് ഉടൻ ആരംഭിക്കണമെന്ന ആവശ്യം 7, 8, 9 ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. നായാടിക്കുന്ന് ടിപ്പു സുൽത്താൻ റോഡ് ബൈപാസ് റോഡ് ആക്കണമെന്ന് ആ ഭാഗങ്ങളിലെ ജനങ്ങൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

M. L. A. ബൈപാസ് റോഡ് ഉടൻ പണി തുടങ്ങുകയും ടാറിട്ട് സഞ്ചാരയോഗ്യമാക്കി റിംഗ് ടൌൺ ബസ് സർവ്വീസ് ആരംഭിക്കാവുന്നതാണ്. ശിവൻകുന്ന്-വടക്കുമണ്ണം എന്നീ പ്രദേശങ്ങളുടെ വികസനത്തിന് അടുത്ത കാലത്തു് പരീക്ഷണാർത്ഥം ഉപയോഗിച്ചിരുന്നതും ഇപ്പോൾ നിർത്തലാക്കിയതുമായ വൺവേ സമ്പ്രദായം സഹായിക്കും. ഈ പ്രദേശങ്ങളിലെ വികസനത്തിനും ജനങ്ങളുടെ പുരോഗതിക്കും ടൌണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും ബൈപാസ് റോഡുകൾ സഹായിക്കും. കൂടാതെ മിനി ബസ്സുകളും ടാക്സികളും ആ വഴി ഓടാവുന്നതാണ്. പുതിയ റോഡുകൾക്ക് വേണ്ടിയുള്ള നീണ്ട പട്ടികകൾതന്നെ ഗ്രാമസഭകൾ സമർപ്പിച്ചിട്ടുണ്ട്.

## III മെററൽ റോഡുകളുടെയും മൺ റോഡുകളുടെയും ശോചനീയാവസ്ഥ

നിലവിലുള്ള റോഡുകളെപ്പററി ഗ്രാമസഭകളിൽ ധാരാളം പരാതികൾ ഉണ്ടായിരുന്നു. ഇവയെല്ലാം ഉടനെ അററകുററപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കണം എന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. മെററൽ ചെയ്യണമെന്നും, ടാറിടണമെന്നും, റിപ്പേർ ചെയ്യണമെന്നും നിർദ്ദേശങ്ങൾ പലതുണ്ട്. പല വാർഡുകളിലേയും റോഡുകൾ പൊട്ടിപ്പിളർന്ന് കിടക്കുന്നുണ്ട്. ഇവയുടെ ലിസ്റ്റ് പട്ടിക 2ൽ കൊടുത്തിരിക്കുന്നു

## IV പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ അധികവും ഇടവഴികൾ മൺറോഡാക്കി മാററാനും പാടങ്ങളിലൂടെ റോഡുകൾ ഉണ്ടാക്കാവുന്നതുമാണ്. റോഡില്ലാത്ത സ്ഥലങ്ങളിൽ മൺറോഡുകൾ വെട്ടാനും ആവശ്യം ഉന്നയിച്ചിട്ടുണ്ട് ചില സ്ഥലങ്ങളിൽ മലയോരപ്രദേശങ്ങളിലൂടെയും റോഡുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ റോഡുകളുടെ പട്ടിക 3ൽ കൊടുക്കുന്നു.

## V റോഡ് ശൃംഖലകൾ ഉയർത്തുന്ന പ്രശ്നങ്ങൾ

റോഡ് ശൃംഖലകൾ വ്യാപിക്കുന്നതിനനുസരിച്ച് നാടിന്റെ പുരോഗതിയുണ്ടാവും എന്നതിന് സംശയമില്ല പക്ഷേ പ്രശ്നങ്ങളും ഇതു കാരണം ഉണ്ടാവും. ചില സ്ഥലങ്ങളിൽ മരംമുറിക്കേണ്ടി വരും. ഉയർന്ന പറമ്പുകളിലെ മണ്ണിടിഞ്ഞ് ഒലിച്ചു പോകും. താഴ്ന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് മൺറോഡ് വയലിലേക്ക് ഒഴുകിപ്പോകും. മണ്ണ് റോഡുകൾ വെള്ളത്തിന്റെ ഒഴുക്കിനെ തടയുകയും ചെയ്യും. അത്തരം റോഡുകൾ മഴക്കാലത്ത് ഗതാഗതയോഗ്യമല്ലാതാകും.

# സാദ്ധ്യതകൾ

## I റോഡ് ഗതാഗതം

ഗ്രാമ സഭകളിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാദ്ധ്യതകൾ തെളിഞ്ഞുവരുന്നു.

1) ഗതാഗത തിരക്കുള്ള റോഡുകളിൽ പ്രത്യേകിച്ചു് മദ്രാസ്-കാലിക്കററ് റോഡിൽ വളവുകളും കുത്തനെയുള്ള ഇറക്കങ്ങളും വളരെ അപകടങ്ങൾക്ക് കാരണമാവുന്നു. കല്ലടി കോളേജ് ഇറക്കം, കോടതിപ്പടി ഇറക്കം, നമ്പിയൻകുന്ന് വളവ് (കുന്തിപ്പുഴ), കെ ടി. എം. ഹൈസ്കൂൾ ജംഗ്ഷൻ ഇറക്കം, പോലീസ് സ്റ്റേഷൻ പരിസരത്തുള്ള വളവ് എല്ലാം അപകട സാദ്ധ്യതയുള്ള മേഖലകളാണ്. ഇവ പരിഹരിക്കപ്പെടേണ്ടതാണ്.

2) റോഡിന്റെ രണ്ടുവശവും വീതികുറഞ്ഞതായ്കയാൽ അപകടങ്ങൾ ഉണ്ടാവുന്നുണ്ട്. മണ്ണാർക്കാട് ടൗൺ മുതൽ കോടതിപ്പടിവരെ ഇത് പ്രശ്നങ്ങളുണ്ടാക്കുന്നു

3) റോഡരുകുകളിൽ ഉടനീളം നടപ്പാതകൾ നിർമ്മിക്കുക, കൈയേററപ്പെട്ട റോഡ് പുറമ്പോക്കുകൾ ഒഴിപ്പിക്കുക, അനധികൃത നിർമ്മാണങ്ങൾ ഒഴിപ്പിക്കുക, ഇലക്ട്രിക് പോസ്റ്റുകൾ ടെലഫോൺ പോസ്റ്റുകൾ, എന്നിവ റോഡിന്റെ സൈഡിലേക്ക മാററുക, ബാക്കിയുള്ള സ്ഥലം മുഴവൻ റോഡാക്കി ടാർ ചെയ്യുക എന്നീ കാര്യങ്ങൾ റോഡ് ഗതാഗതം സുഗമമാക്കും.

ഇരുവശത്തുമുള്ള അഴുക്കുചാലുകൾ കോൺക്രീററ് ചെയ്ത് സ്ലാബിട്ട് മൂടിയാൽ നടപ്പാത ഉണ്ടാക്കാൻ എളുപ്പമാകും.

### 4) പുതിയറോഡ്

7,8,9 എന്നീ വാർഡുകളിലൂടെ റോഡ് വന്നാൽ ശിവൻകുന്ന്, വടക്കമണ്ണ എന്നീ പ്രദേശങ്ങളുടെ വികസനത്തിന് സഹായമാകും. ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ പുരോഗതിയും ടൗണിലെ ഗതാഗത കരുക്ക് ഒഴിവാകുകയും ചെയ്യും. ഈ വഴിക്ക് ബസ്സുകളും, മിനി ബസ്സുകളും ഓടിക്കാവുന്നതാണ്. നായാടിക്കുന്ന്–ടിപ്പുസുൽത്താൻ റോഡ് ടാർ ചെയ്ത് ബന്ധിപ്പിക്കുകയാണെങ്കിൽ ടാക്സികളും മററും ആ വഴി വിടാവുന്നതാണ്.

5) നായാടിക്കുന്ന്–ടിപ്പു സുൽത്താൻ റോഡിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുക. M. L. A ബൈപാസ് റോഡ് ഉടൻ പണി തുടങ്ങുകയും ടാറിട്ട് സഞ്ചാരയോഗ്യമാക്കുകയും ഏററവും ചിലവു കുറഞ്ഞതും, വേഗത്തിൽ നടത്താവുന്നതും അടുത്ത കാലത്തു് പരീക്ഷണാർത്ഥം ഉപയോഗിച്ചിരുന്നതുമായ ബൈപാസ് റോഡും ഉടൻ പണി പൂർത്തിയാക്കുകയും മണ്ണാർക്കാട് അങ്ങാടിയിലെ ഗതാഗത കുരുക്ക് ഒഴിവാക്കുകയും ടാറിട്ട് സഞ്ചാരയോഗ്യമാക്കി റിംഗ് ടൌൺ ബസ് സർവ്വീസ് ആരംഭിക്കുകയും ടൌണിലൂടെ പോവേണ്ടാത്ത വാഹനങ്ങളെ ഈ റോഡുകളിലൂടെ തിരിച്ചുവിടാവുന്നതുമാണ്.

6) ആറാം വാർഡ് തിട്ടിൻപുറം നിവാസികൾക്ക് പ്രാഥമിക സൌകര്യത്തിന് വളരെ വിഷമമാണ്. ആണ്ടിപ്പാടം തിട്ടുമ്മൽ റോഡിന്റെ പാലം പണി കഴിപ്പിച്ച് യാത്രാ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണം. ആനമൂളി കുനാൽ റോഡിന്റെ അമ്പലംകുന്ന് ഭാഗത്ത് പാലം പണിയുക. പുഞ്ചക്കോട് മേലാമുറി പൊട്ടിത്തോടിന്ന് പാലം നിർമ്മിക്കുക മെഴുകുംപാറ പൊട്ടിക്ക് പാലം പണിയുക. മെഴുകുംപാറ ഒിച്ചുഭൂമി പൊട്ടിക്ക് ഒരു ക്രോസ്‌വേ നിർമ്മിക്കുക ചേറുംകുള –കരിമൺകുന്ന് ഭാഗത്തുള്ള പൊട്ടിക്ക് പാലം പണിയുക. ഗോവിന്ദൻകടവിൽ നടപ്പാലം പണിയുകയും ചീർപ്പിടുകയും, മെഴുകുംപാറ–മേലാമുറി പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പൊട്ടിക്ക് പാലം പണിയുക തെങ്കര കോൽപ്പാടം റോഡിൽ നിലവിലുള്ള ഓവുപാലം പൊളിച്ച് തൽസ്ഥാനത്ത് സ്ലാബിടുക. നിലവിലുള്ള അവസ്ഥയിൽ ചെറിയൊരു മഴ പെയ്താൽപോലും പാലത്തിന് മേൽവശമുള്ള കൃഷി മുഴുവൻ വെള്ളത്തിലാണ്ടുപോകുന്നു. അതിന് കാരണം മേൽ ഭാഗത്തുനിന്നും തോട്ടിലൂടെ വരുന്ന വെള്ളം ഉൾക്കൊള്ളാൻ ഓവുകൾക്കാവുന്നില്ല എന്നതാണ്. മുതുവല്ലി–കോൽപ്പാടം തോടിന്ന് പാലംപണിയുക, വട്ടപ്പറമ്പ്–കോൽപ്പാടം റോഡിൽ ചെറുതും വലുതുമായ മൂന്ന് തോടുകൾക്ക് പാലം പണിയുക, കയനിക്കോട്–കോൽപ്പാടം കനാലിന് വീതിയുള്ള പാലം പണിയുക, വട്ടപ്പറമ്പ് മുതുവല്ലി തോടിന്ന് പാലം പണിയുക, മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ പൊതു ശ്മശാനത്തിനടുത്തുള്ള പൊട്ടിക്ക് പാലം പണിയുക, ചേലേങ്ങര–കൊന്നക്കോട് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കനാലിന് പാലം പണിയുക, മണ്ണാർക്കാട്–കോങ്ങാട്–ടിപ്പുസുൽത്താൻ റോഡിൽ മുക്കണ്ണം കടവിലുള്ള പാലം പണി പൂർത്തിയാക്കുക.

7) ബസ് സർവ്വീസ് ഉണ്ടായിരുന്നിട്ടും പിന്നീട് നിലച്ചുപോയ പ്രദേശങ്ങളായ കൈതച്ചിറ വടക്കമണ്ണ വൺവേ തുടങ്ങിയ സ്ഥലങ്ങളിൽ ആ റൂട്ടുകൾ അനുവദിപ്പിക്കേണ്ടതാണ്.

8) മുക്കണ്ണം പാലത്തിന്റെ പണി എത്രയും വേഗം നടപ്പിലാക്കുക. ഇപ്പോൾ നിലവിലുള്ള പാലം അപകടകരമാണ്.

9) മുമ്പുണ്ടായിരുന്ന കെ. എസ്. ആർ. ററി. സി. ബസുകൾ പുനരാരംഭിക്കണം. പുതിയതായി പാറപ്പുറം തോരാപുരം റൂട്ടിൽ കെ. എസ്. ആർ. ററി. സി. സ്റ്റാൻറ് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

10) കല്ലുംപൊട്ടി, മാസപ്പറമ്പ്, മെഴുകുംപാറ മിച്ചഭൂമി, പൊട്ടി, മേലാമുറി, ചേറുംകുളം കിളക്കം തോട്, ചേറുംകുളം പൊട്ടി, ഒലിപ്പാറച്ചിറ, നരിയകോട് മേലാമുറി മനിക്കണ്ട്, മുത്തശ്ശി പൊട്ടി, കായ്ക്കറി പൊട്ടി അരയങ്ങോട് പടിഞ്ഞാറെക്കര കൈതച്ചിറ ഹരിജൻ കോളനി നെല്ലിപ്പുഴ ശ്മശാനം തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാലം നിർമ്മിക്കുകയും ആ ഭാഗങ്ങളിലെ യാത്ര സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

11) പ്രധാന ബസ്‌സ്റ്റോപ്പുകളിൽ ആനമൂളി–പള്ളിപ്പടി പിറപ്പാടം കുനാൽ ജംഗ്ഷൻ തെങ്കര ടൗൺ, മണ്ണാർക്കാട് ടൗൺ കുന്തിപ്പുഴ ഭാഗം തുടങ്ങിയ സ്ഥലങ്ങളിൽ ബസ്സ് വെയിററിംഗ് ഷെഡ് സ്ഥാപിക്കുക.

## II മെററൽ റോഡുകളും പ്രധാന മൺ റോഡുകളും

### ടാർ ചെയ്യേണ്ട മെററൽ റോഡുകൾ

ടാർ ചെയ്യേണ്ട മെററൽ റോഡുകളുടെ പട്ടിക രണ്ടിൽ കൊടുക്കുന്നു. മെററൽ റോഡുകൾ ടാർ ചെയ്യേണ്ടതു് അടിയന്തിരമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

## III റോഡ് വികസനം

ഫണ്ട് മുഴുവനും ചിലവഴിച്ചാലും വേണ്ടത്ര റോഡുകൾ ഉണ്ടാവാറില്ല. ഉള്ളവയെപ്പററി വസ്തുനിഷ്ഠമായ കണക്കുകളും ഇല്ല.

### 1. വിവിധതരം റോഡുകൾ

റോഡെന്ന് പറയണമെങ്കിൽ ചുരുങ്ങിയതു് വഴിക്ക് പത്തടി വീതിയെങ്കിലും ഉണ്ടാവണം.

വീതിയുടെ അടിസ്ഥാനത്തിലായിരിക്കണം റോഡു കളെ തരംതിരിക്കുന്നത്. റോഡെന്നാൽ ടാറിട്ടതും, മെററൽ ചെയ്തതും, കോൺക്രീററ് ചെയ്തതും, മണ്ണു കൊണ്ടു് ഉണ്ടാക്കിയതുമാവാം.

## 2. റോഡ് പട്ടികകൾ

പഞ്ചായത്ത് റിക്കാർഡിൽ റോഡിന്റെ വീതി കൂടി നിർമ്മാണ ചിലവിന്ന് കണക്കിലെടുക്കേണ്ടതു കൊണ്ട് ഈ വിവരം കൂടി റോഡ് റജിസ്റ്ററിൽ കാണി ക്കുന്നതു് നന്നായിരിക്കും. പഞ്ചായത്ത് റജിസ്റ്ററിൽ P. W. D. റോഡ്, പഞ്ചായത്ത് ടാർ റോഡ്, മണ്ണ് റോഡ്, മെററൽ റോഡ്, കോൺക്രീററ് റോ ഡ്, എന്നിവ കാണിക്കുന്ന ഒരു പട്ടിക സൂക്ഷിക്കേ ണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ റോഡു കൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് ഇതു് രേഖ പ്പെടുത്തണം. ഇതിന് കോഡുകൾ ഉപയോഗിക്കാ വുന്നതാണ്. ഈ പട്ടിക വർഷംതോറും പുതുക്കേണ്ട താണ്.

## IV പരിസ്ഥിതി പ്രശ്നങ്ങളും സാദ്ധ്യതകളും

റോഡുകൾ ഉണ്ടാക്കുമ്പോൾ മരം വെട്ടേണ്ടി വന്നാൽ നിർമ്മിച്ച റോഡിന്റെ പാർശ്വങ്ങളിൽ മര ങ്ങൾ നടണമെന്ന് നിർബ്ബന്ധിക്കാം. പഞ്ചായ ത്തിന് വേണമെങ്കിൽ ഇതു് ഒരു വ്യവസ്ഥയായി ജനകീയ സമിതികളോട് ആവശ്യപ്പെടാം. മണ്ണൊ ലിപ്പും വെള്ളംകെട്ടിനില്ക്കുന്നതും തടയാൻ കാനകളും കലുങ്കുകളും നിർമ്മിക്കുകയും രണ്ടു ഭാഗത്തും സംരക്ഷണ ഭിത്തികൾ കെട്ടുകയും വേണം. അഴുക്കുചാലും കലു ങ്കുകളും പാർശ്വഭിത്തികളും വേണ്ടിടത്ത് റോഡിന് 12 അടി വീതിയെങ്കിലും നല്ലതാണ്. താഴ്ന്ന സ്ഥലങ്ങളിൽകൂടിയും, പാടത്തുകൂടിയുംഉള്ള മൺ റോഡുകളിൽ ഒരടി കനമുള്ള കരിങ്കല്ല് പാവുന്നത് ഓടകളും പാർശ്വഭിത്തികളും നിർമ്മിക്കുന്നതിനുള്ള ചിലവ് കുറക്കാനുതകും. ഇടക്കിടെയുള്ള അററകുററ പണികളും ഒഴിവാക്കാം. ഈ നിർദ്ദേശങ്ങൾ വിദഗ്ദ്ധ രുടെ പരിഗണനക്ക് വിധേയമാക്കാവുന്നതാണ്.

## V മൺ റോഡുകളുടെ വികസനവും, നിർമ്മാണവും

അററകുററ പണികൾക്കായി നിർദ്ദേശിക്കപ്പെട്ട എല്ലാ റോഡുകളും ഉടനെ നേരെയാക്കേണ്ടതാണ്. ഫണ്ട് ലഭിക്കുന്ന മുറക്ക് പട്ടികകളിൽ കാണിച്ചി ട്ടുള്ള റോഡുകൾ നിർമ്മിക്കേണ്ടതാണ്. പൊതു ഫണ്ടുകളിൽനിന്ന് വാർഡുകളിൽ ചിലവഴിക്കുന്ന തുക വാർഡുകളിലെ ജനസംഖ്യക്ക് അനുപാതിക മായിട്ടായിരിക്കണം.

## VI ജനകീയ പദ്ധതിയും ജനശക്തിയും

റോഡ് വികസനത്തിൽ ജനശക്തിയെ കൈ മുതലാക്കേണ്ടതാണ്. ശ്രമദാനംവഴി പുതിയ റോഡു കൾ ഉണ്ടാക്കാൻ കഴിയണം. പഞ്ചായത്തിന്റെ പരി മിതമായ ധനശേഷികൊണ്ട് ഭീമമായ ചിലവുള്ള റോഡുനിർമ്മാണം എളുപ്പമാകില്ല. ചിലവിന്റെ മൂന്നിൽ ഒരു ഭാഗമെങ്കിലും ശ്രമദാനമായും പൊതുസം ഭാവനയായും സമാഹരിക്കാം. സാമ്പത്തികമായും ശാരീരികമായുമുള്ള വിഭവ സമാഹരണത്തിന് ചില ഗ്രാമ സഭകൾ സന്നദ്ധരാണെന്ന് ഉറപ്പ് നൽകിട്ടുണ്ട് ചില സ്ഥലങ്ങളിൽ മൺറോഡുകൾ ജന പങ്കാളിത്ത ത്തോടെ തന്നെ നിർമ്മിച്ചിട്ടുണ്ട്. ജനപങ്കാളിത്ത ത്തോടെ വെട്ടുന്ന റോഡുകൾ പഞ്ചായത്ത് ഏറെറടു ക്കുകയും ടാർ ചെയ്യുകയുമാണെങ്കിൽ റോഡ് ശൃംഖല ഉയർത്താനും ജനശക്തി ഉറപ്പുവരുത്താനും കഴിയും. കൂടാതെ ജന പങ്കാളിത്തത്തോടൊപ്പം ജനപ്രതിനി ധികളുടെ പങ്കാളിത്തവും അത്യന്താപേക്ഷിതമാണ്. ജനപ്രതിനിധികളുടെ വിലപ്പെട്ട സേവനം ഉണ്ടെ ങ്കിൽ മാത്രമേ പഞ്ചായത്തിന് നിലനിൽക്കാൻ കഴി യുകയുള്ള. പഞ്ചായത്തും, ജനപ്രതിനിധികളും ജന കീയ സംഘടനകളും ഉണ്ടെങ്കിൽ മാത്രമേ നാടിന് പുരോഗതിയുണ്ടാവൂ. ഇതൊന്നും ഇല്ലെങ്കിൽ ഗവൺ മെൻറ് എത്രതന്നെ ഫണ്ട് വിനിയോഗിച്ചാലും വികസനം ഉറപ്പു വരുത്താനാവില്ല. അതുകൊണ്ട് പൊതുഫണ്ടും വിഭവ സമാഹരണങ്ങളും, ജനപങ്കാളി ത്തവും, ജനപ്രതിനിധിയും, പഞ്ചായത്തു പ്രതിനി ധികളും ഒത്തുചേർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ നാടിന്റെ പുരോഗതി ഉയർത്താനാവും.

## പട്ടിക I

### പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥർ | ദൂരം | വീതി | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | പാലക്കാട് — കാലിക്കററ് ട്രങ്ക് റോഡ് | P W D | 4 km | 7 m | ഉണ്ട് |
| 2 | ചിന്നത്തടാകം — മണ്ണാർക്കാട് | ,, | 6 km | 9 m | ഉണ്ട് |
| 3 | മണ്ണാർക്കാട് — കാട്ടിലത്താണി | ,, | 1.20 | 3.8m | ,, |

| നമ്പർ | റോഡ് | ഉടമസ്ഥർ | ദൂരം | വീതി | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 4 | കാട്ടിലത്താണി — ഞെട്ടരക്കടവ് | PWD | 1 | 6 m | ഉണ്ട് |
| 5 | മണ്ണാർക്കാട് — തത്തേങ്ങലം | ,, | 12 | ,, | ,, |
| 6 | നെല്ലിപ്പുഴ — ചേലേങ്കര | പഞ്ചായത്ത് | 2 km | ,, | ,, |
| 7 | മണ്ണാർക്കാട് — തോരാപുരം | ,, | 2 km | ,, | ഇല്ല |
| 8 | നടമാളിക — ആശുപത്രിപ്പടി | ,, | 2 km | ,, | ഉണ്ട് |
| 9 | മണ്ണാർക്കാട് — പാറപ്പുറം റോഡ് | ,, | $1\frac{1}{2}$ km | ,, | ഇല്ല |
| 10 | പള്ളിപ്പടി — നായാടിക്കുന്ന് | ,, | 2 km | ,, | ഇല്ല |
| 11 | നാരങ്ങപ്പെറ്റ — പള്ളിപ്പടി | ,, | $1\frac{1}{2}$ | ,, | ഇല്ല |
| 12 | പള്ളിപ്പടി — ആറാട്ടുകടവ് | ,, | ,, | ,, | ,, |
| 13 | പള്ളിപ്പടി — പെരിമ്പടാരി | ,, | ,, | ,, | ,, |
| 14 | പള്ളിപ്പടി — കൊടുവാളിക്കുണ്ട് | ,, | ,, | ,, | ,, |
| 15 | പാണ്ടിക്കാട് — മണ്ണാർ കോളനി | ,, | ,, | ,, | ,, |
| 16 | മണലടി — പറശ്ശീരി റോഡ് | ,, | $2\frac{1}{2}$ | ,, | ,, |
| 17 | മണലടി — പാണർകോളനി റോഡ് | ,, | ,, | ,, | ,, |
| 18 | പുഞ്ചക്കോട് — ആയുർവേദാശുപത്രി റോഡ് | ,, | ,, | ,, | ,, |
| 19 | വാളക്കര JRY — ഹരിജൻ കോളനി | ,, | 2 km | 8 m | ,, |
| 20 | ജവഹർ നഗർ റോഡ് | ,, | $\frac{1}{2}$ | ,, | ,, |
| 21 | മുതുവല്ലി — ഹരിജൻ കോളനി | ,, | $1\frac{1}{2}$ | ,, | ,, |
| 22 | ശിവൻകുന്ന് — അണ്ടിക്കുണ്ട് | ,, | 2 km | ,, | ,, |
| 23 | അരയങ്ങോട് റോഡ് | ,, | 5 m | 3 m | ,, |
| 24 | വൈശ്യാറം സ്ട്രീറ്റ് | ,, | ,, | ,, | ,, |
| 25 | കൈതച്ചിറ | ,, | 1 km | 8 m | ,, |

# പട്ടിക 2

**ടാർ ചെയ്യേണ്ട മണ്ണ് റോഡുകളും മെററൽ റോഡുകളും**

| | | | | |
|---|---|---|---|---|
| 1 | മാസപ്പറമ്പ് കൈതച്ചിറ തത്തേങ്ങലം റോഡ് | ... | 12 km | 8·00 M. |
| 2 | ചേറുംകളം പേരാളം റോഡ് | ... | 6 ,, | ,, |
| 3 | കൈതച്ചിറ മുക്കാട് | ... | 2 ,, | ,, |
| 4 | കാളക്കാട് – കൽക്കടി റോഡ് | ... | 1½ ,, | ,, |
| 5 | കല്ലംപൊട്ടി പുളിംചോട് | ... | ,, | ,, |
| 6 | തത്തേങ്ങലം. മൂച്ചിക്കുന്ന്, കന്തിപ്പുഴ | ... | ,, | ,, |
| 7 | കൈതച്ചിറ മുസ്ലിം പള്ളി മുക്കാട റോഡ് | ... | ,, | ,, |
| 8 | കൈതച്ചിറ നാലുസെൻറ് കോളനി റോഡ് | ... | ½ km | ,, |
| 9 | കൈതച്ചിറ പുളച്ചിറ റോഡ് | ... | 1½ ,, | ,, |
| 10 | കൈതച്ചിറ ക്രിസ്ത്യൻ പള്ളി ബംഗ്ലാവ് റോഡ് | ... | 2 ,, | ,, |
| 11 | ഭദ്രകാളിക്കാവ് – അപ്പക്കാട് റോഡ് | ... | 5 ,, | ,, |
| 12 | കാളക്കാട് – കന്തിപ്പുഴ റോഡ് | ... | 2 ,, | ,, |
| II 13 | പുഞ്ചക്കാട്ട് മേലാമുറി റോഡ് | ... | 8 ,, | ,, |
| 14 | പുഞ്ചക്കോട്ട് മെഴുകംപാറ | ... | 12 ,, | ,, |
| 15 | മെഴുകംപാറ മല്ലീശ്വരൻ കോളനി | ... | 2 ,, | ,, |
| 16 | ചേറുംകളം നാലുസെൻറ് | ... | ½ ,, | ,, |
| 17 | ചേറുംകളം മേലാമുറി | ... | 3 ,, | ,, |
| 18 | കാഞ്ഞിരപ്പുഴ കനാൽ റോഡ് | ... | 5 ,, | ,, |
| 19 | ചേറുംകളം—കരിമ്പൻകുന്ന് കിഴക്കേകുന്ന് റോഡ് | ... | 3 ,, | ,, |
| 20 | വാളക്കര മുത്താർകാവ് അംഗൻവാടി റോഡ് | ... | 1 ,, | ,, |
| 21 | വാളക്കര കാനത്തൊടി റോഡ് | ... | 1 ,, | ,, |
| 22 | വാളക്കര കന്നിൻപുറം ഹരിജൻ കോളനി | ... | ,, | ,, |
| 23 | മെഴുകംപാറ കോളനി റോഡ് | ... | ,, | ,, |
| 24 | മെഴുകംപാറ മിച്ചഭൂമി കോളനി റോഡ് | ... | 2 km | ,, |
| 25 | മേലാമുറി മിച്ചഭൂമി ചെങ്കോൽതറ റോഡ് | ... | 3 ,, | ,, |
| 26 | തെങ്കര സ്കൂൾപടി കഴനിക്കോട്ട് റോഡ് | ... | 2 ,, | ,, |
| 27 | മേലാമുറി ഹനുമന്ത മൂല ആദിവാസി കോളനി | ... | 4 ,, | ,, |
| 28 | തെങ്കര കൊററിയോട്ട് | ... | 1 ,, | ,, |
| 29 | ആനമൂളി കാഞ്ഞിരപ്പുഴ | ... | 1½ ,, | ,, |
| 30 | ചിറപ്പാടം കന്നംപുറം ശ്മശാനം | ... | 1 ,, | ,, |
| 31 | കന്നത്ത്കളം | ... | 1 ,, | ,, |
| 32 | കോൽപ്പാടം ക്ഷേത്രം റോഡ് | ... | ½ ,, | ,, |
| 33 | ആനമൂളി കൊററിയോട് ഹരിജൻ കോളനി | ... | 3½ ,, | ,, |
| 34 | തെങ്കര ചെകിടികളം കോളനി | ... | 4 ,, | ,, |
| 35 | ആനമൂളി പാങ്ങോട് | ... | 3 ,, | ,, |
| 36 | കൊററിയോട് നെല്ലിപ്പുഴ | ... | 1½ ,, | ,, |
| 37 | കോൽപ്പാടം അയ്യപ്പൻകാവ് | ... | ,, | ,, |
| 38 | കോൽപ്പാടം ഉപ്പുകുന്നി എഴുത്തച്ഛൻ പടി | ... | ,, | ,, |
| IV 39 | കോൽപ്പാടം മുതുവല്ലി | .. | 4 km | ,, |
| 40 | വട്ടപ്പറമ്പ് അയ്യപ്പൻകാവ് | ... | 3 ,, | ,, |
| 41 | കഴനിക്കോട്ട് കോൽപ്പാടം റോഡ് | ... | 3 ,, | ,, |
| 42 | കഴനിക്കാട്ട് പറമ്പൻ തരിശ് | ... | 3 ,, | ,, |
| 43 | വെള്ളാരംകുന്ന് പറശ്ശീരി റോഡ് | ... | 4 ,, | ,, |
| 44 | ആർമുഖം പാടം പറശ്ശീരി റോഡ് | ... | 4 ,, | ,, |
| 45 | വട്ടപ്പറമ്പ്—മുതുവല്ലി | ... | 2 ,, | ,, |
| 46 | ഉച്ചമഹാകാളി ക്ഷേത്രം റോഡ് | ... | 3 ,, | ,, |
| 47 | വെള്ളാരംകുന്ന് അമ്പംകുന്ന് റോഡ് | ... | 3 ,, | ,, |
| 48 | മുതുവല്ലി അമ്പലംറോഡ്–നാല്സെൻറ് വരെ | ... | 1 ,, | ,, |
| 49 | മുതുവല്ലി കോളനി മുതൽ പുഴവരെ | ... | 1 ,, | ,, |
| 50 | തെങ്കര പോസ്റ്റോഫീസ്–മുതുവല്ലി വരെ | ... | ,, | ,, |

| | | | | |
|---|---|---|---|---|
| 51 | വട്ടപ്പറമ്പ് ലിങ്ക് റോഡ് | ... | 2 km | |
| 52 | പറശ്ശീരി ലിങ്ക് റോഡ് | ... | ,, | |
| 53 | പുഞ്ചക്കോട്ട് മുണ്ടക്കണ്ണി ലിങ്ക് റോഡ് | ... | 5 km | |
| 54 | പുഞ്ചക്കോട്ട്—മേലാമുറി | ... | 8 ,, | |
| 55 | പുഞ്ചക്കോട്ട് മുണ്ടക്കണ്ണി മണലടി റോഡ് | ... | 4 ,, | |
| 56 | മണലടി ചിറക്കൽ റോഡ് | ... | 6 ,, | |
| 5[illegible] | മണലടി കാട്ടിലപ്പാടം റോഡ് | ... | 3 ,, | |
| 58 | മണലടി ആട്ടാംപുള്ളി റോഡ് | ... | 4 ,, | |
| 59 | മണലടി പറശ്ശീരി റോഡ് | ... | 3 ,, | |
| 60 | മുത്തശ്ശിപ്പൊട്ടി റോഡ് | ... | 3 ,, | |
| 61 | കായ്ക്കറി പൊട്ടി | ... | 3 ,, | |
| 62 | വെള്ളാരംകുന്ന് ലിങ്ക് റോഡ് | ... | 4 ,, | |
| 63 | പുഞ്ചക്കോട് N. S. S. റോഡ് | ... | 7 ,, | |
| 64 | മണലടി പറശ്ശീരി | ... | 4 ,, | |
| 65 | പറശ്ശീരിക്കുന്ന് റോഡ് | ... | 4 ,, | |
| 66 | പറശ്ശീരി പാടം റോഡ് | ... | 5 ,, | |
| 67 | പുഞ്ചക്കോട്ട് പഴയ പോസ്റ്റാഫീസ് റോഡ് | ... | 6 ,, | |
| 68 | മുണ്ടക്കണ്ണി കരിമ്പനത്തോട്ടം റോഡ് | ... | 12 ,, | |
| 69. | മണലടി സ്കൂൾ റോഡ് | ... | 6 ,, | |
| 70 | പറശ്ശീരിത്തോട് റോഡ് | ... | 3 ,, | |
| 71 | മുണ്ടക്കണ്ണി കമ്പാരംകുന്ന് റോഡ് | ... | 1½ ,, | |
| 72 | കൈക്കോട്ടുംപള്ളിയാൽ മണലടി റോഡ് | ... | 2 ,, | |
| 73 | അരയങ്ങോട്—മണലടി റോഡ് | ... | 3 ,, | |
| 74 | ലക്ഷംവീട് കോളനിയിലെ റോഡ് | ... | 2 ,, | |
| 75 | ഓവുപാലം റോഡ് | ... | 1 ,, | |
| 76 | അരയങ്ങോട് പാണർ കോളനി റോഡ് | ... | ½ ,, | |
| 77 | മുണ്ടക്കണ്ണി പള്ളി റോഡ് | ... | 1½ ,, | |
| 78 | ആണ്ടിപ്പാടം ബാബു കോളനി റോഡ് | ... | ½ ,, | |
| 79 | ആണ്ടിപ്പാടം ഹരിജൻ കോളനി റോഡ് | ... | 1½ ,, | |
| 80 | ആണ്ടിപ്പാടം പറശ്ശീരി റോഡ് | ... | ,, | |
| 81 | നെല്ലിപ്പുഴ തിട്ടുമ്മൽ റോഡ് | ... | ,, | |
| 82 | അരയങ്ങോട്ട് പൊട്ടിത്തോട്ട് റോഡ് | ... | 2 km | |
| 83 | അരയങ്ങോട് പടിഞ്ഞാറെക്കര റോഡ് | ... | 3 ,, | |
| 84 | അരകുർശ്ശി ലക്ഷംവീട് കോളനി | ... | 3 ,, | |
| 85 | വടക്കമണ്ണം തെന്നാരി റോഡ് | ... | 3 ,, | |
| 86 | വടക്കമണ്ണം ആണ്ടിപ്പാടം | ... | 1½ ,, | |
| 87 | മമ്മാലക്കടി വടക്കമണ്ണം | ... | 1 ,, | |
| 88 | ചക്കാരിക്കാട്ട് വിജയ്ജ്യോതി ഓഡിറ്റോറിയം | ... | ¼ ,, | |
| 89 | പുത്തംകളം ഹരിജൻ കോളനി റോഡ് | ... | 1 ,, | |
| 90 | മുണ്ടേക്കരാട് ആശാരി കോളനി റോഡ് | ... | 1 ,, | |
| 91 | മുണ്ടേക്കരാട് നമ്പിയംപടി | ... | 1 ,, | |
| 92 | മുണ്ടേക്കാരാട് ചേലേങ്കര റോഡ് | ... | 2½ ,, | |
| 93 | നമ്പിയംപടി മുണ്ടേക്കാരാട് | ... | 2 ,, | |
| 94 | മുണ്ടേക്കാരാട്ട് പള്ളി റോഡ് | ... | 1½ ,, | |
| 95 | നെല്ലിപ്പുഴ മുണ്ടേക്കാരാട്ട് സ്കൂൾ റോഡ് | ... | 1½ ,, | |
| 96 | നെല്ലിപ്പുഴ ശ്മശാനം റോഡ് | ... | 3 ,, | |
| 97 | ആരാധനാ ടാക്കീസ് റോഡ് | ... | 1 ,, | |
| 98 | വൈശ്യാർ സ്ട്രീറ്റ് (മുൻപത്തെ വിജയാബാങ്ക്) | ... | 1 ,, | |
| 99 | നടമാളിക അരകുർശി ലിങ്ക് റോഡ് | ... | 1½ ,, | |
| 100 | നടമാളിക എതിർപ്പണം ഹരിജൻ കോളനി റോഡ് | ... | 3 ,, | |
| 101 | നായാടിക്കുന്ന് തച്ചംകുന്ന് റോഡ് | ... | ½ ,, | |
| 102 | നായാടിക്കുന്ന് തെക്കംപുറം റോഡ് | ... | 1 ,, | |

| | | | |
|---|---|---|---|
| 103 | നായാടിക്കുന്ന് നാരങ്ങാപ്പുറ റോഡ് | ... | 1½ km |
| 104 | നായാടിക്കുന്ന് ഗ്രൗണ്ട് റോഡ് | ... | 2 ,, |
| 105 | നായാടിക്കുന്ന് പെരിമ്പടാരി ബൈപാസ് റോഡ് | .. | 2 ,, |
| 106 | നായാടിക്കുന്ന് കീഴക്കേപാടം റോഡ് | ... | ½ ,, |
| 107 | നായാടിക്കുന്ന് പൂക്കുന്ന് റോഡ് | ... | 2 ,, |
| 108 | നായാടിക്കുന്ന് ഹരിജൻ കോളനി മുതൽ പുഴയിലേക്കുള്ള റോഡ് | ... | 2 ,, |
| 109 | നായാടിക്കുന്ന് പാണർ കോളനി റോഡ് | ... | 2 ,, |
| 110 | നായാടിക്കുന്ന് കൊഴക്കോട്ട് റോഡ് | ... | 2 ,, |
| 111 | നായാടിക്കുന്ന് നമസ്കാര പള്ളി റോഡ് | ... | ½ ,, |
| 112 | പള്ളിപ്പടി പെരിമ്പടാരി 4 സെൻറ് കോളനിയിലേക്കുള്ള റോഡ് | ... | ½ km |
| 113 | 4 സെൻറ് കോളനിക്ക് സമീപമുള്ള റോഡ് | ... | ,, |
| 114 | 4 സെൻറ് കോളനിയിലെ ഊടുവഴി | ... | ,, |
| 115 | നായാടിക്കുന്ന് കോളനിക്കുള്ളിലുള്ള മുക്കണ്ണം ഭാഗത്തേക്കുള്ള റോഡ് | ... | ,, |
| 116 | ആറാട്ടുകടവ് കോട്ടക്കുന്ന് റോഡ് | ... | 500m. |
| 117 | ആറാട്ടുകടവ് ബസ്സ്റ്റാൻറ് റോഡ് | ... | ,, |
| 118 | പള്ളിപ്പടി–ആറാട്ടുകടവ് | ... | 1½ |
| 119 | പഞ്ചായത്ത് ഓഫീസ്–പെരിഞ്ചോളം A. P. കുന്ന് | ... | ,, |
| 120 | നെടുമ്പയംകുന്ന് റോഡ് | ... | 1 km |
| 121 | പെരിമ്പടാരി ഗോവിന്ദപുരം റോഡ് | ... | 2½ ,, |
| 122 | പെരിമ്പടാരി–കുമ്പാറ റോഡ് | ... | 2 ,, |
| 123 | മനക്കച്ചോല റോഡ് (തിരിയോട്ട് പെരിമ്പടാരി) | ... | ,, |
| 124 | പോത്തോഴിക്കാവ് പേരംചെത്ത് റോഡ് | ... | 1½ ,, |
| 125 | പെരിമ്പടാരി – ചീരംപന്നി റോഡ് | ... | 1 ,, |
| 126 | ചീരംപന്നി – P W D ഓഫീസ് റോഡ് | ... | 750m. |
| 127 | അൽമ ആശുപത്രി റോഡ് | ... | 200m. |
| 128 | നമ്പിയംകുന്ന് പൊമ്മത്തേക്കി ലിങ്ക് റോഡ് | ... | 1½ ,, |
| 129 | കന്തിപ്പുഴ നമ്പിയംകുന്ന് റോഡ് | ... | ,, |
| 130 | കന്തിപ്പുഴ ഏസ്റ്റേറ്റ് റോഡ് | ... | 500m. |
| 131 | കന്തിപ്പുഴ ചോമേരി റോഡ് | ... | 750m. |
| 132 | G L P S റോഡ്—പെരിമ്പടാരി | ... | 500m. |
| 133 | കന്തിപ്പുഴ ടിപ്പുസുൽത്താൻ റോഡ് | ... | ,, |
| 134 | M. E. S. K. C. ഹോസ്റ്റൽ റോഡ് | ... | 300m. |
| 135 | കന്തിപ്പുഴ പള്ളിപ്പറമ്പ് റോഡ് | ... | 3 km |
| 136 | പാണ്ടിക്കാട് പട്ടികജാതി കോളനി റോഡ് | ... | 2½ ,, |
| 137 | പാണ്ടിക്കാട് മണ്ണാർ കോളനി കുളത്തിലേക്കുള്ള റോഡ് | ... | |
| 138 | സമരം വയൽ റോഡ് | ... | |
| 139 | പാണ്ടിക്കാട് ഹരിജൻ കോളനി പുളച്ചിറ റോഡ് | ... | |
| 140 | അട്ടപ്പാടിയിലേക്ക് മണ്ണാർക്കാട് നിന്നും മേലാമുറി മെഴുകുംപാറ വഴി പുതിയ റോഡ് | ... | |

## പട്ടിക III

### *പുതിയതായി നിർമ്മിക്കേണ്ട റോഡുകളും കോസ്‌വേകളും*

| | | |
|---|---|---|
| 1 | കൊഴക്കോട്ട് - ടിപ്പുസുൽത്താൻ റോഡ് ... | 2 km |
| 2 | പാച്ചുപ്പൊട്ട്, ഉരുളൻകുന്ന് റോഡ് നിർമ്മാണം ... | 2 ,, |
| 3 | മെഴുകംപാറ മല്ലീശ്വരൻ കോവിൽ റോഡ് ... | 3 ,, |
| 4 | ചേറുംകുളം-മേലാമുറി റോഡ് ... | 4 ,, |
| 5 | കാഞ്ഞിരപ്പുഴ കനാൽ റോഡ് ... | 5 ,, |
| 6 | പൂളക്കുന്ന് ഹരിജൻ കോളനി (ചേറുംകുളം) റോഡ് നിർമ്മിക്കുക ... | 3 ,, |
| 7 | വാളക്കര-മുത്താർകാവ് അംഗൻവാടി റോഡ് ... | 3 ,, |
| 8 | കാനത്തോടി റോഡ് ... | 2 ,, |
| 9 | കുന്നിപ്പുറം റോഡ് ... | 3 ,, |
| 10 | മെഴുപാറ കോളനിയിൽ എത്തുന്ന മുകാംഭാഗത്തെ റോഡ് ... | 4 ,, |
| 11 | മേലാമുറി മിച്ചഭൂമി-ചോണ്ടൻകുളം റോഡ് ... | 6 ,, |
| 12 | കോൽപ്പാടം മുത്തുവല്ലി റോഡ് നിർമ്മാണം ... | 4 ,, |
| 13 | വട്ടപ്പറമ്പ് അയ്യപ്പൻകാവ് റോഡ് ... | 3 ,, |
| 14 | കൈകനിക്കോട്ട് — കോൽപ്പാടം ... | 3 ,, |
| 15 | പുഞ്ചക്കോട്ട് — മേലാമുറി റോഡ് ... | 5 ,, |
| 16 | മണലടി — കാട്ടിലപ്പാടം റോഡ് ... | 4 ,, |
| 17 | യത്തീംഖാന — വടക്കമണ്ണം റോഡ് ... | 2 ,, |
| 18 | ശിവൻകുന്ന് — എതിർപ്പണം ലിങ്ക് റോഡ് ... | 4 ,, |
| 19 | ശിവൻകുന്ന് — അണ്ടിക്കുണ്ട് റോഡ് ... | 4 ,, |
| 20 | ആണ്ടിപ്പാടം — വടക്കമണ്ണം റോഡ് ... | 3 ,, |
| 21 | ശിവൻകുന്ന് — അരകുർശ്ശിപ്പാടം റോഡ് ... | 2 ,, |
| 22 | അണ്ടിക്കുണ്ട് പാടം റോഡ് ... | 2 ,, |
| 23 | കലാവതി വെട്ടിക്കുന്നുകുളംവഴി എതിർപ്പണം റോഡ് ... | 2 ,, |
| 24 | ശിവൻകുന്ന് അംഗൻവാടിവഴി എതിർപ്പണം റോഡ് ... | 2 ,, |
| 25 | പുരാലിപ്പാടം റോഡ് ... | |
| 26 | കുന്നക്കാടൻ ആയിശമ്മോരം കമ്പ്പിൽ അവറാൻ മുസ്ലിയാർ വഴി റോഡുണ്ടാക്കുക ... | 2 ,, |
| 27 | മെപ്പടി കുളത്തിലേക്ക് റോഡുണ്ടാക്കുക ... | ½ , |
| 28 | നമ്പിയംകുന്ന് ചീരംപന്നി റോഡ് വെട്ടുക ... | 3 ,, |
| 29 | നമ്പിയംകുന്ന് വയൽ റോഡ് മെയിൻറോഡുമായി ... | 2 ,, |
| 30 | കുന്തിപ്പുഴ നിസ്കാരപള്ളി മുതൽ അക്കിപ്പാടംവരെ ... | 1 ,, |
| 31 | പാണ്ടിക്കാട്ട് ഹരിജൻ കോളനിമുതൽ പഞ്ചായത്ത് കുളത്തിലേക്ക് ... | 2½ ,, |
| 32 | മുണ്ടേക്കാരാട് സ്കൂളിനെ ബന്ധിപ്പിക്കുന്ന T.S. റോഡ് പുല്ലശ്ശേരി വള്ളിപ്പാറയിലേക്ക് ... | 1 ,, |
| 33 | നമ്പിയൻപടി പുത്തംകുളം റോഡ് മുണ്ടേക്കാരാട്ട് പള്ളി ഭാഗത്തേക്ക് ... | 2 ,, |
| 34 | കരിമ്പനത്തോട്ടത്തിൽനിന്നും T S റോഡിലേക്ക ... | 1 ,, |
| 35 | പള്ളിക്കുന്ന് നാരങ്ങപെററ പാടത്തേക്കുള്ള റോഡ് ... | 2 ,, |
| 36 | നെച്ചുള്ളിപ്പടി നെല്ലിപ്പുഴ ഭാഗം ... | 1 ,, |
| 37 | വടക്കുംപുറം പാടത്തേക്കുള്ള ഭാഗം ... | 2 ,, |
| 38 | നായാടിക്കുന്ന് നാരങ്ങപെററ റോഡ് ... | 2 ,, |
| 39 | കൊഴക്കോട്ട് നായാടിക്കുന്ന് റോഡ് ... | 2 ,, |
| 40 | തിരുത്തിയോട്ട് റോഡിൽനിന്നും പാണർ കോളനി ... | 2 ,, |
| 41 | ഗോവിന്ദപുരം ക്ഷേത്രം—കുരിക്കുണ്ട് കുമ്പാറ ... | 3 ,, |
| 42 | മണ്ണാർക്കാട്ട് പഞ്ചായത്തിനെയും കാരാകുർശ്ശി പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കുമ്പാറ കോസ്‌വേ ... | |
| 43 | മണ്ണാർക്കാട്-കാഞ്ഞിരപ്പുഴ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോൽപ്പാടം പുഴക്ക് കോസ്‌വേ ... | |
| 44 | മുണ്ടേക്കാരാട്ട്-ചെലേങ്കര ബന്ധിപ്പിക്കുന്ന കോസ്‌വേ ... | |

## ഊർജ്ജം

1959 ഫെബ്രുവരി മാസത്തിൽ മണ്ണാർക്കാട് ചന്തപ്പടിയിലെ വലിയ പള്ളിയിൽ ഏതാനും ബൾബുകൾ പ്രകാശിച്ചതോടുകൂടിയാണ് മണ്ണാർക്കാട് പഞ്ചായത്ത് പരിധിയിൽ ഇന്നത്തെ ആധുനിക വികസനത്തിന്റെ നാഴികക്കല്ലായ വൈദ്യുതി കടന്നുവന്നത്. മുപ്പത്തിയേഴ് വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും വൈദ്യുതി മേഖലയിൽ ഒട്ടേറെ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞെങ്കിലും ഇന്നും വൈദ്യുതി എത്താത്ത ചില പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിലാണ് ഒരു ഇലക്ട്രിസിറ്റി മേജർ സെക്ഷനും 110 K V സബ്സ്റ്റേഷനും നിലകൊള്ളുന്നതെങ്കിലും മണ്ണാർക്കാട് പഞ്ചായത്തടക്കം സമീപ പ്രദേശങ്ങളിലെ ഏതാനും പഞ്ചായത്തുകൾക്കുകൂടി ഇതുവഴി വൈദ്യുതി വിതരണം നടത്തുന്നുണ്ട്. മൊത്തം 17000ത്തോളം ഉപഭോക്താക്കൾക്കാണ് പ്രസ്തുത സ്റ്റേഷനുകൾവഴി വൈദ്യുതി ആനുകൂല്യം ലഭ്യമാകുന്നത്.

തൃശ്ശൂർ മാടക്കത്തറയിൽ നിന്നു് പാലക്കാട് വെണ്ണക്കര 110 സബ്സ്റ്റേഷനിലേക്കും അവിടെ നിന്നും മണ്ണാർക്കാട് സബ്സ്റ്റേഷനുകളിലേക്കുമാണ് വൈദ്യുതി എത്തുന്നത്. പഞ്ചായത്തിൽ ഇന്നു് ഒന്നാം വാർഡിലെ കൈതച്ചിറയും പരിസര പ്രദേശങ്ങളും 11—ാം വാർഡിലെ കുന്തിപ്പുഴ പാണ്ടിക്കാട് ഹരിജൻ കോളനിയും 10-ാം വാർഡിലെ ചോമേരി പ്രദേശവുമാണ് വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ ചിലത്.

പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് കറന്റ് ചാർജ്ജ് അടയ്ക്കുന്നതിനും വൈദ്യുതി സംബന്ധിച്ച മറ്റു കാര്യങ്ങൾക്കും 9 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. മൊത്തം ഉപഭോക്താക്കളിൽ 61 ശതമാനം ഗാർഹികവും, 29% വ്യാപാരാവശ്യത്തിനും, 7% കാർഷിക വേലയിലും, 3% വ്യവസായ അവശ്യത്തിനും വേണ്ടി വൈദ്യുതി ഉപയോഗിക്കുന്നു.

അധികൃതരുടെ കണക്കനുസരിച്ച് മണ്ണാർക്കാട് പഞ്ചായത്തിൽ പലതരത്തിലുള്ള 39 ട്രാൻസ്ഫോർമറുകളാണുള്ളത്. ഇതിലധികവും അധികഭാരം വഹിക്കുന്നവയാണ്.

ഉപഭോക്താക്കളിൽ ഭൂരിപക്ഷവും വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ മിക്ക ഗ്രാമസഭകളിലും ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിക്കേണ്ടതിന്റെ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്ത് പരിധിക്കുള്ളിൽ 63 കിലോവാട്ട് വാഹകശേഷിയുള്ള 6 ട്രാൻസ്ഫോർമറുകളും, 100 കിലോവാട്ട് വാഹകശേഷിയുള്ളത് 20 ഉം, 160 കിലോവാട്ട് വാഹകശേഷിയുള്ളത് 5 ഉം, 250 കിലോവാട്ട് വാഹകശേഷിയുള്ള 8 ട്രാൻസ്ഫോർമറുകളുമാണ് ഇപ്പോൾ സ്ഥാപിച്ചിട്ടുള്ളത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 1, 10, 11 എന്നീ വാർഡുകളിലെ പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിലെ പല കോളനികളും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.
3. വൈദ്യുതി ബോർഡിന്റെ അശ്രദ്ധമൂലം മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് വിതരണ രംഗത്ത് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
4. പഞ്ചായത്തിൽ ചില വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലൈറ്റുകളും സ്ഥാപിക്കേണ്ടതുണ്ട്.
5. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ്-അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു. ഇത് നിയന്ത്രിക്കുന്നതിനു് നടപടികൾ സ്വീകരിക്കണം.
6. കാർഷിക മേഖലയ്ക്കാവശ്യമായ വൈദ്യുതി നൽകുന്ന കാര്യത്തിൽ വരുന്ന കാലതാമസം ഒഴിവാക്കുക.
7. വ്യാവസായിക മേഖലയിലെ പുതിയ സംരംഭകർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കുക.
8. K. S. E. B. യുടെയും അനർട്ടിന്റെയും സഹായത്തോടെ കോംപാക്റ്റ് ഫ്ളൂറസെന്റ് ലാംപ് സൗജന്യ നിരക്കിൽ വിതരണം ചെയ്ത് വൈദ്യുതിയുടെ ആഭ്യന്തര ഉപഭോഗം കുറയ്ക്കുക.
9. വൈദ്യുതി വിതരണ ചുമതല ഇലക്ട്രിസിറ്റി ബോർഡിന്റെ നിയന്ത്രണത്തിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കുക.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ ഒന്നാം വാർഡിൽ കുന്തിപ്പുഴയുടെ മുകൾഭാഗത്തായി സ്ഥിതിചെയ്യുന്ന പാത്രക്കടവ് എന്നറിയപ്പെടുന്ന സ്ഥലത്ത് ഒരു ജനറേറ്റർ സ്ഥാപിക്കുകയാണ് എങ്കിൽ പഞ്ചായത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായതിൽ കൂടുതൽ വൈദ്യുതി പരിസ്ഥിതിയ്ക്ക് ദോഷമില്ലാത്ത രീതിയിൽ ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണ്.

2. പഞ്ചായത്തിലെ പട്ടണ പ്രദേശങ്ങളിൽ നിന്നും ഓരോ ദിവസവും നീക്കം ചെയ്യുന്ന ജൈവാവശിഷ്ടങ്ങൾ ഫലപ്രദമായ രീതിയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജൈവവളം ഉല്പാദിപ്പിക്കുന്നതോടൊപ്പം തന്നെ ഇതിൽ നിന്നും ഊർജ്ജോല്പാദനവും സാധിക്കുമെന്ന ആധുനിക കണ്ടുപിടിത്തങ്ങൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനെപ്പററി ആലോചിക്കാവുന്നതാണ്.

3. ഊർജ്ജോപയോഗം കുറയ്ക്കുന്നതിനു വേണ്ടി കോംപാക്ററ് ഫ്ളൂറസെൻറ് ലാംപുകൾ തവണ വ്യവസ്ഥയിൽ സബ്സിഡിയോടു കൂടി വിതരണം ചെയ്യുകയാണെങ്കിൽ ഊർജ്ജോപയോഗം ഗണ്യമായി കുറയ്ക്കാവുന്നതാണ്.

4. ശുക്ഷ്മതകൂടിയ അടുപ്പുകൾ വിതരണംചെയ്യുകയും ഗോബർഗ്യാസ് ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം നൽകുകയും ചെയ്യുകയാണെങ്കിൽ വൈദ്യുതി ഉപയോഗിച്ചുള്ള പാചകം നിരുത്സാഹപ്പെടുത്താനും സാധിക്കും അതുവഴി ഊർജ്ജോപയോഗം നിയന്ത്രിക്കാവുന്നതാണ്. കൂടാതെ മരം വച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ആവശ്യമായ എല്ലാവർക്കും പാചകവാതകം വിതരണം ചെയ്യുകയും ചെയ്യുക.

## മാർക്കററ്

മണ്ണാർക്കാട് പഞ്ചായത്തിൽ ഏകദേശം 30 വർഷങ്ങൾക്കു മുമ്പ് നല്ല ഒരു മാർക്കററ് ഉണ്ടായിരുന്നു. അതു കൊണ്ടാണ് ഇന്നത്തെ ബസ്സ്റ്റാൻറിന് ചന്തപ്പടി എന്ന പേരു് കൈവന്നത്. അടയ്ക്ക, കശുവണ്ടി, നാളികേരം, കുരുമുളക്, ചുക്ക്, പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയവ ആഴ്ചയിലൊരിക്കൽ കച്ചവടം നടത്തിയിരുന്നു. ആഴ്ച ചന്തകളിൽ കന്നുകാലികച്ചവടവും ഉണ്ടായിരുന്നു. ഈ ഗ്രാമത്തിൽ മുൻ കാലങ്ങളിൽ തൊട്ടടുത്ത പ്രദേശങ്ങളിൽ നിന്നും കാളവണ്ടികളിൽ കച്ചവടക്കാർ ചന്തയ്ക്ക് വന്നിരുന്നുവെന്നു് പറയപ്പെടുന്നു.

താലൂക്കിൻെറ ആസ്ഥാനമാണ് മണ്ണാർക്കാട്. ഒരു പൊതു മത്സ്യ, മാംസ, പച്ചക്കറി മാർക്കററോ അറവുശാലയോ ഇവിടെ ഇല്ല. വികസിച്ചു വരുന്ന ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ലോറി സ്റ്റാൻറും ടാക്സി സ്റ്റാൻറും, ആട്ടോ സ്റ്റാൻറും, R. T. C. ഡിപ്പോ കംഫർട്ട് സ്റ്റേഷൻ എന്നിവ അനിവാര്യമാണ്. ഇത് വിപണി സുഗമമാക്കുന്നതിനും മണ്ണാർക്കാട്ടുകാർക്കും തൊട്ടടുത്ത പഞ്ചായത്തുകളിലെ ജനങ്ങൾക്കും ഉപകാരപ്രദമായിരിയ്ക്കും.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. നാളികേരം, നേന്ത്രക്കായ, അടയ്ക്ക, കശുവണ്ടി, കാപ്പി എന്നിവക്ക് പൊതു മാർക്കററോ, ആഴ്ച ചന്തയോ ഇല്ല. ആൽത്തറ ജംഗ്ഷനോ, കോടതിപ്പടിയോ കേന്ദ്രീകരിച്ചു ഇവ തുടങ്ങേണ്ടതാണ്.

2. പച്ചക്കറി, മത്സ്യം, മാംസം എന്നിവക്ക് പൊതു മാർക്കററ് ഉണ്ടാക്കി വിലയുടേയും, ഗുണത്തിൻേറയും നിലവാരം പരിശോധിക്കാൻ സംവിധാനം വേണം.

3. സഹകരണാടിസ്ഥാനത്തിൽ ഭക്ഷ്യ വിളകളുടെയും നാണ്യവിളകളുടെയും മാർക്കററ് തുടങ്ങുകയാണെങ്കിൽ യുവജനങ്ങൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിക്കും.

സ്വകാര്യ വ്യക്തികൾ ഒന്നിച്ച് ചേർന്നോ വിവിധ ഗ്രാമസഭകൾ പ്രാതിനിത്യ സ്വഭാവത്തിൽ സംഘടിച്ചോ സഹകരണാടിസ്ഥാനത്തിൽ നാളികേരം ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതുമായ സംരംഭങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്. നമ്മുടെ പഞ്ചായത്തിലെ നേന്ത്രക്കായ മുഴവൻ ഉപയോഗിച്ച് അതിനോടു് ബന്ധപ്പെട്ട ഭക്ഷ്യോൽപ്പന്നങ്ങളുടെ നിർമ്മിതിക്കും വിപണിക്കും സാധ്യതയുണ്ട്. ഇത്തരം ഒരു വിപണന ശൃംഖല പഞ്ചായത്തടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കേണ്ടതിനെപ്പററി ആലോചിക്കേണ്ടതാണ്.

മണ്ണാർക്കാട് പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ യുവജന സംഘടനകളെ ഉൾപ്പെടുത്തി തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകാനും ഉല്പന്നങ്ങളുടെ വിപണി സുഗമമാക്കാനും സ്വാശ്രയ ശീലത്തിലേക്ക് നമ്മുടെ നാടിനെ ഉയർത്താനും സാധിക്കും.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമൂഹികമായും, വിദ്യാഭ്യാസപരമായും, സാംസ്കാരികമായും വളരെ പിന്നോക്കം നിൽക്കുന്ന മണ്ണാർക്കാട് പഞ്ചായത്ത് മണ്ണാർക്കാട് I, II എന്നീ വില്ലേജുകളും പാലക്കയം വില്ലേജിന്റെ ഒരു ഭാഗവും ചേർന്നതാണ്. ഇതിൽ മണ്ണാർക്കാട് I വില്ലേജിൽ അരകുർശ്ശി, പെരിമ്പടാരി, പൂക്കുന്ന് എന്നീ പ്രദേശങ്ങളും മണ്ണാർക്കാട് II വില്ലേജിൽ തെങ്കര പ്രദേശവും പാലക്കയം വില്ലേജിൽ ആനമൂളി പ്രദേശവുമാണ് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിൽ 7,759 വീടുകളിലായി 7.790 കുടുംബങ്ങളായി 45,422 ആളുകൾ വസിക്കുന്നു.

കെട്ടിട നിർമ്മാണ-കാർഷിക മേഖലയിലധിഷ്ഠിതമായ കൂലിപ്പണിയാണ് ഇവിടത്തെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം. പട്ടികജാതി-പട്ടികവർഗ്ഗക്കാരും മറ്റു താഴ്ന്ന വരുമാനക്കാരും കൂടുതലായുള്ള ഈ പഞ്ചായത്തിൽ കുടിലുകളും ഇടത്തരം വീടുകളുമാണധികവും.

ഗൾഫ് പണത്തിന്റെ സ്വാധീനം ഒട്ടും മോശമില്ലാത്ത ഈ പഞ്ചായത്തിൽ വ്യക്തിയധിഷ്ഠിതമായ പുരോഗതിയിലും ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിലും നിലവിലുള്ള ഗൾഫ് വരുമാനക്കാർ അവരുടെ വരുമാനത്തെ കൂടുതൽ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നു.

പഞ്ചായത്തിലെ 11.372 വീടുകളിൽ 3524 വീടുകൾ ഭേദപ്പെട്ട നിലയിലും 4075 വീടുകൾ ഇടത്തരവും 3773 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആയും കാണപ്പെടുന്നു. ഇതിൽ 2367 വീടുകൾ ചാണകം കൊണ്ട് തീർത്ത തറകളുമാണ്.

## പട്ടിക I

***വീടുകളുടെ തരംതിരിവ് പട്ടിക***

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | |
| 1 | 999 | 51 | 32 | 270 | 364 | 282 |
| 2 | 1034 | 18 | 34 | 486 | 234 | 262 |
| 3 | 681 | 20 | 10 | 188 | 201 | 262 |
| 4 | 653 | 53 | 93 | 199 | 110 | 198 |
| 5 | 623 | 83 | 93 | 210 | 205 | 32 |
| 6 | 614 | 50 | 23 | 310 | 197 | 34 |
| 7 | 574 | 40 | 67 | 287 | 108 | 92 |
| 8 | 982 | 70 | 216 | 292 | 206 | 198 |
| 9 | 837 | 68 | 38 | 304 | 236 | 191 |
| 10 | 711 | 68 | 68 | 208 | 196 | 171 |
| 11 | 650 | 80 | 78 | 242 | 192 | 58 |
| 12 | 395 | 32 | 43 | 138 | 114 | 68 |
| 13 | 1027 | 78 | 98 | 361 | 262 | 228 |
| 14 | 833 | 55 | 63 | 221 | 310 | 154 |
| 15 | 739 | 39 | 139 | 169 | 102 | 200 |
| മൊത്തം | 11372 | 808 | 1095 | 3885 | 3067 | 2520 |

പഞ്ചായത്തിലെ പട്ടണ പ്രദേശങ്ങളിലാണ് ഗൾഫ് പണം ഉപയോഗിച്ചുള്ള കോൺക്രീററ് സാധനങ്ങളുടെ നിർമ്മാണവും വയൽ നികത്തിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും കൂടുതൽ കണ്ടുവരുന്നത്. പഞ്ചായത്തിലെ കാർഷിക മേഖലയുടെ അപര്യാപ്തത വർദ്ധിപ്പിക്കുന്നതിനും കോൺക്രീററ വീടുകളുടെനിർമ്മാണ ചെലവ് കൂടുന്നതിനും ഇത് കാരണമായിത്തീരുന്നു.

ഭവന നിർമ്മാണ രംഗത്ത് പാലക്കാട് ജില്ലാ സഹകരണ ബാങ്കിൻെറ മണ്ണാർക്കാട് ശാഖയിൽ നിന്നും കൂടാതെ ദേശസാൽകൃത ബാങ്കുകളിൽനിന്നും ഭവന നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭിക്കുന്നുണ്ടെങ്കിലും ഈ വായ്പാ വ്യവസ്ഥകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ ഉദാരമാക്കേണ്ടതുണ്ട്.

പരിഗണിക്കപ്പെടേണ്ട നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പലിശ നിരക്ക് ഉദാരമാക്കുക.
2. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുക.
3. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ഇടത്തരം ദുർബ്ബല വിഭാഗക്കാർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ വായ്പകൾ വളരെ കുറഞ്ഞ ശതമാനം ദുർബ്ബല വിഭാഗക്കാർക്ക് മാത്രമാണ് ലഭിക്കുന്നത്. വീട് വെയ്ക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാകാത്തതുകൊണ്ട് ദുർബ്ബല-ഇടത്തരം വിഭാഗക്കാർക്ക് പൊതുവെ പൊതു പ്രവർത്തന രംഗങ്ങളിൽ നിരുത്സാഹം കാണപ്പെടുന്നു. അടിയന്തിര പ്രാധാന്യത്തോടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക വഴി ഈ ജനവിഭാഗങ്ങളെ നാടിൻെറ പുരോഗതിയിൽ സജീവമായി പങ്കാളികളാക്കാൻ സാധിക്കും.

മണ്ണാർക്കാട് ഗ്രാമ വികസന ബ്ലോക്കിലെ മണ്ണാർക്കാട്-തെങ്കര സർക്കിളുകളിൽ കഴിഞ്ഞ കാലയളവിൽ വിവിധ പരിപാടികളിലായി 124 വീടുകൾ അനുവദിച്ചതിൽ 119 വീടുകളുടെ പണി പൂർത്തിയാവുകയും ബാക്കി 5 വീടുകളുടെ പണി ഇനിയും പൂർത്തിയാകാത്തതുമാണ്. ഈ രംഗത്ത് സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും വീടുകൾ നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായം നൽകണം.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയററവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവും കാരണം കിട്ടുന്ന ആനുകൂല്യങ്ങൾകൊണ്ട് വീടു നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഈ സ്ഥിതി കണക്കിലെടുത്ത് സർക്കാർ ഭവനനിർമ്മാണ ബോർഡുവഴി ദുർബ്ബല-ഇടത്തര വിഭാഗക്കാർക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ വായ്പാ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്യണം.

പട്ടികജാതി-പട്ടിക വർഗ്ഗക്കാരും മററു താഴ്ന്ന വരുമാനക്കാരും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരും ധാരാളമുള്ള ഈ പഞ്ചായത്തിൽ ദാരിദ്ര രേഖക്ക് താഴെയുള്ളവർ ഏകദേശം 5067 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 691 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം വീടുവെക്കുന്നതിന് സാമ്പത്തിക സഹായം ലഭിച്ച 227 കുടുംബങ്ങളിൽ 108 കുടുംബങ്ങൾ ഈ വർഗ്ഗത്തിൽ പെട്ടവരാണ്.

റവന്യൂ വകുപ്പുവഴി വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണക്കുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. പ്രകൃതി ക്ഷോഭം തടയാനും അതുവഴി വീടിൻെറ സംരക്ഷണം ഉറപ്പുവരുത്താനും വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വീടുകൾ പുനർനിർമ്മിക്കുന്നതിനോ അററകുററപണികൾ തീർക്കുന്നതിനോ ഇത്തരത്തിൽ ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ മതിയാവാതെ വരുന്നു. വായ്പകൾ ഉപഭോക്താവിൻെറ കൈകളിൽ എത്തുന്നതിനുള്ള കാലതാമസവും ഭവന നിർമ്മാണ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മണ്ണാർക്കാട് പഞ്ചായത്തിൽ 1985–86 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 25 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 20 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 15 രൂപയും ആയിരുന്നു കൂലി വ്യവസ്ഥ എങ്കിൽ 1992-93 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 65 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 50 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 35 രൂപയും ആയിരുന്നു എന്നാൽ 95–96 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 150 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 90-125വരെയും സ്ത്രീ തൊഴിലാളികൾക്ക് 60 70 വരെയും കൂലി എത്തി നിൽക്കുന്നതായി കാണപ്പെടുന്നു.

സ്ത്രീ തൊഴിലാളികളിൽ ഒരു മേഖലയിലും തൊഴിൽ വിദഗ്ദ്ധരെ കാണപ്പെടുന്നില്ല. അവിദഗ്ദ്ധ തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. പുരുഷ തൊഴിലാളികളെക്കാൾ സ്ത്രീ തൊഴിലാളികൾക്ക് പൊതുവെ കൂലിയിൽ ഗണ്യമായ കുറവ് കാണപ്പെടുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ്, കല്ല്, ഇഷ്ടിക എന്നിവയിൽ 1996 ആയപ്പോഴേക്കും ഗണ്യമായ വില വർദ്ധനവ് ദർശിക്കാവുന്നതാണ്. സിമൻറിന് 1987—88 കാലയളവിൽ

70 രൂപയും 89ൽ 100 രൂപയും ആയിരുന്നു എങ്കിൽ 92_94 വർഷങ്ങളിൽ 150 രൂപയും 95_96 വർഷങ്ങളിൽ 180 രൂപയായും വർദ്ധിച്ചു. 1987_88 കാലയളവിൽ ഒരു ലോഡ് (150 അടി) കല്ലിന് 300 രൂപ ആയിരുന്നതു് 1990ൽ 450_500 രൂപ ആവുകയും 93_94ൽ 550 650 എന്ന നിലയിൽ നിന്നു് 95_96ൽ 700.850 ആയി വർദ്ധിക്കുകയും ചെയ്തു.

1987-88ൽ ഒരു കിലോഗ്രാം കമ്പിക്ക് 3 രൂപ ആയിരുന്നതു് 1996ൽ 16 രൂപ 50 പൈസയിൽ എത്തി നില്ക്കുന്നതായി കാണുന്നു. 1987-88 കാലയളവിൽ 1000 ചുട്ട ഇഷ്ടികക്ക് 500രൂപ ആയിരുന്നതു് 1990 കാലയളവിൽ 1000 രൂപയായും 1995-96 കാലയളവിൽ 1300 1500 എന്ന നിലയിൽ എത്തി നില്ക്കുകയാണ്.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1) കൂലി നിരക്കിലെ വർദ്ധനവും കൂലി നിരക്കിനെ വെല്ലുന്ന സാധന സാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാർ വിവിധ പദ്ധതികളിലൂടെ സഹായങ്ങളും വായ്പകളുമായി ബ്ലോക്കുവഴി നല്കുന്ന R L E G P, N R E P, I A Y, J R Y, M W S തുടങ്ങിയ പദ്ധതികളുടെ വായ്പാപരിധി വർദ്ധിപ്പിക്കാനും വായ്പക്കുള്ള കാലതാമസം ഒഴിവാക്കപ്പെടേണ്ടതുമുണ്ട്.

2) ഭവന നിർമ്മാണ രംഗത്ത് ഹൗസിങ്ങ് സൊസൈററി, പട്ടികജാതി - പട്ടികവർഗ്ഗ ഭവന പദ്ധതി, IRDP എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇവയുടെയൊന്നും പ്രവർത്തനം വേണ്ട രീതിയിൽ പ്രയോജനകരമാകുന്നില്ല ആയതിനാൽ ഈ അവസ്ഥയിൽനിന്നു് മോചനം നേടുന്നതിന് ഈ പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും നടപ്പിൽ വരുത്തുന്ന കാലതാമസം ഒഴിവാക്കുകയും വായ്പാ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും ചെയ്യുക.

3) പാർപ്പിട രംഗത്ത് വിവിധ പദ്ധതികൾ വഴി സർക്കാർ ലഭ്യമാക്കുന്ന വായ്പകൾ ഉപഭോക്താവിന് ലഭിക്കുന്നതിന് റേഷൻകാർഡ് അത്യന്താപേക്ഷിതമാണ്. എന്നാൽ റേഷൻകാർഡില്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിൽ നിരവധിയാണ്. ഇവർക്ക് റേഷൻകാർഡ് അനുവദിച്ച് കൊടുക്കുന്നതിനും അതുവഴി വീടുവെയ്ക്കുന്നതിനുള്ള സ്ഥലവും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും പഞ്ചായത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4) കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽനിന്നു് 3 മീററർ അകലം വിടണമെന്ന നിബന്ധന ഇപ്പോൾ മതിൽ നിർമ്മിക്കുന്നതിനും കർശനമാക്കുന്നതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക നിയമങ്ങളിൽ അയവു വരുത്തി വീട് നിർമ്മിക്കുന്നതിനും മതിൽ പണിയുന്നതിനുമുള്ള അനുമതി നൽകി ഭവന നിർമ്മാണ രംഗത്തുള്ള ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

5) പഞ്ചായത്തിലെ പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് വീട്ടു നമ്പർ നല്കുകയും അതു വഴി സർക്കാരിന്റെ വിവിധ പദ്ധതികളിൽ കൂടിയുള്ള സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

6) മണ്ണാർക്കാട്ട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ കരിമ്പൻകുന്നിൽഉള്ള 200ലധികം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് 1980-82 കാലയളവിൽ നിർമ്മിച്ചു നൽകിയ കോളനി വീടുകളിൽ പലതും നിർമ്മാണത്തിലെ പാകപ്പിഴകൾമൂലവും കാലാകാലങ്ങളിൽ അററകുററപ്പണികൾ ചെയ്യാത്തതുകൊണ്ടും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുടെ അനാസ്ഥമൂലവും ഏറിയ ഭാഗവും ഇടിഞ്ഞുപൊളിഞ്ഞ് മനുഷ്യവാസയോഗ്യമല്ലാത്ത അവസ്ഥയിൽ ഈ കോളനിയിൽ താമസിക്കുന്ന ആദിവാസി ജനവിഭാഗം അനുഭവിക്കുന്ന പാർപ്പിട പ്രശ്നം അതീവ രൂക്ഷമാണ്. ഇതിനു് ശാശ്വതമായ പരിഹാരം കാണേണ്ടതു് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഹരിജൻ കോളനികൾക്ക് പാർപ്പിടലും അതോടനുബന്ധിച്ചുള്ള മററു സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

7) സ്ഥിര വരുമാനമില്ലാത്ത കുടുംബങ്ങൾക്ക് പലിശ രഹിത വായ്പകൾ ലഭ്യമാക്കുക.

8) ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനു് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തു തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.

9) സർക്കാരിന്റെ പല ഭവന നിർമ്മാണ പദ്ധതികൾക്കും അപേക്ഷ നൽകിയവർക്ക് സർക്കാർ ഓഫീസുകളിൽ കുടുങ്ങിപോയ ഭൂമി സംബന്ധമായ രേഖകൾ തിരിച്ചു കിട്ടുന്നതിന് പഞ്ചായത്തു മുഖാന്തിരം നടപടികൾ സ്വീകരിക്കുക.

10) I. R. D. P. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവരെ കണ്ടെത്തുകയും അർഹരായവർക്കു മാത്രം ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യുന്നതോടൊപ്പം I. R. D. P. ലിസ്ററിൽ ഉൾപ്പെടാത്ത താഴ്ന്ന വരുമാനക്കാരെ ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക.

11) അവശ ജനവിഭാഗങ്ങളിൽ അർഹതയുള്ള എല്ലാവർക്കും ഭവന നിർമ്മാണ പദ്ധതികളിലൂടെയുള്ള ധനസഹായം ഉറപ്പുവരുത്തുക.

## സാധ്യതകൾ

1) പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന മിച്ചഭൂമികളും പുറമ്പോക്ക് ഭൂമികളും അതാത് വാർഡ് അടിസ്ഥാനത്തിൽ ജനകീയ കമ്മിററികൾ രൂപീകരിച്ച് അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുവേണ്ട നടപടികൾ നടപ്പിലാക്കുക.

2) ഭവന നിർമ്മാണ രംഗത്ത് പഞ്ചായത്തിലെ കുടിലുകൾ മാററിയെടുക്കാനും ഭവന രഹിതർക്ക് വീടുകൾ നിർമ്മിച്ച് നല്കാനും നിലവിലുള്ള വിവിധ ഏജൻസികളുടെ പോരായ്മകൾ പരിഹരിച്ച് വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും ഇതോടൊപ്പംതന്നെ ഗുണഭോക്താക്കളേയും സന്നദ്ധ സംഘടനകളേയും സംയുക്തമായി വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്കു സ്വരൂപിക്കാൻകഴിയുന്ന വിഭവ സമാഹരണത്തിൻെറ അളവു മനസ്സിലാക്കുകയും ഇതിനു പുറമേ ഗുണഭോക്താക്കളുടെ അദ്ധ്വാനവും സർക്കാർ ഫണ്ടും ഉപയോഗപ്പെടുത്തി ഭവന നിർമ്മാണ രംഗത്ത് നൂതനമായ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുമാണ്.

3) പഞ്ചായത്ത് തലത്തിലുള്ള ഭവന നിർമ്മാണ സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

4) പൊതു വിതരണ സംവിധാനത്തിൻ കീഴിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന രീതിയിൽ സംവിധാനം ഏർപ്പെടുത്തുക.

5) ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6) ഭവനനിർമ്മാണ പദ്ധതികളിലൂടെ ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തുകകൾ വർദ്ധിപ്പിക്കുക.

7) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുക.

8) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.

9) നികുതി സംവിധാനം ശാസ്ത്രീയമായി പുതുക്കി ദുർവ്യയ ഭവന നിർമ്മാണ രംഗങ്ങളെ നിയന്ത്രിക്കുകയും ചെറുകിട ഭവന നിർമ്മാണ പദ്ധതികൾക്ക് നികുതിയിൽ ഇളവ് നൽകുകയും ചെയ്യുക.

10) പുതിയ ആസൂത്രിത കോളനികൾ നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

11) ജൈവ വേലികൾക്ക് പ്രചാരം നൽകുക.

12) പാരമ്പരാഗത വാസ്തുശില്പ മാതൃകകളുടെ സംരക്ഷണം ഉറപ്പുവരുത്തുക.

13) വികസിച്ചു വരുന്ന പ്രദേശമാകയാൽ ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുവാനായി മോഹവില കൊടുത്താൽപോലും സ്ഥലം ലഭിക്കാത്ത അവസ്ഥ പഞ്ചായത്തിലുണ്ട്. സർക്കാർ ഏറെറടുക്കുന്ന മിച്ചഭൂമി സ്ഥലങ്ങൾ പുതിയ കോളനി നിർമ്മാണത്തിനായി പഞ്ചായത്തിന് വിട്ടുകിട്ടിയാൽ ഇതിനൊരു പരിഹാരമാവും.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര രേഖക്ക് താഴെയുള്ളവരുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനു വേണ്ടിയുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും തൊഴിൽ മേഖലയിലെ സംഘടിതവും അസംഘടിതവുമായ താഴ്ന്ന വരുമാനക്കാരുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

ഇതിൽ പ്രധാനമായും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ നിയന്ത്രണത്തിലുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി – തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പിലാക്കുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം. ഇതിനും പുറമെ പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി വികസന കോർപ്പറേഷനുകളും പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യ ക്ഷേമരംഗത്ത് മണ്ണാർക്കാട് പഞ്ചായത്തിൽ സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്നത് മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിനു കീഴിലുള്ള മണ്ണാർക്കാട് തെങ്കര എന്നീ സർക്കിളുകൾ വഴിയാണ്.

മണ്ണാർക്കാട് പഞ്ചായത്തിൽ മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസ് മുഖേന IRDP സഹായം ലഭ്യമാക്കിയ കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു. 1993-94 സാമ്പത്തിക വർഷത്തിൽ 92 പേർക്ക് സഹായം ലഭിച്ചതിൽ 46 പേരും 1994-95ൽ ആകെ 72 പേരിൽ 33 പേരും 95-96ൽ സഹായം ലഭിച്ചവരിൽ 63ൽ 29 പേരും പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. 1995-96 കാലയളവിൽ സഹായം ലഭ്യമായവരുടെ എണ്ണത്തിൽ കുറവു സംഭവിച്ചതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

തൊഴിലാളി–തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ മററ് വിവിധ മേഖലകളിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികളേയും ഉൾപ്പെടുത്തി ക്ഷേമനിധികളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്. വനിതാ വികസന കോർപ്പറേഷൻെറ ഒരു ശാ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്കും ലഭ്യമാ ത്തക്ക രീതിയിൽ ആരംഭിക്കുകയും അതിൻെറ പ്ര

ത്തനം നല്ല രീതിയിൽ നടപ്പിൽ വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

പട്ടിക ജാതി – പട്ടികവർഗ്ഗ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി നിലനിൽക്കുന്ന പട്ടികജാതി – പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. കോർപ്പറേഷന്റെ ഓഫീസ് പാലക്കാട്ടായതിനാൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ ഒരു ശാഖ മണ്ണാർക്കാട് പഞ്ചായത്ത് പരിധികളിൽ സ്ഥാപിക്കുകയും ചെയ്യുക. കൂടാതെ രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാരുടെ വിധവകൾക്ക് സാമൂഹ്യക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് I R D P സർവ്വെയിൽ ഇവരെ ഉൾപ്പെടുത്തണം.

ദേശസാൽകൃത ബാങ്കുകൾ പലതും പ്രവർത്തിക്കുന്നുണ്ടെങ്കിലും I. R. D. P. സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിന് ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. ജില്ലാ – സംസ്ഥാന സഹകരണ ബാങ്കുകൾവഴി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കണം.

## D. W. C. R. A.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA ഈ പഞ്ചായത്തിൽ സ്ത്രീകളുടെ ക്ഷേമത്തിനായി DWCRAയുടെ കീഴിൽ പ്രവർത്തനം ആരംഭിച്ചത് 1985-86 സാമ്പത്തിക വർഷത്തിലാണ്. പത്തു വർഷം പിന്നിട്ട പദ്ധതിയുടെ പ്രവർത്തനങ്ങൾ കണക്കുകൾ പരിശോധിച്ചപ്പോൾ വളരെ മോശമായ നിലയിലാണ്.

തത്തേങ്ങലം കേന്ദ്രമായി പ്രവർത്തിക്കുന്ന മെററൽ നിർമ്മാണ യൂണിററ് 1985-86ൽ 16 സ്ത്രീകൾ ചേർന്ന് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോൾ പ്രവർത്തനം പൂർണ്ണമായും നിശ്ചലാവസ്ഥയിലാണ്. 1986-87 കാലയളവിൽ 12 പേരടങ്ങുന്ന അരി സംസ്ക്കരണ യൂണിററ് ചേറുംകുളത്ത് പ്രവർത്തനമാരംഭിച്ചെങ്കിലും ഇപ്പോൾ അതിൽ ഭാഗികമായി മാത്രമേ പ്രവർത്തനം നടക്കുന്നുള്ളു. പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ഗൃഹോപകരണങ്ങളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണത്തിനും ഈററ, മുള എന്നിവ ഉപയോഗിച്ചുള്ള പരമ്പരാഗത കരകൗശല വസ്തുക്കളെടെയും ഗൃഹോപകരണങ്ങളുടെയും നിർമ്മാണത്തിനും തെങ്കര കേന്ദ്രമാക്കി ഒരു യൂണിററ് 1987-88ൽ പ്രവർത്തനം ആരംഭിച്ചു ഈ യൂണിററിന്റെ പ്രവർത്തനം ഭാഗികമായ രീതിയിൽ നടന്നുവരുന്നു.

മണ്ണാർക്കാട് സർക്കിളിനു കീഴിൽ 1986-87 കാലയളവിൽ നായാടിക്കുന്നിൽ ആരംഭിച്ച 15 പേരടങ്ങുന്ന ബീഡി നിർമ്മാണ യൂണിററ് മോശമല്ലാത്ത രീതിയിൽ പ്രവർത്തിച്ചുവരുന്നു. 1988-89 കാലയളവിൽ അണ്ടിക്കുണ്ടിൽ ആരംഭിച്ച 14 പേരടങ്ങുന്ന അരി സംസ്കരണ യൂണിററിന്റെ പ്രവർത്തനം ഇപ്പോഴും തുടരുന്നുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനു DWCRAയുടെ കീഴിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

### *ട്രൈസം*

ഗ്രാമീണരായ യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടിയാണ് ട്രൈസം പദ്ധതി നടപ്പിൽ വന്നതു്. എന്നാൽ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള സാധാരണ ജനങ്ങളുടെ അറിവില്ലായ്മ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ വിഘാതം സൃഷ്ടിക്കുന്നുണ്ട്.

മണ്ണാർക്കാട് പഞ്ചായത്തിൽ 34 പേർക്ക് മാത്രമാണ് ഈ പദ്ധതിയിലൂടെ തൊഴിൽ പരിശീലനം ലഭ്യമായതു്. പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതു് വളരെ അത്യാവശ്യമാണ്. ഈ പദ്ധതിയിലൂടെയുള്ള പരിശീലന പരിപാടികൾ വിജയിപ്പിക്കുന്നതിന് വേണ്ടി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതോടൊപ്പംതന്നെ പരിശീലനം നേടിയവർക്ക് തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുക.

### *ടൂൾ കിററ്*

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നതിനു് ടൂൾ കിററ് സമ്പ്രദായം പഞ്ചായത്ത് തലത്തിൽ നടപ്പിൽ വരുത്തുക.

## പെൻഷനുകൾ

### *വിധവാ പെൻഷൻ:-*

ഈ പഞ്ചായത്തിൽ പേർക്ക് മാത്രമാണ് വിധവാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നത്. അർഹരായ എല്ലാവർക്കും വിധവാ പെൻഷൻ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

### *വികലാംഗ പെൻഷൻ:-*

ഈ പഞ്ചായത്തിലെ വികലാംഗരിൽ 38 പേർക്കുമാത്രമാണ് വികലാംഗ പെൻഷന്റെ ആനുകൂല്യം ലഭ്യമാകുന്നത്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള

സർട്ടിഫിക്കററ് ലഭിക്കുവാനുള്ള ബുദ്ധിമുട്ടാണ് ഇതിനു പ്രധാന കാരണം. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് നൽകുന്നതിനുള്ള അധികാരം ജില്ലാ ആശുപത്രിയിൽനിന്നും മാററി താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകിയാൽ മുഴുവൻ വികലാംഗർക്കും വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കററ് ലഭ്യമാവുകയും അതുവഴി അർഹിക്കുന്ന ആനുകൂല്യം നേടിയെടുക്കുന്നതിന് അവർക്ക് സഹായകമാവുകയും ചെയ്യും.

വികലാംഗർക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും യാത്രാബത്തകളും വർദ്ധിപ്പിക്കുന്നതോടൊപ്പം അംഗവൈകല്യം സംഭവിച്ചിട്ടുള്ള എല്ലാവർക്കും വികലാംഗർക്കായുള്ള ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കത്തക്ക രീതിയിൽ വികലാംഗ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിൻെറയും സഹായത്തോടുകൂടി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുക.

### *കർഷക തൊഴിലാളി പെൻഷൻ*

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കൂലിപ്പണിയെ ആശ്രയിച്ച് ജീവിക്കുന്നവരാണെങ്കിൽ പോലും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നത് അർഹതപ്പെട്ടവരിൽതന്നെ വളരെക്കുറച്ച് പേർക്ക് മാത്രമാണ്. അർഹിക്കുന്ന എല്ലാവർക്കും പെൻഷൻ ലഭിക്കുന്നതിനു് പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

### *തൊഴിലില്ലായ്മ വേതനം*

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർ ധാരാളമുള്ള മണ്ണാർക്കാട് പഞ്ചായത്തിൽ 116 പേർക്ക് മാത്രമാണ് ഇപ്പോൾ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നത്. തൊഴിലില്ലായ്മവേതനം അർഹിക്കുന്ന എല്ലാ അഭ്യസ്തവിദ്യർക്കും ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

### *വാർദ്ധക്യകാല പെൻഷൻ*

വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നത് 64 പേർക്ക് മാത്രമാണ. അർഹരായ എല്ലാവർക്കും വാർദ്ധക്യകാല പെൻഷൻ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്ത്തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

### *കുഷ്ഠ രോഗികൾക്കും ക്ഷയ രോഗികൾക്കും കാൻസർ രോഗികൾക്കുമുള്ള പെൻഷൻ*

ഈ പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്ന കുഷ്ഠരോഗികൾ 5 പേരും ക്ഷയരോഗികൾ 8 പേരും കാൻസർ രോഗികൾ 3 പേരുമാണ്. പെൻഷൻ ലഭിക്കാൻ അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കത്തക്ക രീതിയിൽ വളരെ പ്രാധാന്യത്തോടുകൂടി നടപ്പിൽ വരുത്തേണ്ട ഒരു പദ്ധതിക്ക് രൂപം നൽകുക.

## ക്ഷേമനിധികൾ

വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അനവധിയുള്ള ഈ പഞ്ചായത്തിൽ തൊഴിലാളി ക്ഷേമ പദ്ധതികളുടെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് നടക്കുന്നത്. ഈ പദ്ധതികളെപ്പററിയുള്ള അറിവില്ലായ്മയും ഉദ്യോഗസ്ഥൻമാരുടെ ഉദാസീനതയുമാണ് ഇതിനു് പ്രധാന കാരണം.

### *കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി*

നിർമ്മാണ രംഗത്തു് വളരെയധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷവും ഇന്നും ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല. മുഴുവൻ നിർമ്മാണ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും തൊഴിലുടമകളിൽ ക്ഷേമനിധി വിഹിതം പിരിച്ചെടുക്കുന്നതിനും സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തിയ കമ്മിററികൾ പഞ്ചായത്തു് തലത്തിൽ രൂപീകരിക്കുക.

### *ആഭരണ തൊഴിലാളി ക്ഷേമനിധി*

ആഭരണ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട്. എങ്കിലും അവക്കായി പ്രത്യേക ക്ഷേമ പദ്ധതികളൊന്നും നിലവിലില്ല. ഇതിനു പരിഹാരമായി പഞ്ചായത്ത്തലത്തിൽ ആഭരണ തൊഴിലാളി ക്ഷേമനിധികൾ രൂപീകരിക്കുക.

### *കൈത്തൊഴിലാളി ക്ഷേമനിധി*

വിവിധ തരത്തിലുള്ള കൈത്തൊഴിലുകൾ ചെയ്ത് ഉപജീവനം നടത്തുന്ന നിരവധി ആളുകളുള്ള ഈ പഞ്ചായത്തിൽ കൈത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളൊന്നും നിലവിലില്ല. ഇവർക്കായുള്ള ക്ഷേമ പദ്ധതികൾ നടപ്പിൽ വരുത്തുക.

### *വിദഗ്ദ തൊഴിലാളി ക്ഷേമനിധി*

തൊഴിൽ വൈദഗ്ദ്ധ്യം നേടിയവർ ധാരാളമുള്ള മണ്ണാർക്കാട് പഞ്ചായത്തിൽ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളൊന്നുംതന്നെ ഇല്ല. ഇവർക്കായി പ്രത്യേകം ക്ഷേമ പദ്ധതികൾ പഞ്ചായത്ത്തലത്തിൽ നടപ്പിൽ വരുത്തുക.

## അംഗൻവാടികൾ

മണ്ണാർക്കാട് പഞ്ചായത്തിൽ ആകെ 45 അംഗൻവാടികളാണുള്ളത്. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്നതാണ് സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ലക്ഷ്യമെങ്കിലും ഈ ലക്ഷ്യം മുഴുവൻ നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിലെ അംഗൻവാടികളിൽ വർക്കർ–ഹെൽപ്പർ തസ്തികകളിലായി 90 വനിതകളാണ് ജോലി ചെയ്യുന്നത്. ഈ മേഖലകളിൽ മുഴുവൻ ജീവനക്കാരും വനിതകളാണ്. ഇവിടെ ഗുണഭോക്താക്കളായി ഗർഭിണികളും, പാലൂട്ടുന്ന അമ്മമാരും, 6 മാസം മുതൽ 3 വയസ്സ്‌വരെയുള്ള കുട്ടികളും, പ്രീസ്കൂൾ കുട്ടികളു (3 വയസ്സു മുതൽ 6 വയസ്സ്‌വരെയുള്ള) മാണ്. അതുപോലെ പാലക്കാട് ജില്ലയുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ കാരണം പല സ്കൂളുകളിൽ ഉൾപ്പെടുത്തി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് (Girl to Girl Scheme) 11 വയസ്സ് മുതൽ 15 വയസ്സ്‌വരെയുള്ള കുട്ടികൾക്ക് ആരോഗ്യപരവും, വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് ആവശ്യമായ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ത്രിദിന പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുകയും കുട്ടികൾക്ക ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്തിരുന്നു. നിലവിൽ ഈ പദ്ധതി നടക്കുന്നില്ല. ഈ സംരംഭം തുടർന്ന് നടത്തേണ്ടതാണ്.

അതുപോലെതന്നെ 15 വയസ്സ് മുതൽ 18 വയസ്സ്‌വരെയുള്ള (ബാലികാ മണ്ഡൽ ട്രൈനിംഗ്) വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും പിന്നോക്കം നില്ക്കുന്ന തൊഴിൽ രഹിതരായ യുവതികളെ സംഘടിപ്പിച്ച് 6 മാസ കാലയളവിലൂടെ തൊഴിൽ പരിശീലനങ്ങൾ നടത്തിയിരുന്നു.

ഇവിടെ പ്രീ സ്കൂൾ കുട്ടികൾക്കായി അനൗപചാരിക വിദ്യാഭ്യാസം നടത്തുന്ന സാധാരണക്കാരായ കുട്ടികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി World Food Programmeന്റെ സഹായത്തോടെ അനുപൂരക പോഷകാഹാരങ്ങൾ നൽകുന്നു. അമ്മമാർക്ക് പോഷകാഹാരങ്ങൾ തയ്യാറാക്കുന്നതിനെകുറിച്ചും ആരോഗ്യ പരിപാലനത്തെക്കുറിച്ചും അമ്മമാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ബോധവല്ക്കരണ ക്ലാസുകൾ നടത്തുന്നു,

## പ്രശ്നങ്ങൾ

രാവിലെ 9½ മുതൽ 3½ വരെ അംഗൻവാടികളിൽ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം കൂടി നടത്തേണ്ടിവരുന്നു. ഏറെ പ്രയാസങ്ങൾ സഹിച്ചും നാടിന്റെ പുരോഗതിക്കും ഉന്നമനത്തിനുംവേണ്ടി തികച്ചും ആത്മാർത്ഥതയോടും കഠിനാദ്ധ്വാനത്തോടുംകൂടി സേവനമനുഷ്ഠിക്കുന്ന ഈ വനിതാ ജീവനക്കാർക്ക് വളരെ തുച്ഛമായ സംഖ്യ മാത്രമേ പ്രതിഫലം കിട്ടുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ മിക്കവാറും അംഗൻവാടികൾക്ക് സ്ഥലമോ കെട്ടിടങ്ങളോ ഇല്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സെന്ററുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. സർക്കാരിൽ നിന്നും ഒരു സെന്ററിന് 25 രൂപ മാത്രമാണ് വാടകയായി കിട്ടുന്നുള്ളൂ. മിക്കവാറും സെന്ററുകൾക്കും ഈ ചെറിയ തുക കൊണ്ട് വാടക നൽകി പ്രവർത്തിപ്പിക്കുവാൻ സാധിക്കാതെ വരികയും ആരുംതന്നെ ഈ ചെറിയ സംഖ്യക്ക് സ്വന്തം കെട്ടിടങ്ങൾ വാടകക്ക് നൽകാൻ തയ്യാറാകാതെ വരികയും ചെയ്യുന്നതുകൊണ്ട് സെന്ററുകളുടെ പ്രവർത്തനങ്ങൾ നിലച്ചുപോകുമെന്ന അവസ്ഥകൾ വരികയും ചെയ്യുമ്പോൾ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും കിട്ടുന്ന തുച്ഛമായ വേതനത്തിൽ നിന്നും ഒരു സംഖ്യ വാടകക്കുവേണ്ടി നീക്കിവെക്കേണ്ടതായി വരുന്നു

അതുപോലെതന്നെ അംഗൻവാടിയിലെ ഒരു കുട്ടിക്ക് പച്ചക്കറികൾക്കും വിറകിനും 5 പൈസ മാത്രമാണ് നൽകുന്നത്. ഇത് കാലോചിതമായി പുതുക്കേണ്ടതാണ്.

വർഷങ്ങളായി താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ല. ആയതിനാൽ അവർക്ക് ക്ഷേമനിധിയിൽ അംഗത്വം നേടുവാനോ സർവ്വീസ് അടിസ്ഥാനത്തിലുള്ള വേതന വർദ്ധനവ് ലഭിക്കുന്നതിനോ സാധിക്കുന്നില്ല.

അംഗൻവാടികളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളോ കളിക്കോപ്പുകളോ ഇല്ലാത്തതുകൊണ്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും അസന്തുഷ്ടിയും, അതൃപ്തിയും ഉണ്ടാകുന്നു. ഇത് സെന്ററുകളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. ഓരോ സാധനങ്ങൾക്കും വില വർദ്ധിച്ച ഈ കാലഘട്ടത്തിൽ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുവദിച്ച ഫണ്ട് തികയാതെ വരുന്നു. ആയതുകൊണ്ട് ഫണ്ടുകൾ വർദ്ധിപ്പിക്കണം. ആരോഗ്യ പ്രവർത്തകരുടെ സേവനങ്ങൾ ഈ രംഗത്ത് ഇനിയും വിപുലമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. മഹിളാസമാജക്കാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാകാൻ താല്പര്യം എടുക്കണം.

## നിർദ്ദേശങ്ങൾ

1) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

2) അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

3) ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക, ഇവരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾ അനുവദിക്കുക.

4) വിറക്, പച്ചക്കറി എന്നിവയുടെ തുകകൾ വർദ്ധിപ്പിക്കുക വാടക തുകയിൽ വർദ്ധനവ് നല്കുക (നിലവിലുള്ളത് 25 രൂപ)

5) അംഗൻവാടികൾ ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടികൾ അനുവദിക്കുക.

6) പഞ്ചായത്ത് ഭൂമിയോ, മിച്ച ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ സ്ഥലം നൽകുക.

7) ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ, ജെ. ആർ. വൈ. ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും, ഉള്ളവയിൽ അററകുററ പണികളും അടിസ്ഥാന സൗകര്യങ്ങളും നടത്തുക.

8) D W C R A യൂണിററുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

9) അനർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.

10) അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരങ്ങൾക്ക് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

11) ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്‌വസ്തുക്കളും മലിനവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക. കെട്ടിടമുള്ള എല്ലാ അംഗൻവാടികൾക്കും കക്കൂസ് നിർമ്മിക്കുക.

12) മഹിളാ സമാജക്കാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

13) ആരോഗ്യ പ്രവർത്തകരുടെ സഹായങ്ങളും സഹകരണങ്ങളും വർദ്ധിപ്പിക്കുക. കുട്ടികൾക്ക് ആവശ്യമായ വിററാമിൻ ഗുളികകളും മററും അംഗൻവാടികൾ വഴി വിതരണം നടത്തുക.

14) ബോധവൽക്കരണം ക്ലാസുകളിൽ ആരോഗ്യപ്രവർത്തകർ നിർബന്ധമായും പങ്കെടുക്കുക.

15) പൊതുരംഗ പ്രവർത്തനത്തിൽ വർക്കർമാരേയും ഹെൽപ്പർമാരേയും സജീവമാക്കാൻ ബോധവൽക്കരണങ്ങൾ നടത്തുക.

16) അംഗൻവാടി കെട്ടിടങ്ങൾക്ക് നികുതി അടക്കാൻ സർക്കാർ പണം അനുവദിച്ചുതരിക.

17) സൂപ്പർവൈസർമാർക്കുള്ള തസ്തികയിൽ വർക്കർമാർക്ക് 50% സംവരണം ഏർപ്പെടുത്തുക. സർവ്വീസ് അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുക.

18) പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും, മുസ്ലീം വനിതകൾക്കും ജോലിയിൽ സംവരണം നടത്തുകയും സംവരണാടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചെയ്യുക.

19) മണ്ണാർക്കാട് I C D S Project officeന് കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലം കണ്ടെത്തുക.

## പട്ടിക

| ക്രമനമ്പർ | അംഗൻവാടി നമ്പർ | പേര് വാർഡ് | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിസ്ഥലം ഇല്ലാത്തത് | സ്ഥലം ലഭിച്ചിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|
| 1 | 76 | കൈതച്ചിറ | 35 | ഉണ്ട് | — | ഉണ്ട് | ഇല്ല | ഇല്ല | |
| 2 | 77 | ചെറുംകുളം വെസ്റ്റ് | 25 | ,, | — | ,, | | | |
| 3 | 78 | കാളക്കാട് | 20 | ,, | — | ,, | | | |
| 4 | 79 | തത്തേങ്ങലം | 25 | ,, | — | ,, | | | |
| 5 | 80 | മെഴുകുംപാറ | 25 | ,, | — | ,, | | | |
| 6 | 81 | ചെറുംകുളം ഈസ്റ്റ് | 35 | ,, | — | ,, | | | |
| 7 | 82 | മേലാമുറി | 35 | ,, | — | ,, | | | |
| 8 | 83 | വാളക്കര | 26 | ,, | — | ,, | | | |
| 9 | 84 | ചിറപ്പാടം | 31 | നിർമ്മാണത്തിൽ | — | ,, | | | |
| 10 | 85 | കൊററിയോട് | 33 | കെട്ടിടം ഉണ്ട് | — | ,, | | | |
| 11 | 86 | ആനമൂളി | 20 | നിർമ്മാണത്തിൽ | — | ,, | | | |
| 12 | 87 | കോൽപ്പാടം | 25 | കെട്ടിടം ഉണ്ട് | — | ,, | | | |
| 13 | 88 | പുഞ്ചക്കോട് | 25 | നിർമ്മാണത്തിൽ | — | ,, | | | |
| 14 | 89 | തെങ്കര | 35 | — | ഇല്ല | — | ഇല്ല | | |
| 15 | 90 | പറച്ചീരി | 35 | കെട്ടിടം ഉണ്ട് | — | ഉണ്ട് | | | |
| 16 | 91 | മുതുവല്ലി | 15 | ,, | — | ,, | | | |
| 17 | 92 | മണലടി | 25 | നിർമ്മാണത്തിൽ | — | ,, | | | |
| 18 | 93 | അരയങ്ങോട് ഈസ്റ്റ് | 25 | — | ഇല്ല | — | ഇല്ല | | |
| 19 | 94 | അരയങ്ങോട് | 25 | നിർമ്മാണത്തിൽ | | ഉണ്ട് | | | |
| 20 | 95 | മുണ്ടക്കണ്ണി | 40 | ,, | | ,, | | | |
| 21 | 96 | പൂക്കുന്ന് | 40 | — | ഇല്ല | — | ഇല്ല | | |
| 22 | 97 | മുക്കണ്ണം | 32 | — | ഇല്ല | — | ,, | | |
| 23 | 98 | മുണ്ടക്കാരാട് | 38 | ഉണ്ട് | — | ഉണ്ട് | | | |
| 24 | 99 | പെരിമ്പടാരി | 15 | ,, | — | ,, | | | |
| 25 | 100 | സ്റ്റേഷന് പിൻവശം | 27 | — | ഇല്ല | — | ഇല്ല | | |
| 26 | 101 | മണിമുണ്ട കോളനി | 29 | — | ,, | — | | | |
| 27 | 102 | തോരാപുരം കോളനി | 25 | — | ,, | — | | | |
| 28 | 103 | കിഴക്കുംപുറം ,, | 19 | ഉണ്ട് | — | ഉണ്ട് | | | |
| 29 | 104 | നായാടിക്കുന്ന് | 46 | — | ഇല്ല | — | ഇല്ല | | |
| 30 | 105 | പള്ളിക്കുന്ന് | 40 | നിർമ്മാണത്തിൽ | — | ഉണ്ട് | | | |
| 31 | 106 | തിരിത്തിയോട് | 25 | ഉണ്ട് | — | ,, | | | |
| 32 | 107 | പാണ്ടിക്കാട് | 25 | ,, | — | ,, | | | |
| 33 | 108 | പാറത്തൊഴിക്കാവ് | 25 | ,, | — | ,, | | | |
| 34 | 109 | ചോമേരി | 34 | നിർമ്മാണത്തിൽ | — | ,, | | | |
| 35 | 110 | പെരിഞ്ചോളം | 15 | — | ഇല്ല | — | ഇല്ല | | |
| 36 | 111 | കൊട്ടപാളിക്കുണ്ട് | 20 | — | ,, | — | ,, | | |
| 37 | 112 | വടക്കുമണ്ണം | 20 | നിർമ്മാണത്തിൽ | — | ഉണ്ട് | | | |
| 38 | 113 | ഉമയമാർഗ്ഗം | 20 | ഉണ്ട് | — | ,, | | | |
| 39 | 114 | നെല്ലിപ്പുഴ | 20 | — | ഇല്ല | — | ,, | | |
| 40 | 115 | കലാപതിക്ക സമീപം | 14 | — | ,, | — | ,, | | |
| 41 | 116 | ശിവൻകുന്ന് | 35 | — | ,, | — | ,, | | |
| 42 | 117 | പാവുപ്പാടം | 15 | — | ,, | — | ,, | | |
| 43 | 118 | അണ്ടിക്കുണ്ട് | 20 | കെട്ടിടമുണ്ട് | — | ഉണ്ട് | | | |
| 44 | 236 | നമ്പിയാംകുന്ന് | 35 | — | ഇല്ല | ,, | | | |
| 45 | 237 | കാട്ടിലത്താണി | 15 | — | ,, | — | ,, | | |
| | | Total | | 20 കെട്ടിടമുള്ളത് 9 നിർമ്മാണത്തിൽ | 16 | 30 | 15 എണ്ണം | | |

## പൊതുവിതരണകേന്ദ്രം

മണ്ണാർക്കാട് പഞ്ചായത്തിൽ ആകെ 17 റേഷൻകടകളും ഒരു മാവേലി സ്റ്റോറുമുണ്ട്. റേഷൻകടകളുടെ പൊതുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷാപ്പ് നമ്പ്ര് | ആകെ കാർഡുകളുടെ എണ്ണം | മുതിർന്നവർ | കുട്ടികൾ | ആകെ യൂണിററ് |
|---|---|---|---|---|---|
| 1 | 29 | 664 | 3305 | 782 | 7392 |
| 2 | 30 | 410 | 1957 | 493 | 4407 |
| 3 | 31 | 503 | 2339 | 620 | 5298 |
| 4 | 32 | 679 | 2738 | 601 | 6077 |
| 5 | 33 | 571 | 2508 | 745 | 5761 |
| 6 | 34 | 612 | 2679 | 635 | 5993 |
| 7 | 35 | 468 | 2552 | 711 | 5215 |
| 8 | 36 | 492 | 2227 | 588 | 5042 |
| 9 | 56 | 521 | 2205 | 466 | 4876 |
| 10 | 72 | 508 | 2322 | 567 | 5211 |
| 11 | 84 | 526 | 2574 | 810 | 5958 |
| 12 | 88 | 290 | 1163 | 238 | 2564 |
| 13 | 99 | 336 | 1513 | 473 | 3499 |
| 14 | 100 | 332 | 1317 | 341 | 2975 |
| 15 | 108 | 347 | 1524 | 407 | 3455 |
| 16 | 109 | 286 | 1297 | 372 | 2966 |
| 17 | 123 | 302 | 1294 | 427 | 3015 |
| ആകെ | 17 | 7847 | 35214 | 9276 | 79704 |

സാധാരണക്കാരന് ഒട്ടേറെ പരാതികളുള്ള ഒരു മേഖലയായി പൊതുവിതരണ കേന്ദ്രങ്ങൾ മാറിയിരിക്കുന്നു. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറെറടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്. പൊതുകമ്പോളത്തിൽ സർക്കാറിന്റെ ശക്തമായ ഇടപെടലുണ്ടായാൽ മാത്രമേ വിലക്കയററം നിയന്ത്രിക്കാൻ സാധിക്കൂ. നിലവിൽ ഒരു മാവേലിസ്റ്റോർ മണ്ണാർക്കാട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്നുണ്ട്. തെങ്കരഭാഗത്ത് ഒരു മാവേലി സ്റ്റോർ കൂടി ആരംഭിക്കുകയും സഞ്ചരിക്കുന്ന ഒരു മാവേലിസ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിക്കുകയും ചെയ്താൽ കുറെകൂടി ഗുണപ്രദമാകും.



# സംസ്ക്കാരം

## ആമുഖം

പാരമ്പരാഗതമായി മുസ്ലീം, ഹിന്ദു മതവിഭാഗങ്ങളിൽ പെട്ടവർ സഹവർത്തിത്വത്തോടെ താമസിക്കുന്ന പ്രദേശമാണ് മണ്ണാർക്കാട് 1921ലെ മലബാർ കലാപം മണ്ണാർക്കാടിനേയും ബാധിച്ചുവെങ്കിലും കാലക്രമേണ അതിന്റെ അനുസരണനങ്ങളിൽ നിന്ന് ഈ പ്രദേശത്തിന് മുക്തമാകാൻ സാധിച്ചു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. മാത്രമല്ല, വർഗപരമായി ഒരു ഹിന്ദു ജന്മിയും (മണ്ണാർക്കാട് മൂപ്പിൽ നായർ) ഒരു മുസ്ലിം ജന്മിയും (കല്ലടി) മണ്ണാർക്കാട്ടെ സ്വാധീന ശക്തികളായതുകൊണ്ട് സാമ്പത്തിക അടിത്തറയിൻമേൽ ഉടലെക്കുന്ന വർഗ്ഗീയ പ്രശ്നങ്ങൾക്കും ഇവിടെ സാധ്യത ഇല്ലാതെ പോയി. ഈ രണ്ട് പ്രധാന മതവിഭാഗങ്ങൾക്കു പുറമേ വാണിജ്യാവശ്യാർത്ഥം തമിഴ്നാട്ടിൽനിന്നുള്ള വൈശ്യ വിഭാഗക്കാരും മുതലിയാർമാരും മൈസൂർ ചെട്ടികളും തിരുവിതാംകൂറിൽനിന്ന് ക്രിസ്ത്യാനികളും ധാരാളമായി മണ്ണാർക്കാട് താമസമാക്കിയിട്ടുണ്ട് മണ്ണാർക്കാട്ടെ ചരിത്ര പ്രസിദ്ധമായ പൂരം (മണ്ണാർക്കാട് പൂരം) മൂന്ന് മത/ജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ സമന്വയമാണെന്നത് ഇവിടുത്തെ ജീവിതത്തിന്റെ ഒരു സൂചനയാണ്. അരകർശി കാവിന്റെ ഉടയോന്മാർ എന്നനിലക്ക് മണ്ണാക്കാട് നായര് വീട്ടുകാർ, അവരുടെ ജോലിക്കാരായ അട്ടപ്പാടിയിലെ ആദിവാസികൾ കച്ചവടക്കാരായ ചെട്ടിയാന്മാർ എന്നിവരുടെ കൂട്ടായ്മയാണ്. പരമ്പരാഗതമായ ഈപൂരത്തിന്റെ അടിസ്ഥാനം. പിന്നീട് മണ്ണാർക്കാട് താമസമാക്കിയ എല്ലാ വിഭാഗം ആളുകളുടെയും പ്രാതിനിധ്യത്തോടെ ഇന്ന് ഈ പൂരം ആഘോഷിക്കുന്നത് ഇവിടുത്തെ മത സൗഹാർദ്ദത്തിന്റെ പ്രതീകമാണ്. കൂടാതെ മണ്ണാർക്കാടിന്റെ ആകെതന്നെ ഉത്സവമായി തീർന്ന ശിവരാത്രി മഹോത്സവവും ഇവിടുത്തെ മതസൗഹാർദ്ദത്തിന്റെ തെളിവാണ്.

## ജാതിമത ഘടന

മണ്ണാർക്കാട് പഞ്ചായത്തിലെ ജനസംഖ്യയിൽ മുസ്ലീങ്ങളും, ഹിന്ദുക്കളും, ക്രിസ്ത്യാനികളും ധാരാളം ഉണ്ട്. മുസ്ലീങ്ങളിൽ സുന്നി–മുജാഹിദ് ജമാഅത്തെ ഇസ്ലാമി. വിഭാഗങ്ങൾക്ക് പുറമേ അഹമ്മദീയ വിഭാഗത്തിലുള്ളവരും ഇവിടെയുണ്ട് ഹിന്ദുക്കളിൽ നായൻമാർക്ക് പുറമെ തണ്ടാൻമാരും ഈഴവരും ഇവിടെ ധാരാളമുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും നല്ലൊരു ശതമാനം വരും ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്ക, വിഭാഗക്കാരാണ് കൂടുതൽ കൂടാതെ മാർത്തോമ്മാ, സി. എ സ്. ഐ, പെന്തക്കോസ്റ്റ്, യാക്കോബായ വിഭാഗക്കാരും ഇവിടെയുണ്ട്. തമിഴനാട്ടുകാരനായ ചെട്ടിയാർ വിഭാഗക്കാർ എത്രയോകാലമായി ഇവിടെ താമസിച്ച് മണ്ണാർക്കാടിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു.

## മുസ്ലീം അരാധനാലയങ്ങൾ:–

| | | |
|---|---|---|
| 1 | ഏററവും പഴക്കംചെന്ന കന്തിപുഴ | ജും അ മസ്ജിദ് |
| 2 | കോളേജ് ജുമാ മസ്ജിദ് | |
| 3 | കാട്ടിലത്താണി | ജുമാ മസ്ജിദ് |
| 4 | പെരിംമ്പടാരി | ,, ,, |
| 5 | കുംമ്പാറ | ,, ,, |
| 6 | നമ്പിയംകുന്ന് | ,, ,, |
| 7 | മണ്ണാർക്കാട് ടൗൺ | ,, ,, |
| 8 | ഇർശാദ് | ,, ,, |
| 9 | മണ്ണാക്കാട്ടൗൺ ഹനഫി | ,, ,, |
| 10 | നെല്ലിപ്പുഴ ജംഗ്ഷൻ | ,, ,, |
| 11 | ദാറുന്നജാത്ത് യത്തീംഖാന | ,, ,, |
| 12 | മണലടി | ,, ,, |
| 13 | ആനമൂളി | ,, ,, |
| 14 | കോൽപ്പാടം | ,, ,, |
| 15 | മുണ്ടേക്കാരാട് | ,, ,, |
| 16 | കൈതച്ചിറ | ,, ,, |
| 17 | തെങ്കര | ,, ,, |
| 18 | തത്തേങ്ങലം | ,, ,, |
| 19 | പറശ്ശേരി | ,, ,, |
| 20 | അരയംകോട് | ,, ,, |
| 21 | പെരിമ്പടാരി മുജാഹിദ് പള്ളി | |
| 22 | വടക്കുമണ്ണം ജുമാ മസ്ജിദ് | |

മണ്ണാർക്കാട് താലൂക്കിലെ 40–ഓളം വരുന്ന മഹല്ലുകളുടെ കേന്ദ്ര ബിന്ദുവാണ് മണ്ണാർക്കാട് വലിയപള്ളി.

## ചെറിയ പള്ളികൾ:–

| | | | എണ്ണം |
|---|---|---|---|
| 1 | കന്തിപ്പുഴ | – | 2 |

| | | | |
|---|---|---|---|
| 2 | നായാടിക്കുന്ന് | — | 1 |
| 3 | മുണ്ടേക്കരാട് | — | 1 |
| 4 | പാറശ്ശേരി | — | 1 |
| 5 | തെങ്കര | — | 1 |
| 6 | പുഞ്ചക്കോട് | — | 1 |
| 7 | കൈക്കോട്ടുംപള്ളിയാൽ | — | 1 |
| 8 | തെങ്കര സെൻറർ (വാളക്കര) | — | 1 |
| 9 | മേലാമുറി | — | 1 |

## ഹിന്ദു ആരാധനാലയങ്ങൾ :—

1 കേരളീയം:— അരക്കുർശി ഉദയർകുന്ന് ഭഗവതി, ഗോവിന്ദപുരം. ശ്രീ പാർത്ഥസാരഥി, അരംയംകോട് ഭഗവതി, മുമ്മൂർത്തി, ഗണപതി ക്കോവിൽ, മല്ലിക്കാവിൽ, മുക്കണ്ണം ശിവക്ഷേത്രം, പോർക്കൊരിക്കൽ കാവ്, പെരിമ്പടാരി വിഷ്ണു ക്ഷേത്രം. മൂത്താര്കാവ്, ഉച്ചമഹാകാളി ക്ഷേത്രം,

2 തമിഴ്നാടൻ രീതി :— ധർമ്മർകോവിൽ, അങ്കാള പരമേശ്വരി, വടക്കമണ്ണം ശിവക്ഷേത്രം, പള്ളുകടി ആപത്ത് കാത്തഗണപതിക്ഷേത്രം, മുതലിയാർ സമുദായത്തിൻെറ നെല്ലിപ്പുഴ ഗോവിന്ദനമ്പലം

## ക്രിസ്ത്യൻ ആരാധനാലയങ്ങൾ:—

ഹോളിസ്പിരിററ് ചർച്ച് പെരിമ്പടാരി. പ്രസാദ് മാതാചർച്ച് ചന്തപ്പടി. യെരുശലേം മാർത്തോമ്മ ചർച്ച് കോടതിപ്പടി, സെൻറ്മേരീസ് ചർച്ച് നെല്ലിപ്പുഴ, സെൻറ്മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് നെല്ലിപ്പുഴ, സി. എസ്. ഐ ചർച്ച് തോരാപുരം, ഐ. പി. സി. ഹാരം ടിപ്പുസുൽത്താൻ റോഡ്. മെഴുകുംപാറ പള്ളി ആനമൂളി പള്ളി

## ഉൽസവങ്ങൾ/പെരുന്നാളുകൾ:—

മണ്ണാർക്കാട് പൂരം. ഗോവിന്ദപുരം ഏകാദശി, പോർക്കൊരിക്കൽ കാവ് താലപ്പൊലി, ശിവരാത്രി, (ധർമ്മർ, അങ്കാളി) ശൂരൻ പൂരം, പെരിമ്പടാരി പള്ളി പെരുന്നാരം

## ആചാരങ്ങളും അനുഷ്ഠാനങ്ങളും:-

വള്ളുവനാടൻ ജീവിത രീതിയുടെ ഭാഗമായി കൃഷി നാട്ടുവാഴിത്ത ജീവിത വ്യവസ്ഥക്ക് ചേർന്ന ആചാരാനുഷ്ഠാനങ്ങളാണ് മണ്ണാർക്കാട്ടും ഉണ്ടായിരുന്നത്. മുതലാളിത്ത സാമ്പത്തിക ക്രമത്തിലധിഷ്ഠിതമായ ഉപഭോഗ സംസ്ക്കാരത്തിൻെറ വളർച്ചയോടെ ഇന്ന് അത്തരം ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രസക്തി നഷ്ടമായിരിക്കുന്നു.

## കലാ സംസ്ക്കാരിക സ്ഥാപനങ്ങൾ:—

ഈ പഞ്ചായത്തിൽ ആകെ 4 വായനശാലകളെ നിലവിലുള്ളു.

ഗ്രന്ഥശാലകൾ : (വായനശാലകൾ)
1. സഹൃദയ വായനശാല
2. എൽ. എൽ. എ. (പ്രവർത്തനക്ഷമമല്ല)
3. അക്ഷര വായനശാല
4. പ്രസാദ് വായനശാല

ഇതിൽ പ്രവർത്തന നിരതമായത് സാഹൃദയ വായന ശാലമാത്രം 1978ൽ സ്ഥാപിച്ച സഹൃദയ വായനശാലക്ക് A ഗ്രേഡ് ലഭിച്ചിട്ടുണ്ട്. 896 അംഗങ്ങളുള്ള ഈ വായന ശാലയിൽ 12,411 പുസ്തക ശേഖരങ്ങൾ ഉണ്ട്.

## നിലവിലുള യുവജന ക്ലബ്ബുകൾ :—

1 തരംഗിണി. പ്രൈം സ്പോർട്ട്സ്, എതിർപ്പണം തരംഗണി ക്ലബ്ബ് എല്ലാവർഷവും ഓണാഘോഷ പരപാടി മെച്ചപ്പെട്ടരീതിയിൽ സംഘടിപ്പിക്കാറുണ്ട്.
2 മണ്ണാർക്കാട് ഓർക്കസ്ട്ര.
3 മുദ്ര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്.
4 ദേശാഭിമാനി ആർട്ട്സ് & സ്പോർട്ട്സ്, കൈതച്ചിറ.
5 പ്രിയദർശിനി ആർട്ട്സ് & ,, ,,
6 യുവദർശന ,, & ,, മാസപ്പാമ്പ്
7 യുവതാര ആർട്ട്സ് & ,, തത്തേങ്ങലം.
8 പുരോഗമനകാല സാഹിത്യ സംഘം (പെരിമ്പടാരി. തെങ്കര യൂണിററുകൾ)
9 യുവശക്തി ആർട്ട്സ് ക്ലബ്ബ്, ശിവൻകുന്ന്.
10 നന്മ യുവജനവേദി. നമ്പിയംകുന്ന്.

## കായിക സ്ഥാപനങ്ങൾ:—

1 പെരിമ്പടാരി ക്രിക്കററ് ക്ലബ്ബ്
2 പെരിഞ്ചോളം ഫുട്ബോൾ ക്ലബ്ബ്
3 പ്രൈം സ്പോർട്സ്, എതിർപ്പണം
4 ടാർസൻ ജിംനേഷ്യം—നാരങ്ങപ്പററ

പൊതുകളിസ്ഥലം ആയി പഞ്ചായത്തിന്റെ നായടിക്കുന്നിലുള്ള സ്റ്റേഡിയം മാത്രമാണുള്ളത്. കെ. ടി. എം. ഹൈസ്ക്കൂൾ, ദാറുന്നജാത്ത് ഹൈസ്ക്കൂൾ, എം. ഇ. എസ് കല്ലടികോളേജ് എന്നീ സ്ഥാപനങ്ങൾക്കും സ്വന്തമായ കളിസ്ഥലങ്ങൾ ഉണ്ട്. ജിംനേഷ്യം, കരാട്ടെ സ്കൂൾ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സെവൻസ് ഫുട്ബാൾ ടൂർണ്ണമെൻറ് പതിവായി നടത്താറുണ്ട്.

## പത്രമാസികകളുടെ പ്രചാരം/പ്രവണതകൾ

മാതൃഭൂമി ദിനപത്രമാണ് കൂടുതൽ പ്രചാരം; മലയാള മനോരമയാണ് തൊട്ടടുത്ത് നിൽക്കുന്നത്. മലയാളത്തിലെ മിക്ക ആനുകാലിക പ്രസിദ്ധീകരണങ്ങളും മണ്ണാർക്കാടെത്തുന്നുണ്ട്.

## പത്രം സർക്കുലേഷന്റെ വിവരം:—

| ക്രമ നമ്പർ. | പത്രം | വായനക്കാരുടെ എണ്ണം |
|---|---|---|
| 1 | മാതൃഭൂമി | 935 |
| 2 | മലയാള മനോരമ | 900 |
| 3 | മാധ്യമം | 230 |
| 4 | ദേശാഭിമാനി | 167 |
| 5 | ദീപിക | 95 |
| 6 | ചന്ദ്രിക | 125 |
| 7 | മംഗളം | 80 |
| 8 | കേരളാ കൗമുദി | 66 |
| 9 | ജന്മഭൂമി | 65 |
| 10 | ഹിന്ദു | 87 |
| 11 | ഇന്ത്യൻ എക്സ്പ്രസ്സ് | 65 |

## ഇലക്ട്രോണിക് മാധ്യമം:-

റേഡിയോ.ടെലിവിഷൻ എന്നിവ മണ്ണാർക്കാട് വ്യാപകമായി പ്രചാരത്തിലുണ്ട്. പാലക്കാടു നിന്നുള്ള ലോ പവർ ട്രാൻസ് മീററിൽ നിന്ന് തിരുവനന്തപുരം ദൂരദർശൻ പരിപാടികളും കൊടൈക്കനാൽ സ്റ്റേഷനിൽനിന്ന് ചെന്നൈ നിലയം പരിപാടികളും ഇവിടെ മിക്കയിടത്തും കിട്ടുന്നുണ്ട്. ഇതിന് പുറമേ കേബിൾ നെററ് വർക്കുകളിലൂടെ ഏഷ്യാനെററ്, സൺടിവി, സ്ററാർ ഗ്രൂപ്പ്, തുടങ്ങിയ ചാനലുകളും ഇവിടെ ലഭ്യമാണ്. നിരവധി വീടുകളിൽ സ്വന്തം ഡിഷ് ആൻറിന സ്ഥാപിച്ച് അവർക്കിഷ്ടമുള്ള പരിപാടികൾ കാണുന്ന സ്വാഭാവമുണ്ട്. അഹമദീയ വിഭാഗത്തിന്റെ മുസ്ലീം ടി വി (24മണിക്കൂർ) എന്ന ചാനലിനും കൂടി ഇവിടെ പ്രേക്ഷകരുണ്ട്. കേബിൾ നെററ് വർക്കിൽ അശ്ലീല സിനിമകളും ധാരാളം ആവശ്യക്കാരുണ്ട്.

## സിനിമാശാലകൾ:—

മണ്ണാർക്കാട് 4 സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് ചിത്രങ്ങളൊക്കെ ഇവിടെ പ്രദർശിപ്പിക്കുന്നുണ്ട്.

## അസാൻമാർഗിക പ്രവർത്തനങ്ങളുടെ പ്രശ്നങ്ങൾ

അധോലോക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അസാന്മാർഗിക പ്രവർത്തനങ്ങൾ മണ്ണാർക്കാട് ഭയാനകമായ രീതിയിൽ വളർന്നിട്ടുണ്ട്.

## സാധ്യതകൾ
## ഗ്രന്ഥശാലകൾ/വായനശാലകൾ

എല്ലാവർഡുകളിൽ നിന്നും ഗ്രന്ഥശാലകളും, വായനശാലകളും സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ള സഹൃദയ വായനശാല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള എല്ലാം സഹായവും ചെയ്യണം പ്രവർത്തനം നിലച്ച L. L. A. ഗ്രന്ഥശാല പഞ്ചായത്ത് ഏറെറടുത്ത് ബസ്സ്റ്റാൻറ്/കോടതിപ്പടി ഭാഗത്ത് മികച്ച ഗ്രന്ഥശാലയാക്കി വികസിപ്പിക്കണം പുഞ്ചക്കോട്ടെ അക്ഷരവായനശാല ഗ്രന്ഥശാലയാക്കി മാററിവികസിപ്പിക്കണം.

ഇതിന് പുറമേ മററ് വാർഡുകളിൽ വായനശാലകൾ ഏർപ്പെടുത്തി, പഞ്ചായത്ത് മുഖ്യ ലൈബ്രറിയുമായി ബന്ധപ്പെടുത്തി സഞ്ചരിക്കുന്ന ഗ്രന്ഥശാല രീതി ആരംഭിക്കണം. ഇത് സ്ത്രീ വായനയെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ വീടുകളിലേക്കും വികസിപ്പിക്കണം. എല്ലാ

വാർഡ്തല വായനശാലകളിലും റേഡിയോ ടെലിവിഷൻ, വീഡിയോ,കേബിൾഡിഷ്സൗകര്യങ്ങൾ ഏർപ്പെടുത്തണം. പ്രവർത്തന നിരതമല്ലാത്ത പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം പുനഃരാരംഭിക്കണം പുതിയതായി പുനഃസംഘടിപ്പിക്കുന്ന പഞ്ചായത്തിലെ മുഖ്യ ഗ്രന്ഥശാലയിൽ മൾട്ടി മീഡിയ സംവിധാനം ഏർപ്പെടുത്തണം. കേരളത്തിലെയും പുറത്തേയും ലൈബ്രറികളുമായി ബന്ധപ്പെടാനും പിന്നീട് വ്യാപകമാവുന്ന സൈബർ/ഇൻറർനെററ് സംവിധാനം ഉപയോഗപ്പെടുത്താനും ഇതുകൊണ്ട് സാധ്യമാവും.

## കായികരംഗം-വിനോദരംഗം

മണ്ണാർക്കാട് കോടതിപ്പടി ഭാഗത്ത് ഇപ്പോൾ ശോചനീയവസ്ഥയിലായി കിടക്കുന്ന ''അഹമ്മദ് കുരിക്കൾ ചിൽഡ്രൻസ് പാർക്ക്'' എന്ന പഞ്ചായത്ത് പാർക്ക് വിപുലീകരിച്ച് മെച്ചപ്പെടുത്തി ഉപയോഗപ്രദമാക്കുകയും ഇതിന് പുറമേ പുതിയ ബൈപാസ് റോഡിൽ നിന്ന് അപ്രോച്ചുള്ള വിധം കുന്തിപ്പുഴയുടെ തീരത്ത് ഒരു നല്ല പാർക്ക് ആരംഭിക്കുകയും വേണം.

ഓരോ വാർഡിലും പൊതുകളിസ്ഥലങ്ങൾ നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്. ഇത് ജനങ്ങളുടെ മാനസിക–ആരോഗ്യ–സാമൂഹിക വികസനത്തിനും ഐക്യത്തിനും വഴിതെളിയിക്കും ഇതിനു പുറമേ ഇൻഡോർ സ്റേറഡിയവും ഏർപ്പെടുത്തേണ്ടതാണ്.

പാലക്കാട് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഇവിടെ ആരംഭിച്ച കോച്ചിങ്ങ് സെൻററിൽ സ്ഥിരം പരിശീലകരെ നിയമിക്കേണ്ടത് അത്യാവശ്യമാണ്.

കേരളോൽസവം പോലുള്ള മൽസരങ്ങളിൽ കൂടുതൽ പ്രാതിനിധ്യം ഉറപ്പുവരുത്തി, പഞ്ചായത്തിലെ കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്. മൽസരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ നടത്തി ഏററവും മികച്ച പ്രകടനം കാഴ്ച വെക്കുന്ന വാർഡിന് പ്രത്യേകം സമ്മാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

## ഫിലിം സൊസൈററി

മണ്ണാർക്കാട് ഫിലിം സൊസൈററികൾ ഒന്നും ഇന്ന് നിലവിലില്ല അടിയന്തിരമായി ഫിലിം സൊസൈററി ആരംഭിക്കുകയും ഇതിന് നികുതി ഇളവ് സാമ്പത്തിക സഹായം എന്നിവ നൽകേണ്ടതുമാണ് ഇപ്പോൾ പ്രചാരത്തിലുള്ള തരം അധമവും ജനവിരുദ്ധവുമായ കച്ചവട സിനിമകളിൽനിന്നും വ്യത്യസ്തമായി സിനിമയുടെ നല്ല ഉപയോഗത്തെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

ഇതിന് ഫിലിം സൊസൈററി അനിവാര്യമാണ്. കോടതിപ്പടി ബസ്സ്ററാൻറ് ഭാഗത്ത് ആരംഭിക്കുന്ന പഞ്ചായത്ത് തല മുഖ്യ വായനശാലയോടനുബന്ധിച്ച് സിനിമ പ്രദർശിപ്പിക്കാനുള്ള ചെറിയ ഹാൾ, പ്രൊജക്ടർ എന്നിവ ഏർപ്പെടുത്തണം. ഈ ഹാൾ മററ് സാംസ്ക്കാരിക പരിപാടികൾക്കും ഉപയോഗിക്കാവുന്നതാണ്.

## നാടൻകലയുടെ പ്രോൽസാഹനം:-

മരടിച്ച് പോവുന്ന നാടൻ കലാരൂപങ്ങളുടെ പ്രോൽസാഹനത്തിനായി അവയുടെ പ്രദർശനം കലാകാരന്മാർക്ക് സാമ്പത്തിക സഹായം എന്നിവ ഏർപ്പെടുത്തണം. വട്ടക്കളി, പരിചമുട്ടം കളി, ചെറുമക്കളി, കോൽക്കളി, പുള്ളുവൻപാട്ട് എന്നിവക്ക് പ്രത്യേകം പ്രോൽസാഹനം നൽകണം.

പഞ്ചായത്തിലെ കോളനികളുടെ ക്ഷേമ പ്രവർത്തനത്തിന് സഹായകരമായ രീതിയിൽ കേന്ദ്രങ്ങൾ ആരംഭിക്കണം. കോളനി നിവാസികളെ ബോധവൽക്കരണത്തിലൂടെ ഉയർത്തിക്കൊണ്ട് വരുവാനുള്ള ശ്രമങ്ങൾ നടത്തണം. കോളനികളിൽ പൊതു ടി വി വെക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം

## അനാചാരങ്ങൾക്കെതിരെ:-

സാംസ്ക്കാരിക രംഗത്ത ഏററവും അടിയന്തിരമായി പരിപാടി ഈ രംഗത്താണ് നടത്തേണ്ടത്. ബലാൽസംഗം സ്ത്രീധന പീഢനം എന്നിവയുടെയുള്ള എല്ലാവിധ സ്ത്രീ പീഢനങ്ങൾക്കെതിരെ പെട്ടെന്ന് ഉണർന്ന് പ്രവർത്തിക്കുന്ന തരം ഒരു കർമ്മ സമിതി രൂപീകരിക്കണം. ജനപ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, പോലീസ്, മഹിളാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഈ സമിതി ഊർജസ്വലമായി പ്രവർത്തിക്കാൻ ഉതകുന്ന എല്ലാ ഭൗതിക സഹായവും പഞ്ചായത്ത് ചെയ്യണം.

മദ്യം, മയക്കു മരുന്ന് വ്യാപനത്തിനെതിരെയുള്ള ബോധവല്ക്കരണം ശക്തിപ്പെടുത്തണം. അതാത് വാർഡുകൾ / ഏരിയകൾ കേന്ദ്രീകരിച്ച് മദ്യവിമുക്തപ്രദേശങ്ങളായിപ്രഖ്യാപിച്ച്കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം

സാംസ്ക്കാരിക നായകന്മാരുടെയും പ്രഭാഷകന്മാരുടെയും പരിപാടികൾ, കവി സമ്മേളനങ്ങൾ, ചിത്രകലാ പ്രദർശനങ്ങൾ എന്നിവ സ്ഥിരമായി സംഘടിപ്പിക്കുന്ന ഒരു സമിതി രൂപീകരിക്കുകയും അതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് ഏർപ്പെടുത്തുകയും വേണം.

അശ്ലീല സിനിമാ പ്രദർശനത്തിനെതിരായി അടിയന്തിരമായ നടപടികൾ എടുക്കേണ്ടതാണ്.

# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിലും യാതൊരു തരത്തിലുള്ള മുന്നേററത്തിലും പങ്കെടുക്കാതെ ഈ പഞ്ചായത്തിലെ സ്ത്രീജനങ്ങൾ വീടുകളിൽതന്നെ ഒതുങ്ങിക്കൂടുകയാണ്.

വിദ്യാഭ്യാസപരമായി ഏറിയ പങ്കും പിന്നിൽ നില്ക്കുന്ന ഈ പഞ്ചായത്തിലെ വനിതകൾക്ക് സ്ത്രീ വിമോചന പ്രസ്ഥാനങ്ങളെ കുറിച്ചുള്ള അറിവു പകർന്നു നൽകുന്നതിനുള്ള സംഘടനാ പ്രവർത്തനങ്ങൾ ഒന്നും തന്നെ നിലവിലില്ല 1991ലെ സെൻസസ് പ്രകാരം മണ്ണാർക്കാട് പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 23141 ആണ് പുരുഷജന സംഖ്യയേക്കാൾ 860 എണ്ണം കൂടുതലാണ് ഇത് സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ അന്തരം അവർക്ക് സമൂഹത്തിലുള്ള ഉയർന്ന സ്ഥാനമാനങ്ങൾ ലഭിക്കേണ്ടതിന്റെ ആവശ്യകതയെ ഉയർത്തിക്കാട്ടുന്നു.

പട്ടികജാതി–പട്ടികവർഗക്കാരും താഴ്ന്ന വരുമാനക്കാരും മുസ്ലീങ്ങളും കൂടുതലായുള്ള ഈ മേഖലയിൽ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്ന കാര്യത്തിൽ വളരെ പിന്നിലായിരിക്കുന്നു ഉന്നതവിദ്യാഭ്യാസ രംഗങ്ങളിൽ പെൺകുട്ടികൾ പൊതുവേകുറവാണെങ്കിലും ആരോഗ്യം, അധ്യാപനം,എന്നീ രംഗങ്ങളിൽ സ്ത്രീകളുടെ സേവനമാണ് മുൻപന്തിയിൽ നില്ക്കുന്നത്. പൊതുവെ പുതിയസംരംഭങ്ങൾ ഏറെറടുത്തു നടത്തുന്നതിനുള്ള സ്ത്രീകളുടെ വിമുഖതയും പൂർണ്ണമായ ഉത്തരവാദിത്വം സ്ത്രീകളെ ഏൽപ്പിക്കാനുള്ള പുരുഷൻമാരുടെ താൽപ്പര്യക്കുറവും സ്ത്രീകളുടെ ഉന്നമനത്തിന് പ്രതികൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. സ്ത്രീകൾക്കിടയിലെ ആത്മവിശ്വാസമില്ലായ്മയും സ്ത്രീകളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു സ്ത്രീകൾക്കിടയിൽ വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യം നേടിയവർ വളരെ കുറവാണ് എന്നുള്ളതും ഇതിനൊരു പ്രധാന കാരണമാണ്.

ലോക ജന സംഖ്യയിൽ പകുതിയിലേറെ വരുന്നവരാണ് തങ്ങൾ എന്നും പുരുഷന്മാർക്കുള്ള അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്ക് സ്വയം ബോധ്യമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും കഴിവും ഇവർ കൈവരിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം കൂടി അവർ കാണിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകൾ കുടുംബനാഥകളായുള്ള വീടുകൾ പഞ്ചായത്തിൽ അനവധിയാണ്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ സ്ത്രീകളുടെ പങ്ക് ഈ പഞ്ചായത്തിൽ പൊതുവേ കുറവായിരുന്നു. എന്നാൽ ഇപ്പോൾ പൊതു പ്രവർത്തന മേഖലകളിൽ വളരെ കുറഞ്ഞതോതിൽ സ്ത്രീകൾ രംഗത്ത് വന്നിട്ടുണ്ട്.

സ്ത്രീ പീഡന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും സ്ത്രീകൾക്ക് നേരേയുള്ള അക്രമങ്ങൾ പൊതുവെ പഞ്ചായത്തിൽ കുറവാണ്. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നുണ്ട്.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും

1 തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളൊഴികെ മററുള്ള എല്ലാ മേഖലകളിലും സ്ത്രീകൾ അവഗണന നേരിടുന്നു, മററു തൊഴിൽ മേഖലകളിലെല്ലാം തന്നെ പുരുഷനോടൊപ്പം തുല്യ ജോലിക്ക് തുല്യവേതനം ലഭ്യമാക്കുന്ന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുക.

2 തൊഴിൽ രംഗത്ത് നിലനിൽക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സ്ത്രീകൾക്ക് മാത്രമുള്ള സങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് സ്ത്രീകളെ തൊഴിൽപ്രാപ്തരാക്കുക.

3 സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല ബോധവൽക്കരണ പരിപാടികളിലൂടെ സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് അവബോധം വളർത്തുകയും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി തൊഴിൽ സംരംഭങ്ങൾ ഏറെറടുത്തു നടത്തുവാനുള്ള വിമുഖത മാററിയെടുക്കുക.

4. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ-പങ്കാളിത്തം കുറവാണ്. പാഠ്യേതര പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സഹായം നൽകുക

5. അംഗനവാടി അദ്ധ്യാപികമാർക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ട പരിജ്ഞാനം ഇല്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്ന[illegible]. [illegible]ഴിൽ നിയമങ്ങളെപ്പറ്റി സ്ത്രീകളെ ബോധവൽക്കരിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പി[illegible] ചെയ്യുക.

7. അസംഘടിതരായ കാർഷിക മേഖലയിലെ സ്ത്രീ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്ക് കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗങ്ങളാകുന്നതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

8. സ്ത്രീകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്കും പൊതു മാർക്കറ്റിംങ്ങ് സൗകര്യങ്ങൾ ലഭ്യമാക്കുക.

9. കാർഷിക മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് മാത്രമായി ചെയ്യാവുന്ന കൃഷി രീതികളെപ്പറ്റി കാർഷിക വിദഗ്ധരുടെയും പരിചയ സമ്പന്നരുടെയും നേതൃത്വത്തിൽ ബോധവൽക്കരണം നടത്തി സ്ത്രീകൾക്കുള്ള തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

10 വനിതാ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു ഓഫീസറെ നിയമിക്കുക.

11. വനിതകളായ വികലാംഗർക്കുള്ള പെൻഷനുകളും വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും യഥാകാലങ്ങളിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

12. വിവാഹ നിയമങ്ങളിലെ പ്രായപരിധി സ്ത്രീക്ക് 18ഉം പുരുഷന് 21ഉം എന്നത് കർശനമായി പാലിക്കുന്നതിന് പഞ്ചായത്തു തലത്തിൽ പരിപാടികൾ ആവിഷ്ക്കരിക്കുക.

13. മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും വൃദ്ധജനങ്ങൾക്കും അംഗനവാടികൾവഴി പോഷകാഹാരം വിതരണം ചെയ്യുന്നതോടൊപ്പം ആഴ്ചയിലൊരിക്കൽ ഒരു ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.

14. ആർഭാട വിവാഹങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ നികുതി ഏർപ്പെടുത്തുക.

*സാദ്ധ്യതകൾ:-*

1. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

2. വനിതാ സംഘടനകൾ ആരംഭിക്കുകയും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ചെയ്യുകയും ചെയ്യുക.

3. മാതൃ സംഗമങ്ങൾ സംഘടിപ്പിക്കുകയും അതിലൂടെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.

4. സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി വനിത സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും സ്ത്രീകളുടേതു മാത്രമായ തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

5 കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് D W C R Aയുടെ കീഴിൽ പരിശീലനം നൽകുക.

6. നാളികേര ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സ്ത്രീകൾക്ക് നൽകിയാൽ അതുവഴി ഇവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

7. സ്വയംതൊഴിൽ പരിശീലന പരിപാടികളിലൂടെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

8. കാർഷിക മേഖലയിലെ വിഭവങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുള്ള പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകുക.

9. കേന്ദ്ര മാനവശേഷി വികസന പദ്ധതിയുടെ ഭാഗമായി വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.



# സഹകരണ മേഖല

''എല്ലാവരും ഓരോരുത്തർക്കും വേണ്ടി,

ഓരോരുത്തരും എല്ലാവർക്കും വേണ്ടി''

എന്ന സഹകരണ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു കൊണ്ട് രൂപീകൃതമായ സഹകരണ പ്രസ്ഥാനങ്ങൾക്ക് പഞ്ചായത്തിന്റെ വികസന കാര്യങ്ങളിൽ ഗണ്യമായ പങ്ക് നിർവ്വഹിക്കുവാനുണ്ട്. 1904ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം ഭാരതത്തിൽ തുടക്കംകുറിച്ച കാർഷിക വായ്പ, സംഘങ്ങളുടെ ആരംഭോദ്ദേശ്യം വർധിച്ചുവരുന്ന ഋണബാദ്ധ്യതയിൽനിന്നും കർഷക സമൂഹത്തെ രക്ഷിക്കുക എന്നതായിരുന്നു. അതിന്റെ ചുവട് പിടിച്ചു കൊണ്ട് മണ്ണാർക്കാട്ട് പഞ്ചായത്തിൽ 1943ൽ രജിസ്റ്റർചെയ്ത് 26 1—1945ന് പ്രവർത്തനം ആരംഭിച്ച മണ്ണാർക്കാട്ട് സർവ്വീസ് സഹകരണ ബാങ്കാണ് പഞ്ചായത്തിലെ ആദ്യ സഹകരണ സ്ഥാപനം. കല്ലടി കുഞ്ഞാപ്പ സാഹിബ്, വാളിയാടി കുഞ്ഞയമ്മു ഹാജി, ചാംസ് ബോസ് എന്നിവരായിരുന്നു ആദ്യ സഹകാരികളിൽ പ്രമുഖർ. മൊത്തം ജനസംഖ്യയുടെ പകുതിയിലധികം കർഷകരുള്ള പഞ്ചായത്തിൽ കർഷക സമൂഹത്തിന് ആശ്വാസം നൽകുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കുക എന്നതായിരുന്നു ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

ഈ വർഷം 43—ാം സഹകരണ വാരാഘോഷം ആഘോഷിക്കുന്ന മണ്ണാർക്കാട്ട് താലൂക്കിൽ മൊത്തം 11 സർവ്വീസ് സഹകരണ ബാങ്കുകളുണ്ട്.

ഇവയിൽ 71,660 അംഗങ്ങളും 2,141 ലക്ഷം രൂപ നിക്ഷേപവുമുണ്ട്. 95—96 വർഷത്തിൽ ആകെ 3240 ലക്ഷം രൂപ വിവിധാവശ്യങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 394 ലക്ഷം രൂപ അവധി ബാക്കിയാണ്.

ഏകദേശം 53.38 km² വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന മണ്ണാർക്കാട് പഞ്ചായത്തിലെ 59.57%ത്തോളം പ്രദേശവും കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്നു. മാത്രമല്ല മൊത്തം ജനസംഖ്യയുടെ 26.74%വും പ്രത്യക്ഷമായോ, പരോക്ഷമായോ കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും താഴ്ന്ന സാമ്പത്തിക പശ്ചാത്തലമുള്ളവരുമാണ്.

ഇത് ആധുനിക രീതിയിലുള്ള കാർഷിക രീതികൾ ഉപയോഗിക്കുന്നതിൽ നിന്നും ഇവർക്ക് തടസ്സമാവുന്നു. ഇവിടെയാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാവുന്നത്.

### സഹകരണ സംഘങ്ങളുടെ സമീപകാല അവസ്ഥ

മണ്ണാർക്കാട് പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കാണുള്ളത്. അതിൽ ഇപ്പോൾ 3328 'എ' ക്ലാസ്സ് അംഗങ്ങളും 12900 ബി ക്ലാസ്സ് അംഗങ്ങളുമാണുള്ളത്. [illegible]ങ്കിൽനിന്ന് 95—96 വർഷത്തിൽ 76 ലക്ഷം രൂപ ഹ്രസ്വകാല കാർഷിക വായ്പയും 376 [illegible] രൂപ സ്വർണ്ണ പണ്ട പണയ വായ്പയും നൽ[illegible]ട്ടുണ്ട്. പഞ്ചായത്തിൽ നേരത്തെയുണ്ടായിരുന്ന മണ്ണാർക്കാട്ട് സർവ്വീസ് സഹകരണ ബാങ്ക് ഇപ്പോൾ ലിക്വിഡേഷനിലാണ്. കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റും അഴിമതിയും ആണ് ബാങ്കിന്റെ പതനത്തിന് കാരണങ്ങൾ. 2 ലക്ഷത്തോളം രൂപ അംഗങ്ങളിൽനിന്ന് പിരിഞ്ഞ് കിട്ടുവാനുണ്ട്. 5 ലക്ഷം രൂപ ജില്ലാ ബാങ്കിന് നൽകാനുമുണ്ട്. എന്നാൽ 1989ൽ സ്ഥാപിച്ച മണ്ണാർക്കാട്ട് റൂറൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചുരുങ്ങിയ കാലയളവിനുള്ളിൽ വളരെ നല്ല പ്രവർത്തനം കാഴ്ചവെക്കുന്നു. അതുപോലെ കാർഷിക വികസന ബാങ്കായ മണ്ണാർക്കാട്ട് കോ-ഓപ്പറേറ്റീവ് കാർഷിക–ഗ്രാമ വികസന ബാങ്ക് വളരെ നല്ലനിലയിലുള്ള പ്രവർത്തനമാണ് പഞ്ചായത്തിന് സമർപ്പിക്കുന്നത്.

താലൂക്ക് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സഹകരണ കോളേജും വളരെ മെച്ചപ്പെട്ട പ്രകടനം നടത്തിവരുന്നു. വിദ്യാഭ്യാസ മേഖലയിൽ ഭേദപ്പെട്ട നിലയിൽ പ്രവർത്തനം കാഴ്ചവെക്കുന്നു. ഈ കോളേജ് പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണുള്ളത്. പഞ്ചായത്തിലെ മൂന്നോ, നാലോ വാർഡുകൾക്ക് മാത്രമാണ് ഇവയുടെ സേവനം ലഭ്യമാകുന്നത്. പഞ്ചായത്തിലെ വനിതാ സഹകരണ സംഘങ്ങളുടെയും പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളുടെയും പ്രവർത്തനം ആശാവഹമല്ല. പഞ്ചായത്തിലെ മറ്റു സഹകരണ സംഘങ്ങളായ എംപ്ലോയീസ് ക്രഡിററ് സംഘങ്ങൾ താരതമ്യേന നല്ല പ്രവർത്തനം കാഴ്ചവെക്കുന്നു. വിപണന സംഘത്തിന്റെ പ്രവർത്തനം മോശമായ രീതിയിലാണുള്ളത്. ഇതിൽ ഒരു മാർക്കററിംഗ് സംഘവും സഹകരണ ആശുപത്രി സംഘവും യാതൊരു പ്രവർത്തനവും ഇതുവരെ ആരംഭിച്ചിട്ടില്ല.

### കാർഷിക വികസന ബാങ്ക്

പഞ്ചായത്തിലെ മണ്ണാർക്കാട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ദീർഘകാല കാർഷിക വായ്പകളാണ് നൽകുന്നത്. 5 കൊല്ലം മുതൽ 20 കൊല്ലം വരെയാണ് വായ്പാ കാലാവധി. 1990-ൽ ആണ് ഈ ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചത്.

ഇതിന്റെ രജിസ്ട്രേഷനു മുമ്പ് പെരിന്തൽമണ്ണ കോ-ഓപ്പറേററീവ് കാർഷിക-വികസന ബാങ്കിന്റെ ശാഖയായിട്ടാണ് ഇത് പ്രവർത്തിച്ചിരുന്നത്. താലൂക്കിലെ കർഷകരെ സഹായിക്കുക എന്ന ലക്ഷ്യം വെച്ച് രൂപീകരിച്ച ഈ ബാങ്ക് കാർഷിക വായ്പകൾക്ക് പുറമെ, വിവിധോദ്ദേശ കാർഷികേതര വായ്പകളും അനുവദിക്കുന്നു. ഏതാണ്ട് 10 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നുണ്ട്. 6945 അംഗങ്ങളാണ് ഈ ബാങ്കിലുള്ളത്. ബാങ്കിന്റെ അംഗീകൃത മൂലധനം 1,00,50,000 രൂപയാണ്. 20 ലക്ഷത്തോളം രൂപ സർക്കാർ ഓഹരിയുമുണ്ട്. റബ്ബർ, തെങ്ങ്, കുരുമുളക്, പൈനാപ്പിൾ, എന്നിവയുടെ കൃഷിക്കും, ആട് വളർത്തൽ, കോഴി വളർത്തൽ, പൗൾട്രി ഫാം, ബേക്കറി, ചെരിപ്പ് നിർമ്മാണം, ബീഡി വ്യവസായം, പ്രസ്സ്, ടയർ റീസോളിങ്ങ് എന്നീ ചെറുകിട വ്യവസായങ്ങൾക്കും, കിണർ, കുളം, എന്നിവയുടെ നിർമ്മാണത്തിനും പമ്പ്സെററ്, മോട്ടോർ, സ്റ്റോറേജ് ടാങ്ക് എന്നിവയ്ക്കുമെല്ലാം ഈ ബാങ്കിൽനിന്ന് വായ്പകൾ അനുവദിക്കുന്നുണ്ട്. ഇവക്ക് പുറമെ ഏകദേശം 3 ലക്ഷംവരെ ഭവന നിർമ്മാണ വായ്പകളും ബാങ്ക് അനുവദിക്കുന്നു.

എന്നാൽ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും ഈ ബാങ്കിൽ മെമ്പർമാരല്ല. മെമ്പർമാരുടെ വിവിധ തരത്തിലുള്ള സാമ്പത്തികാവശ്യങ്ങൾ നിറവേററുവാൻ ബാങ്കിന്റെ ഫണ്ട് പര്യാപ്തമല്ലാതെ വരുന്നു. മെമ്പർമാർ വായ്പ തിരിച്ചടക്കുന്നതിൽ വരുത്തുന്ന കൃത്യവിലോപം ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു

### *സഹകരണ സർവ്വീസ് ബാങ്ക്*

മണ്ണാർക്കാട് പഞ്ചായത്തിൽ ഒരൊററ സർവ്വീസ് സഹകരണ ബാങ്കാണുള്ളത്. മണ്ണാർക്കാട് പഞ്ചായത്താണ് ഈ ബാങ്കിന്റെ പ്രവർത്തന പരിധി. 1989ൽ രൂപീകരിച്ച മണ്ണാർക്കാട് റൂറൽ സർവീസ് കോ-ഓപ്പറേററീവ് സൊസൈററി ചുരുങ്ങിയ കാലത്തിനുള്ളിൽ ഭേദപ്പെട്ട പ്രവർത്തനം നടത്തിവരുന്നു. വളരെ വിപുലമായ ഒരു പ്രവർത്തനമേഖലയാണ് ഈ സഹകരണ ബാങ്കിനുള്ളത്. കാർഷിക-കാർഷികേതര വായ്പകൾക്ക് പുറമെ സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ വായ്പ നൽകിവരുന്നു. കിണർ കുഴിക്കുന്നതിനും മററും ലോൺ നൽകിവരുന്നു. മാത്രമല്ല പൊതുജനങ്ങളിൽ നിന്ന് ഒന്നരക്കോടിയോളം സ്ഥിര നിക്ഷേപവും 50 ലക്ഷത്തോളം ഹ്രസ്വകാല നിക്ഷേപവും സ്വീകരിച്ചിരിക്കുന്നു.

കശുവണ്ടി കർഷക സംഭരണം, ഓണച്ചന്ത തുടങ്ങിയ സർക്കാർ പരിപാടികളും ബാങ്ക് ഏറെറടുത്ത് നടത്തുന്നുണ്ട്. I R D P ലോണുകളും ബാങ്കിലൂടെ നൽകുന്നുണ്ട്.

### *നിക്ഷേപങ്ങൾ*

മെമ്പർമാരിലും മെമ്പർമാരല്ലാത്തവരിലും സമ്പാദ്യശീലം വളർത്തുക എന്നത് ബാങ്കിന്റെ ഒരു ലക്ഷ്യമാണ്. അതിനായി ബാങ്ക് a) സേവിംഗ്സ് ബാങ്ക്, b) സ്ഥിര നിക്ഷേപം, c) ദൈനംദിന നിക്ഷേപം തുടങ്ങിയ വിവിധതരം നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

### *വായ്പകൾ:-*

കാർഷിക—കാർഷികേതര വായ്പകൾ ബാങ്ക് നൽകിവരുന്നു. ഹ്രസ്വ – ദീർഘകാല കാർഷിക വായ്പകൾ നൽകുന്നുണ്ട്. പൊതുവായ ഉദ്ദേശങ്ങൾക്കായി കാർഷികേതര വായ്പകളും നൽകിവരുന്നു. മാത്രമല്ല, സ്വർണ്ണപ്പണ്ടപ്പണയത്തിൻമേലും വായ്പ നൽകുന്നുണ്ട്. 18.5% മാത്രമെ സ്വർണ്ണപ്പണ്ട പണയത്തിന്മേൽ പലിശ ഈടാക്കുന്നുള്ളൂ.

### *സഹകരണ കോളേജ്*

മണ്ണാർക്കാട് താലൂക്ക് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മണ്ണാർക്കാട് സഹകരണ ആർട്സ് & കോമേഴ്സ് കോളേജ് വിദ്യാഭ്യാസ മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. 1986ൽ സ്ഥാപിതമായ ഈ കോളേജിന് തുടക്കത്തിൽ 200 കുട്ടികളാണ് ഉണ്ടായിരുന്നത്. 1990 വരെ വാടകകെട്ടിടത്തിലായിരുന്നു ഈ കോളേജ് പ്രവർത്തിച്ചിരുന്നത്. 1990ൽ 1 ഏക്കറോളം സ്ഥലം സ്വന്തമാക്കുകയും, പുതിയ കെട്ടിടം പണിയുകയും ചെയ്തു ഇന്ന് കോളേജിൽ പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിലായി 1100 കുട്ടികൾ പഠിക്കുന്നുണ്ട് 24 അദ്ധ്യാപകരും 2 അനദ്ധ്യാപകരും ഉണ്ട്. 157 അംഗങ്ങളാണ് ഈ കോളേജിന്റെ മാനേജ്മെന്റ് ബോർഡിലുള്ളത്. കഴിഞ്ഞ വർഷങ്ങളിലെ പരീക്ഷകളിൽ ഈ കോളേജിലെ വിദ്യാർത്ഥികൾ താരതമ്യേന മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുകയുണ്ടായി. കഴിഞ്ഞ B A. പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ഈ കോളേജിനു കഴിഞ്ഞു. B Com. പരീക്ഷയിൽ 80%വും പ്രീ-ഡിഗ്രി പരീക്ഷയിൽ 40%വും വിജയം കൈവരിക്കാൻ കോളേജിന് കഴിഞ്ഞിട്ടുണ്ട്, എന്നത് ശ്രദ്ധേയമാണ്. മികച്ച ശിക്ഷണവും അച്ചടക്കവും കാര്യക്ഷമതയുള്ള മാനേജ്മെന്റ് ഈ കോളേജിന്റെ പ്രത്യേകതകളാണ്.

### *എംപ്ലോയീസ് ക്രെഡിററ് സൊസൈററികൾ*

മണ്ണാർക്കാട് പഞ്ചായത്തിൽ 5 എംപ്ലോയീസ് ക്രഡിററ് സൊസൈററികളാണുള്ളത്.

1) മണ്ണാർക്കാട് താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് ക്രഡിററ് സൊസൈററി.

2) മണ്ണാർക്കാട്ട് താലൂക്ക് എയിഡഡ് സ്കൂൾ ടീച്ചേഴ്സ് ക്രഡിററ് സൊസൈററി.

3) മണ്ണാർക്കാട് താലൂക്ക് കോ ഓപ്പറേററീവ് എംപ്ലോയീസ് ക്രഡിററ് സൊസൈററി.

4) മണ്ണാർക്കാട്ട് താലൂക്ക് അബ്കാരി എംപ്ലോയീസ് ക്രെഡിററ് സൊസൈററി.

5) M E S കല്ലടി കോളേജ് എംപ്ലോയീസ് ക്രഡിററ് സൊസൈററി.

അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യവുമായി ആരംഭിച്ച ക്രഡിററ് സൊസൈററികൾ M T ലോണുകൾ അനുവദിക്കുന്നതിനു പുറമെ രജിസ്റ്റേർഡ് ചിട്ടികളും നടത്തിവരുന്നു.

### സഹകരണ വിപണന സംഘങ്ങൾ

കാർഷികോല്പന്നങ്ങളുടെ വിപണനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ വിപണന സംഘങ്ങൾ രണ്ടെണ്ണമാണുള്ളത്. മണ്ണാർക്കാട് കോ-ഓപ്പറേററീവ് മാർക്കററിങ്ങ് സൊസൈററി 1954ൽ ആണ് സ്ഥാപിച്ചിട്ടുള്ളത്. 3171 അംഗങ്ങളാണ് ഇതിലുള്ളത്. റേഷൻ മൊത്ത വ്യാപാരം, അട്ടപ്പാടി ഭാഗത്തു നിന്നുള്ള കാർഷികോല്പന്നങ്ങൾ വാങ്ങി വിപണനം ചെയ്യുക എന്നിവ സംഘത്തിൻെറ പ്രവർത്തന മണ്ഡലത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഇതിൻെറ ഇന്നത്തെ പ്രവർത്തനം റേഷൻ മൊത്ത വ്യാപാരത്തിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു.

### പാലക്കാട് ഡിസ്ട്രിക്ട് - റബ്ബർ മാർക്കററിംഗ് സൊസൈററി

1965ൽ രജിസ്ടർ ചെയ്ത് പാലക്കാട്ട് അടിസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൻെറ ആസ്ഥാനം 1995ൽ മണ്ണാർക്കാട്ടേക്ക് മാററുകയാണുണ്ടായത്. 1515 'എ' ക്ലാസ് അംഗങ്ങളും ഗവ. റബ്ബർ ബോർഡ് 'ബി' ക്ലാസ് മെമ്പറും 57 സർവ്വീസ് ബാങ്കുകളും റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈററി എന്നീ 'സി' ക്ലാസ് മെമ്പർമാരുമാണ് ഇതിലുള്ളത്. ഇതിന് കീഴിൽ മണ്ണാർക്കാട്, കരിമ്പ, വടക്കാഞ്ചേരി, പാലക്കാട് എന്നീ സ്ഥലങ്ങളിലായി 5 ഡിപ്പോകളാണുള്ളത്.

ഇതിനു കീഴിൽ പെരിമ്പടാരിയിൽ ഒരു ക്രമ്പ് റബ്ബർ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഒട്ടുപാല് ശേഖരിച്ച് ടയർ ക്രമ്പുകൾ നിർമ്മിക്കുകയാണ് ഫാക്ടറിയുടെ പ്രവർത്തനം.

### സൊസൈററിയുടെ പ്രധാന പ്രവർത്തനങ്ങൾ

1) അംഗങ്ങൾക്ക് അവകാശപ്പെട്ടതോ, മററ് സഹകരണ സംഘങ്ങളോ, കേരള സംസ്ഥാന റബ്ബർ വിപണന ഫെഡറേഷനോ നേടിയതുമായ റബ്ബർ വാങ്ങൽ, വില്പന.

2) റബ്ബറിൻെറ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സംഭരണം, സംസ്കരണം, തരം തിരിവ് എന്നിവ ചെയ്യുക.

3) സംഭരിച്ച റബ്ബർ ഷീററ്, സ്ക്രാപ്പ്, എന്നിവ സംസ്കരിച്ച് ഉല്പന്നമായി മാററാൻ ഫാക്ടറി സ്ഥാപിച്ച നടത്തുക

4) അംഗങ്ങൾ നൽകുന്ന ഓർഡർ അനുസരിച്ച് തോട്ടങ്ങൾ നടീൽ വസ്തുക്കൾ, വളം കാർഷികോൽപ്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുക.

5) റബ്ബർ തോട്ടങ്ങൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ വായ്പകളും, മററു വിഭവങ്ങളും നൽകുകയോ, ധന സഹായ സ്ഥാപനങ്ങൾ മുഖേന വായ്പകൾ ലഭ്യമാക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.

### വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ ക്ഷീരോൽപാദക സൊസൈററികളുടെ പ്രവർത്തനം മൂന്നോ നാലോ വാർഡുകളിൽ മാത്രമെ ലഭ്യമാവുന്നുള്ള. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇവയുടെ സേവനം ലഭ്യമാകുന്നതിനായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി കൂടുതൽ ക്ഷീരോൽപാദക സൊസൈററികൾ രൂപീകരിക്കുക.

2) പഞ്ചായത്തിൽ എല്ലാ വാർഡുകളിലും, ഒട്ടേറെ ആളുകൾ ബീഡി തെറുത്ത് ഉപജീവനം കഴിക്കുന്നവരാകയാൽ ഒരു ബീഡി വ്യവസായ സഹകരണ സംഘം രൂപീകരിച്ച് വ്യവസായം ഏകോപിപ്പിക്കുക.

3) സ്ത്രീകൾക്ക് തൊഴിലവസരം ലഭ്യമാവുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ തുന്നൽ പരിശീലന കേന്ദ്രങ്ങളും ബീഡി വ്യവസായ സഹകരണ സംഘങ്ങളും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രങ്ങളും സ്ഥാപിക്കുക. പഞ്ചായത്തിൽ വനിതാ വ്യവസായ സഹകരണ വികസന കേന്ദ്രം രൂപീകരിക്കുക.

4) പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ വിദഗ്ദ്ധരായ ചെരിപ്പ് നിർമ്മാണ തൊഴിലാളികൾ ഉള്ളതിനാൽ പട്ടികജാതി സർവ്വീസ് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവക്ക് വേണ്ട ധനസഹായം ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതത്യാവശ്യമാണ്.

5) പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സഹകരണ ആശുപത്രി പ്രവർത്തനക്ഷമമാകുന്നതിലൂടെ നിർദ്ധനരായ ഒട്ടേറെ ആളുകൾക്ക് മെച്ചപ്പെട്ട വൈദ്യസഹായം ലഭ്യമാക്കാൻ സാധിക്കും.

6) പഞ്ചായത്തിലെ വനിതാ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കിട്ടുവാനുള്ള സാഹചര്യം സൃഷ്ടിക്കുക, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറി പൗഡർ നിർമ്മാണം, കട്ട നെയ്ത്ത് എന്നിവക്ക് വേണ്ട ധനസഹായം ലഭ്യമാകുന്നതിന് വനിതാ സഹകരണ സംഘത്തിലൂടെ കഴിഞ്ഞാൽ സ്ത്രീകൾക്ക് ഒട്ടേറെ തൊഴിലവസരങ്ങൾ ലഭിക്കുവാൻ ഇടയാവുന്നു.

7) കൃഷിക്കാർക്ക് അവരുടെ കാർഷികോല്പന്നങ്ങൾ സൂക്ഷിച്ച് വെക്കുവാനും, അവക്ക് നല്ല വില ലഭ്യമാകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

8) സഹകരണ ബാങ്കിലും കാർഷിക വികസന ബാങ്കിലുമെല്ലാം മെമ്പർഷിപ്പ് വിതരണം ശരിയായവിധത്തിൽ നടക്കുന്നില്ല എന്ന ആരോപണം അടിസ്ഥാനമാക്കി അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പ് വരുത്തുക.

9) കൃഷിക്കാർക്ക് ആവശ്യമായ വളവും, കാർഷികോപകരണങ്ങളും വിതരണം ചെയ്യുവാനും ഉല്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കണം.

10) അംഗങ്ങൾക്ക് നൽകുന്ന കാർഷികവായ്പാ പരിധി ആവശ്യാനുസരണം ഉയർത്തണം

11) അംഗങ്ങളുടെ ക്ഷേമാനുസരണം ബാങ്കുകൾ കൂടുതൽ പിരിവുകൾ ഏറ്റെടുത്ത് നടത്തുകയും പിരിവു നിയമ വ്യവസ്ഥ ലഘൂകരിക്കേണ്ടതുമാണ്.

12) സർക്കാറിൽനിന്ന് ലഭിക്കുന്ന വായ്പാ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർതലത്തിലും ബാങ്ക് തലത്തിലും സ്വീകരിക്കേണ്ടതാണ്.

13) കോഴിവളർത്തൽ, വാർഡിലെ മാതൃകാ വീടുകളേയും കേന്ദ്രമാക്കി ഏകോപിക്കുകയും രോഗങ്ങളിൽനിന്ന് രക്ഷപ്പെടുത്തുവാനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതുമാണ്.

14) സഹകരണ കോളേജിന്റെ കീഴിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ച് തൊഴിൽ പരിശീലനം നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും.

15) പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുക.

16) ആട്ടോ ഡ്രൈവേഴ്സ് സഹകരണ സംഘം ആരംഭിക്കുക.

17) സഹകരണ ഡിപ്പാർട്ടുമെന്റൽ സ്റ്റോർ ആരംഭിക്കുക.

ഇത്തരത്തിലുള്ള കൂടുതൽ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് പ്രവർത്തിക്കുവാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക് സാധ്യമായാൽ പഞ്ചായത്തിന്റെ അഭിവൃദ്ധിയിൽ മുഖ്യമായ പങ്ക് വഹിച്ച്, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ച് പഞ്ചായത്തിനെ സ്വയം പര്യാപ്തത നേടി കൊടുക്കുവാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിയും.

## പട്ടിക I

***മണ്ണാർക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ***

| ക്രമനമ്പർ | പേര് | സ്ഥലം | തുടങ്ങിയ വർഷങ്ങൾ |
|---|---|---|---|
| 1. | മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് | മണ്ണാർക്കാട് | 1989 |
| 2, | പട്ടികജാതി സർവ്വീസ് സഹകരണ സംഘം | തെങ്കര | 1984 |
| 3. | വനിതാ സഹകരണ സംഘം | മണ്ണാർക്കാട് | 1984 |
| 4. | വനിതാ സഹകരണ സംഘം | ,, | 1992 |
| 5. | മണ്ണാർക്കാട് താലൂക്ക് ഗവ: എംപ്ലോയീസ് കോ–ഓപ്പറേറ്റീവ് ക്രഡിററ് സൊസൈററി | ,, | 1974 |

| | | | |
|---|---|---|---|
| 6. | മണ്ണാർക്കാട് താലൂക്ക് പ്രൈവററ് സ്കൂൾ ടീച്ചേഴ്സ് കോ–ഓപ്പറേററീവ് ക്രെഡിററ് സൊസൈററി | മണ്ണാർക്കാട് | 1990 |
| 7. | മണ്ണാർക്കാട് താലൂക്ക് കോ–ഓപ്പ് എംപ്ലോയീസ് കോ–ഓപ്പ് സൊസൈററി ലിമിററഡ് | ,, | 1974 |
| 8. | കാർഷിക വികസന ബാങ്ക് | ,, | 1990 |
| 9. | മണ്ണാർക്കാട് താലൂക്ക് മത്സ്യ വ്യവസായ തൊഴിലാളി സർവ്വീസ് കോ–ഓപ്പ് ക്രെഡിററ് സൊസൈററി | ,, | 1989 |
| 10. | എം. ഇ. എസ്. കല്ലടി കോളേജ് എംപ്ലോയീസ് കോ–ഓപ്പ് ക്രെഡിററ് സൊസൈററി | മണ്ണാർക്കാട് കോളേജ് | 1989 |

## പട്ടിക 2

| ക്രമനമ്പർ | പേര് | സ്ഥലം | തുടങ്ങിയ വർഷം |
|---|---|---|---|
| 1. | ചെറുംകുളം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം | ചെറുംകുളം | 1986 |
| 2. | തെങ്കര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം | തെങ്കര | 1992 |
| 3. | മണ്ണാർക്കാട് സഹകരണ വിപണന സംഘം | മണ്ണാർക്കാട് | 1954 |
| 4. | പാലക്കാട് ജില്ലാ റബ്ബർ ഗ്രോവേർസ് കോ–ഓപ്പ് മാർക്കററിങ്ങ് സൊസൈററി | മണ്ണാർക്കാട് ശാഖ | 1963 |
| 5. | മണ്ണാർക്കാട് സഹകരണ ആർട്സ് & കോമേഴ്സ് കോളേജ് | മണ്ണാർക്കാട് | 1986 |



# പട്ടികജാതി - പട്ടികവർഗ ക്ഷേമം

മണ്ണാർക്കാട് പഞ്ചായത്തിലെ 45,422നോളം വരുന്ന ജനസംഖ്യയിൽ 20%ത്തോളം പട്ടികജാതി - പട്ടിക വർഗ്ഗക്കാരാണ് ഈ പഞ്ചായത്തിലാകെ പട്ടികജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിച്ചു വരുന്നു

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കുട്ടിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് ഇക്കൂട്ടർ ഇന്നും വളരെ പിന്നിലാണ്. സാമൂഹിക പുരോഗതിയുടെ ഭാഗമായി കുടികിടപ്പവകാശവും മിച്ചഭൂമി ലഭ്യതയും ഒരു പരിധിവരെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമൂഹിക-സാമ്പത്തിക രംഗത്ത് നിരവധി കാലത്തെ ചൂഷണത്തിന് വിധേയരായിരുന്ന ഇക്കൂട്ടർ ഉച്ചനീചത്വങ്ങളിൽനിന്നും മററനാചാരങ്ങളിൽ നിന്നും പൂർണ്ണമായും മോചനംനേടി എന്നു പറഞ്ഞുകൂടാ. എല്ലാ ജാതി മതസ്ഥരുടേയും എല്ലാതരം ചടങ്ങുകളിലും എല്ലാം പൊതു ചടങ്ങുകളിലും പങ്കെടുപ്പിക്കാറുണ്ടെങ്കിലും വർണ്ണ വിവേചനം പൂർണ്ണമായും അവസാനിച്ചിട്ടില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികളിൽ പലതും ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകിവരുന്ന പല ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് പല രംഗങ്ങളിലും നേട്ടങ്ങൾ കൈവരിക്കുന്നതിന് ഒരു പരിധിവരെ സഹായകമായിട്ടുണ്ട് ഈ നേട്ടങ്ങളിൽ അധികവും ലഭ്യമായിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാലും നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്.

കഴിഞ്ഞ മൂന്നു ദശാബ്ദ കാലത്തിലേറെയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരുടെ സർവ്വോന്മുഖമായ ഉന്നമനത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മണ്ണാർക്കാട് താലൂക്ക് പട്ടികജാതി വികസന ഓഫീസ് പ്രവർത്തിച്ചു വരുന്നു. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കികൊണ്ടിരിക്കുന്നത്. മണ്ണാർക്കാട് താലൂക്ക് പട്ടികജാതി വികസന ഓഫീസ്‌വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ക്ഷേമ പദ്ധതികൾ താഴെ പറയും പ്രകാരമാണ്.

***വിദ്യാഭ്യാസം:-***

പട്ടികജാതി വിഭാഗത്തിൽ നഴ്സറി തലത്തിലുള്ള കുട്ടികളുടെ ഉന്നമനത്തിനായി മണ്ണാർക്കാട് പഞ്ചായത്തിൽ മാസപ്പറമ്പിൽ ഒരു നഴ്സറി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. L K Gൽ 30, U K Gൽ 30 കുട്ടികൾക്കും വീതം പ്രവേശനം നൽകാൻ ഈ സ്കൂളിന് കഴിയും. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി പ്രതിദിനം ഒരു കുട്ടിക്ക് 5 രൂപ നിരക്കിൽ തുക ചെലവഴിക്കുന്നുണ്ട്. കൂടാതെ ലംപ്സംഗ്രാൻറും 2 ജോടി വസ്ത്രവും പാഠപുസ്തകവും നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അനുമതി ലഭിച്ച ഇംഗ്ലീഷ് മീഡിയം പ്രൈവററ് നഴ്സറി സ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യങ്ങളും നൽകുന്നുണ്ട്.

മണ്ണാർക്കാട് പഞ്ചായത്തിലെ 15 സ്കൂളുകളിലായി പഠിക്കുന്ന നിരവധി പട്ടികജാതി ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്കിൽ ലംപ് സംഗ്രാൻറും ഈ ഓഫീസ് വഴി നൽകി വരുന്നുണ്ട്. സ്കൂൾതലത്തിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ താമസത്തിനായി പെൺകുട്ടികൾക്കുവേണ്ടി തെങ്കരയിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 30 കുട്ടികൾക്ക്‌വരെ പ്രവേശനം നൽകുന്നുണ്ട്. പ്രതിമാസം ഒരു വിദ്യാർത്ഥിനിയുടെ ഭക്ഷണത്തിനായി 300 രൂപ ചെലവഴിക്കുന്നുണ്ട്. കൂടാതെ പ്രതിമാസം 25 രൂപ പോക്കററ്മണിയും വർഷത്തിൽ 2 ജോടി വസ്ത്രവും നൽകുന്നുണ്ട്. വെക്കേഷൻ സമയങ്ങളിൽ കുട്ടികൾക്ക് വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും നൽകുന്നു ഹോസ്റ്റൽ അന്തേവാസികളായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി 8 ാം തരം മുതൽ 10-ാംതരം വരെയുള്ള വിദ്യാർത്ഥികൾക്ക് കണക്ക് ഇംഗ്ലീഷ്, ഹിന്ദി, സയൻസ് എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

SSLC, PDC, DC എന്നിവയിൽ പരാജിതരായവരും കുറഞ്ഞത് 30% മാർക്കെങ്കിലും ഉള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പ്യൂട്ടോറിയൽ കോളേജിൽ പഠിക്കുന്നതിന് SSLC ക്ക് 800 രൂപ ക്രമത്തിലും PDC, DC എന്നിവക്ക് അവർ എഴുതുന്ന വിഷയങ്ങൾ കണക്കിലെടുത്തും ധനസഹായം നൽകുന്നുണ്ട്.

ഈ വിഭാഗത്തിൽ നിരക്ഷരർ കുറവാണെങ്കിലും SSLC ക്ക് ശേഷം തുടർ വിദ്യാഭ്യാസം കിട്ടിയിട്ടുള്ളവർ വളരെ കുറവാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതകൾ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണം പട്ടികജാതിവർഗ്ഗക്കാർക്കിടയിൽ അത്യന്താപേക്ഷിതമാണ്. രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതുകൊണ്ടും ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ്കാരുടെ ഉദാസീനതകൊണ്ടും

SSLC ക്ക് ശേഷം തുടർ വിദ്യാഭ്യാസം കിട്ടിയിട്ടുള്ളവർ ഇക്കൂട്ടർക്കിടയിൽ വളരെ കുറവാണ്.

### തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ കൂലിവേലയെ ആശ്രയിച്ച് ഉപജീവനം കഴിച്ചു വരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷികോൽപന്നങ്ങളിൽ വന്ന വിലയിടിവും പൊതുവിൽ കാർഷിക മേഖലയിൽ വന്ന പരിവർത്തനവും കർഷക തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തി. ഇക്കാരണത്താൽ കർഷക തൊഴിലാളികൾ ഭൂരിപക്ഷവും മററു തൊഴിൽ തേടി പോകേണ്ട സാഹചര്യം ഉണ്ടായി നിർമ്മാണ മേഖലയിലാണ് ഇക്കൂട്ടർ അധികവും ചെന്നു പെട്ടിട്ടുള്ളത്. നിർമ്മാണ രംഗത്തെ കൂലി കൂടുതലാണ് ഇതിനു പ്രധാന കാരണം. ഭക്ഷ്യധാന്യ ഉല്പാദന രംഗത്തു് ഇന്നനുഭവിക്കുന്ന ശോച്യാവസ്ഥ കണക്കിലെടുത്തു് കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഭക്ഷ്യധാന്യ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും കാർഷിക രംഗത്ത് തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്ത്രീകൾമാത്രം ചെയ്യുന്ന ഞാറുനടൽ പോലുള്ള ജോലികൾക്ക് ഇന്ന് സ്ത്രീതൊഴിലാളികളെ കിട്ടുന്നതിനു തന്നെ ബുദ്ധിമുട്ടാണ്. കൂലി കുറവാണ് ഇതിനു പ്രധാന കാരണം. ഈ അവസ്ഥക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

### പാർപ്പിടം

പട്ടികജാതി വർഗ്ഗക്കാർക്കിടയിലെ പാർപ്പിട പ്രശ്നം ഒരു പ്രഹേളികയായ് ട്ടവശേഷിച്ചിരിക്കുകയാണ്. പഞ്ചവൽസര പദ്ധതികൾ പലതു കഴിഞ്ഞെങ്കിലും പട്ടികജാതി വർഗ്ഗക്കാർക്കിടയിലെ പാർപ്പിട സൗകര്യത്തിനു് സർക്കാർ നടത്തിവരുന്ന പദ്ധതികൾ പലതും മദ്ധ്യവർത്തികളുടെ ഇടപെടലും ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയുംമൂലം ഒരു പരിധി വരെ നിശ്ചലാവസ്ഥയിലാണ്. കാലാകാലങ്ങളിൽ അററകുററപ്പണികൾ ചെയ്യാതെയും ധനകാര്യ സ്ഥാപനങ്ങളിൽനിന്നു് തക്കസമയം സാമ്പത്തിക സഹായം ലഭിക്കാതെയും സാമ്പത്തിക സഹായം ലഭിച്ചവർതന്നെ കടക്കെണിയിൽ അകപ്പെട്ടുപോവുകയും ചെയ്യു സാഹചര്യം ധാരാളമാണ്. ഭൂമി സംബന്ധമായ രേഖകൾ പല ഓഫീസുകളിലും പെട്ടു പോയതിൻെറ അടിസ്ഥാനത്തിൽ അർഹമായ പല സർക്കാർ ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. വീടുകളിലധികവും പണി തീരാത്തവയാണ് സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും, വീടു വെക്കുന്നതിനും ആവശ്യമായ ധനസഹായവും സ്വന്തമായി സ്ഥലം ഉള്ളവർക്ക് വീടുവെക്കുന്നതിനാവശ്യമായ ധനസഹായവും നൽകിയാൽ മാത്രമേ പാർപ്പിട പ്രശ്നത്തിനു് ശാശ്വതമായ പരിഹാരം ലഭിക്കുകയുള്ളു.

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഇതുമൂലം പട്ടികജാതി വർഗ്ഗക്കാർ താമസിക്കുന്ന കോളനികളിൽ സാംക്രമിക രോഗങ്ങൾ അധികമായി കണ്ടുവരുന്നു. പട്ടികജാതി-വർഗക്കാർക്ക് ഓരോ കുടുംബങ്ങളിലും പ്രത്യേകമായി കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടതു് അത്യാവശ്യമാണ്.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

### വൈദ്യുതി

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും വൈദ്യുതീകരിക്കാത്ത അവസ്ഥയിലാണ്. എല്ലാ പട്ടികജാതി വർഗ്ഗ കോളനികളും ഒററപ്പെട്ട വീടുകളും വൈദ്യുതീകരിച്ച് നൽകുക എന്നതാണ് ഇതിനു പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത്.

### കുടിവെള്ളം:-

പട്ടികജാതി—പട്ടികവർഗ്ഗ കോളനികളിലധികവും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്. ഇത് പരിഹരിക്കപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. നിലവിലുള്ള കിണറുകളും കുഴൽ കിണറുകളും അപൂർവ്വം ചിലർക്ക് സ്വന്തമായിട്ടുള്ള കിണറുകളും കാലാ കാലങ്ങളിൽ അററകുററപണികൾ തീർക്കുകയും വൃത്തിയാക്കുകയും ചെയ്യുക. പൊതു ജലവിതരണ സംവിധാനത്തിൻ കീഴിൽ പൈപ്പ് ലൈൻ എത്തിക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എത്തിച്ചും പൊതുകിണറുകളും കുഴൽ കിണറുകളും നിർമ്മിച്ചു നൽകിയും, കുടിവെള്ള ക്ഷാമം 100%വും പരിഹരിക്കപ്പെടാവുന്നതാണ്.

### കക്കൂസ്

പട്ടികജാതി കുടുംബങ്ങളിൽ 90%ത്തോളം സ്വന്തമായി കക്കൂസ് ഇല്ലാത്ത അവസ്ഥയിലാണ്. പരിസര മലിനീകരണം വഴിയുണ്ടാകാവുന്ന പല വിധത്തിലുള്ള സാംക്രമിക രോഗങ്ങൾ ഈ വിഭാഗക്കാർക്കിടയിലുണ്ട്. ഇതിനു ശാശ്വത പരിഹാരമെന്ന നിലയിൽ കക്കൂസില്ലാത്ത മുഴുവൻ പട്ടികജാതി—വർഗ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക. കൂടാതെ കോളനികളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗക്കാർക്ക് പരിസര ശുചിത്വത്തിന്റെ ഭാഗമായി അഴുക്കു ചാലുകളും നിർമ്മിച്ചു നൽകുക.

### വിദ്യാഭ്യാസം

മണ്ണാർക്കാട് പഞ്ചായത്തിലെ ഒന്നാംവാർഡിൽ പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു നഴ്സറി സ്കൂൾ മാസപ്പറമ്പിൽ ഉണ്ട്. എങ്കിലും വർഷങ്ങളായി വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പഠി

ക്കുന്ന കുട്ടികൾക്ക് അത്യാവശ്യം വേണ്ട യാതൊരു സൗകര്യവും ഈ സ്കൂളിൽ ഇല്ല എന്നുതന്നെ പറയാം. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് കക്കൂസ് ഉൾപ്പെടെയുള്ള പല സൗകര്യങ്ങളും ഇവിടെ ഇല്ല. ജീവനക്കാർ മററു സ്ഥലങ്ങളിൽനിന്ന് വന്ന് ജോലി ചെയ്യുന്നവരായതുകൊണ്ട് അവരുടെ താമസ സൗകര്യവും ഒരു പ്രശ്നമാണ്. ഇതിനെല്ലാം ശാശ്വതമായ പരിഹാരം എന്ന നിലയിൽ നഴ്സറി സ്കൂളിന് സ്വന്തമായ സ്ഥലവും കെട്ടിടവും അതോടൊപ്പം ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ് 30 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ കുട്ടികൾ നിലത്തിരുന്ന് പഠനം നടത്തേണ്ട ദുഃസ്ഥിതിയാണ് നിലനിൽക്കുന്നത്.

മണ്ണാർക്കാട് പഞ്ചായത്തിൽ തെങ്കര (വാർഡ് II) യിൽ പ്രവർത്തിച്ചുവരുന്ന പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് ഭക്ഷണ ചെലവിനായി ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് പ്രതിമാസം 300 രൂപയാണ്. സാധനങ്ങളുടെ വില വർദ്ധന കണക്കിലെടുത്ത് ഈ തുക വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിലവിൽ കിട്ടുന്ന 300 രൂപകൊണ്ട് നല്ലരീതിയിൽ ഭക്ഷണം കൊടുക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത് ഈ ഹോസ്റ്റലിൽ SSLCക്ക് പഠിക്കുന്നവരുടെ വിജയ ശതമാനം പരിതാപകരമാണ്. ഇപ്പോൾ 8-ാം തരം മുതൽ 10-ാം തരം വരെ മാത്രമാണ് ട്യൂഷൻ നൽകുന്നത്. അത് 5-ാം തരം മുതൽ നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. SSLCക്ക് ശേഷം പഠനം തുടരാൻ കഴിയാത്തവർക്കും പരാജയപ്പെട്ട് പഠനം നിർത്തേണ്ടിവന്നവർക്കും തുടർ വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക. SSLC, PDC തോററ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

## സാമൂഹികം-സാമ്പത്തികം

1) മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ ഭൂരഹിത-ഭവന രഹിത പട്ടിക ജാതി-പട്ടിക വർഗക്കാർക്ക് മുൻഗണന നൽകുക.

2) കൈവശ ഭൂമിക്ക് പട്ടയം ഇല്ലാത്തവക്ക് പട്ടയം അനുവദിക്കുക.

3) IRDP പദ്ധതികളും മററു പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുകയും പട്ടികജാതി-പട്ടിക വർഗക്കാർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ശരിയായ വിധത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

4) നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം കാര്യക്ഷമമായി നടപ്പിലാക്കുക.

5) പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകിവരുന്ന വായ്പകളും ധനസഹായവും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് വിദഗ്ദരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണം നടത്തുക.

6) പട്ടിക ജാതി-പട്ടിക വർഗത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ഇക്കൂട്ടർക്കിടയിൽ ബോധ വല്കരണം നടപ്പിലാക്കുക.

7) കടക്കെണിയിൽപെട്ട് കഷ്ടപ്പെടുന്ന പട്ടിക ജാതി കുടുംബങ്ങളെ രക്ഷിക്കുന്നതിന് ആവശ്യമായ പുതിയ പദ്ധതികളും സംവിധാനങ്ങളും ഏർപ്പെടുത്തുക.

8) ഭവന നിർമ്മാണത്തിന് സർക്കാർ നല്കിവരുന്ന ആനുകൂല്യങ്ങൾ കൃത്യമായ രീതിയിൽ വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക

9) പഞ്ചായത്ത്തലത്തിൽ പട്ടിക ജാതി ക്ഷേമം മുൻനിർത്തി എല്ലാ വാർഡുകളിലും ആരോഗ്യരംഗത്ത് വനിതാ-ശിശു ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10) മേലാമുറി അൻമന്തൂല പട്ടികവർഗ കോളനി നിവാസികൾക്കും മററു ചില കോളനിക്കാർക്കും കൂടാതെ ഒററപ്പെട്ടുതാമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്കും പഞ്ചായത്തു മുഖാന്തിരം വീട്ടുനമ്പരും റേഷൻ കാർഡു സംവിധാനവും ഉണ്ടാക്കികൊടുക്കുക.

11) പല കോളനികളിലും വീടില്ലാത്തവരും ഉള്ള വീടുകൾ റിപ്പയർ ചെയ്യേണ്ട അവസ്ഥയിലുമാണ്. അവർക്ക് അതിനുവേണ്ട ധനസഹായങ്ങൾ നൽകുക. പുതിയ ലക്ഷംവീട് കോളനികൾ നിർമ്മിച്ച് പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുക.

12) പൊതു ശ്മശാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ നിർമ്മിച്ച് നൽകുക. ചില കോളനികളിൽ ശ്മശാനങ്ങൾ ഉണ്ടെങ്കിലും ശ്മശാനങ്ങളിലേക്ക് പോകുന്നതിനുള്ള റോഡോ ശ്മശാനങ്ങൾക്ക് ചുററുമതിലോ ഇല്ല. ഇതു പരിഹരിക്കുക.

13) ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ കരിമ്പൻകുന്ന് ആദിവാസി കോളനിയിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻകീഴിൽ ഒരു നഴ്സറി സ്കൂൾ സ്ഥാപിക്കുക.

14) പട്ടികജാതി-വർഗ്ഗക്കാർക്കിടയിൽ സാക്ഷരതാ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

15) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ പരിസരങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

16) ഹരിജൻ കുടുംബങ്ങളിൽ വീട്ടാവശ്യങ്ങൾക്കുവേണ്ടി അടുക്കളത്തോട്ട നിർമ്മാണത്തിനാവശ്യമായ പ്രോത്സാഹനം നൽകുക

### പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വരമായ ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ

1) ആവശ്യമായ സ്ഥലങ്ങളിൽ തയ്യൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചും കുട്ട, വട്ടി, മുറം മുതലായവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ നൽകിയും ആവശ്യമായ ധനസഹായം ലഭ്യമാക്കിയും പട്ടികജാതി—പട്ടികവർഗത്തിൽപെട്ട സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാവുന്നതാണ്.

2) വിത്ത്, വളം കീടനാശിനി എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തിയും പഞ്ചായത്തിന്റെ ഇതര ഭാഗങ്ങളിൽ തരിശ്ശുകിടക്കുന്ന ഭൂമി പഞ്ചായത്തു തലത്തിൽ ഏറ്റെടുത്ത് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി സഹകരണാടിസ്ഥാനത്തിൽ പട്ടികജാതി വർഗക്കാരെ ഏകോപിപ്പിച്ച് കൃഷി ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കുകയാണെങ്കിൽ കാർഷിക മേഖല അഭിവൃദ്ധിപ്പെടുന്നതോടൊപ്പം കർഷകത്തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയും ഉറപ്പു വരുത്താവുന്നതാണ്.

3) പരമ്പരാഗത തൊഴിലുകളായ ഈറ, മുള എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ട, വട്ടി പരമ്പ് പായ എന്നിവയും കളിമൺ പാത്രങ്ങൾ മരം ഉപയോഗിച്ച് ഉണ്ടാക്കുന്ന കാർഷിക ഉപകരണങ്ങൾ എന്നിവയും കൈത ഓല ഉപയോഗിച്ചുള്ള തഴപ്പായകളുടെ നിർമ്മാണവും ചകിരിയും മറ്റു അസംസ്കൃത വസ്തുക്കളും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണവും പ്രോൽസാഹിപ്പിച്ച് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽരംഗം മെച്ചപ്പെടുത്താവുന്നതാണ്.

4) ബീഡി തെറുപ്പ്, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ഗൃഹോപകരണങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം കൂടാതെ പ്രാദേശികാടിസ്ഥാനത്തിൽ കണ്ടെത്താവുന്ന എല്ലാതരം കൈത്തൊഴിലുകൾക്കും ഇവർക്കിടയിൽ പരിശീലനം കൊടുത്താൽ ജീവിത സാദ്ധ്യതകൾ മെച്ചപ്പെടുത്താവുന്നതാണ്.

5) പൊതു കിണറുകളും കുഴൽ കിണറുകളും നിർമ്മിച്ചു നൽകുക. ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ്ലൈൻ സൗകര്യം ലഭ്യമാക്കുക.

6) സഹകരണ മേഖലയിൽ ഒരു ഹോളോ ബ്രിക്സ് നിർമ്മാണ യൂണിററു സ്ഥാപിക്കുകയാണെങ്കിൽ പട്ടികജാതി—പട്ടിക വർഗക്കാരുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ കഴിയും.

7) പച്ചക്കറി കൃഷിയിൽ പട്ടികജാതി-പട്ടിക വർഗ കുടുംബങ്ങളിലെ സ്ത്രീകൾക്ക് പരിശീലനം നൽകുക. ചെറുകിട വ്യവസായങ്ങളിൽ പരിശീലനം നൽകുക. അഭ്യസ്ത വിദ്യർക്ക് വായ്പകളും ധനസഹായവും നൽകുക. വീട് നിർമ്മാണത്തിനു ധനസഹായം നൽകുക. വീടുകൾ പുതുക്കിപ്പണിയുന്നതിനും അററകുററപ്പണികൾ തീർക്കുന്നതിനും പലിശയില്ലാ വായ്പകൾ നൽകുക.

8) പഞ്ചായത്തിന്റെ കീഴിൽ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക. അഴുക്കു ചാലുകൾ നിർമ്മിച്ചു നൽകി പരിസര ശുചിത്വം ഉറപ്പുവരുത്തുക.

9) ഓല വീടുകൾ മാററി ഓടു മേയുന്നതിന് ആവശ്യമായ ധനസഹായം നൽകുക.

10) ആരോഗ്യ രക്ഷാരംഗത്ത് എല്ലാ കോളനികളിലും ആരോഗ്യ പ്രവർത്തകർ സന്ദർശിക്കുകയും കോളനികളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.

11) ശ്മശാനങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ശ്മശാനത്തിലേക്കുള്ള വഴികൾ വളരെ ശോചനീയാവസ്ഥയിലാണ്. ഇതിനു സ്ഥായിയായ പരിഹാരം കണ്ടെത്തുക.

12) പട്ടികജാതി-പട്ടിക വർഗക്കാർക്കിടയിൽ ബോർഡിംഗ് സ്കൂം പ്രവർത്തിക്കുന്നുണ്ടെങ്കിലും സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വിദ്യാർത്ഥികളുടെ പഠന നിലവാരം വളരെ മോശമായ അവസ്ഥയിലാണ്. ഇതിനു ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തേണ്ടതാണ്.

13) പട്ടികജാതി-പട്ടിക വർഗത്തിന്റെ സാമൂഹിക-സാമ്പത്തിക സമത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടി വിദഗ്ദരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

14) കുടുംബ ബാധ്യതകളേറെറടുത്ത് പഠിത്തം നിറുത്തേണ്ടി വന്നവർക്ക് പഞ്ചായത്ത്തലത്തിൽ തുടർന്ന് പഠിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക സ്കോളർഷിപ്പ് ഏർപ്പെടുത്തി ഇവർക്കിടയിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക അഭ്യസ്തവിദ്യരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രയോജനപ്പെടുത്തുക.

15) പട്ടികജാതി - പട്ടികവർഗ ക്ഷേമം മുൻനിർത്തി ഇവരുടെ സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി വായനശാലകൾ സ്ഥാപിക്കുക.

# — വനസമ്പത്ത് —

മണ്ണാർക്കാട് പഞ്ചായത്തിൽ ആകെ 2180.56 ഹെക്ടർ നിക്ഷിപ്തവനമുണ്ട്. ഏതാണ്ട് ഭൂരിഭാഗവും ഇലപൊഴിയും വനമാണ്. വീട്ടി, തേക്ക്, ഇരുമ്പ്, ചടച്ചി, വാക, മരുത്, കരിമരുത്, അയനി, പുന്ന തുടങ്ങിയ വിവിധയിനം മരങ്ങളും, അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നിവയുടെ തോട്ടങ്ങളും ഓറില മൂവില, ചീനിക്ക, കുറുന്തോട്ടി തുടങ്ങിയ ഔഷധ സസ്യങ്ങളും, ഓട, ചൂരൽ, മുള തുടങ്ങിയ ചെറു സസ്യങ്ങളും ഉണ്ട്. നരി, മാൻ, പന്നി, മുയൽ, മയിൽ, കുയിൽ തുടങ്ങിയ വന്യജീവികളും കാണപ്പെടുന്നു.

അനധികൃതമായ മരംമുറി, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നവരും മററും അശ്രദ്ധമായി ഇടുന്ന തീ തുടങ്ങിയവ നമ്മുടെ വനസമ്പത്തിന് എന്നും ഭീഷണിയാവാറുണ്ട്. ആദിവാസികളെ ഉപയോഗിച്ച് പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ, കൈത്തൊഴിലിനുവേണ്ടി ശേഖരിക്കുന്ന ഓടകൾ, വ്യാവസായികാവശ്യത്തിനുവേണ്ടി ശേഖരിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ എന്നിവ ആദിവാസികൾക്കും, പരമ്പരാഗത തൊഴിലുകാർക്കും വ്യാവസായിക മേഖലയിൽ പണിയെടുക്കുന്നവർക്കും ഉപജീവന മാർഗത്തിനുപകരിക്കുന്നു.

വന നശീകരണത്തിനെതിരെ വകുപ്പുതലത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വന നശീകരണ പ്രവണത ഒട്ടും കുറയുന്നില്ല. കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ട് വനപ്രദേശങ്ങളോട് തൊട്ടടുത്ത് താമസിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തി വന സംരക്ഷണ സമിതികളും അഗ്നി പ്രതിരോധ സംഘങ്ങളും രൂപീകരിച്ച് പ്രവർത്തനം പ്രസ്തുത ജനകീയ വേദികളെ ഏല്പിക്കുന്നതു ഉചിതമായിരിക്കും. ഇത്തരം സമിതികൾ പഞ്ചായത്തു ഭരണ സമിതികളുടെ ഉത്തരവാദിത്വത്തിൽ രൂപം കൊള്ളുന്നതായിരിക്കും കൂടുതൽ ഗുണപ്രദം.



# * വിഭവ സമാഹരണം *

ആസൂത്രണത്തിലെ പ്രതിസന്ധി വിശകലനം ചെയ്യുമ്പോൾ കാണുന്ന മുഖ്യമായ അപാകടം ജനപങ്കാളിത്തമില്ലായ്മയാണ്. ഉദ്യോഗസ്ഥന്മാരും നാട്ടു പ്രമാണിമാരും ചേർന്ന് രൂപപ്പെടുത്തുന്ന പദ്ധതി പലപ്പോഴും ജനസാമാന്യത്തിന്ന് ഉപകാരപ്രദമാവില്ല. വ്യക്തികൾ ലക്ഷ്യമാക്കുക സ്വകാര്യ നേട്ടമാകുന്നു. അങ്ങിനെ വരുമ്പോൾ സാമൂഹ്യമായി ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാക്കുന്ന പല കാര്യങ്ങളും അവഗണിക്കപ്പെടും. വിഭവങ്ങളുടെ ദുർവിനിയോഗവും നടത്തിപ്പിലെ കെടു കാര്യസ്ഥതയും അസമത്വം വർദ്ധിപ്പിക്കും. ദാരിദ്ര്യം രൂക്ഷമാകും. ഇത് ഇനിയും അനുവദിച്ചുകൂടാ. സ്ഥായിയും നീതിപൂർവ്വകവുമായ സാമ്പത്തിക വളർച്ചക്ക് ഉതകുന്നതാവണം ആസൂത്രണം. 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന ചിന്തയിലേക്ക് എത്തുകയാണ്.

എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ കേരള സമ്പദ് ഘടനയുടെ വിവിധ മേഖലകളിലും പുരോഗതി കൈവരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നമ്മുടെ വികസന പ്രക്രിയയാകെത്തന്നെ ഒട്ടേറെ വൈരുദ്ധ്യങ്ങളെ നേരിടുന്നു. ജീവിത നിലവാര ഉയർച്ചയുടെ മാനദണ്ഡങ്ങൾ വെച്ചു നോക്കുമ്പോൾ നാം മററു സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ്. അതേ സമയം ഉല്പാദന മേഖലയുടെ കാര്യത്തിൽ താഴെത്തട്ടിലും. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തിക്കൊണ്ട് സ്ഥായിയായി നിലനില്ക്കുന്ന വളർച്ച കൈവരിക്കുകയും ചെയ്യുകയെന്നതാണ് നമ്മുടെ അടിയന്തര കടമ.

ഇതു് വേണമെങ്കിൽ നമ്മുടെ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുകയും അതിൻെറ തോത് ഉയർത്തുകയും വേണം. അതിനാകട്ടെ ഇതേവരെ നടപ്പാക്കപ്പെട്ട പദ്ധതികളുടെ അവലോകനം ആവശ്യമാണ്.

മണ്ണാർക്കാട് ഗ്രാമ പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നുംതന്നെയില്ലെന്നതാണ് വസ്തുത. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. കെട്ടിട നിർമ്മാണ രംഗവുമായി ബന്ധപ്പെട്ടാണ് തൊഴിലാളികളിലേറിയ പങ്കും കഴിയുന്നതു്. കാർഷിക മേഖലയിലും ഈ ഗ്രാമം വിവിധ പ്രതിസന്ധികൾ നേരിടുന്ന കേരളത്തിലെ വിടെയുമെന്നപോലെ ഇവിടെ രൂക്ഷമാണ്.

സ്ഥായിയായ വളർച്ച കൈവരിക്കാനായി നമ്മുടെ ഗ്രാമപഞ്ചായത്തും വിവിധ പദ്ധതികൾക്ക് രൂപം നൽകുകയാണ്. പഞ്ചായത്തിലെ ഗ്രാമസഭ മുന്നോട്ടുവക്കുന്ന പദ്ധതികൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ എന്നിങ്ങനെ ഇവക്ക് പല ഘട്ടങ്ങളുണ്ടായിരിക്കും. ഇവയെല്ലാം ചേർന്നതായിരിക്കും ഗ്രാമ പഞ്ചായത്തിൻെറ ഒമ്പതാം പദ്ധതി.

ബൃഹത്തായ പദ്ധതിക്കുവേണ്ട വിഭവമെങ്ങനെ ഉണ്ടാവുമെന്നതാണ് അടുത്ത പ്രശ്നം. വരുമാനമാർഗ്ഗം കാണാതെ സ്വപ്നങ്ങൾ നെയ്യുന്നത് പാഴ്വേലയാണ്.

ഒമ്പതാം പദ്ധതി അടങ്കലിൻെറ 35.40 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കായി നീക്കി വെക്കപ്പെടും. മൊത്തം അടങ്കലിൻെറ 35–40 ശതമാനമെന്നു പറയുന്നത് ചുരുങ്ങിയ സംഖ്യയല്ലെന്നു ഓർക്കണം. 15,000 കോടി രൂപയാണ് കേരളത്തിൻെറ ഒമ്പതാം പദ്ധതിയുടെ വലിപ്പമെങ്കിൽ 5000–6000 കോടി രൂപയായിരിക്കും വികേന്ദ്രീകൃത പദ്ധതികൾക്കായി നീക്കിവെക്കപ്പെടുക. ഒരു ഗ്രാമ പഞ്ചായത്തിലെ ശരാശരി ഒരു കോടിയോളം പ്രതിവർഷം വികസനത്തിനായി ലഭിക്കും. ഇന്ന് നമ്മുടെ പഞ്ചായത്തിൻെറ ശരാശരി വരുമാനം 33 ലക്ഷം രൂപ മാത്രമാണെന്നു ഓർക്കണം. കഴിഞ്ഞ പത്തുവർഷത്തിനിടക്ക് വരുമാനത്തിലുണ്ടായ വ്യതിയാനം പട്ടികപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൻെറ തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യതകൾ വേണ്ടത്ര അളവിൽ ഉപയോഗപ്പെടുത്തുകയും വേണം.

നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുന്നതും, നികുതി ചോർച്ച തടയുന്നതും വരുമാന വർദ്ധനവിനു വഴിവെക്കും. നികുതികൾ കൊടുക്കുക വഴി വികസന പ്രവർത്തനത്തിൽ പങ്കാളികളാകുകയാണെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. നികുതി പിരിക്കുന്നതിനു് വാർഡ് പ്രതിനിധികളും വികസന സമിതിയും നേതൃത്വം നൽകണം.

## പട്ടിക 1

കഴിഞ്ഞ പത്ത് വർഷത്തിനിടക്ക് വരുമാനത്തിലുണ്ടായ മാററം

| | | 1985–86 | 1995–96 |
|---|---|---|---|
| 1 | തനത് വരുമാനം | | |
| | a) കെട്ടിട നികുതി | 1,35,497 | 6,33,180 |
| | b) തൊഴിൽനികുതി | 1,79,947 | 1,79,177 |
| | c) വിനോദ നികുതി | 1,17,999 | 6,32,568 |
| 2 | സർക്കാർ ഗ്രാൻറുകൾ, സംഭാവനകൾ | 45,355 | 8,81,834 |
| 3 | ഉപാധി രഹിത ഫണ്ട് | — | 4,32,500 |
| 4 | JRY | — | 2,16,762 |
| 5 | SCP/TSP | — | 61,138 |
| 6 | മററു വരവുകൾ | 4,84,214 | 5,81,806 |
| 7 | ആകെ | 9,63,012 | 33,61,455 |
| | എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | 2,08,462 | 9,19,446 |

## പട്ടിക 2

95—96ൽ ലഭിച്ച വിവിധ ഗ്രാൻറുകളുടെ വിവരം

| VRM | MI | VTC | അടിസ്ഥാന നികുതി 75% & 25% | JRY | ഉപാധി രഹിത ഫണ്ട് | കുഴൽ കിണർ | Basic Tax | മററു ഗ്രാൻറുകൾ |
|---|---|---|---|---|---|---|---|---|
| 26,185 | 2,473 | 1,08,879 | 3,16,072 | 2,16,762 | 4,32,500 | 28,000 | 60,797 | 2,23,000 |

## പട്ടിക 3

1995—96ലെ പഞ്ചായത്തിൻെറ സാമ്പത്തിക നില

| മുൻവർഷ ബാക്കി | തൻ വർഷ വരവ് | തൻ വർഷ ചെലവ് | ബാക്കി |
|---|---|---|---|
| 16,39,705 | 33,61,455 | 36,11,785 | 13,89,375 |

## പട്ടിക 4

1995-96ലെ പിരിച്ചെടുക്കാനുള്ള നികുതി കുടിശ്ശിക

| തൊഴിൽ നികുതി | കെട്ടിട നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|
| 3,45,865 | 3,43,099 | 16,131 | 7,05,095 |

പഞ്ചായത്തിലെ ഔദ്യോഗിക കണക്കനുസരിച്ച് ഏഴുലക്ഷത്തിലധികം രൂപ നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. നികുതി പിരിച്ചെടുക്കുന്നതിൽ ഇന്നുള്ള പോരായ്മ പരിഹരിച്ചില്ലെങ്കിൽ വർഷംതോറും കുടിശ്ശിക വർദ്ധിക്കുകയെയുള്ള പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുകയാണ് ഇപ്രകാരം മുടങ്ങിക്കിടക്കുന്നതെന്നോർക്കണം. വാർഡുതോറും വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ നിശ്ചിത തിയ്യതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സഹിതം സിററിങ്ങ് നിശ്ചയിച്ചാൽ പഞ്ചായത്തിൽ വന്നടക്കുവാൻ ബുദ്ധിമുട്ടുള്ളവർക്ക് ഒരനുഗ്രഹമായിരിക്കും. ഉചിതമായ ഇതര മാർഗ്ഗങ്ങളും പരീക്ഷിക്കാവുന്നതാണ്. നികുതി പരിഷ്ക്കരിക്കുവാനും കാലോചിതമായി പുതുക്കുവാനും Tax revision Comittee-ക്ക് രൂപം നൽകാവുന്നതാണ്.

## പട്ടിക 5

പഞ്ചായത്തിലെ വാണിജ്യ ബാങ്കുകളിലെ നിക്ഷേപവും വായ്പയും

1995 മാർച്ച് (രൂപ ആയിരത്തിൽ)

| | പേര് | ആകെ നിക്ഷേപം | ആകെ വായ്പ | വായ്പയും നിക്ഷേപവും തമ്മിലുള്ള ബന്ധം |
|---|---|---|---|---|
| 1. | കനറാ ബാങ്ക് | കണക്ക് ലഭിച്ചില്ല | | |
| 2. | സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ | 55895 | 21738 | 39% |
| 3. | വിജയാ ബാങ്ക് | 35448 | 13176 | 37% |
| 4. | സൗത്ത് ഇന്ത്യൻ ബാങ്ക് | 40546 | 24042 | 59% |
| 5. | കാത്തലിക് സിറിയൻ ബാങ്ക് | 12800 | 12800 | 100% |
| | ആകെ | 144689 | 71756 | 49.6% |

നിക്ഷേപത്തിൻെറ 80% തുകയും വായ്പയായി ലഭ്യമായിരുന്നെങ്കിൽ ഉല്പാദന മേഖലകൾക്ക് ഗുണകരമാവും. നിലവിലുള്ള നിക്ഷേപ വായ്പ അനുപാതം ഉയർത്തിയാൽ കൃഷി, വ്യവസായം തുടങ്ങിയ പ്രത്യുൽപ്പാദന മേഖലകളുടെ വികാസത്തിന് വഴിവെക്കും. വാണിജ്യ ബാങ്കുകളുടെ സഹകരണം ഇതിനായി തേടേണ്ടതാണ്.

വിഭവ സമാഹരണത്തെക്കുറിച്ചാലോചിക്കുമ്പോൾ ജനശക്തികൂടി പരിഗണനയർഹിക്കണം. പ്രാദേശിക തലത്തിൽ ഒരു റോഡോ, പാലമോ, സ്കൂളോ, കനാലോ പണിയുന്നതിന് ഗവൺമെൻറിൻേറയോ പഞ്ചായത്തിൻേറയോ പണം മുടക്കിനെ മാത്രം നാം ആശ്രയിച്ചുകൂടാ സാധ്യമായിടത്തെല്ലാം സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കുവാൻ നാം

ശ്രമിക്കണം. എങ്കിൽ ലക്ഷ്യമിട്ടിരിക്കുന്നതിന്റെ ഏറ്റവും ഉയർന്ന അളവിൽ വികസന പ്രവർത്തനം സംഘടിപ്പിക്കാനാകും. ഇതിനാവശ്യമായ കർമ്മ പദ്ധതികൾക്ക് രൂപം നൽകണം.

## മറ്റു ധനാഗമ മാർഗങ്ങൾ

1) പഞ്ചായത്തിൽ ഒരു സ്റ്റേഡിയം സ്ഥാപിച്ച് അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

2) പഞ്ചായത്തിൽ മത്സ്യ/മാംസ മാർക്കറ്റും പച്ചക്കറി ചന്തയും ആരംഭിക്കാനുള്ള നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. ഇത് വരുമാന വർദ്ധനവുണ്ടാക്കാനുപകരിക്കും.

3) പഞ്ചായത്ത് ബസ്സ്റ്റാൻറിനോടും ഓഫീസിനോടും അനുബന്ധിച്ച് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാം.

4) മണ്ണാർക്കാട്ട് ഇന്നഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് റോഡരികിൽ നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ. വിവിധ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിങ്ങ് സ്ഥലങ്ങളുണ്ടാക്കുകയും വാഹനങ്ങൾ അവിടെ മാത്രമെ നിർത്താവൂ എന്ന് നിബന്ധന കൊണ്ടുവരികയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഇവിടത്തെ ഗതാഗതക്കുരുക്കിനും ഒരു പരിഹാരമായിരിക്കും.

5) കോടതിപ്പടിയിൽ നിലവിലുള്ള ചിൽഡ്രൻസ് പാർക്ക് നന്നാക്കിയെടുക്കുന്നതു കൂടാതെ നല്ലൊരു പാർക്ക് കുന്തിപ്പുഴയുടെ തീരത്ത് നിർമ്മിക്കുകയും ചെയ്യാവുന്നതാണ്. പാർക്കുകളാലേർപ്പെടുത്തുന്ന പ്രവേശന ഫീസ് പഞ്ചായത്തിന്റെ ഒരു വരുമാന മാർഗമാണ്.

6) നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുന്തിപ്പുഴയിൽനിന്നും മണൽ വാരുന്നതിന്ന് പഞ്ചായത്തിന്നു യാതൊരു നിയന്ത്രണവുമില്ല. ഇത് പരിസ്ഥിതി പ്രശ്നവും സൃഷ്ടിക്കുന്നതാണ്. മണൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങളുണ്ടാക്കി ഇതിന്റെ കുത്തകാവകാശം അവർക്ക് നൽകുന്നതു മാത്രമെ പരിഹാരമായുള്ളൂ. മണ്ണു വാരുന്നതിന്ന് നികുതിയും നിയന്ത്രണവും ഏർപ്പെടുത്തേണ്ടതാണ്.

7) നാഷനൽ സേവിംഗ്സ് സ്കീം-ഓരോ പഞ്ചായത്തിൽനിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25 ശതമാനം വരെ ആ പഞ്ചായത്തിനുതന്നെ കിട്ടുമെന്ന വ്യവസ്ഥയുണ്ട് ഈ സമ്പാദ്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കണം.

8) റോഡരികിൽ വെക്കുന്ന വിവിധ പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്താവുന്നതാണ്.

ജില്ലാ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടുചെയ്യാൻ സർക്കാർ 'സെൻ കമ്മററി'യെ നിയോഗിച്ചിട്ടുണ്ട്. ഇടക്കാല റിപ്പോർട്ട് 1997 ജനുവരിയിൽ സമർപ്പിക്കും.

ജലവിതരണ ചുമതല വാട്ടർ അതോറിററിയിൽനിന്നുമാററി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുവാൻ കമ്മിററി ശുപാർശ ചെയ്തിട്ടുണ്ട്. വികേന്ദ്രീകരണം നടപ്പാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക നിക്ഷിപ്തമായ ചുമതലകൾ നടപ്പിലാക്കാൻ ഇന്നു വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ സ്റ്റാഫ് വിഭജനവും മൂന്ന് മാസത്തിലൊരിക്കൽ ലോക്കൽ ബോഡികൾ റണ്ണിങ്ങ് ഓഡിററും നടത്താൻ കമ്മററി ശുപാർശ ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനമാർഗ്ഗം വിപുലമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അടുത്തുതന്നെ സർക്കാർ പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലഭ്യമാകുന്ന അധികാരങ്ങളും വിഭവങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ജനകീയ ശക്തിയെ കെട്ടഴിച്ചുവിട്ടുകൊണ്ടല്ലാതെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കുവാൻ സാദ്ധ്യമല്ല. അതിനനുസൃതമായ ചിട്ടയായ പ്രവർത്തനങ്ങൾ നടത്തിയാൽ നമ്മുടെ പഞ്ചായത്തിന്റെ വികസന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കഴിയും. മനുഷ്യവിഭവം സമാഹരിക്കുവാനുള്ള ദൃഢ നിശ്ചയവും വേണം.



# – ഉപസംഹാരം –

ജനങ്ങൾ ബോധപൂർവ്വവും സംഘടിതവുമായ ഇടപ്പെടലുകളിലൂടെ യാഥാർത്ഥ്യമാക്കിയ സവിശേഷ വികസന പ്രക്രിയയുടെ എല്ലാ നല്ല വശങ്ങളും ഇന്ന് കടുത്ത വെല്ലുവിളിയെ നേരിടുകയാണ്. കൃഷി, വ്യവസായം, വൈദ്യുതി തുടങ്ങിയ മേഖലകളെ ദീർഘകാലമായി ബാധിച്ചിരിക്കുന്ന ഉല്പാദന മരവിപ്പാണ് ഇതിന് പ്രധാന കാരണം. ഉല്പാദന തുറകളിലെ ഈ കടുത്ത പ്രതിസന്ധി മററു മേഘലകളിലേക്കും വ്യാപിച്ചിരിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, ഗതാഗതം തുടങ്ങിയ മേഘലകളിലെ സേവന ഗുണനിലവാരത്തിലെ ഇടിവും അവയുണ്ടാക്കുന്ന പ്രശ്നങ്ങളും നാം നേരിട്ടനുഭവിക്കുന്നവരാണ്. സാംസ്കാരിക മാധ്യമ രംഗങ്ങളിലെ അപചയവും ഇതിന്റെ ഭാഗമായി രൂപം കൊണ്ടതാണ്. ഈ ഓരോ മേഖലയിലെയും പ്രതിസന്ധിയുടെ ഉത്തരവാദിത്വം അതാത് മേഖലയുടെ തകർച്ചയ്ക്ക് ഇരയാവുന്നവരുടെ തലയിൽ കെട്ടിവെക്കാനുള്ള ശ്രമങ്ങളാണ് കണ്ടുവരുന്നത്. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം സംഘടിത പ്രസ്ഥാനങ്ങളും അമിതമായ ജനകീയ ഇടപ്പെടലുകളുമാണെന്ന പ്രചരണം ശക്തിപ്പെട്ടുവരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ജനകീയ ഇടപ്പെടലുകൾ അവസാനിപ്പിക്കുകയും കമ്പോളവത്ക്കരണവുമാണെന്ന വാദത്തെ എതിർത്തു തോല്പിക്കണമെങ്കിൽ ജനകീയ ബദലുകൾ വികസിപ്പിക്കുകയും നടപ്പിലാക്കി കാണിക്കുകയും വേണം. ജനകീയാസൂത്രണ പ്രസ്ഥാനം ലക്ഷ്യമാക്കുന്നതും ഇതുതന്നെയാണ്.

കഴിഞ്ഞകാല വികസന പ്രവർത്തനങ്ങളിലെ ഒരു പോരായ്മ ആസൂത്രണം കേന്ദ്രീകൃതവും ജനപങ്കാളിത്തമില്ലാത്തതുമായിരുന്നു. വിവിധ വകുപ്പുകളും ഏജൻസികളും യോജിച്ചും പരസ്പരപൂരകമായും പ്രവർത്തിക്കുക എന്ന സമീപനത്തിന് പകരം ഓരോ വകുപ്പും ഓരോ സ്വതന്ത്ര സാമ്രാജ്യമായി അധഃപതിക്കുകയാണുണ്ടായത്. ഡിപ്പാർട്ടുമെൻറുകളുടെ വികസനേതര താല്പര്യത്തിൽ നാടിന്റെ വികസനം കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ അവസ്ഥ മാറിയേ തീരൂ. നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളിയാകാൻ സർക്കാർ ജീവനക്കാരും തയ്യാറാകേണ്ടതാണ്. അഴിമതിയും കെടുകാര്യസ്ഥതയും ഒഴിയാബാധകളായി ഇനിയും തുടരാതിരിക്കുവാൻ നിതാന്ത ജാഗ്രതയും വേണം.

പഞ്ചായത്തിന് ലഭ്യമാകുന്ന വിഭവം നീതിപൂർവ്വമായി ജനസംഖ്യാനുപാതത്തിൽ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്കും നീക്കിവെക്കേണ്ടതാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണന നിശ്ചയിക്കുവാനും നടപ്പിലാക്കുവാനുമുള്ള പ്രതിബദ്ധത പഞ്ചായത്തിനുണ്ടാവുകയും വേണം.

വളരെയധികം ചർച്ചചെയ്യപ്പെട്ട് അന്തിമ നിഗമനങ്ങളിലെത്തിയ നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്താൻ കർമ്മസമിതികൾക്ക് കഴിയും. സർക്കാരേതര ഏജൻസികളിൽനിന്ന് പരമാവധി ഫണ്ട് സ്വരൂപിക്കാനും അവർ നിശ്ചയിക്കുന്ന നിബന്ധനകൾ പഠിച്ച് പ്രോജക്ടുകൾ സമർപ്പിക്കുന്നതിനും അതാത് വിഷയങ്ങളിൽ വിദഗ്ദസംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ. 9-ാം പഞ്ചവത്സര പദ്ധതിയിൽ ത്രിതല പഞ്ചായത്തുകൾക്കായി നീക്കിവെക്കുന്ന 40% വിഹിതവും ജനങ്ങളിൽനിന്ന് അദ്ധ്വാനമായും സമ്പത്തായും സ്വരൂപിക്കുന്ന വിഭവങ്ങളും നമ്മുടെ ആഗ്രഹങ്ങൾ സഫലമാകുമെന്നതിൽ ശങ്കവേണ്ട.

ജനങ്ങളുടെ ഇഛാശക്തിയും കൂട്ടായ പ്രവർത്തനങ്ങളും വഴി നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസന ലക്ഷ്യം ആസന്ന ഭാവിയിൽതന്നെ സമ്പൂർണ്ണമായി നിറവേററാൻ കഴിയുമെന്ന പ്രത്യാശയോടെ മണ്ണാർക്കാട് പഞ്ചായത്ത് ജനകീയാസൂത്രണ വികസന സെമിനാർ മുമ്പാകെ സമഗ്രമായ വിശകലനത്തിനും ചർച്ചക്കും പരിഷ്ക്കരണത്തിനും വേണ്ടി ഈ വികസന രേഖ സമർപ്പിക്കുന്നു.